SUPREME AUDIT INSTITUTION OF INDIA
लोकहितार्थ सत्यनिष्ठा
Dedicated to Truth in Public Interest

# ഇന്ത്യയുടെ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട്

# 2024 മാർച്ചിൽ അവസാനിച്ച കാലയളവിലെ സംസ്ഥാന റവന്യൂവിനെക്കുറിച്ചുള്ളത്

**കേരള സർക്കാർ**

**2026-ലെ റിപ്പോർട്ട് നമ്പർ 2**

**(അനുവർത്തന ഓഡിറ്റ് - സിവിൽ)**

# ഇന്ത്യയുടെ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ

# റിപ്പോർട്ട്

# 2024 മാർച്ചിൽ അവസാനിച്ച കാലയളവിലെ സംസ്ഥാന

# റവന്യൂവിനെക്കുറിച്ചുള്ളത്

**കേരള സർക്കാർ**

**2026-ലെ റിപ്പോർട്ട് നമ്പർ 2**

**(അനുവർത്തന ഓഡിറ്റ് റിപ്പോർട്ട് - സിവിൽ)**

# ഉള്ളടക്കം


| വിശദാംശങ്ങൾ | ഖണ്ഡിക | പേജ് |
|---|---|---|
| ആമുഖം | | (iii) |
| ഉപരിവീക്ഷണം | | (v) |
| **അദ്ധ്യായം-I : പൊതുവിൽ** | | |
| റവന്യൂ വരുമാനത്തിന്റെ പ്രവണത | 1.1 | 1 |
| റവന്യൂ കുടിശ്ശികയുടെ വിശകലനം | 1.2 | 5 |
| സ്റ്റേ അനുവദിച്ച കേസുകളുടെ വിശകലനം | 1.3 | 6 |
| നികുതി നിർണ്ണയങ്ങളുടെ കുടിശ്ശിക | 1.4 | 7 |
| വകുപ്പുകൾ കണ്ടുപിടിച്ച നികുതി വെട്ടിപ്പുകൾ | 1.5 | 8 |
| തീർപ്പാക്കാൻ ബാക്കി നിന്ന റീഫണ്ട് കേസുകൾ | 1.6 | 9 |
| ഓഡിറ്റിനോടുള്ള സർക്കാരിന്റെ/ വകുപ്പുകളുടെ പ്രതികരണം | 1.7 | 10 |
| ഓഡിറ്റ് ആസൂത്രണം | 1.8 | 14 |
| ഓഡിറ്റ് ഫലങ്ങൾ | 1.9 | 14 |
| ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളുന്നത് | 1.10 | 15 |
| **അദ്ധ്യായം-II : വാഹനങ്ങളുടെ നികുതി** | | |
| നികുതി കാര്യനിർവ്വഹണം | 2.1 | 17 |
| ആന്തരിക പരിശോധന | 2.2 | 17 |
| ഓഡിറ്റിന്റെ ഫലങ്ങൾ | 2.3 | 17 |
| കേരളത്തിലെ മോട്ടോർ വാഹന വകുപ്പിലെ ആർടിഒകളുടെയും എസ്ടിഎയുടെയും പ്രവർത്തനത്തെക്കുറിച്ചുള്ള അനുവർത്തന ഓഡിറ്റ് | 2.4 | 19 |
| **അദ്ധ്യായം-III : സംസ്ഥാന എക്സൈസ്** | | |
| നികുതി കാര്യനിർവ്വഹണം | 3.1 | 77 |
| ആന്തരിക പരിശോധന | 3.2 | 77 |
| ഓഡിറ്റിന്റെ ഫലങ്ങൾ | 3.3 | 77 |
| കേരളത്തിലെ വിദേശ മദ്യത്തിന്റെ നിർമ്മാണവും വിൽപ്പനയും സംബന്ധിച്ച അനുവർത്തന ഓഡിറ്റ് | 3.4 | 79 |
| **അധ്യായം-IV : സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസും** | | |
| നികുതി കാര്യനിർവ്വഹണം | 4.1 | 115 |
| ആന്തരിക പരിശോധന | 4.2 | 115 |
| ഓഡിറ്റിന്റെ ഫലങ്ങൾ | 4.3 | 116 |
| തെറ്റായ ന്യായവില പരിഗണിച്ചത് മൂലം സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസും കുറവായി ചുമത്തി | 4.4 | 117 |
| ഭൂമിയുടെ ഉപയോഗത്താലുള്ള തരത്തിന് മാത്ര സർവേ നമ്പറിൽ ലഭ്യമായ ന്യായവില അവലംബിക്കാത്തതിനാൽ സ്റ്റാമ്പ് തീരുവയിലും രജിസ്ട്രേഷൻ ഫീസിലും വന്ന കുറവ് | 4.5 | 120 |

| വിശദാംശങ്ങൾ | ഖണ്ഡിക | പേജ് |
| --- | --- | --- |
| ജില്ലാ രജിസ്ട്രാർ ശരിയായ ന്യായവില പരിഗണിക്കാത്ത തിനാൽ സ്റ്റാമ്പ് തീരുവയുടെയും രജിസ്ട്രേഷൻ ഫീസിന്റെയും കുറഞ്ഞ ചുമത്തൽ | 4.6 | 121 |
| ഭൂമിയുടെ തരം മാറ്റത്തിനു ശേഷം ശരിയായ തരത്തിന് ന്യായവില നിശ്ചയിക്കുന്നതിൽ പരാജയപ്പെട്ടതു മൂലം ഭൂമിവില കുറച്ചു കാണിച്ചതും തൻമൂലമുള്ള വരുമാന നഷ്ടവും | 4.7 | 123 |
| ഭൂമിയെ തെറ്റായി തരംതിരിച്ചുകൊണ്ട് കുറഞ്ഞ ന്യായവില സ്വീകരിച്ചതിനാൽ സ്റ്റാമ്പ് തീരുവയുടെയും രജിസ്ട്രേഷൻ ഫീസിന്റെയും കുറഞ്ഞ ചുമത്തൽ | 4.8 | 125 |
| സ്റ്റാമ്പ് തീരുവ, രജിസ്ട്രേഷൻ ഫീസ് എന്നിവ ഒഴിവാക്കാൻ ഭൂമി വിഭജിച്ചു വിൽപന നടത്തിയത് | 4.9 | 126 |
| **അദ്ധ്യായം-V : മറ്റ് വരവുകൾ** | | |
| വനവും വന്യജീവികളും | 5.1 | 129 |
| പറമ്പിക്കുളം ആളിയാർ പദ്ധതിക്കായി അനുവദിച്ച ഭൂമിയുടെ പുതുക്കിയ ലൈസൻസ് ഫീസ് തമിഴ്നാട് സർക്കാരിൽ നിന്നും ഈടാക്കാത്തതു മൂലമുണ്ടായ വന വരുമാനത്തിലെ കുറവ് | 5.1.1 | 129 |
| ഒരു റബ്ബർ കമ്പനിയുടെ പാട്ട വാടക പരിഷ്കരിക്കാത്തതു മൂലം 27.40 കോടി രൂപയുടെ കുറഞ്ഞ പിരിച്ചെടുക്കൽ | 5.1.2 | 131 |
| കാർഷിക ആദായനികുതി | 5.2 | 134 |
| ക്രമരഹിതമായ അവകാശവാദം അംഗീകരിച്ചതിനാലുണ്ടായ കാർഷിക ആദായ നികുതിയുടെ പിരിച്ചെടുക്കാതിരിക്കൽ | 5.2.1 | 134 |
| **അനുബന്ധം** | | 139 |
| **പദാവലി** | | 243 |

# ആമുഖം

ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം **151(2)** പ്രകാരം സംസ്ഥാന നിയമസഭയുടെ മുൻപാകെ വയ്ക്കുന്നതിനായി ഗവർണർക്ക് സമർപ്പിക്കാൻ തയ്യാറാക്കിയതാണ് **2024** മാർച്ചിൽ അവസാനിച്ച കാലയളവിലെ സംസ്ഥാന റവന്യൂവിനെക്കുറിച്ചുള്ള ഇന്ത്യയുടെ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ ഈ റിപ്പോർട്ട്.

മോട്ടോർ വാഹന വകുപ്പ്, എക്സൈസ് വകുപ്പ്, രജിസ്ട്രേഷൻ വകുപ്പ്, വനം വകുപ്പ്, സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് എന്നിവയുൾപ്പെടെ റവന്യൂ മേഖലയ്ക്ക് കീഴിലുള്ള കേരള സർക്കാരിന്റെ വിവിധ വകുപ്പുകളുടെ അനുവർത്തന ഓഡിറ്റിന്റെ സുപ്രധാന ഫലങ്ങൾ ഈ റിപ്പോർട്ടിൽ അടങ്ങിയിരിക്കുന്നു.

ഈ റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നവ **2023-24** കാലയളവിലെ രേഖകളുടെ പരീക്ഷണ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടവയും മുൻ വർഷങ്ങളിൽ ശ്രദ്ധയിൽപ്പെട്ടിട്ടും മുൻകാല ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെടുത്താൻ സാധിക്കാതിരുന്നവയുമാണ്.

ഇന്ത്യയുടെ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഓഡിറ്റിംഗ് മാനദണ്ഡങ്ങൾക്ക് അനുസൃതമായാണ് ഓഡിറ്റ് നടത്തപ്പെട്ടത്.

റിപ്പോർട്ടിന്റെ ഈ മലയാളം പരിഭാഷയിൽ എന്തെങ്കിലും സംശയം ഉളവായാൽ ഇംഗ്ലീഷ് പതിപ്പിനെ ആധികാരികമായി പരിഗണിക്കേണ്ടതാണ്.

# ഉപരിവീക്ഷണം

## ഉപരിവീക്ഷണം

2024 മാർച്ചിൽ അവസാനിച്ച കാലയളവിലെ സംസ്ഥാന റവന്യൂവിനെക്കുറിച്ചുള്ള ഇന്ത്യയുടെ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ ഈ റിപ്പോർട്ടിൽ വാഹനങ്ങളുടെ നികുതി, എക്സൈസ് തീരുവ, സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസും, കാർഷിക ആദായനികുതി എന്നിവയുൾപ്പെടെ റവന്യൂ മേഖലയ്ക്ക് കീഴിലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ ഉൾക്കൊള്ളുന്നു. 603.53 കോടി രൂപയുടെ വരുമാന പ്രഭാവം ഉൾപ്പെടുന്ന രണ്ട് അനുവർത്തന ഓഡിറ്റുകൾ ഉൾപ്പെടെ 11 ഖണ്ഡികകൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുന്നു.

സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ പൊതുവായ വശങ്ങൾ ഒന്നാം അധ്യായത്തിൽ പരാമർശിച്ചിരിക്കുന്നു. 2023-24 വർഷത്തെ സംസ്ഥാന സർക്കാരിന്റെ മൊത്തം റവന്യൂ വരുമാനം 1,24,486.15 കോടി രൂപയാണ്, ഇതിൽ സംസ്ഥാനത്തിന്റെ തനതു വരുമാനമായ 90,674.97 കോടി രൂപയും ഭാരത സർക്കാരിൽ നിന്നുള്ള വരവായ 33,811.18 കോടി രൂപയും (27 ശതമാനം) ഉൾപ്പെടുന്നു. ചില പ്രധാന ശീർഷകങ്ങളിലെ റവന്യൂ കുടിശ്ശിക 30,308.52 കോടി രൂപയാണ്, ഇത് സംസ്ഥാനത്തിന്റെ മൊത്തം വരുമാനത്തിന്റെ 24.35 ശതമാനത്തെ പ്രതിനിധീകരിക്കുന്നു. വകുപ്പുകളിൽ നടത്തിയ ഓഡിറ്റുകളുടെ ഒരു അവലോകനവും ഈ അധ്യായത്തിൽ നൽകിയിരിക്കുന്നു. 2024 ജൂൺ അവസാനത്തിൽ, 2023 ഡിസംബർ വരെ നൽകിയ 2,461 പരിശോധനാ റിപ്പോർട്ടുകളുമായി ബന്ധപ്പെട്ട് 4,978.61 കോടി രൂപ ഉൾപ്പെടുന്ന 15,021 ഖണ്ഡികകൾ തീർപ്പാക്കാൻ ബാക്കിയുണ്ടായിരുന്നു.

കേരളത്തിലെ മോട്ടോർ വാഹന വകുപ്പിലെ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളുടെയും സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയുടെയും പ്രവർത്തനം സംബന്ധിച്ച അനുവർത്തന ഓഡിറ്റ് (എസ്എസ്സിഎ) ആണ് രണ്ടാം അധ്യായം കൈകാര്യം ചെയ്യുന്നത്. ലൈസൻസ് വിതരണം, പുതുക്കൽ, റദ്ദാക്കൽ എന്നിവ ഫലപ്രദമായി കൈകാര്യം ചെയ്യുകയും വാഹനങ്ങളുടെ രജിസ്ട്രേഷനും ഉപയോഗവും നിയന്ത്രിക്കുകയും ചെയ്തുവെന്നും വരുമാനം ഫലപ്രദമായി വിലയിരുത്തി, ചുമത്തുകയും ശേഖരിക്കുകയും ചെയ്തുവെന്നും നിയമലംഘനങ്ങൾ തടയുന്നതിന് മതിയായ തുടർനടപടികളിലൂടെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിയെന്നും ഉറപ്പാക്കുന്നതിനാണ് ഈ ഓഡിറ്റ് നടത്തിയത്.

സുതാര്യത മെച്ചപ്പെടുത്തുന്നതിനും മാനുഷിക ഇടപെടൽ കുറയ്ക്കുന്നതിനും ലക്ഷ്യമിട്ട് ഒൻപത് ഓട്ടോമേറ്റഡ് ഡ്രൈവിംഗ് ടെസ്റ്റ് ട്രാക്കുകളും (എഡിടിടി) ഒൻപത് ഓട്ടോമേറ്റഡ് ടെസ്റ്റിംഗ് സ്റ്റേഷനുകളും (എടിഎസ്) സ്ഥാപിച്ച് വകുപ്പ് ആധുനികവൽക്കരണ ശ്രമങ്ങൾക്ക് തുടക്കമിട്ടതായി ഓഡിറ്റ് നിരീക്ഷിച്ചു. എന്നാൽ 37.48 കോടി രൂപ ചെലവഴിച്ചിട്ടും, രണ്ട് എഡിടിടികൾ മാത്രമാണ് പ്രവർത്തനക്ഷമമായത്, അതേസമയം എടിഎസുകളൊന്നും പ്രവർത്തനക്ഷമമല്ല. അതിന്റെ ഫലമായി മാനുവലായുള്ള ലൈസൻസിംഗിനെയും പരിശോധനയെയും ആശ്രയിക്കുന്നത് തുടരുന്നു. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് (സിഎഫ്), രജിസ്ട്രേഷൻ എന്നിവ പുതുക്കുന്ന സമയത്ത് ബാധകമായ ഹരിത നികുതി ഈടാക്കാതിരുന്നത് 2.57 കോടി രൂപയാണെന്ന് ഓഡിറ്റിൽ കണ്ടെത്തി. ഇത് ഫലപ്രദമായ സിസ്റ്റം അധിഷ്ഠിത സാധൂകരണങ്ങളുടെ അഭാവത്തെ കൂടാതെ വാഹന ഉടമകൾ സമർപ്പിക്കുന്ന സത്യപ്രസ്താവനകളെ അമിതമായി ആശ്രയിക്കുന്നത് എടുത്തുകാണിക്കുന്നു.

വാഹൻ ഡാറ്റാബേസിന്റെ വിശകലനത്തിൽ, 48,059 (2.63 ശതമാനം) സജീവമായുണ്ടായിരുന്ന ട്രാൻസ്പോർട്ട് വാഹനങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ കാലാവധി കഴിഞ്ഞിരുന്നുവെങ്കിലും ഈ വാഹനങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കുകയോ ഉപയോഗത്തിലില്ലെന്ന് രജിസ്റ്ററിംഗ് അതോറിറ്റിക്ക് റിപ്പോർട്ട് ചെയ്യുകയോ ചെയ്തിട്ടില്ല. ഇതേ കാലയളവിൽ മോട്ടോർ വാഹന നികുതി അടച്ചത് വാഹനങ്ങളുടെ ഉപയോഗത്തെ സൂചിപ്പിക്കുന്നുവെങ്കിലും, വീഴ്ച വരുത്തിയ വാഹന ഉടമകൾക്ക് നോട്ടീസ് നൽകുകയോ സാധുവായ സിഎഫ് ഇല്ലാതെ പ്രവർത്തിക്കുന്ന അത്തരം വാഹനങ്ങളുടെ രജിസ്ട്രേഷനോ പെർമിറ്റുകളോ റദ്ദാക്കാൻ ഒരു നടപടിയും എൻഫോഴ്സ്മെന്റ് വിഭാഗം ആരംഭിക്കുകയോ ചെയ്തിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. പോലീസ് വകുപ്പിൽ ലഭ്യമായ അപകട ഡാറ്റയുമായി താരതമ്യം ചെയ്തപ്പോൾ, കാലാവധി കഴിഞ്ഞ സിഎഫ് ഉള്ള ഈ വാഹനങ്ങളിൽ 197 വാഹനങ്ങൾ അപകടത്തിൽപെട്ടതായും അതിലൂടെ 19 പേർക്ക് ജീവഹാനി സംഭവിച്ചതായും കണ്ടെത്തി.

കാലാവധി കഴിഞ്ഞ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് (ആർസി) ഉള്ള വാഹനങ്ങൾ ഉപയോഗിക്കുന്നതിൽ നടപടിയെടുക്കാത്തതും ഓഡിറ്റിൽ ശ്രദ്ധയിൽപ്പെട്ടു. ഒരു വശത്ത്, രജിസ്ട്രേഷൻ അതോറിറ്റി രജിസ്ട്രേഷൻ കാലാവധിക്കു ശേഷവും നികുതി സ്വീകരിക്കുകയും അതുവഴി പൊതു നിരത്തുകളിൽ അത്തരം വാഹനങ്ങൾ ഉപയോഗിക്കാൻ അനുവദിക്കുകയും ചെയ്തപ്പോൾ, മറുവശത്ത്, വീഴ്ച വരുത്തുന്നവർക്കെതിരെ നോട്ടീസ് നൽകുന്നതിലും നടപടിയെടുക്കുന്നതിലും എൻഫോഴ്സ്മെന്റ് വിഭാഗം പരാജയപ്പെട്ടു. രണ്ടു ഭാഗത്തുമുള്ള ഈ വീഴ്ച, നിയമപാലനത്തെ ദുർബലപ്പെടുത്തുക മാത്രമല്ല, പിഴ ചുമത്താത്തതിനാലും പുതുക്കുന്നതിനുള്ള ഫീസ് പിരിക്കാത്തതിനാലും 24.57 കോടി രൂപയുടെ വരുമാനം ലഭിക്കാതിരിക്കാനും കാരണമായി. പോലീസ് വകുപ്പിൽ ലഭ്യമായ അപകട ഡാറ്റയുമായി താരതമ്യം ചെയ്തപ്പോൾ, കാലാവധി കഴിഞ്ഞ ആർസികളുള്ള ഈ വാഹനങ്ങളിൽ 147 വാഹനങ്ങൾ അപകടത്തിൽപ്പെടുകയും 13 പേർക്ക് ജീവഹാനി സംഭവിച്ചതായും കണ്ടെത്തി.

സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത 1,27,100 കോൺട്രാക്ട് കാര്യേജ്, ചരക്ക് വാഹനങ്ങളിൽ 1,620 വാഹനങ്ങൾ (കോൺട്രാക്ട് കാര്യേജുകൾ - 557, ഗുഡ്സ് കാര്യേജ് ടിപ്പർ - 1,063) നിർദ്ദിഷ്ട മോട്ടോർ വാഹന നികുതി അടച്ചുവെങ്കിലും സാധുവായ പെർമിറ്റ് ഇല്ലാതെ, നിയമത്തിലെ വകുപ്പ് 66 ലംഘിച്ച് ഓടുന്നതായി ഓഡിറ്റ് നിരീക്ഷിച്ചു. എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ വാഹന പരിശോധനയിൽ 6,803 ഗതാഗത വാഹനങ്ങളുടെ സിഎഫിന്റേയും 30,948 ഗതാഗതേതര വാഹനങ്ങളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളുടേയും കാലാവധി കഴിഞ്ഞതായി കണ്ടെത്തി. എന്നാൽ, അത്തരം സന്ദർഭങ്ങളിൽ പോലും, മറ്റ് നിയമലംഘനങ്ങൾക്ക് കോമ്പൗണ്ടിംഗ് ഫീസ് ചുമത്തിയപ്പോഴും, സാധുവായ സിഎഫ് അല്ലെങ്കിൽ ആർസി ഇല്ലാതെ വാഹനങ്ങൾ ഉപയോഗിച്ചുവെന്ന കുറ്റങ്ങൾ അവഗണിക്കപ്പെട്ടു. റോഡ് സുരക്ഷ, നിയമം അനുസരിക്കൽ, സർക്കാർ വരുമാനം സംരക്ഷിക്കൽ എന്നിവയ്ക്ക് പെർമിറ്റ് ചട്ടങ്ങൾ, ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, രജിസ്ട്രേഷൻ ആവശ്യകതകൾ എന്നിവ പാലിക്കുന്നത് ഉറപ്പാക്കേണ്ടത് അത്യാവശ്യമാണ്. മുകളിൽ ചൂണ്ടിക്കാണിച്ച ഇത്തരം വീഴ്ചകളുടെ ഫലമായി 12.18 കോടി രൂപയുടെ കോമ്പൗണ്ടിംഗ് ഫീസ് പിരിച്ചെടുക്കാൻ കഴിഞ്ഞില്ല.

**അദ്ധ്യായം-II-ലെ ശുപാർശകൾ:**

- ഡ്രൈവിംഗ് ലൈസൻസ് വിതരണം സർക്കാർ ഓട്ടോമേറ്റ് ചെയ്യുകയും സംസ്ഥാന വ്യാപകമായി എല്ലാ ആർടിഒ/ എസ്ആർടിഒകളിലും സാങ്കേതിക

വിദ്യ അടിസ്ഥാനമാക്കിയുള്ള ഡ്രൈവിംഗ് ടെസ്റ്റുകൾ നടപ്പിലാക്കുന്നതിന് ഘടനാപരവും സമയബന്ധിതവുമായ ഒരു റോഡ് മാപ്പ് വികസിപ്പിക്കുകയും വേണം. അതേസമയം, കേന്ദ്ര സർക്കാർ വിജ്ഞാപനം പൂർണ്ണമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് വ്യക്തമായി നിർവചിക്കപ്പെട്ട സമയ പരിധിയോടെ, ആസൂത്രണം ചെയ്തിട്ടുള്ള 19 എടിഎസുകൾ സ്ഥാപിക്കുന്നതും നിലവിലുള്ളവ നവീകരിക്കുന്നതും ത്വരിതപ്പെടുത്താം.

- തിരിച്ചറിഞ്ഞ കേസുകളിൽ ഹരിത നികുതി ഈടാക്കാൻ അടിയന്തര നടപടി സ്വീകരിക്കാൻ മോട്ടോർ വാഹന വകുപ്പിനോട് സർക്കാരിന് നിർദ്ദേശിക്കാം.
- കാലാവധി കഴിഞ്ഞ ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ, പെർമിറ്റുകൾ എന്നിവ ഉപയോഗിച്ച് പ്രവർത്തിക്കുന്ന വാഹനങ്ങൾ തിരിച്ചറിയുന്നതിനും അത്തരം വാഹനങ്ങളുടെ സർട്ടിഫിക്കറ്റുകൾ യഥാസമയം പുതുക്കുകയോ അവയെ റോഡിൽ ഉപയോഗിക്കുന്നതിൽ നിന്ന് നീക്കം ചെയ്യുകയോ ചെയ്യുന്നുവെന്ന് ഉറപ്പാക്കുന്നതിനും വാഹൻ ഡാറ്റാബേസിന്റെ പതിവ് അവലോകനം സർക്കാരിന് നിർബന്ധമാക്കാം. പതിവ് പരിശോധനകളിലൂടെയുള്ള ശക്തമായ എൻഫോഴ്സ്മെന്റ്, വാഹൻ പോർട്ടൽ വഴിയുള്ള പെർമിറ്റ് പുതുക്കലുകളുടെ ഡിജിറ്റൽ ട്രാക്കിംഗ്, അനുപാലനം ഉറപ്പാക്കാൻ സ്വീകരിച്ച നടപടികളെക്കുറിച്ച് ഫീൽഡ് ഉദ്യോഗസ്ഥർ ആനുകാലികമായി റിപ്പോർട്ട് ചെയ്യുക എന്നിവ വഴി ഇത് ഉറപ്പാക്കാം.
- കുറ്റകൃത്യങ്ങൾ ബുക്ക് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്ക് നൽകിയ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ സർക്കാരിന് ഒരു നിരീക്ഷണ സംവിധാനം സ്ഥാപിക്കാം.

**(ഖണ്ഡിക 2.4)**

'കേരളത്തിലെ വിദേശ മദ്യത്തിന്റെ നിർമ്മാണവും വിൽപ്പനയും' എന്ന വിഷയത്തിൽ ഒരു അനുവർത്തന ഓഡിറ്റ് (എസ്എസ്സിഎ) മൂന്നാം അധ്യായത്തിൽ ഉൾപ്പെടുന്നു. വിദേശ മദ്യത്തിന്റെയും ബിയറിന്റെയും നിർമ്മാണം/ ഇറക്കുമതി, കൊണ്ടുപോകൽ, സംഭരണം, വിൽപ്പന എന്നിവയെ നിയന്ത്രിക്കുന്ന നിയമങ്ങളിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനാണ് ഈ ഓഡിറ്റ് നടത്തിയത്. പിരിച്ചെടുക്കാവുന്ന വരുമാനം സമയബന്ധിതമായി ആവശ്യപ്പെടുകയും പിരിച്ചെടുക്കുകയും ചെയ്തുവെന്നും വകുപ്പിൽ നിലവിലുള്ള ആന്തരിക നിയന്ത്രണ സംവിധാനം പര്യാപ്തവും ഫലപ്രദവുമാണെന്നും ഉറപ്പാക്കാനും ഓഡിറ്റ് ശ്രമിച്ചു.

എക്സ്ട്രാ ന്യൂട്രൽ ആൽക്കഹോളിന്റെ (ഇഎൻഎ) ഉറവിടം മുതൽ മദ്യത്തിന്റെ നിർമ്മാണവും വിൽപ്പനയും വരെ ഉണ്ടാകുന്ന ഗണ്യമായ വരുമാന നഷ്ടം എസ്എസ്സിഎ എടുത്തുകാണിക്കുന്നു. തിരുവല്ലയിലെ ഒരു ഡിസ്റ്റിലറിയിൽ, ഒരു മോഷണ സംഭവത്തിന് ശേഷം ഉന്നത ഉദ്യോഗസ്ഥർ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ ഇഎൻഎയുടെ സ്റ്റോക്കിലെ കാര്യമായ പൊരുത്തക്കേടുകൾ ഡിസ്റ്റിലറി പരിസരത്തെ നിരീക്ഷണ, സ്റ്റോക്ക് പരിശോധന പ്രക്രിയകളിലെ ഗുരുതരമായ പോരായ്മകൾ എടുത്തുകാണിക്കുന്നു. മോഷണത്തിന് പോലീസ് എഫ്ഐആർ രജിസ്റ്റർ ചെയ്തുവെങ്കിലും ഡിസ്റ്റിലറിയുടെ സ്റ്റോക്കിൽ ഇഎൻഎയുടെ കുറവ് മൂലമുണ്ടായ വരുമാന നഷ്ടം വീണ്ടെടുക്കാൻ വകുപ്പ് എന്തെങ്കിലും നടപടി ആരംഭിക്കുകയോ ഇഎൻഎ വകമാറ്റിയതിൽ ഉൾപ്പെട്ട വ്യക്തികളിൽ നിന്ന് തുക പിരിച്ചെടുക്കാൻ ശ്രമിക്കുകയോ ചെയ്തില്ല. അതിന്റെ ഫലമായി ആകെ 51.88 കോടി രൂപയുടെ നഷ്ടം സംഭവിച്ചു.

സംസ്ഥാന ജിഎസ്ടി വകുപ്പ് മേൽനോട്ടം വഹിക്കുന്ന 1963-ലെ കേരള പൊതു വിൽപന നികുതി (കെജിഎസ്ടി) നിയമത്തിന് കീഴിലുള്ള ഡീലർമാരുടെ

രജിസ്ട്രേഷൻ, റിട്ടേണുകളുടെ പരിശോധന, വിദേശമദ്യ വിൽപ്പനയിലെ വിൽപ്പന നികുതിയുടെയും വിറ്റുവരവ് നികുതിയുടെയും (ടിഒടി) നിർണ്ണയവും ചുമത്തലും പിരിച്ചെടുക്കലും എന്നിവയും ഈ എസ്എസ്സിഎയുടെ ഭാഗമായി ഓഡിറ്റ് പരിശോധനയ്ക്ക് വിധേയമാക്കി. വിറ്റുവരവ് നികുതി കണക്കാക്കുമ്പോൾ വിൽപ്പന നികുതിയെ ഉൾപ്പെടുത്തുന്നതിൽ നികുതിനിർണ്ണയ അധികാരികൾ പരാജയപ്പെട്ടതിന്റെ ഫലമായി 1.65 കോടി രൂപയുടെ ടിഒടി കുറവായി ചുമത്തി. കൂടാതെ, കഞ്ചിക്കോട്ടെ ഒരു ബ്രൂവറി, ഡിസ്റ്റിലറികൾ നിർമ്മിക്കുന്ന മദ്യത്തിന് മാത്രം ബാധകവും ബ്രൂവറികൾ ഉത്പാദിപ്പിക്കുന്ന ബിയറിന് ബാധകമല്ലാത്തതുമായ സർക്കാർ വിജ്ഞാപനം ഉദ്ധരിച്ചു കൊണ്ട് ബിയർ വിൽപ്പനയ്ക്ക് ടിഒടി നൽകുന്നതിൽ നിന്ന് ഇളവ് ആവശ്യപ്പെട്ടു. അതിനാൽ, നികുതിദായകൻ അവകാശപ്പെടുന്ന ഇളവ് ക്രമരഹിതമായിരുന്നു, എന്നിരുന്നിട്ടു കൂടി റിക്കവറി നടപടികൾ ആരംഭിക്കുന്നതിൽ നികുതി നിർണ്ണയ അതോറിറ്റി പരാജയപ്പെട്ടതിന്റെ ഫലമായി 13.81 കോടി രൂപയുടെ ടിഒടി ചുമത്താൻ കഴിഞ്ഞില്ല. തെറ്റായ നികുതി നിരക്ക് പ്രയോഗിച്ചതിനാൽ വിൽപ്പന നികുതി ചുമത്തൽ/ പിരിച്ചെടുക്കൽ എന്നിവയിൽ കുറവുണ്ടായ സംഭവങ്ങളും ശ്രദ്ധയിൽപെട്ടു. ഒരു സാഹചര്യത്തിൽ, സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ നികുതി നിരക്ക് ബാധകമാക്കുന്നതിൽ നികുതിദായകൻ പരാജയപ്പെട്ടപ്പോൾ, മറ്റൊരു കേസിൽ, പുതുക്കിയ നിരക്ക് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ബാധകമാക്കിയില്ല. ഈ രണ്ട് സന്ദർഭങ്ങളിലും, ബാധകമായ നിരക്കുകളുടെ കൃത്യത പരിശോധിക്കാതെ, നികുതിദായകർ സമർപ്പിച്ച റിട്ടേണുകൾ നികുതി നിർണ്ണയ ഉദ്യോഗസ്ഥർ സ്വീകരിച്ചു. ഇത് 3.71 കോടി രൂപയുടെ നികുതി കുറവായി ചുമത്തുന്നതിന് കാരണമായി.

മാഹിയിലേക്ക് മദ്യം ഇറക്കുമതി ചെയ്യുന്നതിന് എക്സൈസ് വകുപ്പ് നൽകിയ ട്രാൻസിറ്റ് പെർമിറ്റുകൾ ചെക്ക് പോസ്റ്റുകളിൽ സൂക്ഷിച്ച രേഖകളുമായി ചേർത്ത് പരിശോധിച്ചപ്പോൾ 1,10,720 ബൾക്ക് ലിറ്റർ ഐഎംഎഫ്എൽ ഉൾപ്പെടുന്ന 22 പെർമിറ്റുകളുടെ രേഖകളൊന്നും എക്സിറ്റ് ചെക്ക് പോസ്റ്റുകളിൽ ഇല്ലായിരുന്നുവെന്നും ഇത് അനധികൃത വിൽപ്പനയ്ക്കായി കേരള വിപണിയിലേക്ക് വഴിതിരിച്ചുവിടാൻ സാധ്യതയുണ്ടെന്നും കണ്ടെത്തി. ഐഎംഎഫ്എല്ലിന്റെ 12,302 കെയ്സുകളുടെ വഴിതിരിച്ചുവിടൽ മൂലമുള്ള വരുമാന നഷ്ടം 5.10 കോടി രൂപ വരും.

**അധ്യായം-III-ലെ ശുപാർശകൾ:**

- നിഷ്പക്ഷമായ വിലയിരുത്തലുകളും പൊരുത്തക്കേടുകൾ നേരത്തേ കണ്ടെത്തുന്നത് ഉറപ്പാക്കുന്നതിനുമായി വകുപ്പുതല പ്രത്യേക സംഘങ്ങൾ കൃത്യമായ ഇടവേളകളിൽ ഡിസ്റ്റിലറികളിൽ അപ്രതീക്ഷിതവും സ്വതന്ത്രവുമായ സ്റ്റോക്ക് പരിശോധനകൾ നടത്തുന്നുവെന്ന് ഉറപ്പാക്കാൻ സർക്കാരിന് വകുപ്പിനോട് നിർദ്ദേശിക്കാവുന്നതാണ്.
- സർക്കാരിന്, നികുതി നിർണ്ണയങ്ങളിൽ ഏകീകൃത സ്വഭാവം ഉറപ്പാക്കുന്നതിനായി, ഇളവ് യോഗ്യത ഉൾപ്പെടെയുള്ള പൊതുവായ പിശകുകൾ സംബന്ധിച്ച് വിശദമായ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് നടപടിക്രമങ്ങൾ (എസ്ഒപി) തയ്യാറാക്കുകയും സംസ്ഥാന ജിഎസ്ടിയുടെ നികുതി നിർണ്ണയ അധികാരികൾക്ക് വിതരണം ചെയ്യുകയും ചെയ്യാം. നികുതി നിർണ്ണയ പിഴവുകൾക്ക് ഉത്തരവാദിത്ത സംവിധാനങ്ങൾ ഏർപ്പെടുത്തുകയും നികുതി നിർണ്ണയങ്ങളുടെ ഗുണനിലവാരം വിലയിരുത്തുന്നതിന് പതിവായി ആന്തരിക ഓഡിറ്റുകൾ നടത്തുകയും ചെയ്യാം.
- ചരക്കുകൾ ഉദ്ദേശിച്ച ലക്ഷ്യസ്ഥാനങ്ങളിൽ എത്തുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി, തത്സമയ ട്രാക്കിംഗും റൂട്ട് മാറ്റങ്ങളോ കാലതാമസമോ വരുമ്പോൾ സ്വയമേവ മുന്നറിയിപ്പ് എക്സൈസ് എൻഫോഴ്സ്മെന്റ്

വിഭാഗത്തിന് തരുന്നതും ആയ ഒരു ജിപിഎസ് അധിഷ്ഠിത ട്രാൻസിറ്റ് പെർമിറ്റ് സംവിധാനം, സർക്കാരിന് നടപ്പാക്കാവുന്നതാണ്.

**(ഖണ്ഡിക 3.4)**

അധ്യായം-IV-ൽ സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ ഉൾക്കൊള്ളുന്നു. ഭൂമിയുടെ ന്യായവില സ്വീകരിക്കുന്നതിൽ വിട്ടുവീഴ്ച വരുത്തിയതിന്റെയും മാതൃ സർവേ നമ്പറിൽ ലഭ്യമായ ന്യായവില സ്വീകരിക്കാത്തതിന്റെയും ഫലമായി സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസും കുറവായി ചുമത്തിയ സംഭവങ്ങൾ ഇതിൽ പ്രതിപാദിച്ചിരിക്കുന്നു.

**(ഖണ്ഡിക 4.4, 4.5)**

അധ്യായം-V 'മറ്റ് വരവുകൾ' കൈകാര്യം ചെയ്യുന്നു. പറമ്പിക്കുളം ആളിയാർ പദ്ധതിക്കായി അനുവദിച്ച ഭൂമിയുടെ പുതുക്കിയ ലൈസൻസ് ഫീസ് തമിഴ്നാട് സർക്കാരിൽ നിന്ന് ഈടാക്കാതിരുന്നതും തൽഫലമായി ഫോറസ്റ്റ് റവന്യൂവിൽ 1.70 കോടി രൂപയുടെ കുറവുണ്ടായതും, പാട്ട വാടക പരിഷ്കരിക്കാത്തതുമൂലം മറ്റൊരു പാട്ടക്കാരനിൽ നിന്നും 27.40 കോടി രൂപ കുറവായി പിരിച്ചെടുത്തതും ഇതിൽ ചർച്ച ചെയ്യുന്നു.

**(ഖണ്ഡിക 5.1.1, 5.1.2)**

# അദ്ധ്യായം I

# പൊതുവിൽ

# അദ്ധ്യായം - I
# പൊതുവിൽ

## 1.1 റവന്യൂ വരുമാനത്തിന്റെ പ്രവണത

**1.1.1** കേരള സർക്കാർ 2023-24 വർഷത്തിൽ സമാഹരിച്ച നികുതിയും നികുതിയേതര വരുമാനവും, സംസ്ഥാനങ്ങൾക്കായി നീക്കിവയ്ക്കുന്ന വിഭജിത കേന്ദ്ര നികുതികളുടേയും തീരുവകളുടേയും അറ്റവരവിൽ നിന്നുള്ള സംസ്ഥാനത്തിന്റെ വിഹിതം, ആ വർഷം ഭാരത സർക്കാരിൽ നിന്നും ലഭിച്ച സഹായധനം എന്നിവയും കഴിഞ്ഞ നാലു വർഷങ്ങളിലെ തൽസ്ഥാനത്തുള്ള സംഖ്യകളും **പട്ടിക 1.1**-ൽ പ്രതിപാദിച്ചിരിക്കുന്നു.

**പട്ടിക 1.1: റവന്യൂ വരുമാനത്തിന്റെ പ്രവണത**

(₹ കോടിയിൽ)

| ക്രമ നമ്പർ | വിശദാംശങ്ങൾ | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 |
|---|---|---|---|---|---|---|
| 1 | സംസ്ഥാന സർക്കാർ സമാഹരിച്ച വരുമാനം | | | | | |
| | നികുതി വരുമാനം | 50,323.14 | 47,660.84 | 58,340.52 | 71,968.16 | 74,329.01 |
| | നികുതിയേതര വരുമാനം | 12,265.22 | 7,327.31 | 10,462.51 | 15,117.96 | 16,345.96 |
| | ആകെ | 62,588.36 | 54,988.15 | 68,803.03 | 87,086.12 | 90,674.97 |
| 2 | ഭാരത സർക്കാരിൽ നിന്നുള്ള വരവുകൾ | | | | | |
| | വിഭജിത കേന്ദ്ര നികുതികളുടേയും തീരുവകളുടേയും അറ്റവരവിൽ നിന്നുള്ള സംസ്ഥാന വിഹിതം | 16,401.05 | 11,560.40 | 17,820.09 | 18,260.68 | 21,742.92 |
| | സഹായധനം | 11,235.26 | 31,068.28 | 30,017.12 | 27,377.86 | 12,068.26 |
| | ആകെ | 27,636.31 | 42,628.68 | 47,837.21 | 45,638.54 | 33,811.18 |
| 3 | **സംസ്ഥാന സർക്കാരിന്റെ ആകെ റവന്യൂ വരുമാനം (1-ഉം 2-ഉം)** | **90,224.67** | **97,616.83** | **1,16,640.24** | **1,32,724.66** | **1,24,486.15** |
| 4 | **സംസ്ഥാന സർക്കാർ സമാഹരിച്ച വരുമാനം ആകെ റവന്യൂ വരുമാനത്തിന്റെ ശതമാനത്തിൽ** | **69** | **56** | **59** | **66** | **73** |

സ്രോതസ്സ്: എജി (എ&ഇ), കേരള തയ്യാറാക്കിയ സാമ്പത്തിക കണക്കുകൾ.

2022-23 വർഷത്തിൽ സംസ്ഥാന സർക്കാർ സമാഹരിച്ച വരുമാനം വർദ്ധിച്ചുവെങ്കിലും സഹായധനം മുൻ വർഷത്തെ അപേക്ഷിച്ച് ഗണ്യമായി കുറഞ്ഞതോടെ സംസ്ഥാനത്തിന്റെ മൊത്തം റവന്യൂ വരുമാനത്തിൽ 8,238.51 കോടി രൂപയുടെ കുറവുണ്ടായി.

കേന്ദ്ര സർക്കാരിൽ നിന്നുള്ള സഹായധനം മുൻ വർഷത്തെ അപേക്ഷിച്ച് 15,309.60 കോടി രൂപ (55.92 ശതമാനം) കുറഞ്ഞു, ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ 8,136.62 കോടി രൂപയുടെ കുറവുണ്ടായതാണ് ഇതിന് കാരണം. 2023-24 കാലയളവിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റിലെ കുറവ് പ്രധാനമായും പോസ്റ്റ് ഡെവല്യൂഷൻ റവന്യൂ

ഗ്രാന്റിന് (8,425 കോടി രൂപ) കീഴിലാണ്. 'സംസ്ഥാനങ്ങൾ/ നിയമസഭയുള്ള കേന്ദ്രഭരണ പ്രദേശങ്ങൾ എന്നിവയ്ക്കുള്ള മറ്റ് ട്രാൻസ്ഫറുകൾ/ ഗ്രാന്റുകൾ' എന്നതിന് കീഴിലുള്ള ഗ്രാന്റുകളും 6,504.06 കോടി രൂപ കുറഞ്ഞു, ഇത് പ്രധാനമായും ജിഎസ്ടി നടപ്പിലാക്കിയതിലൂടെ ഉണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം കുറഞ്ഞതിനാലാണ്.

**1.1.2** കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ ഭാരത സർക്കാരിൽ നിന്നുള്ള വരവുകളുടെയും (വിഭജിത കേന്ദ്ര നികുതികളുടേയും തീരുവകളുടേയും അറ്റവരവിൽ നിന്നുള്ള വിഹിതവും, സഹായധനവും) കേരള സർക്കാർ സമാഹരിച്ച വരുമാനത്തിന്റെയും, (നികുതി വരുമാനവും നികുതിയേതര വരുമാനവും) പ്രവണത ചുവടെ നൽകിയിരിക്കുന്ന **ചാർട്ട് I**-ൽ കാണിച്ചിരിക്കുന്നു:

**ചാർട്ട് I: വരുമാന ഘടകങ്ങളുടെ അഞ്ച് വർഷത്തെ പ്രവണത**




സ്രോതസ്സ്: അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) തയ്യാറാക്കിയത്.

റവന്യൂ വരുമാനത്തിന്റെ വിവിധ ഘടകങ്ങളുടെ സംയുക്ത വാർഷിക വളർച്ചാ നിരക്ക് (സിഎജിആർ) വിശകലനം ചെയ്യപ്പോൾ, 2019-20 മുതലുള്ള അഞ്ച് വർഷത്തിനിടെ നികുതി വരുമാനം ഏറ്റവും മികച്ച വളർച്ച (10.24 ശതമാനം) പ്രകടമാക്കിയപ്പോൾ സഹായധനം ഏറ്റവും കുറഞ്ഞ വളർച്ച (1.80 ശതമാനം) പ്രകടമാക്കി.

### 1.1.3 റവന്യൂ വരവുകളുടെ ഘടന

സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ 2023-24 കാലയളവിലെ ഘടന ചുവടെയുള്ള **ചാർട്ട് II** ചിത്രീകരിക്കുന്നു.

(₹ കോടിയിൽ)

**ചാർട്ട് II: റവന്യൂ വരുമാനത്തിന്റെ ഘടന**




സ്രോതസ്സ്: അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) തയ്യാറാക്കിയത്.

### 1.1.4 സംസ്ഥാനത്തിന്റെ തനത് വരുമാനം

#### 1.1.4.1 തനത് നികുതി വരുമാനം

സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ സംസ്ഥാന ജിഎസ്ടി, എക്സൈസ് തുടങ്ങിയ സംസ്ഥാനത്തിന് ചുമത്താവുന്ന നികുതികൾ ഉൾപ്പെടുന്നു. 2019-20 മുതൽ 2023-24 വരെയുള്ള കാലയളവിലെ തനത് നികുതി വരുമാനത്തിന്റെ പ്രവണതയും അതിന്റെ ഘടകങ്ങളുടെ വിശകലനവും **പട്ടിക 1.2**-ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 1.2: സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ ഘടകങ്ങൾ**

(₹ കോടിയിൽ)

| ക്രമ നമ്പർ | റവന്യൂ ശീർഷകം | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 | 2023-24-ലെ മൊത്തം തനതു നികുതി വരുമാനത്തിന്റെ ശതമാനം |
|---|---|---|---|---|---|---|---|
| | (1) | (2) | (3) | (4) | (5) | (6) | (7) |
| 1 | സംസ്ഥാന ചരക്ക് സേവന നികുതി | 20,446.95 | 20,028.31 | 24,169.81 | 29,513.28 | 30,563.60 | 41.12 |
| 2 | വിൽപ്പന, വ്യാപാരം മുതലായവയുടെ നികുതി | 19,649.64 | 17,689.17 | 22,487.42 | 26,875.78 | 27,690.43 | 37.26 |
| 3 | സ്റ്റാമ്പുകളും രജിസ്ട്രേഷൻ ഫീസും | 3,615.01 | 3,489.59 | 4,857.33 | 6,216.71 | 5,694.88 | 7.66 |
| 4 | സംസ്ഥാന എക്സൈസ് | 2,255.28 | 2,329.22 | 2,032.23 | 2,875.95 | 2,944.02 | 3.96 |
| 5 | വാഹന നികുതി | 3,721.14 | 3,386.28 | 4,037.10 | 5,386.81 | 6,340.46 | 8.53 |

| ക്രമ നമ്പർ | റവന്യൂ ശീർഷകം | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 | 2023-24-ലെ മൊത്തം തനതു നികുതി വരുമാനത്തിന്റെ ശതമാനം |
|---|---|---|---|---|---|---|---|
| | (1) | (2) | (3) | (4) | (5) | (6) | (7) |
| 6 | ഭൂനികുതി | 332.42 | 493.35 | 470.84 | 718.9 | 711.71 | 0.96 |
| 7 | ചരക്കുകളുടെയും സേവനങ്ങളുടെയും മറ്റ് നികുതികളും തീരുവകളും | 39.31 | 48.8 | 56.04 | 67.89 | 62.13 | 0.08 |
| 8 | മറ്റുള്ളവ | 263.39 | 196.12 | 229.75 | 312.84 | 321.78 | 0.43 |
| 9 | **ആകെ തനത് നികുതി വരുമാനം** | **50,323.14** | **47,660.84** | **58,340.52** | **71,968.16** | **74,329.01** | **100** |
| 10 | ആകെ റവന്യൂ വരുമാനം | 90,224.67 | 97,616.83 | 1,16,640.24 | 1,32,724.66 | 124486.2 | |
| 11 | തനത് നികുതി വരുമാനം ആകെ റവന്യൂ വരവിന്റെ ശതമാനം എന്ന നിലയിൽ | 55.78 | 48.82 | 50.02 | 54.22 | 59.71 | |

സ്രോതസ്സ്: അതത് വർഷങ്ങളിലെ ഫിനാൻസ് അക്കൗണ്ടുകളുടെ പ്രസ്താവന 3.

2023-24-ൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം ആകെ റവന്യൂ വരുമാനത്തിന്റെ 59.71 ശതമാനമായിരുന്നു. 2023-24 കാലയളവിൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ ഏറ്റവും വലിയ സ്രോതസ്സ് (41 ശതമാനം) സംസ്ഥാന ചരക്ക് സേവന നികുതി (എസ്ജിഎസ്ടി) ആയിരുന്നു, രണ്ടാം സ്ഥാനത്ത് വിൽപ്പന, വ്യാപാരം മുതലായവയുടെ നികുതിയാണ് (37 ശതമാനം). അടുത്ത പ്രധാന സംഭാവനയായി വരുന്ന വാഹന നികുതി അഞ്ച് വർഷത്തിനുള്ളിൽ 3,721 കോടി രൂപയിൽ നിന്ന് 6,340 കോടി രൂപയായി, ഏകദേശം ഇരട്ടിയായി ഉയർന്നു. സംസ്ഥാന എക്സൈസിൽ നിന്നുള്ള വരുമാനം അഞ്ച് വർഷത്തിനുള്ളിൽ 31 ശതമാനം വളർച്ച രേഖപ്പെടുത്തി മിതമായി വർദ്ധിച്ചു.

### 1.1.4.2 നികുതിയേതര വരുമാനം

2019-20 മുതൽ 2023-24 വരെയുള്ള കാലയളവിൽ സമാഹരിച്ച നികുതിയേതര വരുമാനത്തിന്റെ വിശദാംശങ്ങൾ **പട്ടിക 1.3**-ൽ സൂചിപ്പിച്ചിരിക്കുന്നു.

**പട്ടിക 1.3: സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനത്തിന്റെ പ്രധാന ഘടകങ്ങൾ**

(₹ കോടിയിൽ)

| ക്രമ നമ്പർ | റവന്യൂ ശീർഷകം | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 | 2023-24-ലെ മൊത്തം നികുതിയേതര വരുമാനത്തിന്റെ ശതമാനം എന്ന നിലയിൽ |
|---|---|---|---|---|---|---|---|
| 1 | സംസ്ഥാന ലോട്ടറി* | 9,973.67 | 4,873.01 | 7,134.93 | 11,892.87 | 12,530.91 | 76.66 |
| 2 | ഡിവിഡന്റുകളും ലാഭവും | 100.33 | 110.19 | 227.98 | 48.93 | 242.68 | 1.48 |
| 3 | വനവും വന്യജീവിയും | 255.85 | 236.61 | 200.57 | 290.61 | 262.43 | 1.61 |
| 4 | പോലീസ് | 92.15 | 158.10 | 257.61 | 233.66 | 223.33 | 1.37 |
| 5 | പലിശ വരുമാനം | 84.95 | 246.64 | 177.05 | 171.95 | 175.35 | 1.07 |
| 6 | മറ്റു നികുതിയേതര വരുമാനം | 1,758.27 | 1,702.76 | 2,464.37 | 2,479.94 | 2,911.26 | 17.81 |

| ക്രമ നമ്പർ | റവന്യൂ ശീർഷകം | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 | 2023-24-ലെ മൊത്തം നികുതിയേതര വരുമാനത്തിന്റെ ശതമാനം എന്ന നിലയിൽ |
|---|---|---|---|---|---|---|---|
| 7 | **ആകെ നികുതിയേതര വരുമാനം** | 12,265.22 | 7,327.31 | 10,462.51 | 15,117.96 | 16,345.96 | 100 |
| 8 | മൊത്തം റവന്യൂ വരുമാനം | 90,224.67 | 97,616.83 | 1,16,640.24 | 1,32,724.66 | 1,24,486.15 | |
| 9 | ആകെ റവന്യൂ വരുമാനത്തിൽ നികുതിയേതര വരുമാനത്തിന്റെ തോത് (ശതമാനത്തിൽ) | 13.59 | 7.51 | 8.97 | 11.39 | 13.13 | |

സ്രോതസ്സ്: അതാത് വർഷങ്ങളിലെ ഫിനാൻസ് അക്കൗണ്ടുകളുടെ പ്രസ്താവന 14.

* 2023-24 വർഷത്തിൽ സംസ്ഥാന ലോട്ടറികൾക്കുള്ള ചെലവ് 11,401.20 കോടി രൂപയാണ്.

കഴിഞ്ഞ അഞ്ച് വർഷത്തിനിടെ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ 7.51 ശതമാനത്തിനും 13.59 ശതമാനത്തിനും ഇടയിലായിരുന്ന നികുതിയേതര വരുമാനം 2023-24-ൽ മുൻ വർഷത്തെ അപേക്ഷിച്ച് 1,228 കോടി രൂപ (8.12 ശതമാനം) വർദ്ധിച്ചു. സംസ്ഥാന ലോട്ടറികളിൽ നിന്നുള്ള വരുമാനമാണ് നികുതിയേതര വരുമാനത്തിന്റെ പ്രധാന ഉറവിടം. 2019-20 മുതൽ 2023-24 വരെയുള്ള കാലയളവിൽ നികുതിയേതര വരുമാനത്തിൽ അതിന്റെ വിഹിതം 67 ശതമാനത്തിനും 81 ശതമാനത്തിനും ഇടയിലായിരുന്നു. 2023-24 കാലയളവിൽ സംസ്ഥാന ലോട്ടറികളിൽ നിന്നുള്ള വരുമാനം (12,530.91 കോടി രൂപ) മുൻ വർഷത്തെ അപേക്ഷിച്ച് 5.36 ശതമാനം (638.04 കോടി രൂപ) വർദ്ധിച്ചു. നികുതിയേതര വരുമാനത്തിന്റെ 76.66 ശതമാനവും ലോട്ടറികളിൽ നിന്നുള്ള വരുമാനമാണെങ്കിലും അതിൽ നിന്നും സമ്മാനത്തുകയും കമ്മീഷനുമായി 11,401.20 കോടി രൂപ ചിലവഴിച്ചിട്ടുണ്ട്.

## 1.2 റവന്യൂ കുടിശ്ശികയുടെ വിശകലനം

ചില പ്രധാന റവന്യൂ ശീർഷകങ്ങളിൽ 2024 മാർച്ച് 31-ലെ ആകെ റവന്യൂ കുടിശ്ശിക ചുവടെയുള്ള **പട്ടിക 1.4**-ൽ വിവരിച്ചിരിക്കുന്നത് പോലെ, 30,308.52 കോടി രൂപയാണ്.

**പട്ടിക 1.4: 2024 മാർച്ച് 31-ലെ റവന്യൂ കുടിശ്ശിക**

(₹ കോടിയിൽ)

| ക്രമ നമ്പർ | വകുപ്പിന്റെ പേര്/ അക്കൗണ്ട് ശീർഷകം | തുക | അഞ്ച് വർഷത്തിൽ കൂടുതലുള്ള കുടിശ്ശിക |
|---|---|---|---|
| 1 | സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് (മുഖ്യ ശീർഷകം 0006, 0040, 0022) | 13,559.46 | 8,243.84 |
| 2 | ധനകാര്യ വകുപ്പ് - പലിശ വരുമാനത്തിലെ കുടിശ്ശിക (മുഖ്യ ശീർഷകം 0049) | 7,604.49 | ലഭ്യമല്ല |
| 3 | വൈദ്യുതിയുടെ നികുതികളും തീരുവകളും (മുഖ്യ ശീർഷകം 0043) | 4,929.51 | 1,556.98 |
| 4 | മോട്ടോർ വാഹന വകുപ്പ് (മുഖ്യ ശീർഷകം 0041) | 916.53 | 140.34 |
| 5 | രജിസ്ട്രേഷൻ വകുപ്പ് (മുഖ്യ ശീർഷകം 0030) | 723.53 | ലഭ്യമല്ല |
| 6 | ലാൻഡ് റവന്യൂ വകുപ്പ് (മുഖ്യ ശീർഷകം 0029) | 542.14 | 118.41 |

| ക്രമ നമ്പർ | വകുപ്പിന്റെ പേര്/ അക്കൗണ്ട് ശീർഷകം | തുക | അഞ്ച് വർഷത്തിൽ കൂടുതലുള്ള കുടിശ്ശിക |
|---|---|---|---|
| 7 | പോലീസ് വകുപ്പ് (മുഖ്യ ശീർഷകം 0055) | 494.20 | 274.94 |
| 8 | വനം വകുപ്പ് (മുഖ്യ ശീർഷകം 0406) | 420.92 | 272.41 |
| 9 | ധനകാര്യ വകുപ്പ് - ഗ്യാരണ്ടി കമ്മീഷനിലെ കുടിശ്ശിക (മുഖ്യ ശീർഷകം 0075) | 395.94 | ലഭ്യമല്ല |
| 10 | എക്സൈസ് വകുപ്പ് (മുഖ്യ ശീർഷകം 0039) | 303.50 | 303.50 |
| 11 | മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് (മുഖ്യ ശീർഷകം 0853) | 224.00 | 69.50 |
| 12 | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (മുഖ്യ ശീർഷകം 0070) | 110.64 | 21.30 |
| 13 | അച്ചടി (മുഖ്യ ശീർഷകം 0058) | 51.41 | 40.49 |
| 14 | സ്റ്റേഷനറി (മുഖ്യ ശീർഷകം 0058) | 30.36 | 25.53 |
| 15 | ഫാക്ടറികളും ബോയിലറുകളും (മുഖ്യ ശീർഷകം 0230) | 1.49 | 0.03 |
| 16 | തൊഴിൽ വകുപ്പ് (മുഖ്യ ശീർഷകം 0230) | 0.40 | 0 |
| | **മൊത്തം കുടിശ്ശിക** | **30,308.52** | **11,067.27** |

സ്രോതസ്സ്: വകുപ്പുകളിൽ നിന്ന് ശേഖരിച്ച വിവരങ്ങൾ.

ആകെ കുടിശ്ശികയായ **30,308.52** കോടി രൂപ സംസ്ഥാനത്തിന്റെ ആകെ വരുമാനത്തിന്റെ **24.35** ശതമാനമാണ്. മൊത്തം കുടിശ്ശിക **2019-21**-ലെ **28,042.56** കോടി രൂപയിൽ നിന്ന് **2023-24**-ൽ **30,308.52** കോടി രൂപയായി ഉയർന്നു. കുടിശ്ശികയിലെ ഏറ്റവും വലിയ ഘടകമായ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിലെ കുടിശ്ശിക **2021-22**-ൽ **13,410** കോടി രൂപ ആയിരുന്നത് **2023-24**-ൽ **13,559** കോടി രൂപയായി ഏറെക്കുറെ മാറ്റമില്ലാതെ തുടരുന്നു. ഇതേ കാലയളവിൽ, വൈദ്യുതിയുടെ നികുതികളുടെയും തീരുവകളുടെയും കുടിശ്ശിക **2,929.11** കോടി രൂപയിൽ നിന്ന് **4,929.51** കോടി രൂപയായി കുത്തനെ വർദ്ധിച്ചു.

ആകെ കുടിശ്ശികയായ **30,308.52** കോടി രൂപയിൽ **11,000** കോടിയിലധികം രൂപ അഞ്ച് വർഷത്തിലേറെയായി കുടിശ്ശികയാണ്.

സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ അഞ്ച് വർഷത്തിലേറെയായുള്ള കുടിശ്ശിക **2019-21**-ലെ **4,499.55** കോടി രൂപയിൽ നിന്ന് **2023-24**-ൽ **8,243.84** കോടിയായി വർദ്ധിച്ചു. വൈദ്യുതിയുടെ നികുതികളുടെയും തീരുവകളിലെയും അഞ്ച് വർഷത്തിലേറെയായുള്ള കുടിശ്ശികയും വർദ്ധിച്ചുവരുന്ന പ്രവണത കാണിക്കുന്നു, ഇത് **2019-21**-ലെ **887.42** കോടി രൂപയിൽ നിന്ന് ഇരട്ടിയോളം വർദ്ധിച്ച് **2023-24**-ൽ **1,556.98** കോടി രൂപയായി.

കുടിശ്ശികകൾ തീർക്കുന്നതിനും കുടിശ്ശിക വർദ്ധിക്കുന്നത് തടയുന്നതിനുള്ള നടപടി കൾ കൈക്കൊള്ളുന്നതിനും സർക്കാരിന്റെ അടിയന്തിര ഇടപെടൽ അനിവാര്യമാണ്.

## 1.3 സ്റ്റേ അനുവദിച്ച കേസുകളുടെ വിശകലനം

**2024** മാർച്ച് **31** വരെയുള്ള കുടിശ്ശികയിൽ വിവിധ അതോറിറ്റികൾ വിവിധ ഘട്ടങ്ങളിൽ സ്റ്റേ ചെയ്തവയും ഉൾപ്പെടുന്നുവെന്ന് പിരിച്ചെടുക്കലിന്റെ വിവിധ ഘട്ടങ്ങളിലായുള്ള റവന്യൂ കുടിശ്ശികയുടെ വിശകലനത്തിൽ കണ്ടു. ഏഴ് പ്രധാന മുഖ്യ ശീർഷകങ്ങൾക്കു കീഴിൽ അനുവദിച്ച സ്റ്റേയുടെ വിശദാംശങ്ങൾ **പട്ടിക 1.5**-ൽ വിശദീകരിച്ചിരിക്കുന്നു.

**പട്ടിക 1.5: സ്റ്റേ അനുവദിച്ചതിന്റെ നില**

(₹ കോടിയിൽ)

| ക്രമ നമ്പർ | വകുപ്പിന്റെ പേര് | മൊത്തം കുടിശ്ശിക തുക | സ്റ്റേയുടെ നില അനുസരിച്ചുള്ള വിവരം | | സ്റ്റേയുള്ള ആകെ തുക | മൊത്തം കുടിശ്ശികയിൽ സ്റ്റേയുടെ ശതമാനം | അഞ്ച് വർഷത്തിൽ അധികമായി സ്റ്റേ ചെയ്തിട്ടുള്ള ആകെ തുക | സ്റ്റേയുള്ള ആകെ തുകയിൽ അഞ്ചു വർഷത്തിൽ കൂടുതൽ സ്റ്റേയിൽ ഉള്ള തുക (ശതമാനം) |
|---|---|---|---|---|---|---|---|---|
| | | | കോടതിയുടെയും മറ്റ് ജുഡീഷ്യൽ അധികാരികളുടെയും സ്റ്റേ | സർക്കാരിന്റെ സ്റ്റേ | | | | |
| 1 | സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് | 13,559.46 | 5,032.24 | 73.95 | 5,106.19 | 37.66 | 3,522.38 | 68.98 |
| 2 | വനംവകുപ്പ് | 420.92 | 2.17 | 142.29 | 144.46 | 34.32 | 91.98 | 63.67 |
| 3 | എക്സൈസ് വകുപ്പ് | 303.50 | 91.22 | 0 | 91.22 | 30.06 | 91.22 | 100.00 |
| 4 | ഭൂ നികുതി വകുപ്പ് | 542.14 | 466.67 | 21.13 | 487.80 | 89.98 | 115.16 | 23.61 |
| 5 | രജിസ്ട്രേഷൻ വകുപ്പ് | 723.53 | 4.06 | 0 | 4.06 | 00.56 | 0 | 0 |
| 6 | മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് | 224.00 | 44.74 | 44.22 | 88.96 | 39.71 | 31.85 | 35.80 |
| 7 | മോട്ടോർ വാഹന വകുപ്പ് | 916.53 | 0.73 | 0 | 0.73 | 0.08 | 0.0081 | 1.11 |
| | **ആകെ** | **16,690.08** | **5,641.83** | **281.59** | **5,923.42** | **35.49** | **3,852.60** | **65.04** |

സ്രോതസ്സ്: വകുപ്പുകളിൽ നിന്ന് ശേഖരിച്ച വിവരങ്ങൾ.

സ്റ്റേ കാരണം തീർപ്പാക്കുവാനാകാതെ കെട്ടിക്കിടക്കുന്ന **5,923.42** കോടി രൂപ ഏഴ് വകുപ്പുകളിലെ മൊത്തം കുടിശ്ശികയുടെ **35.49** ശതമാനമാണ്. സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ സ്റ്റേ ചെയ്തിരിക്കുന്ന കുടിശ്ശിക **2019-21**-ലെ **5,577.10** കോടി രൂപയിൽ നിന്ന് **2023-24**-ൽ **5,106.19** കോടി രൂപയായി കുറഞ്ഞു. ഇതിനു വിപരീതമായി, ഭൂ നികുതി, വനംവകുപ്പ്, മൈനിംഗ് തുടങ്ങിയ വകുപ്പുകൾക്ക് കീഴിൽ സ്റ്റേ കേസുകളിൽ തുടർച്ചയായുള്ള വർദ്ധനവ് രേഖപ്പെടുത്തി.

സ്റ്റേ കാരണം കുടിശ്ശികയുള്ള **5,923.42** കോടി രൂപയിൽ **3,852.60** കോടി രൂപ (**65.04** ശതമാനം) അഞ്ച് വർഷത്തിലേറെയായി കെട്ടിക്കിടക്കുകയാണ്. എക്സൈസ് വകുപ്പിന്റെ മുഴുവൻ കുടിശ്ശികയും അഞ്ച് വർഷത്തിലേറെയായി സ്റ്റേയിലാണ്. കൂടാതെ, സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിലും വനം വകുപ്പിലും അഞ്ച് വർഷത്തിലേറെയായുള്ള സ്റ്റേയുടെ തോത് യഥാക്രമം **69** ശതമാനം, **64** ശതമാനം എന്ന ഉയർന്ന നിലയിലാണ്.

*സ്റ്റേ ഉത്തരവുകൾ അനിശ്ചിതമായി പ്രാബല്യത്തിൽ തുടരാതിരിക്കാൻ അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസുമായി ഏകോപിച്ച് സ്റ്റേ ഒഴിവാക്കാൻ ആവശ്യമായ നടപടികൾ വകുപ്പിന് സമയബന്ധിതമായി കൈക്കൊള്ളാം.*

## 1.4 നികുതി നിർണ്ണയങ്ങളുടെ കുടിശ്ശിക

വർഷാരംഭത്തിൽ തീർപ്പാക്കാൻ ബാക്കി നിന്നിരുന്ന കേസുകൾ, നികുതി നിർണ്ണയത്തിനുള്ള കാലാവധിയെത്താറായ കേസുകൾ, പ്രസ്തുത വർഷത്തിൽ തീർപ്പാക്കപ്പെട്ട

കേസുകൾ, 2023-24 വർഷാവസാനത്തിലും പൂർത്തീകരിക്കാതെ ബാക്കി നിന്നിരുന്ന കേസുകളുടെ എണ്ണം എന്നിങ്ങനെ നികുതി നിർണയവുമായി ബന്ധപ്പെട്ട കുടിശ്ശികയുടെ വിവരങ്ങൾ വകുപ്പുകൾ നൽകിയത് (മാർച്ച് 2025) **അനുബന്ധം I**-ൽ നൽകിയിരിക്കുന്നു.

പ്രസ്തുത വർഷത്തിൽ, റവന്യൂവും ദുരന്തനിവാരണവും (ആർ&ഡിഎം) വകുപ്പ് 2,02,678 കെട്ടിടനികുതി കുടിശ്ശിക കേസുകളിൽ 1,76,503 എണ്ണവും, 1,059 തോട്ടം നികുതി കേസുകളിൽ 156 എണ്ണവും തീർപ്പാക്കി. വകുപ്പിന്റെ കുടിശ്ശിക തീർപ്പാക്കലിന്റെ നിരക്ക് 86.71 ശതമാനമാണ്, ഇത് 2022-23 വർഷത്തെക്കാൾ കൂടുതലാണ്. അഞ്ച് വർഷത്തെ വിശകലനത്തിൽ നിന്നും, 8,07,732 കേസുകളിൽ 7,80,660 കേസുകളും വകുപ്പ് തീർപ്പാക്കി എന്നാണ് മനസിലാകുന്നത്. ഇത് പ്രതിഫലിപ്പിക്കുന്നത്, വകുപ്പിന് ഉയർന്ന തീർപ്പാക്കൽ നിരക്ക് (97 ശതമാനം) കൈവരിക്കുവാൻ സാധിച്ചു എന്നാണ്.

എസ്ജിഎസ്ടി വകുപ്പിൽ 39,182 കേസുകളിൽ 25,788 എണ്ണവും തീർപ്പാക്കി. കേസുകൾ തീർപ്പാക്കുന്നതിന്റെ നിരക്ക്, വർക്സ് കോൺട്രാക്ടിന്റെ നികുതിയുമായി ബന്ധപ്പെട്ട് 18.18 ശതമാനവും മോട്ടോർ സ്പിരിറ്റിന്റെ നികുതിയുമായി ബന്ധപ്പെട്ട് 79.09 ശതമാനവും ആയിരുന്നു. ജിഎസ്ടിയുടെ കാര്യത്തിൽ തീർപ്പാക്കൽ നിരക്ക് മുൻ വർഷമായ 2022-23-നെ അപേക്ഷിച്ച് മെച്ചപ്പെട്ടു. എസ്ജിഎസ്ടി വകുപ്പിലെ മൊത്തത്തിലുള്ള തീർപ്പാക്കൽ നിരക്ക് 2022-23-ലെ 43.21 ശതമാനത്തിൽ നിന്ന് 2023-24-ൽ 65.82 ശതമാനമായി ഉയർന്നു. അഞ്ച് വർഷത്തിൽ വകുപ്പ് 2,14,114 കേസുകളിൽ 1,38,485 കേസുകൾ തീർപ്പാക്കിക്കൊണ്ട് 65 ശതമാനം തീർപ്പാക്കൽ നിരക്ക് കൈവരിച്ചു.

*നികുതിനിർണ്ണയം പൂർത്തിയാക്കുന്നതിലെ കാലതാമസം നികുതി നിർണയം നടത്താനുള്ള സമയപരിധി അവസാനിക്കുന്നതിനു കാരണമാകുമെന്നതിനാൽ പുരോഗതി നിരീക്ഷിക്കുന്നതിനുള്ള ആനുകാലിക നിരീക്ഷണ സംവിധാനം വകുപ്പ് ഏർപ്പെടുത്തുകയും എന്തെങ്കിലും വീഴ്ചകൾ ഉണ്ടായാൽ ഉത്തരവാദിത്തം നിശ്ചയിക്കേണ്ടതുമാണ്.*

## 1.5 വകുപ്പുകൾ കണ്ടുപിടിച്ച നികുതി വെട്ടിപ്പുകൾ

വകുപ്പുകൾ കണ്ടെത്തിയ നികുതി വെട്ടിപ്പ് കേസുകൾ, തീർപ്പാക്കിയത്, അധിക ഡിമാൻഡ് സൃഷ്ടിച്ചത് എന്നിവ സംസ്ഥാന സർക്കാരിന്റെ റവന്യൂ സമാഹരണ ശ്രമങ്ങളുടെ പ്രധാന സൂചകങ്ങളാണ്. ഈ കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നത് ബന്ധപ്പെട്ട വകുപ്പുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിൽ പ്രാധാന്യമർഹിക്കുന്നു.

വകുപ്പുകൾ കണ്ടെത്തിയ നികുതി വെട്ടിപ്പ് കേസുകളുടെ വിശദാംശങ്ങൾ 15 വകുപ്പ് മേധാവികളിൽ നിന്നും ഓഡിറ്റ് ആവശ്യപ്പെട്ടിരുന്നു, അതിൽ ഏഴ് വകുപ്പുകൾ[1] നികുതി വെട്ടിപ്പ് കേസുകളൊന്നും കണ്ടെത്തിയിട്ടില്ല. അഞ്ച് വകുപ്പുകൾ കണ്ടെത്തിയ നികുതി വെട്ടിപ്പ് കേസുകളുടെ വിശദാംശങ്ങൾ, തീർപ്പാക്കി അധിക ഡിമാൻഡ് സൃഷ്ടിച്ച കേസുകൾ എന്നിവ വകുപ്പുകൾ അറിയിച്ചത് ചുവടെയുള്ള **പട്ടിക 1.6**-ൽ നൽകിയിരിക്കുന്നു.

[1] മൃഗസംരക്ഷണ വകുപ്പ്, സ്റ്റേഷനറി വകുപ്പ്, ലോട്ടറി വകുപ്പ്, അച്ചടി വകുപ്പ്, എക്സൈസ് വകുപ്പ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, പൊതുമരാമത്ത് വകുപ്പ് (റോഡുകൾ).

**പട്ടിക 1.6: നികുതി വെട്ടിപ്പിന്റെ വിശദാംശങ്ങൾ**

| ക്രമ നമ്പർ | വിശദാംശങ്ങൾ | | 0030 - സ്റ്റാമ്പുകളും റജിസ്ട്രേഷൻ ഫീസും | 0041 - വാഹന നികുതി | 0406 - വനവൽക്കരണവും വന്യജീവി സംരക്ഷണവും | 0040 - എസ്ജിഎസ്ടി | 0029 - ഭൂനികുതി |
|---|---|---|---|---|---|---|---|
| 1 | 2023 മാർച്ച് 31 വരെ തീർപ്പാക്കാതെയിരുന്ന കേസുകളുടെ എണ്ണം | | 1,41,850 | 26* | 3 | 19,105 | 2,461 |
| 2 | 2023-24-ൽ കണ്ടെത്തിയ കേസുകളുടെ എണ്ണം | | 14,882 | 0 | 0 | 18,667 | 50 |
| | | **ആകെ** | **1,56,732** | **26** | **3** | **37,772** | **2,511** |
| 3 | നികുതി നിർണ്ണയം/ അന്വേഷണം പൂർത്തിയാക്കിയ കേസുകൾ, പിഴയോടു കൂടിയ അധിക ഡിമാൻഡ് സൃഷ്ടിച്ചത് മുതലായവ | കേസുകളുടെ എണ്ണം | 10,111 | 0 | 0 | 24,832 | 57 |
| | | ഡിമാൻഡ് തുക (₹ കോടിയിൽ) | 25.87 | 0 | 0 | 4,161.04 | 0.30 |
| 4 | 2024 മാർച്ച് 31-ന് തീർപ്പാക്കാൻ ശേഷിക്കുന്ന കേസുകളുടെ എണ്ണം | | 1,46,621 | 26 | 3 | 12,940 | 2,454 |

സ്രോതസ്സ്: വകുപ്പുകളിൽ നിന്ന് ശേഖരിച്ച വിവരങ്ങൾ.

* 2023-24 വർഷത്തെ മുന്നിരിപ്പ് 2022-23 വർഷത്തെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. പൊരുത്തക്കേടിനുള്ള വിശദീകരണം വകുപ്പ് നൽകിയിട്ടില്ല.

ആരോഗ്യ വകുപ്പിൽ നിന്നും പൊതുമരാമത്ത് വകുപ്പിൽ (പാലങ്ങൾ, കെട്ടിടങ്ങൾ) നിന്നും വിശദാംശങ്ങൾ ഇതുവരെ ലഭിച്ചിട്ടില്ല (2025 സെപ്റ്റംബർ).

## 1.6 തീർപ്പാക്കാൻ ബാക്കി നിന്ന റീഫണ്ട് കേസുകൾ

കേരള സംസ്ഥാന ചരക്ക് സേവന നികുതി നിയമം, 2017-ലെ വകുപ്പ് 56 അനുസരിച്ച്, അപേക്ഷ ലഭിച്ച തീയതി മുതൽ 60 ദിവസത്തിനുള്ളിൽ തിരികെ നൽകാൻ ഉത്തരവിട്ട നികുതി തിരികെ നൽകിയില്ലെങ്കിൽ, റീഫണ്ട് തുകയുടെ കൂടെ ആറ് ശതമാനം നിരക്കിൽ പലിശ (ഒരു വിധി നിർണ്ണയ അതോറിറ്റി അല്ലെങ്കിൽ അപ്പലേറ്റ് ട്രൈബ്യൂണൽ അല്ലെങ്കിൽ കോടതി പുറപ്പെടുവിച്ച അന്തിമ ഉത്തരവ് പ്രകാരം റീഫണ്ട് ചെയ്യുകയാണെങ്കിൽ ഒമ്പത് ശതമാനം), 60 ദിവസം കഴിഞ്ഞ് റീഫണ്ട് നൽകുന്ന തീയതി വരെ നൽകേണ്ടതുണ്ട്. കേരള മൂല്യവർദ്ധിത നികുതി നിയമം, 2003-ലെ വകുപ്പ് 89(4) അനുസരിച്ച് നികുതി നിർണ്ണയ ഉത്തരവ് തീയതി, അപ്പീൽ അല്ലെങ്കിൽ പുനരവലോകനത്തിന്റെ ഉത്തരവ് ലഭിച്ച തീയതി, അല്ലെങ്കിൽ അപ്പീലിനോ പുനരവലോകനത്തിനോ നൽകുന്നതിനുള്ള സമയം അവസാനിക്കുന്ന തീയതി മുതൽ 90 ദിവസത്തിനു ശേഷം റീഫണ്ട് നടത്തുന്ന കേസുകളിൽ പ്രതിവർഷം 10 ശതമാനം നിരക്കിൽ പലിശ ബാധകമാണ്.

2023-24 വർഷത്തിന്റെ തുടക്കത്തിൽ തീർപ്പാക്കാതെയിരുന്ന റീഫണ്ട് കേസുകളുടെ വിശദാംശങ്ങൾ, ലഭിച്ച ക്ലെയിമുകൾ, തൻ വർഷത്തിൽ അനുവദിച്ച റീഫണ്ടുകൾ, 2023-24 വർഷത്തിന്റെ അവസാനത്തിൽ തീർപ്പാക്കാൻ ബാക്കി നിന്ന കേസുകൾ

എന്നിവ എസ്ജിഎസ്ടി, എക്സൈസ് വകുപ്പുകൾ റിപ്പോർട്ട് ചെയ്തത് **പട്ടിക 1.7**-ൽ നൽകിയിരിക്കുന്നു.

**പട്ടിക 1.7: തീർപ്പാക്കാൻ ബാക്കി നിന്ന റീഫണ്ട് കേസുകളുടെ വിശദവിവരങ്ങൾ**

| ക്രമ നമ്പർ | വിശദാംശങ്ങൾ | സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് | | സംസ്ഥാന എക്സൈസ് വകുപ്പ് | |
|---|---|---|---|---|---|
| | | കേസുകളുടെ എണ്ണം | തുക (₹ കോടിയിൽ) | കേസുകളുടെ എണ്ണം | തുക (₹ കോടിയിൽ) |
| 1 | 2023-24 വർഷാരംഭത്തിൽ തീർപ്പാക്കുവാൻ ബാക്കി നിന്നിരുന്ന ക്ലെയിമുകൾ | 767 | 187.62 | 71 | 2.85 |
| 2 | 2023-24 വർഷത്തിൽ ലഭിച്ച ക്ലെയിമുകൾ | 3,234 | 854.69 | 2,480 | 32.52 |
| 3 | 2023-24 വർഷത്തിൽ നൽകിയ റീഫണ്ടുകൾ | 2,900 | 528.20 | 2,519 | 33.36 |
| 4 | 2023-24 വർഷത്തിൽ നിരസിച്ച റീഫണ്ടുകൾ | 337 | 65.25 | - | - |
| 5 | 2023-24 വർഷാവസാനം തീർപ്പാക്കുവാൻ ബാക്കി നിൽക്കുന്നത് | 764 | 448.86 | 32 | 2.00 |

സ്രോതസ്സ്: അതത് വകുപ്പുകളിൽ നിന്ന് ലഭിച്ച വിശദാംശങ്ങൾ.

എസ്ജിഎസ്ടി വകുപ്പിൽ, 2024 മാർച്ച് അവസാനം വരെ കുടിശ്ശികയുള്ള റീഫണ്ട് കേസുകളുടെ എണ്ണം 764 ആയിരുന്നു, അതിൽ 144.62 കോടി രൂപ ഉൾപ്പെടുന്ന 116 കേസുകൾ മൂല്യവർദ്ധിത നികുതിയുടെ റീഫണ്ടുമായി ബന്ധപ്പെട്ടതും 292.79 കോടി രൂപ ഉൾപ്പെടുന്ന 642 കേസുകൾ ജിഎസ്ടിയുമായി ബന്ധപ്പെട്ടതുമാണ്.

99 ശതമാനത്തിലധികം ക്ലെയിമുകളും തീർപ്പാക്കിയ എക്സൈസ് വകുപ്പിന്റെ പ്രവർത്തനം പ്രശംസനീയമാണ്.

## 1.7 ഓഡിറ്റിനോടുള്ള സർക്കാരിന്റെ/ വകുപ്പുകളുടെ പ്രതികരണം

അക്കൗണ്ടന്റ് ജനറൽ (എജി) (ഓഡിറ്റ് II), കേരള, സർക്കാർ വകുപ്പുകളുടെ പതിവായുള്ള പരിശോധന നടത്തുകയും ഇടപാടുകളുടെ പരീക്ഷണ പരിശോധന നടത്തി പ്രധാനപ്പെട്ട അക്കൗണ്ടുകളും മറ്റ് രേഖകളും സൂക്ഷിച്ചിരിക്കുന്നത് ചട്ടങ്ങളിലും നടപടിക്രമങ്ങളിലും നിഷ്കർഷിച്ചിരിക്കുന്നതു പോലെയാണോ എന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നു. പരിശോധനയിൽ കണ്ടുപിടിച്ചതും തത്സമയം തന്നെ തീർപ്പാക്കാതിരുന്നതുമായ ക്രമക്കേടുകൾ ഉൾപ്പെടുത്തിയ പരിശോധനാ റിപ്പോർട്ടുകൾ (ഐആർ) സത്വരമായ പരിഹാര നടപടികൾ സ്വീകരിക്കുന്നതിനായി തൊട്ടുമുകളിലെ അധികാരികൾക്ക് പകർപ്പുകൾ നൽകി കൊണ്ട് ഓഫീസ് തലവൻമാർക്ക് പരിശോധനകളുടെ തുടർനടപടി എന്ന നിലയിൽ നൽകുന്നു. ഐആർ ലഭിച്ച തീയതി മുതൽ നാലാഴ്ചയ്ക്കുള്ളിൽ ഓഫീസുകളുടെ മേധാവി/ സർക്കാർ ആദ്യ മറുപടി നൽകേണ്ടതാണ്. പരിശോധന റിപ്പോർട്ടിലെ ഖണ്ഡികകൾക്കുള്ള അന്തിമ മറുപടി നിശ്ചിത സമയപരിധിക്കുള്ളിൽ നല്കിയില്ലെങ്കിലും, ഓഡിറ്റ് ചൂണ്ടിക്കാണിച്ച അപാകതകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ സൂചിപ്പിക്കുന്ന ഇടക്കാല മറുപടി നൽകേണ്ടതാണ്. ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകൾ വകുപ്പ് മേധാവികൾക്കും സർക്കാരിനും റിപ്പോർട്ട് ചെയ്യപ്പെടുന്നു.

2024 ജൂൺ മാസം അവസാനത്തിൽ, 2023 ഡിസംബർ വരെ നൽകിയ 2,461 പരിശോധനാ റിപ്പോർട്ടുകളിൽ 4,978.61 കോടി രൂപ ഉൾപ്പെടുന്ന 15,021 ഖണ്ഡികകൾ ബാക്കി നിൽക്കുന്നത് മുമ്പുള്ള രണ്ട് വർഷത്തെ അനുബന്ധ കണക്കുകൾക്കൊപ്പം **പട്ടിക 1.8**-ൽ നൽകിയിരിക്കുന്നു.

**പട്ടിക 1.8: തീർപ്പാക്കുവാൻ ബാക്കി നിൽക്കുന്ന പരിശോധനാ റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ**

| | ജൂൺ 2022 | ജൂൺ 2023 | ജൂൺ 2024 |
|---|---|---|---|
| തീർപ്പാക്കുവാൻ ബാക്കി നിൽക്കുന്ന പരിശോധനാ റിപ്പോർട്ടുകളുടെ എണ്ണം | 2,625 | 2,524 | 2,461 |
| തീർപ്പാക്കുവാൻ ബാക്കി നിൽക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങളുടെ എണ്ണം | 16,701 | 14,953 | 15,021 |
| ഉൾപ്പെട്ട റവന്യൂ തുക (₹ കോടിയിൽ) | 5,084.70 | 5,062.52 | 4,978.61 |

സ്രോതസ്സ്: അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) സമാഹരിച്ച വിശദാംശങ്ങൾ.

### 1.7.1 പരിശോധനാ റിപ്പോർട്ടുകളുടെ വകുപ്പ് തിരിച്ചുള്ള വിവരങ്ങൾ

തീർപ്പാക്കുവാൻ ബാക്കി നിൽക്കുന്ന പരിശോധനാ റിപ്പോർട്ടുകളുടെയും ഓഡിറ്റ് നിരീക്ഷണങ്ങളുടെയും അവയിൽ ഉൾപ്പെട്ട തുകകളുടേയും 2024 ജൂൺ 30-ലെ വകുപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ **പട്ടിക 1.9**-ൽ പ്രതിപാദിച്ചിരിക്കുന്നു.

**പട്ടിക 1.9: പരിശോധനാ റിപ്പോർട്ടുകളുടെ വകുപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ**

| ക്രമ നമ്പർ | വകുപ്പിന്റെ പേര് | വരവിന്റെ തരം | ബാക്കി നിൽക്കുന്ന ഐആറുകളുടെ എണ്ണം | ബാക്കി നിൽക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങളുടെ എണ്ണം | ഉൾപ്പെട്ട തുക (₹ കോടിയിൽ) |
|---|---|---|---|---|---|
| 1 | സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് | വിൽപ്പന, വ്യാപാരം മുതലായവയുടെ നികുതി | 1,635 | 10,828 | 4,079.05 |
| | | കാർഷികാദായ നികുതി | 63 | 195 | 74.11 |
| 2 | മോട്ടോർ വാഹന വകുപ്പ് | വാഹന നികുതി | 318 | 2,267 | 388.91 |
| 3 | സംസ്ഥാന എക്സൈസ് | സംസ്ഥാന എക്സൈസ് | 103 | 390 | 105.87 |
| 4 | രജിസ്ട്രേഷൻ | സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും | 315 | 1,264 | 323.37 |
| 5 | ലോട്ടറി | ലോട്ടറികളിൽ നിന്നുള്ള വരവുകൾ | 27 | 77 | 7.30 |
| ആകെ | | | 2,461 | 15,021 | 4,978.61 |

സ്രോതസ്സ്: അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) സമാഹരിച്ച വിശദാംശങ്ങൾ.

2023-24 കാലയളവിൽ നൽകിയ 126 പരിശോധനാ റിപ്പോർട്ടുകളിൽ 117 എണ്ണത്തിനും റിപ്പോർട്ടുകൾ നൽകിയ തീയതി മുതൽ നാലാഴ്ചയ്ക്കുള്ളിൽ ആദ്യ മറുപടി, മേൽപറഞ്ഞ അഞ്ച് ഓഫീസ് മേധാവികളിൽ നിന്ന്, ഓഡിറ്റിന് ലഭിച്ചില്ല.

ധനവകുപ്പ് പുറത്തിറക്കിയ സർക്കുലറിൽ[2] നിർദ്ദേശിച്ചിരിക്കുന്ന സമയപരിധിക്കുള്ളിൽ ഓഡിറ്റ് നിരീക്ഷണത്തിന് ഉചിതമായ മറുപടി സമയബന്ധിതമായി നൽകുന്നുവെന്ന് ഉറപ്പാക്കാൻ ഫലപ്രദമായ ഒരു സംവിധാനം സർക്കാർ ഏർപ്പെടുത്തേണ്ടതുണ്ട്.

### 1.7.2 വകുപ്പുതല ഓഡിറ്റ് കമ്മിറ്റി യോഗങ്ങൾ

കുടിശ്ശികയുള്ള റിപ്പോർട്ടുകൾ/ കരട് ഖണ്ഡികകൾ എന്നിവ പരിഹരിക്കുന്നതിന് ത്രൈമാസ ഓഡിറ്റ് കമ്മിറ്റി യോഗങ്ങൾ നടത്താൻ ധനവകുപ്പ് എല്ലാ വകുപ്പുതലവന്മാർക്കും ഓഫീസുകൾക്കും നിർദ്ദേശം നല്കിയിരുന്നു.

2023-24 വർഷത്തിൽ നടന്ന ഓഡിറ്റ് കമ്മിറ്റി യോഗങ്ങളുടെയും തീർപ്പാക്കിയ ഖണ്ഡികകളുടേയും വിശദാംശങ്ങൾ **പട്ടിക 1.10**-ൽ പ്രതിപാദിച്ചിരിക്കുന്നു.

**പട്ടിക 1.10: വകുപ്പുതല ഓഡിറ്റ് കമ്മിറ്റി യോഗങ്ങളുടെ വിശദാംശങ്ങൾ**

| ക്രമ നമ്പർ | വകുപ്പ് | 2023-24-ൽ നടന്ന യോഗങ്ങളുടെ എണ്ണം | 2023 മാർച്ച് 31-ന് ബാക്കി നിന്നിരുന്ന ഓഡിറ്റ് നിരീക്ഷണങ്ങളുടെ എണ്ണം | തീർപ്പാക്കിയ ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കിയ ഖണ്ഡികകളിൽ ഉൾപ്പെട്ട തുക (₹ കോടിയിൽ) |
|---|---|---|---|---|---|
| 1 | സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് | 1 | 11,171 | 133 | 11.92 |
| **ആകെ** | | **1** | **11,171** | **133** | **11.92** |

സ്രോതസ്സ് : അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) സമാഹരിച്ച വിവരങ്ങൾ.

4,159 ഓഡിറ്റ് നിരീക്ഷണങ്ങൾ ശേഷിക്കുന്നുണ്ടെങ്കിലും എക്സൈസ്, സംസ്ഥാന ലോട്ടറി, കാർഷിക ആദായനികുതി, രജിസ്ട്രേഷൻ, മോട്ടോർ വാഹന വകുപ്പ് എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട യോഗങ്ങൾ ഒന്നും നടന്നില്ല. പതിവായി ഓഡിറ്റ് കമ്മിറ്റി യോഗങ്ങൾ നടത്തി തീർപ്പാക്കാൻ ബാക്കിയുള്ള ഖണ്ഡികകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് കാലികമായ കർമപദ്ധതികൾ ആവിഷ്കരിക്കാൻ വകുപ്പുകൾക്ക് സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകണം.

ഓഡിറ്റ് കമ്മിറ്റി യോഗങ്ങൾ നടത്താനുള്ള അഭ്യർത്ഥനകളോട് വകുപ്പുകളുടെ മറുപടി വൈകുന്നതാണ് ഈ യോഗങ്ങൾ നടത്താത്തതിന്റെ പ്രധാന കാരണങ്ങളിലൊന്ന്.

### 1.7.3 കരട് ഖണ്ഡികകളോടുള്ള വകുപ്പുകളുടെ പ്രതികരണം

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതിനായി ഉദ്ദേശിക്കുന്ന ഓഡിറ്റ് കണ്ടെത്തലുകളിലേക്ക് ബന്ധപ്പെട്ട വകുപ്പുകളുടെ സെക്രട്ടറിമാരുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ടും ആറ് ആഴ്ചകൾക്കകം അവരുടെ പ്രതികരണം അറിയിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും കരട് ഓഡിറ്റ് ഖണ്ഡികകൾ എജി (ഓഡിറ്റ് II) അവർക്ക് അയച്ചു കൊടുക്കുന്നു.

[2] 1965 നവംബർ 15-ലെ സർക്കുലർ മെമ്മോറാണ്ടം നമ്പർ 57374/നി.2/65/ധന.

2024 സെപ്റ്റംബറിനും 2025 ജൂണിനും ഇടയിൽ രണ്ട് നിർദിഷ്ട വിഷയത്തിന്റെ അനുവർത്തന ഓഡിറ്റ് റിപ്പോർട്ടുകൾ ഉൾപ്പെടെ 11 ഖണ്ഡികകൾ അതത് വകുപ്പുകളുടെ സെക്രട്ടറിമാർക്ക് അവരുടെ പേരിൽ അയച്ചുകൊടുത്തു. എല്ലാ ഖണ്ഡികകൾക്കും വകുപ്പ് സെക്രട്ടറിമാർ മറുപടി നൽകുകയും ചെയ്തു.

### 1.7.4 ഓഡിറ്റ് റിപ്പോർട്ടുകളിന്മേലുള്ള തുടർനടപടികളുടെ സംഗ്രഹം

പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ (പിഎസി) 2002 ഡിസംബറിലെ വിജ്ഞാപനം അനുസരിച്ച്, ഇന്ത്യയുടെ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട് നിയമസഭയിൽ സമർപ്പിച്ചു കഴിഞ്ഞാൽ രണ്ടു മാസത്തിനകം ഓഡിറ്റ് ഖണ്ഡികകളിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദീകരണ കുറിപ്പുകൾ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സർക്കാർ നിയമസഭാ സെക്രട്ടേറിയറ്റിൽ സമർപ്പിക്കേണ്ടതാണ്. 2018 ജൂൺ 12-നും 2023 സെപ്റ്റംബർ 14-നും ഇടയിൽ നിയമസഭയിൽ സമർപ്പിച്ച 2017 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ മുതൽ 2021-22 കാലയളവിലെ വരെയുള്ള കേരള സർക്കാരിന്റെ റവന്യൂ മേഖലയെക്കുറിച്ചുള്ള ഇന്ത്യയുടെ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടുകളിന്മേൽ (പ്രവർത്തനക്ഷമതാ ഓഡിറ്റ് ഉൾപ്പെടെ 112 ഖണ്ഡികകൾ) സ്വീകരിച്ച തുടർനടപടികളുടെ സ്ഥിതി ഇനിപ്പറയുന്നു:

- 28 ഓഡിറ്റ് ഖണ്ഡികകളിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദീകരണ കുറിപ്പുകൾ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് ശരാശരി 10 മാസം മുതൽ 75 മാസം വരെ വൈകിയാണ് ലഭിച്ചത്.

- 67 ഖണ്ഡികകളിന്മേൽ (58 തനതു ഖണ്ഡികകൾ, 9 പ്രവർത്തനക്ഷമതാ ഓഡിറ്റ്/ അവലോകന ഖണ്ഡികകൾ) സ്വീകരിച്ച നടപടികളുടെ വിശദീകരണക്കുറിപ്പുകൾ ആറു വകുപ്പുകൾ ഇതുവരെയും സമർപ്പിച്ചിട്ടില്ല (മാർച്ച് 2025). ഇതിൽ 2021-22 കാലയളവിലെ ഓഡിറ്റ് റിപ്പോർട്ടിലെ 33 ഖണ്ഡികകളും ഉൾപ്പെടുന്നു.

- 2017 മുതൽ 2022 വരെയുള്ള വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളുമായി ബന്ധപ്പെട്ട 17 ഖണ്ഡികകൾ പിഎസി ചർച്ച ചെയ്യുകയും 15 ഖണ്ഡികകളിലെ ശുപാർശകൾ 2023-26 കമ്മിറ്റിയുടെ അതത് കാലയളവിലെ റിപ്പോർട്ടുകളിൽ ഉൾപ്പെടുത്തുകയും ചെയ്തു.

ഓഡിറ്റ് ഖണ്ഡികകളിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദീകരണ കുറിപ്പുകൾ സമർപ്പിക്കാത്തത് പ്രധാനമായും നികുതി വകുപ്പും മോട്ടോർ വാഹന വകുപ്പും ആയിരുന്നു. 2017 ജൂൺ 15, 2017 ഡിസംബർ 11, 2018 ജൂൺ 23, 2018 ഡിസംബർ 18, 2020 ഫെബ്രുവരി 11, 2022 ഫെബ്രുവരി 22, ഒടുവിൽ 2023 മെയ് 25 എന്നീ തീയതികളിൽ നടന്ന അപെക്സ് കമ്മിറ്റി യോഗങ്ങളിൽ എടിഎൻ ലഭിക്കാത്തത് ചീഫ് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തി.

**പട്ടിക 1.11**-ൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ നികുതി, എക്സൈസ്, ഗതാഗതം, റവന്യൂവും ദുരന്തനിവാരണവും എന്നീ നാല് വകുപ്പുകളിൽ നിന്നും പിഎസിയുടെ 165 ശുപാർശകളിൽ 155 എണ്ണത്തിൽ സ്വീകരിച്ച നടപടികളുടെ വിശദീകരണക്കുറിപ്പുകൾ ലഭിച്ചിട്ടില്ല (2025 മാർച്ച്).

**പട്ടിക 1.11: നാല് വകുപ്പുകളിൽ നിന്ന് എടിഎൻ ലഭിക്കാത്തതിന്റെ വിശദാംശങ്ങൾ**

| വർഷം | വകുപ്പ് | | | | ആകെ |
|---|---|---|---|---|---|
| | നികുതി | എക്സൈസ് | ഗതാഗതം | റവന്യൂവും ദുരന്തനിവാരണവും | |
| 2004-06 | - | - | - | 1 | **1** |
| 2006-08 | - | - | - | 2 | **2** |
| 2008-11 | 2 | - | - | - | **2** |
| 2011-14 | - | - | - | - | **-** |
| 2014-16 | 2 | - | 1 | - | **3** |
| 2016-19 | 17 | 11 | 7 | 2 | **37** |
| 2019-21 | 12 | - | 5 | 7 | **24** |
| 2021-23 | 3 | - | 2 | 38 | **43** |
| 2023-26 | 18 | 18 | - | 7 | **43** |
| **ആകെ** | **54** | **29** | **15** | **57** | **155** |

സ്രോതസ്സ്: അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) സമാഹരിച്ച വിശദാംശങ്ങൾ.

## 1.8 ഓഡിറ്റ് ആസൂത്രണം

റിസ്ക് വിശകലനത്തിന്റെ അടിസ്ഥാനത്തിലാണ് വാർഷിക ഓഡിറ്റ് പദ്ധതി തയ്യാറാക്കുന്നത്. വിവിധ വകുപ്പുകൾക്ക് കീഴിലുള്ള യൂണിറ്റ് ഓഫീസുകളെ അവയുടെ വരുമാന നില, ഓഡിറ്റ് നിരീക്ഷണങ്ങളുടെ മുൻകാല പ്രവണതകൾ, പരാതികൾ, മാധ്യമ റിപ്പോർട്ടുകൾ, വകുപ്പ് രേഖകൾ ഹാജരാക്കാത്ത സംഭവങ്ങൾ എന്നിവ അനുസരിച്ച് ഉയർന്ന റിസ്കുള്ളത്, ഇടത്തരം റിസ്കുള്ളത്, കുറഞ്ഞ റിസ്കുള്ളത് എന്നീ യൂണിറ്റുകളായി തിരിച്ചിരിക്കുന്നു. 2023-24 വർഷത്തിൽ, 1,166 ഓഡിറ്റ് ചെയ്യേണ്ടതായ യൂണിറ്റുകളിൽ 126 യൂണിറ്റുകൾ ഓഡിറ്റ് ചെയ്തു, ഇത് ആകെ ഓഡിറ്റ് യൂണിറ്റുകളുടെ 10.81 ശതമാനമാണ്. കൂടാതെ, ഒരു പ്രവർത്തനക്ഷമതാ ഓഡിറ്റും[3] രണ്ട് അനുവർത്തന ഓഡിറ്റുകളും[4] ഈ വർഷം ഏറ്റെടുത്തു.

## 1.9 ഓഡിറ്റ് ഫലങ്ങൾ

### പ്രസ്തുത വർഷത്തിൽ നടത്തിയ ഓഡിറ്റിന്റെ സ്ഥിതി

സംസ്ഥാന ജിഎസ്ടി, മോട്ടോർ വാഹന വകുപ്പ്, സംസ്ഥാന എക്സൈസ്, രജിസ്ട്രേഷൻ, മറ്റ് വകുപ്പുതല ഓഫീസുകൾ എന്നിവയുടെ 126 യൂണിറ്റുകളിലെ രേഖകളുടെ പരീക്ഷണ പരിശോധന 2023-24 വർഷ കാലയളവിൽ നടത്തിയതിൽ കുറഞ്ഞ നികുതി നിർണ്ണയം/ കുറഞ്ഞ നികുതി ചുമത്തൽ/ വരുമാന നഷ്ടം എന്നിവയിലായി 849.92 കോടി രൂപ ഉൾപ്പെട്ട 713 കേസുകൾ ശ്രദ്ധയിൽപ്പെട്ടു.

2023-24 കാലയളവിൽ, 557 കേസുകളിൽ ഉൾപ്പെട്ടിരിക്കുന്ന 206.15 കോടി രൂപയുടെ കുറഞ്ഞ നികുതിനിർണ്ണയവും മറ്റ് പോരായ്മകളും ബന്ധപ്പെട്ട വകുപ്പുകൾ അംഗീകരിച്ചു. മുൻവർഷങ്ങളിലെ ഓഡിറ്റ് കണ്ടെത്തലുകളുമായി ബന്ധപ്പെട്ട 219 കേസുകളിലായി വകുപ്പുകൾ 11.13 കോടി രൂപ 2023-24 കാലയളവിൽ സമാഹരിച്ചു.

[3] ധാതുക്കളുടെ മേലുള്ള ജിഎസ്ടിയുടെ വിലയിരുത്തൽ, ചുമത്തൽ, ശേഖരണം എന്നതിന്റെ ഒരു പ്രവർത്തനക്ഷമതാ ഓഡിറ്റ്.

[4] കേരളത്തിലെ വിദേശ മദ്യത്തിന്റെ നിർമ്മാണവും വിൽപ്പനയും എന്ന വിഷയത്തിലും കേരളത്തിലെ മോട്ടോർ വാഹന വകുപ്പിലെ ആർടിഒകളുടെയും എസ്ടിഎയുടെയും പ്രവർത്തനം എന്ന വിഷയത്തിലും ഓരോ അനുവർത്തന ഓഡിറ്റ്.

## 1.10 ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളുന്നത്

**2023-24** വർഷത്തിൽ റെക്കോർഡുകളുടെ പരീക്ഷണ പരിശോധനയ്ക്കിടെ ശ്രദ്ധയിൽ പെട്ടതും കൂടാതെ മുൻ വർഷങ്ങളിൽ ശ്രദ്ധയിൽപെട്ടതുമായ **603.53 കോടി** രൂപയുടെ വരുമാനത്തെ ബാധിക്കുന്ന **11** ഖണ്ഡികകൾ (രണ്ട് എസ്എസ്സിഎകൾ ഉൾപ്പെടെ) ഈ റിപ്പോർട്ടിൽ അടങ്ങിയിരിക്കുന്നു. ഇവ തുടർന്നുള്ള രണ്ട് മുതൽ അഞ്ച് വരെയുള്ള അധ്യായങ്ങളിൽ ചർച്ച ചെയ്യുന്നു.

***ശുപാർശ 1***

*ധനവകുപ്പിന്റെ സർക്കുലർ കർശനമായി പാലിക്കുന്നുണ്ട് എന്ന് സർക്കാർ ഉറപ്പു വരുത്തുന്നതിനോടൊപ്പം തീർപ്പുകല്പിക്കാത്ത ഓഡിറ്റ് ഖണ്ഡികകൾ തീർപ്പാക്കുന്നതിന് ത്രൈമാസ ഓഡിറ്റ് കമ്മിറ്റി യോഗങ്ങൾ നടത്താൻ എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നല്കുകയും വേണം. പരിശോധനാ റിപ്പോർട്ടുകൾക്കുള്ള മറുപടികൾ, ഓഡിറ്റ് റിപ്പോർട്ടുകൾ, പിഎസി ശുപാർശകൾ എന്നിവയിൽ സ്വീകരിച്ച നടപടികളുടെ കുറിപ്പുകൾ എന്നിവ സമയബന്ധിതമായി സമർപ്പിക്കുന്നത് ഉത്തരവാദിത്തം ശക്തിപ്പെടുത്തുന്നതിനും മൊത്തത്തിലുള്ള പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വഴിതെളിക്കും.*

# അദ്ധ്യായം II

# വാഹനങ്ങളുടെ നികുതി

# അദ്ധ്യായം - II
# വാഹനങ്ങളുടെ നികുതി

## 2.1 നികുതി കാര്യനിർവ്വഹണം

1988-ലെ മോട്ടോർ വാഹന നിയമം, 1976-ലെ കേരള മോട്ടോർ വാഹന നികുതി നിയമം, അതിന് കീഴിൽ രൂപപ്പെടുത്തിയ ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനാണ് കേരള മോട്ടോർ വാഹന വകുപ്പ് (എംവിഡി) പ്രാഥമികമായി രൂപീകരിച്ചത്. കേരളത്തിലെ വാഹനങ്ങളുടെ രജിസ്ട്രേഷൻ, ഡ്രൈവിംഗ് ലൈസൻസ് നൽകൽ, വിവിധ പെർമിറ്റുകൾ നൽകൽ, റോഡ് നികുതി പിരിച്ചെടുക്കൽ, വാഹനമലിനീകരണം നിയന്ത്രിക്കൽ എന്നിവ കേരള മോട്ടോർ വാഹന വകുപ്പിന്റെ ചുമതലകളാണ്. റോഡ് സുരക്ഷാ പ്രവർത്തനങ്ങൾക്കും മോട്ടോർ വാഹന നിയമം നടപ്പാക്കുന്നതിനുമായി കേരള മോട്ടോർ വാഹന വകുപ്പിന്റെ സേഫ് കേരള വിഭാഗം പ്രവർത്തിക്കുന്നു. ഈ നിയന്ത്രണ പ്രവർത്തനങ്ങളിലൂടെ സംസ്ഥാന ഖജനാവിന്റെ പ്രധാന വരുമാന സ്രോതസ്സുകളിലൊന്നാണ് മോട്ടോർ വാഹന വകുപ്പ്.

## 2.2 ആന്തരിക പരിശോധന

സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ (ആർടിഒ), ഓരോ സോണിലെയും ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണറുടെ ഓഫീസുകൾ എന്നിവയുടെ ഓഡിറ്റ് നടത്തുന്നത് മോട്ടോർ വാഹന വകുപ്പിലെ സീനിയർ ഫിനാൻസ് ഓഫീസറാണ്. സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളുടെയും (എസ്ആർടിഒ) മോട്ടോർ വാഹന ചെക്ക് പോസ്റ്റുകളുടെയും ആന്തരിക പരിശോധന നടത്തുന്നത് ഓരോ സോണൽ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരുടെയും ഓഫീസുമായി ബന്ധപ്പെട്ട സീനിയർ സൂപ്രണ്ടുമാരാണ്. ഒരു അക്കൗണ്ട്സ് ഓഫീസർ, ഒൻപത് സീനിയർ സൂപ്രണ്ടുമാർ, 10 ക്ലാർക്കുമാർ എന്നിവരടങ്ങുന്നതാണ് ഇന്റേണൽ ഓഡിറ്റ് സംഘം. ലക്ഷ്യമിട്ട 110 യൂണിറ്റുകളിൽ 42 യൂണിറ്റുകൾ 2023-24-ൽ ഓഡിറ്റ് ചെയ്തു. എല്ലാ ഓഫീസുകളുടെയും ഓഡിറ്റ് കാലയളവ് വാർഷികമാണെങ്കിലും ഇന്റേണൽ ഓഡിറ്റ് വിഭാഗത്തിലെ ജീവനക്കാരുടെ കുറവും ഓഡിറ്റ് സോഫ്റ്റ്‌വെയറിന്റെ അഭാവവും കാരണം ലക്ഷ്യം കൈവരിക്കാനായില്ലെന്ന് വകുപ്പ് വ്യക്തമാക്കി. 2023-24 കാലയളവിൽ, വകുപ്പ് 148 ഖണ്ഡികകൾ തീർപ്പാക്കി, ഇത് കുടിശ്ശികയുള്ള 5,711 ഖണ്ഡികകളുടെ 2.59 ശതമാനമാണ്.

## 2.3 ഓഡിറ്റിന്റെ ഫലങ്ങൾ

മോട്ടോർ വാഹന വകുപ്പിൽ 91 ഓഡിറ്റ് ചെയ്യേണ്ട യൂണിറ്റുകൾ ഉണ്ടായിരുന്നു, അതിൽ 43 യൂണിറ്റുകൾ 2023-24 കാലയളവിൽ ഓഡിറ്റിനായി തിരഞ്ഞെടുത്തു. ഫീൽഡ് ഓഫീസുകൾ സന്ദർശിച്ച് നേരിട്ടുള്ള പരിശോധനയിലൂടെയും വാഹനിൽ[5] നിന്ന് വേർതിരിച്ചെടുത്ത ഡാറ്റ വിശകലനം ചെയ്തുമാണ് ഓഡിറ്റ് നടത്തുന്നത്. 2023-24 വർഷത്തിൽ മോട്ടോർ വാഹനങ്ങളുടെ രജിസ്ട്രേഷൻ/ ഫിറ്റ്നസ് എന്നിവയുമായി ബന്ധപ്പെട്ട നികുതി, ഫീസ്, ഫൈൻ, പിഴ എന്നിവ ഒടുക്കാത്തതും കുറവായി ഒടുക്കിയതും മറ്റ് ക്രമക്കേടുകളും രേഖകളുടെ പരിശോധനയിൽ കണ്ടെത്തി. ഇതു കൂടാതെ കേരളത്തിലെ മോട്ടോർ വാഹന വകുപ്പിലെ ആർടിഒകളുടെയും സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയുടെയും (എസ്ടിഎ) പ്രവർത്തനങ്ങൾ സംബന്ധിച്ച ഒരു അനുവർത്തന ഓഡിറ്റും നടത്തി. ഓഡിറ്റ് ചൂണ്ടിക്കാണിച്ചതുപോലുള്ള കേസുകൾ

[5] വാഹന രജിസ്ട്രേഷൻ, ഫിറ്റ്നസ്, നികുതി, പെർമിറ്റുകൾ, എൻഫോഴ്സ്മെന്റ് എന്നിവയ്ക്കുള്ള കമ്പ്യൂട്ടറൈസ്ഡ് സോഫ്റ്റ്‌വെയർ.

ആവർത്തിക്കാതിരിക്കാനായി ആഭ്യന്തര ഓഡിറ്റ് ശക്തിപ്പെടുത്തുന്നതുൾപ്പെടെയുള്ള ആന്തരിക നിയന്ത്രണ സംവിധാനം സർക്കാർ മെച്ചപ്പെടുത്തേണ്ടതുണ്ട്. നികുതി ചുമത്താത്തതും കുറവായി ചുമത്തിയതും മറ്റ് ക്രമക്കേടുകളുമായി ബന്ധപ്പെട്ട **705** കോടി രൂപ ഉൾപ്പെടുന്ന **553** കേസുകൾ **പട്ടിക 2.1**-ൽ നൽകിയിരിക്കുന്നു.

**പട്ടിക 2.1: നികുതി നിർണയത്തിന്റെയും മറ്റ് ക്രമക്കേടുകളുടെയും വിശദാംശങ്ങൾ**

| ക്രമ നമ്പർ | വിഭാഗങ്ങൾ | കേസുകളുടെ എണ്ണം | തുക (₹ കോടിയിൽ) |
|---|---|---|---|
| 1 | മോട്ടോർ വാഹന വകുപ്പിലെ ആർടിഒകളുടെയും എസ്ടിഎയുടെയും പ്രവർത്തനം സംബന്ധിച്ച എസ്എസ്സിഎ | 1 | 498.97 |
| 2 | നികുതി ചുമത്താത്തത്/ കുറവായി ചുമത്തിയത്, പിരിച്ചെടുക്കാത്തത്/ കുറവായി പിരിച്ചെടുത്തത് | 552 | 206.03 |
| **ആകെ** | | **553** | **705.00** |

സ്രോതസ്സ്: അക്കൗണ്ടന്റ് ജനറൽ പരിപാലിക്കുന്ന രേഖകൾ.

**2007** ജനുവരി മുതൽ മോട്ടോർ വാഹന വകുപ്പ് സ്മാർട്ട്മൂവ് എന്ന ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ നടപ്പിലാക്കുകയും **2019** മുതൽ ഇത് വാഹൻ എന്ന സോഫ്റ്റ്‌വെയറിലേക്ക് മാറ്റി വാഹന രജിസ്ട്രേഷൻ, പെർമിറ്റ്, നികുതി, എൻഫോഴ്സ്മെന്റ് എന്നിവയുമായി ബന്ധപ്പെട്ട ആർടിഒ പ്രവർത്തനങ്ങൾ ഓട്ടോമേറ്റ് ചെയ്ത് പ്രാബല്യത്തിലാക്കുകയും ചെയ്തു. മോട്ടോർ വാഹന വകുപ്പിലെ ആർടിഒകളുടെയും എസ്ടിഎയുടെയും പ്രവർത്തനം സംബന്ധിച്ച എസ്എസ്സിഎയുടെ പ്രധാന കണ്ടെത്തലുകൾ തുടർന്നുള്ള ഖണ്ഡികകളിൽ പരാമർശിക്കുന്നു.

## 2.4 കേരളത്തിലെ മോട്ടോർ വാഹന വകുപ്പിലെ ആർടിഒകളുടെയും എസ്ടിഎയുടെയും പ്രവർത്തനത്തെക്കുറിച്ചുള്ള അനുവർത്തന ഓഡിറ്റ്

### 2.4.1 ആമുഖം

1988-ൽ പാസാക്കിയ മോട്ടോർ വാഹന നിയമം മോട്ടോർ വാഹനങ്ങളുമായി ബന്ധപ്പെട്ട നിയമം ഏകീകരിക്കുകയും ഭേദഗതി ചെയ്യുകയും ചെയ്യുന്നു. നിയമത്തിലെ വകുപ്പ് 213 പ്രകാരം സ്ഥാപിതമായ മോട്ടോർ വാഹന വകുപ്പിനാണ് മോട്ടോർ വാഹന നിയമം 1988, കേരള മോട്ടോർ വാഹന നികുതി നിയമം 1976, അനുബന്ധ ചട്ടങ്ങൾ എന്നിവ നടപ്പിലാക്കുന്നതിനുള്ള ഉത്തരവാദിത്തം. ഡ്രൈവിംഗ് ലൈസൻസ് നൽകൽ, വാഹന രജിസ്ട്രേഷൻ, പെർമിറ്റുകൾ, റോഡ് നികുതി പിരിവ്, വാഹന ഫിറ്റ്നസും പരിശോധനയും, മലിനീകരണ നിയന്ത്രണം, കേരള സർക്കാരിന്റെ നയ ചട്ടക്കൂടിന് കീഴിൽ ട്രാഫിക് നിയമങ്ങൾ നടപ്പാക്കൽ എന്നിവയാണ് വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങൾ. ദേശീയ തലത്തിൽ, റോഡ് ഗതാഗത, ഹൈവേ മന്ത്രാലയം (എംഒആർടിഎച്ച്) ഗതാഗത നയങ്ങൾ രൂപപ്പെടുത്തുകയും സംസ്ഥാനങ്ങളുമായി കൂടിയാലോചിച്ച് രജിസ്ട്രേഷൻ, ലൈസൻസിംഗ്, പിഴ ഒടുക്കൽ എന്നിവ കാര്യക്ഷമമാക്കുന്നതിന് വാഹൻ, സാരഥി, ഇ-ചലാൻ തുടങ്ങിയ ഇ-ട്രാൻസ്പോർട്ട് സംരംഭങ്ങൾ അവതരിപ്പിക്കുകയും ചെയ്തു.

#### 2.4.1.1 വാഹൻ

കേന്ദ്രീകൃത, വെബ് അധിഷ്ഠിത ആപ്ലിക്കേഷനായ വാഹൻ, ആർടിഒമാർ, വാഹന ഡീലർമാർ, പൗരന്മാർ, ട്രാൻസ്പോർട്ടർമാർ, മറ്റ് അഭ്യുദയകാംക്ഷികൾ എന്നിവർക്ക് എളുപ്പത്തിലുള്ള ഓൺലൈൻ ആക്സസ് നൽകുന്നു. ആപ്ലിക്കേഷന്റെ പ്രവർത്തനത്തിൽ സംസ്ഥാനങ്ങൾക്ക് അനുയോജ്യമായ തരത്തിലുള്ള മാറ്റങ്ങൾ അനുവദിക്കുന്നു. വാഹന ഇൻഷുറൻസ് കമ്പനികളും പുക പരിശോധനാ കേന്ദ്രങ്ങളും (പിയുസിസി) വാഹനുമായി സംയോജിപ്പിച്ചിരിക്കുന്നു. വാഹനിലെ പ്രധാന മൊഡ്യൂളുകൾ **ചിത്രം 2.1**-ൽ വിവരിച്ചിരിക്കുന്നു.

**ചിത്രം 2.1: വാഹൻ ആപ്ലിക്കേഷന്റെ മൊഡ്യൂളുകൾ**



### 2.4.1.2 സാരഥി

ഡ്രൈവിംഗ് ലൈസൻസുമായി ബന്ധപ്പെട്ട സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുമായി രൂപകൽപ്പന ചെയ്ത ഒരു ആപ്ലിക്കേഷനാണ് സാരഥി. ഡ്രൈവിംഗ് ലൈസൻസ്, ലേണേഴ്സ് ലൈസൻസ്, ഗതാഗത വകുപ്പ് നൽകുന്ന മറ്റ് അനുബന്ധ സേവനങ്ങൾ[6] എന്നിവ നൽകുന്നതിനുള്ള ഏകജാലക മാണ് സാരഥി. വിവിധ സംസ്ഥാനങ്ങളുടെ പ്രത്യേക ആവശ്യങ്ങൾക്കനുസൃതമായി രൂപകൽപ്പന ചെയ്യാവുന്ന ഓപ്ഷനുകൾ ഉൾക്കൊള്ളുന്ന വർക്ക്ഫ്ലോ അധിഷ്ഠിത, വെബ് പ്രാപ്തമാക്കിയ, കേന്ദ്രീകൃത ആപ്ലിക്കേഷനായാണ് സാരഥി പ്രവർത്തിക്കുന്നത്. ഡ്രൈവിംഗ്, ലേണർ, കണ്ടക്ടർ, ഡ്രൈവിംഗ് സ്കൂൾ ലൈസൻസുകളുടെ മാനേജ്മെന്റ് ഇത് സുഗമമാക്കുന്നു. കേരളത്തിന്റെ പ്രത്യേക ആവശ്യങ്ങൾക്ക് അനുസൃതമായി രൂപകൽപ്പന ചെയ്ത ആപ്ലിക്കേഷൻ നിലവിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു. സാരഥിയിലെ പ്രധാന മൊഡ്യൂളുകൾ **ചിത്രം-2.2**-ൽ കാണിച്ചിരിക്കുന്നു.

**ചിത്രം 2.2: സാരഥി ആപ്ലിക്കേഷന്റെ മൊഡ്യൂളുകൾ**




### 2.4.1.3 ഫെയ്സ്ലെസ്/ കോൺടാക്റ്റ്ലെസ് സേവനങ്ങൾ

ആധാർ ഇ-കെവൈസി, നിർമിത ബുദ്ധി അടിസ്ഥാനമാക്കിയുള്ള മുഖം തിരിച്ചറിയൽ, ഇ-സൈൻ തുടങ്ങിയ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് ഗതാഗത സേവനങ്ങൾ ഫെയ്സ്ലെസ് രീതിയിലേക്ക് മാറ്റി, ഓൺലൈൻ അപേക്ഷകൾ, പേയ്മെന്റുകൾ, രേഖകൾ അപ്‌ലോഡ് ചെയ്യൽ, കുടിശ്ശികകൾ നിശ്ചയിക്കൽ എന്നിവ പ്രാപ്തമാക്കുന്നു. ഇത് വരി നിൽക്കേണ്ടത് കുറയ്ക്കുകയും ഇടനിലക്കാരുടെ ഇടപെടൽ കുറയ്ക്കുകയും ചെയ്യു. കേരളത്തിൽ വാഹൻ, സാരഥി എന്നിവയ്ക്ക് കീഴിലെ 34 സർവീസുകൾ കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങൾക്ക് അനുസൃതമായി ഈ സംവിധാനത്തിലേക്ക് മാറി.

### 2.4.1.4 ഇ-ചലാൻ സംവിധാനം

1988-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 136എ പ്രകാരം ട്രാഫിക് നിയമങ്ങൾ നടപ്പിലാക്കുന്നതിനും പിഴ ചുമത്തുന്നതിനും രൂപകൽപ്പന ചെയ്ത ആധുനികമായ ഡിജിറ്റൽ സംവിധാനമാണ് ഇ-ചലാൻ. ഇത് പരമ്പരാഗത പേപ്പർ

[6] ഡ്രൈവിംഗ് ലൈസൻസുകളുടെ പുതുക്കൽ, ഇന്റർനാഷണൽ ഡ്രൈവിംഗ് ലൈസൻസുകൾ, കണ്ടക്ടർ ലൈസൻസുകൾ, മോട്ടോർ ഡ്രൈവിംഗ് സ്കൂൾ ലൈസൻസ് നൽകൽ തുടങ്ങിയവ.

അധിഷ്ഠിത ചലാനുകൾക്ക് പകരം ഒരു ഇലക്ട്രോണിക് പതിപ്പ് ഉപയോഗിക്കുകയും പ്രക്രിയയെ കൂടുതൽ സുതാര്യവും കാര്യക്ഷമവും ഉപയോക്തൃ സൗഹൃദവുമാക്കുകയും ചെയ്യുന്നു.

ട്രാഫിക് നിയമലംഘനങ്ങളുടെ ഓട്ടോമേഷൻ, തത്സമയ അപ്ഡേറ്റുകൾ, ഓൺലൈൻ പേയ്മെന്റ് സൗകര്യം, സുതാര്യതയും ഉത്തരവാദിത്തവും, നിയമലംഘനങ്ങളും പിഴകളും ട്രാക്കുചെയ്യൽ, വർദ്ധിച്ച കാര്യക്ഷമത എന്നിവയാണ് ഇ-ചലാൻ സംവിധാനത്തിന്റെ പ്രധാന വശങ്ങൾ.

### 2.4.1.5 വകുപ്പിന്റെ ഘടന

വകുപ്പിന്റെ ഘടന **ചിത്രം 2.3**-ൽ ചിത്രീകരിച്ചിരിക്കുന്നു.

**ചിത്രം 2.3: മോട്ടോർ വാഹന വകുപ്പിന്റെ ഘടന**




### 2.4.1.6 വരുമാന പ്രവണത

കഴിഞ്ഞ അഞ്ച് വർഷത്തെ ബജറ്റ് എസ്റ്റിമേറ്റുകളും യഥാർത്ഥ കണക്കുകളും ചുവടെയുള്ള **പട്ടിക 2.2**-ൽ കാണിച്ചിരിക്കുന്നു:

**പട്ടിക 2.2: ബജറ്റ് എസ്റ്റിമേറ്റുകളും യഥാർത്ഥ റവന്യൂ ശേഖരണവും**

(കോടി രൂപയിൽ)

| വർഷം | ബജറ്റ് എസ്റ്റിമേറ്റ് | യഥാർത്ഥത്തിൽ ശേഖരിച്ചത് | ബജറ്റ് എസ്റ്റിമേറ്റും ശേഖരണവും തമ്മിലുള്ള അനുപാതം (ശതമാനം) |
|---|---|---|---|
| 2019-20 | 4,711.58 | 3,721.14 | 78.98 |

| വർഷം | ബജറ്റ് എസ്റ്റിമേറ്റ് | യഥാർത്ഥത്തിൽ ശേഖരിച്ചത് | ബജറ്റ് എസ്റ്റിമേറ്റും ശേഖരണവും തമ്മിലുള്ള അനുപാതം (ശതമാനം) |
|---|---|---|---|
| 2020-21 | 3,968.22 | 3,386.28 | 85.33 |
| 2021-22 | 4,179.19 | 4,037.10 | 96.60 |
| 2022-23 | 4,138.59 | 5,386.81 | 130.16 |
| 2023-24 | 5,857.61 | 6,340.46 | 108.24 |

സ്രോതസ്സ്: ഫിനാൻസ് അക്കൗണ്ടുകളും ബജറ്റ് രേഖകളും.

മിക്ക വർഷങ്ങളിലും, വരുമാന ശേഖരണം ബജറ്റ് എസ്റ്റിമേറ്റുകൾക്ക് അനുസൃതമായി തുടർന്നു, ഇത് വരുമാന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിലെ സ്ഥിരതയെ സൂചിപ്പിക്കുന്നു.

### 2.4.1.7 ഓഡിറ്റ് ലക്ഷ്യങ്ങൾ

ഇനിപ്പറയുന്നവ പരിശോധിക്കുകയാണ് ഓഡിറ്റിന്റെ ലക്ഷ്യങ്ങൾ:

1. നിയമം/ ചട്ടങ്ങൾ അനുസരിച്ച് ലൈസൻസ് വിതരണം, പുതുക്കൽ, റദ്ദാക്കൽ എന്നിവ ആർടിഒകൾ ഫലപ്രദമായി കൈകാര്യം ചെയ്തുവോ,

2. രജിസ്ട്രേഷൻ, പെർമിറ്റുകൾ നൽകൽ, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്നിവയിലൂടെ വാഹനങ്ങളുടെ രജിസ്ട്രേഷൻ, ഉപയോഗം എന്നിവയുടെ നിയന്ത്രണം നിയമം/ ചട്ടങ്ങൾ അനുസരിച്ച് ആർടിഒകൾ നടപ്പിലാക്കിയോ,

3. ആർടിഒകൾ ഫലപ്രദമായി റവന്യൂ (നിയമം/ ചട്ടങ്ങൾ അനുസരിച്ചുള്ള മോട്ടോർ വാഹന നികുതി, പിഴ, സെസ് മുതലായവ) കൃത്യമായി വിലയിരുത്തുകയും ചുമത്തുകയും പിരിച്ചെടുക്കുകയും സർക്കാരിലേക്ക് അടയ്ക്കുകയും കുടിശ്ശികയിൽ നടപടിയെടുക്കുകയും ചെയ്തിട്ടുണ്ടോ,

4. നിയമലംഘനങ്ങൾ തടയുന്നതിന് മതിയായ തുടർനടപടികളോടെ മോട്ടോർ വാഹന നിയമങ്ങൾ/ ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ആർടിഒകൾ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തിയോ,

5. സുതാര്യവും കാര്യക്ഷമവുമായ രീതിയിൽ സേവനം ഉറപ്പാക്കുന്നതിനും അധികാരം നടപ്പിലാക്കുന്നതിനും ആവശ്യമായ മനുഷ്യവിഭവശേഷി, ഉപകരണങ്ങൾ, മറ്റു വിഭവങ്ങൾ എന്നിവ ആർടിഒകൾക്ക് നൽകിയിട്ടുണ്ടോ, എന്നിവ.

### 2.4.2 ഓഡിറ്റ് മാനദണ്ഡം

സ്വീകരിച്ച ഓഡിറ്റ് മാനദണ്ഡങ്ങളിൽ ഇവ ഉൾപ്പെടുന്നു:

i. മോട്ടോർ വാഹന നിയമം, 1988.

ii. കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങൾ, 1989.

iii. കേരള മോട്ടോർ വാഹന ചട്ടങ്ങൾ, 1989.

iv. കേരള മോട്ടോർ വാഹന നികുതി നിയമം, 1976.

v. കേരള മോട്ടോർ വാഹന നികുതി ചട്ടങ്ങൾ, 1975.

vi. കേരള റോഡ് സുരക്ഷാ അതോറിറ്റി നിയമവും ചട്ടങ്ങളും, 2007.

vii. മോട്ടോർ വെഹിക്കിൾ അഗ്രിഗേറ്റർ മാർഗ്ഗനിർദ്ദേശങ്ങൾ, 2020.

viii. റെന്റ്-എ-ക്യാബ് സ്കീം, 1989.

ix. കേരള ഫിനാൻഷ്യൽ കോഡ്, 1963.

x. കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങളും മോട്ടോർ വാഹന വകുപ്പിന്റെ സിറ്റിസൺസ് ചാർട്ടറും.

## 2.4.3 ഓഡിറ്റ് വ്യാപ്തിയും രീതിശാസ്ത്രവും

2019 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവുമായി ബന്ധപ്പെട്ട അനുവർത്തന ഓഡിറ്റ് (എസ്എസ്സിഎ) 2024 ഓഗസ്റ്റ് മുതൽ 2025 ജനുവരി വരെ നടത്തി. ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളത്തിലുടനീളമുള്ള നാല് ചെക്ക് പോസ്റ്റുകൾ ഉൾപ്പെടെ 19 ഫീൽഡ് ഓഫീസുകൾ എന്നിവ ഐഡിയ[7] വഴി റാൻഡം സാമ്പിൾ രീതി ഉപയോഗിച്ച് തെരഞ്ഞെടുത്ത് ഓഡിറ്റ് നടത്തി. വാഹൻ, സാരഥി സംവിധാനങ്ങളുടെ വിവര വിശകലനത്തിലും ഫീൽഡ് പരിശോധനയിലും ശ്രദ്ധ കേന്ദ്രീകരിച്ചു കൊണ്ടുള്ള ഒരു ദ്വിമുഖ സമീപനമാണ് സ്വീകരിച്ചത്. എല്ലാ ആർടിഒകളുമായും സബ്-റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളുമായും (എസ്ആർടിഒ) ബന്ധപ്പെട്ട 2024 മാർച്ച് വരെയുള്ള വാഹൻ, സാരഥി, ഇ-ചലാൻ എന്നിവയിൽ നിന്നുള്ള ബാക്ക്-എൻഡ് ഡാറ്റ വിശാലമായ നിഗമനങ്ങൾക്കായി വിശകലനം ചെയ്തു. സാമ്പിൾ ചെയ്ത ആർടിഒകളിൽ വിശദമായ ശ്രദ്ധ കേന്ദ്രീകരിച്ച് ആഴത്തിലുള്ള പരിശോധന നടത്തി.

2024 നവംബർ 28-ന് ട്രാൻസ്പോർട്ട് കമ്മീഷണറുമായി ഒരു എൻട്രി കോൺഫറൻസ് നടന്നു, അതിൽ ഓഡിറ്റിന്റെ ലക്ഷ്യങ്ങൾ, വ്യാപ്തി, രീതിശാസ്ത്രം എന്നിവ വിശദീകരിച്ചു. 2025 ജൂൺ 19ന് സർക്കാരിന്റെ സെക്രട്ടറിയുമായി ഒരു എക്സിറ്റ് കോൺഫറൻസ് നടത്തുകയും പ്രധാന ഓഡിറ്റ് കണ്ടെത്തലുകളും ശുപാർശകളും ചർച്ച ചെയ്യുകയും ചെയ്തു. എക്സിറ്റ് കോൺഫറൻസിലും മറ്റ് അവസരങ്ങളിലും നൽകിയ പ്രതികരണങ്ങൾ ഉചിതമായി റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 2.4.4 സാമ്പിളിംഗ്

86 ആർടിഒ/ എസ്ആർടിഒ ഓഫീസുകളിൽ നിന്നും 10 ഓഫീസുകൾ ഐഡിയ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് റാൻഡം സാമ്പിളിങ് രീതിയിലൂടെ തിരഞ്ഞെടുത്തു. ആർടിഒ/ എസ്ആർടിഒകളിൽ രജിസ്റ്റർ ചെയ്ത ഗതാഗത, ഗതാഗതേതര വാഹനങ്ങളുടെ എണ്ണം, കഴിഞ്ഞ അഞ്ച് വർഷത്തിനിടെ ആർടിഒകൾ ശേഖരിച്ച വരുമാനം, വാഹൻ, സാരഥി എന്നിവയിലൂടെ നടത്തിയ ഇടപാടുകളുടെ എണ്ണം എന്നിങ്ങനെ മൂന്ന് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് സാമ്പിളിംഗ് നടത്തിയത്. മൊത്തം സ്കോറുകളുടെ അടിസ്ഥാനത്തിൽ, 86 ഓഫീസുകളെ മൂന്ന് റിസ്ക് സ്ട്രാറ്റകളായി തരംതിരിക്കുകയും ഇനിപ്പറയുന്ന ഓഫീസുകൾ തിരഞ്ഞെടുക്കുകയും ചെയ്തു.

| സ്ട്രാറ്റ | തെരഞ്ഞെടുത്ത ഓഫീസിന്റെ പേര് |
|---|---|
| **ഉയർന്ന റിസ്ക്** | കെഎൽ-08 - ആർടിഒ, തൃശ്ശൂർ |

7 ഐഡിയ ഒരു ഡാറ്റാ അനാലിസിസ് സോഫ്റ്റ്‌വെയറാണ്.

| സ്ട്രാറ്റ | തെരഞ്ഞെടുത്ത ഓഫീസിന്റെ പേര് |
|---|---|
| | കെഎൽ-05 - ആർടിഒ, കോട്ടയം<br>കെഎൽ-13 - ആർടിഒ, കണ്ണൂർ<br>കെഎൽ-40 - എസ്ആർടിഒ, പെരുമ്പാവൂർ<br>കെഎൽ-46 - എസ്ആർടിഒ, ഗുരുവായൂർ |
| **ഇടത്തരം റിസ്ക്** | കെഎൽ-31 - എസ്ആർടിഒ, മാവേലിക്കര<br>കെഎൽ-38 - എസ്ആർടിഒ, തൊടുപുഴ<br>കെഎൽ-47 - എസ്ആർടിഒ, കൊടുങ്ങല്ലൂർ |
| **കുറഞ്ഞ റിസ്ക്** | കെഎൽ-12 - ആർടിഒ, വയനാട്<br>കെഎൽ-69 - എസ്ആർടിഒ, ഉടുമ്പൻചോല |

കൂടാതെ, ഹെഡ് ഓഫീസ്, സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി എന്ന നിലയിൽ ട്രാൻസ്പോർട്ട് കമ്മീഷണറേറ്റും നാല് ചെക്ക് പോസ്റ്റുകൾ, നാല് എൻഫോഴ്സ്മെന്റ് ആർടിഒകൾ എന്നിവയും ഓഡിറ്റിനായി തിരഞ്ഞെടുത്തിട്ടുണ്ട്.

## 2.4.5 കൃതജ്ഞത

സുഗമമായും സമയബന്ധിതമായും ഓഡിറ്റ് നടത്തുന്നതിന് സൗകര്യമൊരുക്കുകയും ആവശ്യമായ വിവരങ്ങളും രേഖകളും നൽകുന്നതിന് ഗതാഗത വകുപ്പ്, എംവിഡി, തിരഞ്ഞെടുത്ത ഓഫീസുകളിലെ ഉദ്യോഗസ്ഥർ എന്നിവർ നൽകിയ സഹകരണവും പിന്തുണയും ഞങ്ങൾ സ്മരിക്കുന്നു.

## 2.4.6 ഓഡിറ്റ് കണ്ടെത്തലുകൾ

തിരഞ്ഞെടുത്ത ഓഫീസുകളിലെ ഡാറ്റാ വിശകലനത്തിന്റെയും രേഖകളുടെ സൂക്ഷ്മപരിശോധനയുടെയും അടിസ്ഥാനത്തിലുള്ള ഓഡിറ്റ് കണ്ടെത്തലുകൾ ഇനിപ്പറയുന്ന ഖണ്ഡികകളിൽ പരാമർശിച്ചിരിക്കുന്നു:

### 2.4.6.1 ഡ്രൈവിംഗ് ലൈസൻസുകളുടെ വിതരണം

ലേണേഴ്സ് ലൈസൻസ്, ഡ്രൈവിംഗ് ലൈസൻസ്, കണ്ടക്ടർ ലൈസൻസ്, ഡ്രൈവിംഗ് സ്കൂൾ ലൈസൻസ് എന്നിവയാണ് എംവിഡി നൽകുന്ന വിവിധ തരം ലൈസൻസുകൾ. 1988-ലെ മോട്ടോർ വാഹന നിയമത്തിലെ അധ്യായം 2, 1989-ലെ കേന്ദ്ര മോട്ടോർവാഹന ചട്ടങ്ങൾ, കേരള മോട്ടോർ വാഹന ചട്ടങ്ങൾക്ക് കീഴിലുള്ള സംസ്ഥാനവുമായി ബന്ധപ്പെട്ട നിർദ്ദിഷ്ട ചട്ടങ്ങൾ എന്നിവ പ്രകാരമാണ് ഡ്രൈവിംഗ് ലൈസൻസ് വിതരണം ചെയ്യുന്നത്. 2019-20 മുതൽ 2023-24 വരെയുള്ള കാലയളവിലെ ഡ്രൈവിംഗ് ലൈസൻസ് വിതരണത്തിന്റെ പ്രവണത ചുവടെയുള്ള **ചാർട്ട് 2.1**-ൽ നൽകിയിരിക്കുന്നു:

**ചാർട്ട് 2.1: 2019-20 മുതൽ 2023-24 വരെ നൽകിയ ഡ്രൈവിംഗ് ലൈസൻസിന്റെ പ്രവണത**




2020-21 കാലയളവിൽ ഡ്രൈവിംഗ് ലൈസൻസുകളുടെ വിതരണത്തിൽ ഗണ്യമായ കുറവുണ്ടായതായി കാണാവുന്നതാണ്, കോവിഡ്-19 മഹാമാരി മൂലമുണ്ടായ തടസ്സങ്ങൾ കാരണമാകാമിത്. തുടർന്നുള്ള വർഷങ്ങളിലെ ഗണ്യമായ വർദ്ധനവ് പ്രവർത്തനങ്ങൾ സാധാരണഗതിയിലേക്ക് തിരിച്ചു വന്നതിനെ സൂചിപ്പിക്കുന്നു. മുൻ രണ്ട് വർഷങ്ങളെ അപേക്ഷിച്ച് 2023-24-ൽ രേഖപ്പെടുത്തിയ നേരിയ ഇടിവ് മൊത്തത്തിലുള്ള പ്രവണത സ്ഥിരതയിലേക്ക് തിരിച്ചെത്തിയതിനെ സൂചിപ്പിക്കുന്നു.

സാധുവായ ഡ്രൈവിംഗ് ലൈസൻസ് ഇല്ലാതെ ഒരു വ്യക്തിക്കും പൊതുസ്ഥലത്ത് മോട്ടോർ വാഹനം ഓടിക്കാൻ അനുവാദമില്ല[8], നിർദ്ദിഷ്ട ഡ്രൈവിംഗ് ടെസ്റ്റ് വിജയകരമായി പൂർത്തിയാക്കിയാൽ മാത്രമേ അത്തരം ലൈസൻസ് നൽകുകയുള്ളൂ[9].

സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോയിൽ (എസ്‌സിആർബി) നിന്ന് 2022-23 വർഷത്തെ അപകടങ്ങളുടെ ഡാറ്റ ഓഡിറ്റ് ശേഖരിക്കുകയും വിശകലനം ചെയ്യുകയും ചെയ്തതിൽ നിന്നും, സംസ്ഥാനത്തെ അപകടങ്ങളിൽ 78 ശതമാനത്തിലധികവും ഉണ്ടാവുന്നത് അപകടത്തിൽ ഉൾപ്പെട്ട വാഹനത്തിന്റെയോ അല്ലെങ്കിൽ മറ്റ് വാഹനത്തിന്റെ ഡ്രൈവറുടെയോ പിഴവ് കാരണമാണെന്ന് വെളിപ്പെട്ടു. ഇത് താഴെയുള്ള **പട്ടിക 2.3**-ൽ വിശദീകരിച്ചിരിക്കുന്നു.

**പട്ടിക 2.3: അപകടത്തിന്റെ കാരണം തിരിച്ചുള്ള വിശദാംശങ്ങൾ**

| ക്രമ നം. | കാരണങ്ങൾ | അപകടങ്ങൾ | മരണം | ഗുരുതര പരിക്ക് |
|---|---|---|---|---|
| 1 | മോട്ടോർ വാഹനത്തിന്റെ ഡ്രൈവറുടെ പിഴവ് | 27,216 | 2,441 | 21,546 |
| 2 | മറ്റ് വാഹനത്തിന്റെ ഡ്രൈവറുടെ പിഴവ് | 8,418 | 612 | 6,891 |
| 3 | മോട്ടോർ വാഹനത്തിന്റെ മെക്കാനിക്കൽ തകരാർ | 24 | 7 | 17 |
| 4 | റോഡിന്റെ ശോച്യാവസ്ഥ | 57 | 11 | 40 |
| 5 | സൈക്കിൾ യാത്രക്കാരന്റെ/ കാൽനട യാത്രക്കാരന്റെ/ അലഞ്ഞുതിരിയുന്ന മൃഗങ്ങളുടെ പിഴവ് | 346 | 58 | 257 |
| 6 | മദ്യപിച്ച് വാഹനമോടിക്കൽ | 216 | 34 | 98 |

[8] 1988-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 3.

[9] നിയമത്തിലെ വകുപ്പ് 9(3).

| ക്രമ നം. | കാരണങ്ങൾ | അപകടങ്ങൾ | മരണം | ഗുരുതര പരിക്ക് |
|---|---|---|---|---|
| 7 | വെളിച്ചക്കുറവ്/ കാലാവസ്ഥ / മൊബൈലിൽ സംസാരിച്ച് വണ്ടിയോടിച്ചത് | 193 | 21 | 158 |
| 8 | അജ്ഞാത കാരണങ്ങൾ | 2,505 | 318 | 1,942 |
| 9 | മറ്റ് കാരണങ്ങൾ | 6,422 | 758 | 4,975 |
| | **ആകെ** | **45,397** | **4,260** | **35,924** |
| | ഡ്രൈവറുടെ പിഴവ് മൂലമുണ്ടായ അപകടത്തിന്റെ തോത് (ശതമാനം) | 78.49 | 71.66 | 79.16 |

സ്രോതസ്സ്: എസ്സിആർബി നൽകിയ വിശദാംശങ്ങൾ.

ഡ്രൈവർമാരുടെ പിഴവ് മൂലമുള്ള അപകടങ്ങളുടെ ഉയർന്ന നിരക്ക്, അപകടം കുറയ്ക്കുന്നതിന് ഡ്രൈവർമാരുടെ ഗുണനിലവാരം നിർണായകമാണെന്ന് സൂചിപ്പിക്കുന്നു.

രണ്ട് ഘട്ടങ്ങളിലായാണ് ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റ് നടത്തുന്നത്, റോഡ് ടെസ്റ്റിനുള്ള കാര്യക്ഷമത വിലയിരുത്തുന്നതിനായുള്ള ഗ്രൗണ്ട് ടെസ്റ്റ് (ലൈറ്റ് മോട്ടോർ വാഹനങ്ങൾ '**H**' ട്രാക്കിലും ഇരുചക്ര വാഹനങ്ങൾ '**8**' ട്രാക്കിലും) ആണ് ഒന്നാം ഘട്ടം. ഡ്രൈവിംഗ് കഴിവുകൾ വിലയിരുത്തുന്നതിനുള്ള റോഡ് ടെസ്റ്റ് ആണ് രണ്ടാം ഘട്ടം. കൃത്യത, സുതാര്യത, കാര്യക്ഷമത എന്നിവ വർദ്ധിപ്പിക്കുന്നതിനായി, എംവിഡി അതിന്റെ ആധുനികവൽക്കരണത്തിന്റെയും ഇ-ഗവേണൻസ് സംരംഭങ്ങളുടെയും ഭാഗമായി ഓട്ടോമേറ്റഡ് ഡ്രൈവിംഗ് ടെസ്റ്റ് ട്രാക്കുകൾ (എഡിടിടി) സ്ഥാപിക്കാൻ തീരുമാനിക്കുകയും (**2010** ഒക്ടോബർ) അനുബന്ധമായി ട്രാക്കിനു വേണ്ട നിബന്ധനകൾ, ചരിഞ്ഞതും, കോണോടു കോണായ റിവേഴ്സ് പാർക്കിംഗ് എന്നിവയ്ക്കുമുള്ള മാർഗനിർദ്ദേശങ്ങൾ, റോഡ് ടെസ്റ്റിന് വേണ്ട നടപടിക്രമങ്ങൾ എന്നിവയ്ക്കായി സർക്കുലറുകൾ[10] പുറപ്പെടുവിക്കുകയും ചെയ്തു.

ഡ്രൈവർ ടെസ്റ്റിംഗ് ഗുണനിലവാരം ഉറപ്പാക്കുന്നതിൽ ഓഡിറ്റ് തിരിച്ചറിഞ്ഞ പോരായ്മകൾ തുടർന്നുള്ള ഖണ്ഡികകളിൽ വിവരിച്ചിരിക്കുന്നു.

### 2.4.6.2 ഓട്ടോമേറ്റഡ് ഡ്രൈവിംഗ് ടെസ്റ്റ് ട്രാക്കുകൾ പ്രവർത്തിക്കാത്തത്

ഡ്രൈവിംഗ് ടെസ്റ്റ് പ്രക്രിയ നവീകരിക്കുന്നതിനും ഏകീകരിക്കുന്നതിനും ഡ്രൈവിംഗ് ടെസ്റ്റ് പ്രക്രിയയിൽ സുതാര്യതയും കൃത്യതയും വർദ്ധിപ്പിക്കുന്നതിനും മാനുഷിക ഇടപെടൽ കുറയ്ക്കുന്നതിനും ഉദ്ദേശിച്ചുള്ള ഒരു പ്രധാന സംരംഭമായാണ് ഓട്ടോമേറ്റഡ് ഡ്രൈവിംഗ് ടെസ്റ്റ് ട്രാക്കുകൾ (എഡിടിടി) അവതരിപ്പിച്ചത്. സെൻസറുകൾ, ക്യാമറകൾ തുടങ്ങിയ നൂതന സാങ്കേതികവിദ്യ സജ്ജീകരിച്ചിരിക്കുന്ന ഈ സ്റ്റേഷനുകൾ, ഡ്രൈവിംഗ് കഴിവുകളുടെ ശരിയായ രീതിയിലുള്ള വിലയിരുത്തൽ ഉറപ്പാക്കിക്കൊണ്ട് ടെസ്റ്റിംഗ് നടപടിക്രമം ഓട്ടോമേറ്റ് ചെയ്യുന്നതിനായി രൂപകൽപ്പന ചെയ്തിരിക്കുന്നു.

ആർടിഒകളിലും എസ്ആർടിഒകളിലും എഡിടിടികൾ സ്ഥാപിക്കുന്നതിന്റെ പുരോഗതി അവലോകനം ചെയ്ത ഓഡിറ്റ്, സംസ്ഥാനത്ത് **86** ആർടിഒകൾ/ എസ്ആർടിഒകൾ ഉണ്ടെങ്കിലും ഒമ്പത് എഡിടിടികൾ മാത്രമേ സ്ഥാപിച്ചിട്ടുള്ളൂവെന്ന് കണ്ടെത്തി. നൽകിയ വിവരമനുസരിച്ച്, ഈ ഒമ്പത് കേന്ദ്രങ്ങളിൽ രണ്ടെണ്ണം മാത്രമേ

[10] സർക്കുലറുകൾ 20/98, 04/13, 05/17.

പ്രവർത്തിക്കുന്നുള്ളൂ (2025 ജനുവരി). ഇതിന്റെ വിശദാംശങ്ങൾ താഴെയുള്ള **പട്ടിക 2.4**-ൽ കൊടുത്തിരിക്കുന്നു:

**പട്ടിക 2.4: എഡിടിടികളുടെ സ്ഥിതിയുടെ വിശദാംശങ്ങൾ**

| ക്രമ നം. | ആർടിഒ/ എസ്ആർടിഒ | വിനിയോഗിച്ച ഫണ്ട് (₹) | പ്രവർത്തനം ആരംഭിച്ച തീയതി | എഡിടിടികളുടെ നിലവിലെ സ്ഥിതി | കുറിപ്പുകൾ |
|---|---|---|---|---|---|
| 1 | പാറശ്ശാല | 64,99,973 | 16/10/2015 | പ്രവർത്തിക്കുന്നില്ല | പേയ്മെന്റ് പ്രശ്നം കാരണം കെൽട്രോൺ സേവനം നിർത്തി വച്ചു. |
| 2 | തിരുവനന്തപുരം | 94,22,284 | 02/02/2017 | പ്രവർത്തിക്കുന്നില്ല | |
| 3 | മൂവാറ്റുപുഴ | 67,79,973 | 05/03/2019 | പ്രവർത്തിക്കുന്നില്ല | |
| 4 | ഉഴവൂർ | 94,22,284 | 01/03/2019 | പ്രവർത്തിക്കുന്നില്ല | |
| 5 | കാസർകോട് | 1,00,00,000 | പ്രവർത്തനക്ഷമ മായില്ല | പ്രവർത്തിക്കുന്നില്ല | സേവനം നൽകാൻ വിമുഖത കാണിച്ചതിനാൽ എസ്ആർഐഡിക്ക് നൽകിയ അനുമതി റദ്ദാക്കി. പുതിയ സേവനദാതാവിനെ കണ്ടെത്താനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| 6 | തൃപ്പൂണിത്തുറ | 1,00,00,000 | | | |
| 7 | തളിപ്പറമ്പ് | 1,00,00,000 | | | |
| 8 | കോഴിക്കോട് | 9,74,060 | 2012 | പ്രവർത്തിക്കുന്നുണ്ട് | പ്രവർത്തനക്ഷമം |
| 9 | കണ്ണൂർ | 19,48,119 | 2013 | പ്രവർത്തിക്കുന്നുണ്ട് | പ്രവർത്തനക്ഷമം |
| | **ആകെ** | **6,50,46,693** | | | |

സ്രോതസ്സ്: വകുപ്പുതല രേഖകൾ.

ഒൻപത് എഡിടിടികൾ സ്ഥാപിക്കാൻ 6.50 കോടി രൂപ വിനിയോഗിച്ചുവെങ്കിലും, പ്രധാനമായും കരാറുകാരുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കാരണം ഇതിൽ ഏഴെണ്ണം പ്രവർത്തനരഹിതമാണെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടു. ഉപകരണ തകരാറുകൾ, ഇടയ്ക്കിടെയുള്ള സിസ്റ്റം ഡൗൺടൈം, അപര്യാപ്തമായ അറ്റകുറ്റപ്പണി തുടങ്ങിയ പ്രശ്നങ്ങൾ അവയുടെ പ്രവർത്തനത്തെ തടസ്സപ്പെടുത്തി. അതിന്റെ ഫലമായി ഈ ഏഴ് ആർടിഒ/ എസ്ആർടിഒകളിൽ ഡ്രൈവിംഗ് ടെസ്റ്റുകളുടെ നടത്തിപ്പ് മാനുവലായി ത്തന്നെ തുടരുന്നു (2025 ജനുവരി).

ഏഴ് എഡിടിടികൾ സ്ഥാപിക്കുന്നതിന് 6.21 കോടി രൂപ ചെലവഴിച്ചുവെങ്കിലും ഉദ്ദേ ശിച്ച ലക്ഷ്യം നിറവേറ്റിയില്ല. ഒരു ദിവസം പോലും പ്രവർത്തനക്ഷമമാക്കാത്ത മൂന്ന് എഡിടിടികളുടെ കാരണം ഓഡിറ്റ് വിശകലനം ചെയ്തത് ചുവടെ വിശദീകരിക്കുന്നു:

**തളിപ്പറമ്പ്, കാസർകോട്, തൃപ്പൂണിത്തുറ എന്നിവിടങ്ങളിൽ ഒരു കോടി രൂപ വീതം ചെലവിൽ എഡിടിടികൾ സ്ഥാപിക്കാൻ സർക്കാർ അനുമതി നൽകുകയും (2016 ഒക്ടോബർ) നിർമ്മാണം കിറ്റ്കോയെ ഏൽപിക്കുകയും ചെയ്തു (2017 മാർച്ച്). 2022 മാർച്ച്, മെയ് മാസങ്ങളിൽ കിറ്റ്കോ സൗകര്യങ്ങൾ പൂർത്തിയാക്കി കൈമാറി യെങ്കിലും, വാർഷിക മെയിന്റനൻസ് ആൻഡ് ഫെസിലിറ്റി മാനേജ്മെന്റ് കരാർ നൽകിയ സ്ഥാപനമായ എസ്ആർഐടി, 2022 സെപ്റ്റംബർ - നവംബർ മാസങ്ങളിൽ വർക്ക് ഓർഡറുകൾ ഉണ്ടായിരുന്നിട്ടും കരാർ നടപ്പിലാക്കാൻ വിസമ്മതിച്ചതിനാൽ എഡിടിടികൾ പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞില്ല. അങ്ങനെ, മൂന്ന് കോടി രൂപ ചെലവഴിച്ചിട്ടും, മൂന്ന് എഡിടിടികളും പ്രവർത്തനരഹിതമായി തുടർന്നു, 2025 ജനുവരി വരെ വകുപ്പ് തുടർ നടപടിയൊന്നും സ്വീകരിച്ചില്ല.**

എഡിടിടികളുടെ പരിമിതമായ പ്രവർത്തനവും അപൂർണ്ണമായ നടപ്പാക്കലും സുതാര്യവും വ്യവസ്ഥാപിതവുമായ ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റിംഗ് പ്രക്രിയ ഉറപ്പാക്കുന്നതിൽ പരാജയപ്പെട്ടു, ഇത് മൊത്തത്തിലുള്ള റോഡ് സുരക്ഷയെ അപകടത്തിലാക്കുന്നു.

റോഡ് ഗതാഗത മന്ത്രാലയത്തിന്റെ ഏറ്റവും പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് അംഗീകൃത ഡ്രൈവർ പരിശീലന കേന്ദ്രങ്ങൾ (എഡിടിസി) നടപ്പിലാക്കുന്നതിനുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കാൻ മോട്ടോർ വാഹന വകുപ്പ് ഒരു കമ്മിറ്റി രൂപീകരിച്ചതായി സർക്കാർ അറിയിച്ചു (2025 സെപ്റ്റംബർ). കൂടാതെ, താൽപര്യപത്രം ക്ഷണിക്കുന്ന ഒരു അറിയിപ്പ് ഉടൻ പ്രസിദ്ധീകരിക്കുമെന്നും ഓരോ ആർടിഒയുടെയും എസ്ആർടിഒയുടെയും കീഴിൽ ഒരു എഡിടിസി സ്ഥാപിക്കാൻ പദ്ധതിയിട്ടിട്ടുണ്ടെന്നും വ്യക്തമാക്കി.

77 ആർടിഒ/ എസ്ആർടിഒകളിൽ എഡിടിടികൾ സ്ഥാപിക്കുന്നതിലെ കാലതാമസം, ഏഴ് ആർടിഒ/ എസ്ആർടിഒകളിലെ എഡിടിടികളുടെ പ്രവർത്തനമില്ലായ്മ, സംസ്ഥാനത്ത് എഡിടിസികൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷ ക്ഷണിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കാത്തത് എന്നിവ മാനുവൽ ടെസ്റ്റിംഗ് സംവിധാനത്തെ തുടർന്നും ആശ്രയിക്കാൻ നിർബന്ധിതരാക്കി.

***ശുപാർശ 2***

*ഡ്രൈവിംഗ് ലൈസൻസ് വിതരണത്തിന്റെ ഓട്ടോമേഷൻ പൂർത്തീകരിക്കുന്നത് സർക്കാർ വേഗത്തിലാക്കുകയും എല്ലാ ആർടിഒ/ എസ്ആർടിഒകളിലും സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ പ്രവർത്തനങ്ങൾ ഉറപ്പാക്കിക്കൊണ്ട് സംസ്ഥാന വ്യാപകമായി ഡ്രൈവിംഗ് ടെസ്റ്റുകളുടെ പൂർണ്ണമായ ഓട്ടോമേഷൻ കൈവരിക്കുന്നതിന് ഘടനാപരവും സമയബന്ധിതവുമായ റോഡ് മാപ്പ് വികസിപ്പിക്കുകയും വേണം.*

### 2.4.6.3 മാനുവൽ ഡ്രൈവിംഗ് ടെസ്റ്റുകൾ നടത്തുന്നതിന് നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പാലിക്കാതിരിക്കൽ

മോട്ടോർ വാഹന നിയമത്തിൽ പരാമർശിച്ചിരിക്കുന്ന വാഹനമോടിക്കാനുള്ള കഴിവിന്റെ പരിശോധനയെപ്പറ്റി കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുണ്ട്[11]. ഡ്രൈവിംഗ് ടെസ്റ്റ് നടത്തുമ്പോൾ ലൈസൻസിംഗ് അതോറിറ്റിയോ മറ്റ് അംഗീകൃത വ്യക്തികളോ നിയമങ്ങൾ പാലിക്കുന്നുണ്ടോ എന്ന് വിലയിരുത്തുന്നതിന്, തിരഞ്ഞെടുത്ത 10 ആർടിഒകളിലും എസ്ആർടിഒകളിലും എംവിഡി ഉദ്യോഗസ്ഥരുമായി ചേർന്ന് ഓഡിറ്റ് ടീം നേരിട്ടുള്ള സംയുക്ത പരിശോധന (ജെപിവി) നടത്തി. ഇതിലെ കണ്ടെത്തലുകൾ ഇനിപ്പറയുന്ന രീതിയിൽ സംഗ്രഹിച്ചിരിക്കുന്നു:

- **പാർക്കിംഗ് ട്രാക്ക് സ്ഥാപിക്കാത്തത്**

റിവേഴ്സ് ഗിയർ ഘടിപ്പിച്ച വാഹനം ഓടിക്കുന്ന ഉദ്യോഗാർത്ഥികൾ പിന്നോട്ട് ഓടിക്കാനും ഇടുങ്ങിയ സ്ഥലത്ത് നിയന്ത്രണത്തോടും ആവശ്യമായ കൃത്യതയോടും കൂടി വലത്തോട്ടോ ഇടത്തോട്ടോ പുറകിലേക്കെടുക്കാനുമുള്ള കഴിവ് പ്രകടിപ്പിക്കണം[12]. ഈ ആവശ്യകത പാലിക്കുന്നതിനായി, എൽഎംവി ടെസ്റ്റിന്റെ ഒന്നാം ഭാഗം നടപ്പിലാക്കുന്നതിനായി എല്ലാ ടെസ്റ്റിംഗ് സെന്ററുകളിലും 'H' ട്രാക്കിനോട് ചേർന്ന്

---

11 വകുപ്പ് (3), ചട്ടം 15 എന്നിവ.

12 കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളുടെ ചട്ടം 15(3)(കെ).

ഒരു പാർക്കിംഗ് ട്രാക്ക് സ്ഥാപിക്കാൻ ഗതാഗത കമ്മീഷണർ ഉത്തരവിട്ടു[13]. തിരഞ്ഞെടുത്ത 10 ആർടിഒ/ എസ്ആർടിഒകളിൽ, പരിശോധന നടത്തിയ ഒരു കേന്ദ്രത്തിലും പാർക്കിംഗ് ട്രാക്ക് ഉണ്ടായിരുന്നില്ലെന്ന് ഓഡിറ്റ് കണ്ടെത്തി. അത്തരമൊരു പാർക്കിംഗ് ട്രാക്കിന്റെ അഭാവത്തിൽ, ഇടുങ്ങിയ സ്ഥലത്ത് വലത്തോട്ടോ ഇടത്തോട്ടോ വാഹനം നിയന്ത്രണത്തോടെ പുറകിലേക്കെടുക്കാനുമുള്ള കഴിവ് ലൈസൻസ് നൽകുന്നതിന് മുമ്പ് ആവശ്യമായ കൃത്യതയോടെ പരീക്ഷിക്കപ്പെടുന്നില്ല.

- **ഡ്രൈവിംഗ് ടെസ്റ്റുകൾക്ക് ഉപയോഗിക്കുന്ന വാഹനങ്ങളിൽ നിയമപരമായ ആവശ്യകതകൾ പാലിക്കാതിരിക്കൽ**

പൊതു സ്ഥലത്ത് ഒരു വാഹനം ഓടിക്കണമെങ്കിൽ അത് യഥാവിധി രജിസ്റ്റർ ചെയ്തിട്ടുണ്ടായിരിക്കുകയും സാധുവായ ഇൻഷുറൻസ് പരിരക്ഷ, മലിനീകരണ മാനദണ്ഡങ്ങൾ പാലിക്കുന്നതിന് ആവശ്യമായ പുക പരിശോധന സർട്ടിഫിക്കറ്റ് (പിയുസിസി) എന്നിവയും നിർബന്ധമാണ്[14]. സർക്കാർ ഉത്തരവുകൾ[15], ഗതാഗത കമ്മീഷണറുടെ സർക്കുലർ[16] എന്നിവ പ്രകാരം 22 വർഷത്തിൽ കൂടുതൽ പഴക്കമുള്ള വാഹനങ്ങൾ ഡ്രൈവിംഗ് ടെസ്റ്റിനായി ഉപയോഗിക്കാൻ അനുവാദമില്ല.

തെരഞ്ഞെടുത്ത 10 ആർടിഒ/ എസ്ആർടിഒകളിൽ നടത്തിയ സംയുക്ത പരിശോധനയിൽ ടെസ്റ്റിംഗ് കേന്ദ്രങ്ങളിൽ പ്രസ്തുത ചട്ടങ്ങളും നിർദ്ദേശങ്ങളും പാലിക്കാത്തത് കണ്ടെത്തിയത് ചുവടെയുള്ള **പട്ടിക 2.5**-ൽ കാണിച്ചിരിക്കുന്നു:

**പട്ടിക 2.5: ഡ്രൈവിംഗ് ടെസ്റ്റിനായി അനുവദനീയമല്ലാത്ത വാഹനങ്ങൾ ഉപയോഗിച്ചത്**

| ക്രമ നം. | നിയമലംഘനം | ടെസ്റ്റിംഗ് കേന്ദ്രം | പരിശോധിച്ച വാഹനങ്ങളുടെ എണ്ണം | ഉപയോഗിച്ച അനുവദനീയമല്ലാത്ത വാഹനങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | സാധുവായ രജിസ്ട്രേഷൻ ഇല്ലാത്ത വാഹനങ്ങൾ | ആർടിഒ തൃശ്ശൂർ,<br>എസ്ആർടിഒ ഗുരുവായൂർ,<br>ആർടിഒ വയനാട് | 92 | 3 |
| 2 | സാധുവായ പുക പരിശോധന സർട്ടിഫിക്കറ്റ് ഇല്ലാത്ത വാഹനങ്ങൾ | ആർടിഒ കോട്ടയം,<br>എസ്ആർടിഒ കൊടുങ്ങല്ലൂർ | 44 | 2 |
| 3 | 22 വർഷത്തിന് മുകളിൽ പഴക്കമുള്ള വാഹനങ്ങൾ | ആർടിഒ കോട്ടയം | 24 | 5 |

സ്രോതസ്സ്: വകുപ്പുതല രേഖകൾ.

ഈ വീഴ്ചകൾ നിയമപരമായ ആവശ്യകതകൾ ലംഘിക്കുക മാത്രമല്ല, സുരക്ഷയെയും പാരിസ്ഥിതിക മാനദണ്ഡങ്ങളെയും ദുർബലപ്പെടുത്തുകയും ചെയ്യുന്നു. ഡ്രൈവിംഗ് ടെസ്റ്റുകൾക്കായി അനുവദനീയമല്ലാത്ത വാഹനങ്ങളുടെ ഉപയോഗം ഉദ്യോഗാർത്ഥിയുടെ സുരക്ഷയിൽ വിട്ടുവീഴ്ച ചെയ്യുകയും എൻഫോഴ്സ്മെന്റിന് ഒരു മോശം കീഴ്വഴക്കം സൃഷ്ടിക്കുകയും ചെയ്യുന്നു. റോഡ് സുരക്ഷ, പാരിസ്ഥിതിക

---

13 2013 മാർച്ച് 12-ലെ സർക്കുലർ നമ്പർ 04/2013.

14 മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 39, 146, കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളുടെ ചട്ടം 115 എന്നിവ പ്രകാരം.

15 2024 മെയ് 23-ലെ സ.ഉ. (സാധാ.) നമ്പർ 181/2024/ട്രാൻസ്, 2024 മെയ് 04-ലെ സ.ഉ. (സാധാ.) നമ്പർ 170/2024/ട്രാൻസ്.

16 2024 ജൂൺ 26-ലെ സർക്കുലർ.

നിയമങ്ങൾ പാലിക്കൽ, ടെസ്റ്റിംഗ് പ്രക്രിയയുടെ വിശ്വാസ്യത എന്നിവ ഉറപ്പാക്കുന്നതിന് റെഗുലേറ്ററി മാനദണ്ഡങ്ങൾ പാലിക്കുന്നത് നിർണായകമാണ്.

- **റോഡ് സുരക്ഷാ ക്ലാസുകൾ നടത്താത്തത്**

കഴിവുള്ളവരും സുരക്ഷാ ബോധമുള്ളവരുമായ ഡ്രൈവർമാരെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ, ലേണേഴ്സ് ലൈസൻസ് ലഭിക്കുന്ന വ്യക്തികൾ റോഡ് സുരക്ഷാ ബോധവൽക്കരണ ക്ലാസുകൾക്ക് വിധേയരാകണമെന്ന് നിർബന്ധിക്കുന്ന സർക്കുലർ[17] ഗതാഗത കമ്മീഷണർ പുറത്തിറക്കി. ഉത്തരവാദിത്തമുള്ളവരും വൈദഗ്ധ്യമുള്ളവരുമായ ഡ്രൈവർമാരെ വാർത്തെടുക്കുന്നതിൽ റോഡ് സുരക്ഷാ വിദ്യാഭ്യാസം നൽകുന്നത് നിർണായക ഘടകമാണെന്ന വകുപ്പിന്റെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് ഈ നിർദ്ദേശം. ഡ്രൈവിംഗ് ടെസ്റ്റ് എടുക്കാൻ ഉദ്യോഗാർത്ഥികളെ അനുവദിക്കുന്നതിന് മുമ്പ്, ഉദ്യോഗാർത്ഥി റോഡ് സുരക്ഷാ ക്ലാസുകളിൽ പങ്കെടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കണമെന്നും സർക്കുലറിൽ പരിശോധനാ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സംയുക്ത പരിശോധന വേളയിൽ, തിരഞ്ഞെടുത്ത 10 ആർടിഒ/ എസ്ആർടിഒകളിൽ ഏഴിലും ഉദ്യോഗാർത്ഥികൾക്ക് റോഡ് സുരക്ഷാ ക്ലാസുകൾ നൽകുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമല്ലെന്ന് കണ്ടെത്തി.

- **പരിശോധനാ ഗ്രൗണ്ടുകളിൽ വീഡിയോ റെക്കോർഡിംഗുകളുടെ അഭാവം**

ടെസ്റ്റുകളുടെ സുതാര്യതയും കൃത്യതയും ഉറപ്പാക്കുന്നതിന് പാർട്ട് 1 ടെസ്റ്റിന്റെ പൂർണ്ണമായ വീഡിയോ റെക്കോർഡിംഗ് നടത്താൻ ഗതാഗത കമ്മീഷണർ 2012 മാർച്ച് 26-ലെ കത്തിലൂടെ നിർദ്ദേശിച്ചു. രണ്ട് വ്യക്തികളുടെ ടെസ്റ്റ് ഒരേ സമയം നടത്തുകയും ഒരു ക്യാമറ മാത്രം ലഭ്യമാവുകയും ചെയ്യുന്ന സാഹചര്യങ്ങളിൽ, ഒന്നിടവിട്ട ദിവസങ്ങളിൽ ഓരോ ട്രാക്കിനും വീഡിയോ റെക്കോർഡിംഗുകൾ നടത്തും. ഈ റെക്കോർഡിംഗുകൾ ജില്ലാ ട്രാൻസ്പോർട്ട് കമ്മീഷണർമാർ (ഡിടിസി) അവലോകനം ചെയ്യുകയും പരിശോധനയ്ക്കായി ഗതാഗത കമ്മീഷണർ ആവശ്യപ്പെടുകയും ചെയ്യാം. ഈ നിർദ്ദേശങ്ങൾ 2012 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വന്നു.

പാർട്ട് 1 ടെസ്റ്റ് പ്രക്രിയ റെക്കോർഡ് ചെയ്യുന്നതിനായി ഓരോ ആർടിഒ/ എസ്ആർടിഒകൾക്കും വകുപ്പ് വീഡിയോ റെക്കോർഡിംഗ് ക്യാമറകൾ നൽകി. സംയുക്ത പരിശോധനയിൽ, തിരഞ്ഞെടുത്ത ആർടിഒ/ എസ്ആർടിഒകളിൽ അത്തരം വീഡിയോ അല്ലെങ്കിൽ ഡാഷ്ബോർഡ് ക്യാമറ റെക്കോർഡിംഗുകളൊന്നും നടത്തിയിട്ടില്ലെന്ന് കണ്ടെത്തി.

മാനുവൽ ടെസ്റ്റിംഗ് നടപടിക്രമങ്ങളിൽ നടത്തിയ സംയുക്ത പരിശോധനയിൽ നിയമാനുസൃതമല്ലാത്ത വാഹനങ്ങളുടെ ഉപയോഗം, ആവശ്യമായ ടെസ്റ്റിംഗ് ട്രാക്കുകളുടെ അഭാവം, അവശ്യ റോഡ് സുരക്ഷാ ക്ലാസുകൾ നടത്തുന്നതിൽ പരാജയം എന്നിവയുൾപ്പെടെയുള്ള നിർബന്ധിത ചട്ടങ്ങൾ പാലിക്കാത്തത് എടുത്തുകാണിക്കുന്നു.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ, എല്ലാ അപേക്ഷകർക്കും റോഡ് സേഫ്റ്റി ക്ലാസുകൾ നൽകാൻ എല്ലാ ആർടിഒ/ എസ്ആർടിഒകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അത്തരം ക്ലാസുകളിൽ പങ്കെടുത്ത അപേക്ഷകരെ മാത്രമേ ഡ്രൈവിംഗ് ടെസ്റ്റിൽ

[17] 2011 സെപ്റ്റംബർ 13-ലെ സർക്കുലർ നമ്പർ 19/2011.

പങ്കെടുക്കാൻ അനുവദിക്കൂ എന്നും സർക്കാർ അറിയിച്ചു (2025 സെപ്റ്റംബർ). റോഡ് സുരക്ഷാ ക്ലാസുകൾ നിരീക്ഷിക്കുന്നതിനായി എല്ലാ ആർടിഒ/ എസ്ആർടിഒകളിലും പരിശീലന ഹാളുകളിലും സിസിടിവി ക്യാമറകൾ ഘടിപ്പിക്കാനുള്ള നിർദ്ദേശം നിലവിലുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പ്രസ്തുത മറുപടിയിൽ സുരക്ഷാ ക്ലാസുകൾ നടത്താത്തതിനെപ്പറ്റി മാത്രമേ പറയുന്നുള്ളു. ഡ്രൈവിംഗ് ടെസ്റ്റുകൾക്ക് ഉപയോഗിക്കുന്ന വാഹനങ്ങളുടെ നിയമപരമായ ആവശ്യകതകളിലെ കുറവ്, ടെസ്റ്റിംഗ് ഗ്രൗണ്ടുകളിൽ വീഡിയോ റെക്കോർഡിംഗുകളുടെ അഭാവം എന്നിവയെക്കുറിച്ച് മറുപടി മൗനം പാലിക്കുന്നു.

***ശുപാർശ 3***

*ഓട്ടോമേറ്റഡ് ടെസ്റ്റിംഗ് സ്റ്റേഷനുകൾ പൂർണ്ണമായും സ്ഥാപിക്കപ്പെടുന്നതുവരെ നിർദ്ദിഷ്ട നടപടിക്രമങ്ങൾക്കനുസൃതമായും നിർദ്ദിഷ്ട അടിസ്ഥാന സൗകര്യങ്ങൾക്കുള്ളിലും മാനുവൽ പരിശോധന നടത്തുന്നുവെന്ന് ഉറപ്പാക്കാൻ സർക്കാരിന് വകുപ്പിന് നിർദ്ദേശം നൽകാം.*

### 2.4.6.4 മോട്ടോർ വാഹന നിയമത്തിലെ വ്യവസ്ഥകൾ ലംഘിച്ച് ഡ്രൈവിംഗ് ലൈസൻസ് വിതരണം ചെയ്യുന്നത്

ഗതാഗതേതര വാഹന ലൈസൻസുകളുടെ കാലാവധി നിർണ്ണയിക്കുന്നത് ലൈസൻസ് നൽകുകയോ പുതുക്കുകയോ ചെയ്യുന്ന സമയത്തെ അപേക്ഷകന്റെ പ്രായവുമായി ബന്ധപ്പെടുത്തിയാണ്[18]. നിയമത്തിലെ ഭേദഗതി[19] ചെയ്ത വ്യവസ്ഥകൾ **2019** സെപ്റ്റംബർ **1** മുതൽ പ്രാബല്യത്തിൽ വന്നു. ഭേദഗതി വ്യവസ്ഥകൾ പ്രകാരം:

**(i)** ലൈസൻസ് നൽകുമ്പോഴോ പുതുക്കുന്ന സമയത്തോ വ്യക്തിയുടെ പ്രായം മുപ്പത് വയസ്സിൽ താഴെയാണെങ്കിൽ, അവർക്ക് നാൽപ്പത് വയസ്സ് തികയുന്നതുവരെ ലൈസൻസ് പ്രാബല്യത്തിലുണ്ടാവും.

**(ii)** ലൈസൻസ് നൽകുമ്പോഴോ പുതുക്കുന്ന സമയത്തോ വ്യക്തിയുടെ പ്രായം മുപ്പത് വയസ്സിനും അമ്പത് വയസ്സിനും ഇടയിലാണെങ്കിൽ ലൈസൻസിന് പത്ത് വർഷത്തേക്ക് സാധുതയുണ്ടാകും.

**(iii)** ലൈസൻസ് നൽകുമ്പോഴോ പുതുക്കുന്ന സമയത്തോ വ്യക്തിയുടെ പ്രായം അമ്പത് വയസ്സിനും അമ്പത്തിയഞ്ചു വയസ്സിനും ഇടയിലാണെങ്കിൽ അറുപത് വയസ്സ് തികയുന്നതുവരെ ലൈസൻസ് പ്രാബല്യത്തിലുണ്ടാവും.

**(iv)** ലൈസൻസ് നൽകുമ്പോഴോ പുതുക്കുന്ന സമയത്തോ വ്യക്തിയുടെ പ്രായം അമ്പത്തിയഞ്ച് വയസ്സോ അതിൽ കൂടുതലോ ആണെങ്കിൽ ലൈസൻസിന്റെ കാലാവധി ലൈസൻസ് നൽകിയ അല്ലെങ്കിൽ പുതുക്കിയ തീയ്യതി മുതൽ അഞ്ച് വർഷമായിരിക്കും.

**2019** സെപ്റ്റംബർ **1**-നും **2024** മാർച്ച് **31**-നും ഇടയിൽ **27,78,399** ഡ്രൈവിംഗ് ലൈസൻസുകൾ നൽകിയതായി സാരഥി ഡാറ്റാബേസിൽ നിന്നുള്ള ഡാറ്റ വ്യക്തമാക്കുന്നു. ഡാറ്റയുടെ വിശദമായ വിശകലനത്തിൽ ഈ ലൈസൻസുകളിൽ **7,524** എണ്ണം നിർദ്ദിഷ്ട കാലാവധിയിൽ നിന്ന് വ്യതിചലിച്ചതായി കണ്ടെത്തിയത് താഴെ കൊടുത്തിരിക്കുന്നു:

[18] മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 14(2)(ബി).

[19] മോട്ടോർ വാഹന (ഭേദഗതി) നിയമം, 2019.

- **3,819** ലൈസൻസുകളിൽ കാലാവധി **അനുബന്ധം II**-ൽ കാണിച്ചിരിക്കുന്നതു പോലെ രണ്ട് മുതൽ 4,383 ദിവസം വരെ കൂടുതലായിരുന്നു.

- **3,705** ലൈസൻസുകളിൽ കാലാവധി **അനുബന്ധം III**-ൽ കാണിച്ചിരിക്കുന്നതു പോലെ രണ്ട് മുതൽ 4,336 ദിവസം വരെ കുറവായിരുന്നു.

ഈ പൊരുത്തക്കേടുകൾ മോട്ടർ വാഹന നിയമത്തിന്റെ നിയമപരമായ ചട്ടക്കൂടിനെ ദുർബലപ്പെടുത്തുന്നു, കാരണം ലൈസൻസുകൾ ഉടമയുടെ പ്രായമനുസരിച്ച് നിർണ്ണയിക്കുന്ന യോഗ്യതയെ കൃത്യമായി പ്രതിഫലിക്കുന്നില്ല. തിരഞ്ഞെടുത്ത ഓഫീസുകളിൽ കണ്ടെത്തിയ അഞ്ച് കേസുകൾ ചുവടെയുള്ള **പട്ടിക 2.6**-ൽ ഉദാഹരണമായി നൽകിയിരിക്കുന്നു:

**പട്ടിക 2.6: തെറ്റായ കാലാവധിയുള്ള ഡ്രൈവിംഗ് ലൈസൻസുകൾ നൽകിയത് - ചില ഉദാഹരണങ്ങൾ**

| ക്രമ നം. | ഓഫീസിന്റെ പേര് | ലൈസൻസ് നമ്പർ | ഡ്രൈവിംഗ് ലൈസൻസ് നൽകിയ തീയതി | ജനന ത്തീയതി | ലൈസൻസ് നൽകിയ തീയതിയിലെ പ്രായം | നൽകിയ കാലാവധി | നൽകേണ്ട കാലാവധി |
|---|---|---|---|---|---|---|---|
| 1 | ആർടിഒ കോട്ടയം | കെഎൽ 05 20190002715 | 28-10-2019 | 25-04-1993 | 26 | 27-10-2039 | 24-04-2033 |
| 2 | ആർടിഒ തൃശ്ശൂർ | കെഎൽ 08 20190002560 | 23-11-2019 | 18-05-1989 | 30 | 17-05-2039 | 22-11-2029 |
| 3 | ആർടിഒ വയനാട് | കെഎൽ 12 20210004654 | 22-10-2021 | 03-07-1994 | 27 | 29-05-2035 | 02-07-2034 |
| 4 | ആർടിഒ കണ്ണൂർ | കെഎൽ 13 20190003164 | 28-12-2019 | 18-09-1986 | 33 | 17-09-2036 | 27-12-2029 |
| 5 | എസ്ആർടിഒ മാവേലിക്കര | കെഎൽ 31 20190001155 | 22-11-2019 | 17-12-1995 | 23 | 21-11-2039 | 16-12-2035 |

സ്രോതസ്സ്: സാരഥി ഡാറ്റാബേസ്.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2025 ജനവരി), ഈ കാലയളവിൽ നൽകിയ മൊത്തം ലൈസൻസുകളുടെ എണ്ണവുമായി താരതമ്യപ്പെടുത്തുമ്പോൾ പിശകുകളുടെ എണ്ണം കുറവാണെങ്കിലും ഇക്കാര്യം ഗൗരവമായി എടുത്തിട്ടുണ്ടെന്ന് സർക്കാർ അറിയിച്ചു (2025 സെപ്റ്റംബർ). പഴയ സ്മാർട്ട്മൂവ് സോഫ്റ്റ്‌വെയറിൽ നിന്ന് പുതിയ സാരഥി സോഫ്റ്റ്‌വെയറിലേക്ക് മാറിയതിനാലാണ് ഈ പിശക് സംഭവിച്ചത്. തിരിച്ചറിഞ്ഞ കേസുകൾ തിരുത്തുമെന്നും ഉറപ്പുനൽകി. ഇക്കാര്യത്തിൽ, ഓരോ ഓഫീസിലും പ്രത്യേക സംഘം രൂപീകരിച്ച് ക്രമക്കേടുകൾ പരിഹരിക്കാനും പത്ത് ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കാനും എല്ലാ ആർടിഒമാർക്കും ജോയിന്റ് ആർടിഒമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൃത്യമായ ലൈസൻസ് കാലാവധി ഉറപ്പാക്കുന്നതിന് സാരഥി ഡാറ്റാബേസിലെ ഡ്രൈവിംഗ് ലൈസൻസ് കാലാവധി സ്വയമേവ പരിശോധിക്കാനുള്ള സാധ്യത പരിശോധിക്കാൻ നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിനോട് (എൻഐസി) അഭ്യർത്ഥിച്ചിട്ടുണ്ടെന്നും വ്യക്തമാക്കി. അത്തരം പിശകുകൾ തടയുന്നതിന് ലൈസൻസ് കാലാവധി സാധൂകരണ നിയന്ത്രണങ്ങൾ സോഫ്റ്റ്‌വെയറിന്റെ ഭാഗമായിരിക്കണം.

> ***ശുപാർശ 4***
>
> *സാരഥി ഡാറ്റാബേസിൽ സാധൂകരണ നിയന്ത്രണങ്ങൾ ഉൾപ്പെടുത്തുന്നത് നിശ്ചിത സമയപരിധിക്കുള്ളിൽ എൻഐസി പൂർത്തിയാക്കിയതായി സർക്കാരിന് ഉറപ്പാക്കാം.*

### 2.4.6.5 വാഹന രജിസ്ട്രേഷനും ചട്ടങ്ങളും

നിയമമനുസരിച്ച്, കൃത്യമായി രജിസ്റ്റർ ചെയ്യാത്തതും സസ്പെൻഡ് ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യാത്ത സാധുവായ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഇല്ലാത്തതുമായ ഒരു മോട്ടോർ വാഹനവും, പൊതുസ്ഥലത്തോ മറ്റേതെങ്കിലും സ്ഥലത്തോ, ഒരു വ്യക്തിയും ഓടിക്കുകയോ, അല്ലെങ്കിൽ ഉടമ അത് ഓടിക്കാൻ അനുവദിക്കുകയോ ചെയ്യരുത്. വാഹനത്തിന്റെ രജിസ്ട്രേഷൻ മാർക്ക് നിർദ്ദിഷ്ട രീതിയിൽ പ്രദർശിപ്പിക്കണം. 2019-20 മുതൽ 2023-24 വരെ കേരളത്തിൽ രജിസ്റ്റർ ചെയ്ത മോട്ടോർ വാഹനങ്ങളുടെ എണ്ണം **ചാർട്ട് 2.2**-ൽ വിശദീകരിച്ചിരിക്കുന്നു:

**ചാർട്ട് 2.2: 2019-20 മുതൽ 2023-24 വരെ രജിസ്റ്റർ ചെയ്ത മോട്ടോർ വാഹനങ്ങളുടെ എണ്ണം**




സ്രോതസ്സ്: അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) തയ്യാറാക്കിയത്.

2020-21-ൽ രജിസ്ട്രേഷനുകളുടെ എണ്ണത്തിലെ കുറവ് കോവിഡ്-19 മഹാമാരി മൂലമാണെന്ന് അനുമാനിക്കാം, തുടർന്നുള്ള രണ്ട് വർഷങ്ങളിലെ സ്ഥിരമായ വളർച്ച സാധാരണ നിലയിലേക്കുള്ള തിരിച്ചുവരവിനെ സൂചിപ്പിക്കുന്നു.

ഓരോ മോട്ടോർ വാഹനവും സാധാരണയായി എവിടെയാണോ സൂക്ഷിക്കുന്നത് അതിന്റെ അധികാരപരിധിയിലെ ബന്ധപ്പെട്ട അതോറിറ്റിക്ക് കീഴിൽ രജിസ്റ്റർ ചെയ്യണമെന്നും[20] രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് സാധുവല്ലെങ്കിൽ ഒരു വാഹനവും പൊതുസ്ഥലങ്ങളിൽ ഓടിക്കാൻ കഴിയില്ലെന്നും[21] നിയമം വ്യവസ്ഥ ചെയ്യുന്നു.

[20] 1988-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 40.

[21] 1988-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 39.

ട്രാൻസ്പോർട്ട് വാഹനങ്ങളുടെ കാര്യത്തിൽ, സാധുവായ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഉണ്ടെങ്കിൽ മാത്രമേ രജിസ്ട്രേഷന് സാധുതയുള്ളൂ[22].

### 2.4.6.6 ടിപ്പിംഗ് മെക്കാനിസം ഉള്ള ചരക്ക് വാഹനങ്ങളെ സാധാരണ ചരക്ക് വാഹനമായി തെറ്റായി തരം തിരിച്ചത്

2010-ലെ കേരള ഫിനാൻസ് ആക്ട് ടിപ്പിംഗ് മെക്കാനിസമുള്ളതും ഇല്ലാത്തതുമായ ചരക്ക് വാഹനങ്ങൾക്ക് പ്രത്യേക നികുതി നിരക്കുകൾ അവതരിപ്പിച്ചു. 1976-ലെ കേരള മോട്ടോർ വാഹന നികുതി നിയമത്തിന്റെ ഷെഡ്യൂളിലെ ക്രമ നമ്പർ 3(ii)-ൽ ടിപ്പിംഗ് സംവിധാനങ്ങളോടു കൂടിയ ചരക്ക് വാഹനങ്ങളുടെ നികുതി നിരക്ക് വിവരിച്ചിട്ടുണ്ട്.

വാഹൻ സോഫ്റ്റ്‌വെയറിൽ, വാഹനത്തിന്റെ ക്ലാസ്, പെർമിറ്റ് തരം, കാറ്റഗറി എന്നിവ തിരിച്ചറിയാൻ പ്രത്യേക സംഖ്യാ കോഡുകൾ നൽകിയിട്ടുണ്ട്. ഇതനുസരിച്ച്, ടിപ്പിംഗ് മെക്കാനിസമുള്ളത് ഉൾപ്പെടെ എല്ലാ ചരക്ക് വാഹനങ്ങൾക്കും ക്ലാസ് '59', പെർമിറ്റ് തരം '105' എന്നിവ നൽകിയിട്ടുണ്ട്. എന്നിരുന്നാലും, ടിപ്പിംഗ് മെക്കാനിസമുള്ള (ടിപ്പർ) ചരക്ക് വാഹനങ്ങളെ പ്രത്യേകമായി തിരിച്ചറിയുന്നതിനായി അവർക്ക് ഒരു അധിക പെർമിറ്റ് കാറ്റഗറി '31' നൽകിയിട്ടുണ്ട്.

2022 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവിൽ വാഹൻ ഡാറ്റാബേസിലെ നികുതി ഒടുക്കിയ ഡാറ്റയുടെ ഓഡിറ്റ് വിശകലനത്തിൽ, 46,040 വാഹനങ്ങളെ വെഹിക്കിൾ ക്ലാസ് '59', പെർമിറ്റ് തരം '105' എന്നതിൽ ഉൾപ്പെടുത്തിയതായി കണ്ടെത്തി. എന്നാൽ, 'വാഹന വിവരങ്ങൾ' വിശദമായി പരിശോധിച്ചതിൽ ഈ ചരക്ക് വാഹനങ്ങളിൽ 2,153 എണ്ണത്തിന് ടിപ്പിംഗ് സംവിധാനങ്ങൾ സജ്ജീകരിച്ചിട്ടുണ്ടെങ്കിലും നിർദ്ദിഷ്ട 'ടിപ്പർ' പെർമിറ്റ് കാറ്റഗറി '31' നൽകിയിട്ടില്ലെന്ന് കണ്ടെത്തി. ഈ തെറ്റായ വർഗ്ഗീകരണം സാധാരണ ചരക്ക് വാഹനങ്ങൾക്ക് ബാധകമായ കുറഞ്ഞ നിരക്കിൽ മോട്ടോർ വാഹന നികുതി ചുമത്തുന്നതിനും പിരിച്ചെടുക്കുന്നതിലേക്കും നയിക്കുകയും തൽഫലമായി **അനുബന്ധം IV**-ൽ വിവരിച്ചിരിക്കുന്നതുപോലെ **0.94 കോടി രൂപ** കുറവായി പിരിച്ചെടുക്കുന്നതിന് കാരണമായി.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ, ഓഫീസിൽ സേവനങ്ങൾ നൽകുമ്പോൾ വാഹനങ്ങളുടെ ക്ലാസ്, പെർമിറ്റ് വിഭാഗങ്ങൾ എന്നിവ പരിശോധിക്കാൻ എല്ലാ ആർടിഒകൾക്കും ജോയിന്റ് ആർടിഒകൾക്കും വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്ന് സർക്കാർ അറിയിച്ചു (2025 സെപ്റ്റംബർ). ഓഡിറ്റ് നിരീക്ഷണം കണക്കിലെടുത്ത് എല്ലാ ഓഫീസുകൾക്കും പ്രത്യേക നിർദ്ദേശം നൽകുമെന്നും സർക്കാർ അറിയിച്ചു. കൂടാതെ, സോഫ്റ്റ്‌വെയറിൽ വാഹനങ്ങളെ തരംതിരിക്കുമ്പോൾ മോട്ടോർ വാഹന നിയമത്തിന് കീഴിൽ ഉപയോഗിക്കുന്ന വെഹിക്കിൾ ക്ലാസ് പദാവലി പാലിക്കാൻ എൻഐസിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

***ശുപാർശ 5***

*ന്യൂനതകൾ ചൂണ്ടിക്കാണിച്ച വാഹനങ്ങളുടെ നേരിട്ടുള്ള പരിശോധന നടത്താനും പെർമിറ്റ് വിഭാഗങ്ങളുടെ തെറ്റായ വർഗ്ഗീകരണവും അതു വഴി നികുതി പിരിവ് കുറയുന്നതും തടയുന്നതിന് ഉചിതമായ പെർമിറ്റ് കോഡുകൾ നൽകിയിട്ടുണ്ടെന്ന് ഉറപ്പാക്കാനും മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർക്ക് സർക്കാർ നിർദ്ദേശം നൽകാം.*

[22] 1988-ലെ മോട്ടോർ വാഹന നിയമത്തിലെ 56, 59, 60 എന്നീ വകുപ്പുകൾ.

### 2.4.6.7 പെർമിറ്റ് വ്യവസ്ഥകളുടെ ലംഘനം

ബന്ധപ്പെട്ട അധികാരികൾ നൽകിയ സാധുവായ പെർമിറ്റ് ഉപയോഗിച്ച് മാത്രമേ ഒരു ട്രാൻസ്പോർട്ട് വാഹനം പൊതുസ്ഥലങ്ങളിൽ ഉപയോഗിക്കാൻ കഴിയൂ[23], അത്തരം പെർമിറ്റുകൾ വാഹനത്തിന്റെ ഫിറ്റ്നസ്, സുരക്ഷ, റോഡിൽ ഓടിക്കുവാനുള്ള നിലവാരം എന്നിവയുമായി ബന്ധപ്പെട്ട വ്യവസ്ഥകൾക്ക് വിധേയമാണ്[24]. നിർദ്ദിഷ്ട കാലയളവിനുള്ളിൽ ബാധകമായ നികുതി അടച്ചില്ലെങ്കിൽ പെർമിറ്റ് അസാധുവാകും[25], സാധുവായ പെർമിറ്റില്ലാതെ വാഹനം ഉപയോഗിക്കുന്നത് ശിക്ഷാർഹമാണ്[26]. വകുപ്പ് 192എ(1) പ്രകാരമുള്ള കുറ്റകൃത്യങ്ങൾക്ക് ബാധകമായ കോമ്പൗണ്ടിംഗ് ഫീസ് സർക്കാർ നിർദ്ദേശിക്കുന്നത്[27], ചുവടെയുള്ള **പട്ടിക 2.7**-ൽ കാണിച്ചിരിക്കുന്നു:

**പട്ടിക 2.7: പെർമിറ്റ് വ്യവസ്ഥകളുടെ ലംഘനത്തിന് ഈടാക്കാവുന്ന കോമ്പൗണ്ടിംഗ് ഫീസ്**

| വാഹനത്തിന്റെ തരം | പെർമിറ്റ് ഇല്ലാതെ മോട്ടോർ വാഹനങ്ങൾ ഉപയോഗിച്ചാലുള്ള കോമ്പൗണ്ടിംഗ് ഫീസ് |
|---|---|
| ലൈറ്റ് മോട്ടോർ വെഹിക്കിൾ/ ഇരുചക്ര, മുച്ചക്ര വാഹനം | ആദ്യ കുറ്റത്തിന് ₹3,000.<br>തുടർന്നുള്ള കുറ്റങ്ങൾക്ക് ₹7,500. |
| ഇടത്തരം ചരക്ക് വാഹനങ്ങൾ, ഇടത്തരം യാത്രാ വാഹനങ്ങൾ, ഹെവി ഗുഡ്സ് വാഹനങ്ങൾ, ഹെവി പാസഞ്ചർ മോട്ടോർ വാഹനങ്ങൾ | ആദ്യ കുറ്റത്തിന് ₹7,500.<br>തുടർന്നുള്ള കുറ്റങ്ങൾക്ക് ₹10,000. |

2019 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവിൽ സംസ്ഥാനത്തുട നീളമുള്ള ആർടിഒ/ എസ്ആർടിഒകളുമായി ബന്ധപ്പെട്ട വാഹൻ ഡാറ്റാബേസിലെ പെർമിറ്റ് ഡാറ്റയുടെ വിശകലനത്തിൽ, നൽകിയ **6,71,965** പെർമിറ്റുകളിൽ **53,384** പേർ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 84 അല്ലെങ്കിൽ 1976-ലെ കെഎംവിടി നിയമത്തിലെ വകുപ്പ് 15 അല്ലെങ്കിൽ ഇവ രണ്ടുമോ നിർബന്ധമാക്കിയ പെർമിറ്റ് വ്യവസ്ഥകൾ ലംഘിച്ചതായി കണ്ടെത്തി. വാഹനങ്ങൾ ഉപയോഗിക്കാത്തതിനെ ക്കുറിച്ചുള്ള വിവരങ്ങളുമായി ചേർത്ത് നടത്തിയ പരിശോധനയിൽ വാഹന ഉടമകളാരും മേൽപ്പറഞ്ഞ കാലയളവിൽ വാഹനം ഉപയോഗിക്കുന്നില്ലെന്ന അറിയിപ്പ് സമർപ്പിച്ചിട്ടില്ലെന്ന് വ്യക്തമായി. നിയമ ലംഘനങ്ങളുടെ വിശദാംശങ്ങൾ ചുവടെയുള്ള **പട്ടിക 2.8**-ൽ തരംതിരിച്ചിരിക്കുന്നു:

**പട്ടിക 2.8: പെർമിറ്റ് വ്യവസ്ഥകൾ ലംഘിച്ച കേസുകൾ**

| നിയമലംഘനങ്ങൾ | കേസുകൾ | കോമ്പൗണ്ടിംഗ് ഫീസ് (₹ കോടിയിൽ) |
|---|---|---|
| ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റും നികുതിയും കാലഹരണപ്പെട്ട കേസുകൾ | 29,903 | 11.11 |
| സിഎഫ് കാലഹരണപ്പെട്ട കേസുകൾ | 14,370 | 4.78 |
| നികുതി കാലഹരണപ്പെട്ട കേസുകൾ | 9,111 | 3.23 |
| **ആകെ** | **53,384** | **19.12** |

സ്രോതസ്സ്: വാഹൻ ഡാറ്റാബേസ്.

[23] 1988-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 66.
[24] 1988-ലെ മോട്ടോർ വാഹന നിയമത്തിലെ 84(എ), 84(എഫ്) എന്നീ വകുപ്പുകൾ.
[25] 1976-ലെ കേരള മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 15.
[26] 1988-ലെ മോട്ടോർ വാഹന നിയമത്തിലെ 66(1), 192എ(1) എന്നീ വകുപ്പുകൾ.
[27] 2019 ഒക്ടോബർ 26-ലെ സ.ഉ. (അച്ചടി) നമ്പർ 37/2019/ട്രാൻസ് പ്രകാരം.

വാഹൻ എംഐഎസ് റിപ്പോർട്ടുകളിൽ നിയമലംഘനങ്ങളും വാഹന വിശദാംശങ്ങളും ലഭ്യമായിരുന്നിട്ടും പെർമിറ്റ് സസ്പെൻഡ് ചെയ്യുകയോ റദ്ദാക്കുകയോ വീഴ്ച വരുത്തുന്നവർക്ക് നോട്ടീസ് നൽകുകയോ പോലുള്ള തിരുത്തൽ നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടില്ലെന്ന് ഓഡിറ്റിൽ കണ്ടെത്തി. ഇത് സാധുവായ പെർമിറ്റിനുള്ള വ്യവസ്ഥകൾ പാലിക്കാതെ മോട്ടോർ വാഹനങ്ങൾ ഓടിക്കുന്നതിനുള്ള കോമ്പൗണ്ടിംഗ് ഫീസായ **19.12 കോടി രൂപ** പിരിച്ചെടുക്കാതിരിക്കുന്നതിന് കാരണമായി **(അനുബന്ധം V)**.

പോലീസ് വകുപ്പിൽ നിന്ന് അപകടങ്ങളുടെ എഫ്ഐആർ വിശദാംശങ്ങൾ ഓഡിറ്റ് ശേഖരിച്ചു പരിശോധിച്ചതിൽ നിന്നും ഈ **53,384** വാഹനങ്ങളിൽ **609** എണ്ണവും **അനുബന്ധം VI**-ൽ കാണിച്ചിരിക്കുന്നതുപോലെ പെർമിറ്റ് വ്യവസ്ഥകൾ ലംഘിച്ച കാലയളവിൽ അപകടത്തിൽപെട്ടതായി കണ്ടെത്തി. തിരഞ്ഞെടുത്ത ഓഫീസുകളിൽ ശ്രദ്ധയിൽപ്പെട്ട ചില ഉദാഹരണങ്ങൾ ചുവടെയുള്ള **പട്ടിക 2.9**-ൽ വിശദീകരിച്ചിരിക്കുന്നു:

**പട്ടിക 2.9: ചട്ടലംഘന കാലയളവിൽ സംഭവിച്ച അപകടങ്ങളുടെ ചില ഉദാഹരണങ്ങൾ**

| ക്രമ നം. | ഓഫീസിന്റെ പേര് | രജിസ്ട്രേഷൻ നമ്പർ | പെർമിറ്റ് കാലാവധി | സിഎഫ്/ അടച്ച നികുതിയുടെ കാലാവധി | അപകടത്തിൽ പെട്ട തീയതി | കുറിപ്പുകൾ |
|---|---|---|---|---|---|---|
| 1 | ആർടിഒ കോട്ടയം | കെഎൽ05 എസി9707 | 07-01-2026 | 10-01-2021 | 17-12-2022 | ഗുരുതര പരിക്ക് |
| 2 | ആർടിഒ തൃശ്ശൂർ | കെഎൽ03 കെ3045 | 12-02-2026 | 31-12-2019 | 26-04-2021 | |
| 3 | ആർടിഒ വയനാട് | കെഎൽ12 ജെ9372 | 29-12-2028 | 30-12-2023 | 10-02-2025 | |
| 4 | എസ്ആർടിഒ ഗുരുവായൂർ | കെഎൽ46 പി4993 | 08-03-2027 | 30-09-2021 | 12-06-2023 | |
| 5 | എസ്ആർടിഒ ഗുരുവായൂർ | കെഎൽ46 പി6781 | 26-01-2027 | 31-12-2021 | 07-04-2023 | |

സ്രോതസ്സ്: പോലീസ് വകുപ്പിന്റെ രേഖകൾ.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ, നിശ്ചിത പെർമിറ്റ് വ്യവസ്ഥകൾ പാലിക്കുന്നതിൽ പരാജയപ്പെടുന്ന വാഹനങ്ങളുടെ പെർമിറ്റ് സസ്പെൻഡ് ചെയ്യുകയോ റദ്ദാക്കുകയോ പോലുള്ള നിയമപരമായ നടപടികൾ കർശനമായി നടപ്പാക്കാൻ ആർടിഒ/ എസ്ആർടിഒ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് സർക്കാർ അറിയിച്ചു (2025 സെപ്റ്റംബർ). അത്തരം വിവരങ്ങൾ ശേഖരിക്കുന്നതിന് വാഹൻ അടിസ്ഥാനമാക്കിയുള്ള എംഐഎസ് റിപ്പോർട്ട് ജനറേഷൻ മൊഡ്യൂളിൽ എല്ലാ ആർടിഒ/ എസ്ആർടിഒമാർക്കും പരിശീലനം നൽകിയിട്ടുണ്ടെന്നും സർക്കാർ അറിയിച്ചു. ഇത്തരം നിയമലംഘനങ്ങൾ തടയുന്നതിനായി പീരിയോഡിക്കൽ സ്പെഷ്യൽ ഡ്രൈവ് പരിശോധനയും നടത്തുന്നുണ്ട്.

***ശുപാർശ 6***

*പീരിയോഡിക്കൽ സ്പെഷ്യൽ ഡ്രൈവുകളുടെ സ്ഥിതി പതിവായി ട്രാക്ക് ചെയ്യുന്നതിനും നിർദ്ദിഷ്ട വ്യവസ്ഥകൾ ലംഘിക്കുന്ന വാഹനങ്ങളുടെ പെർമിറ്റുകൾ സസ്പെൻഡ് ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യുന്നത് ഉൾപ്പെടെയുള്ള തുടർനടപടികൾ പാലിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനും ഒരു സംവിധാനം ഏർപ്പെടുത്തുന്നത് സർക്കാരിന് പരിഗണിക്കാം.*

### 2.4.6.8 വാഹന ഫിറ്റ്നസ് ടെസ്റ്റിംഗ് നടപടിക്രമങ്ങളിലെ പോരായ്മകൾ

ലൈറ്റുകൾ, ബ്രേക്കുകൾ, സ്പീഡോമീറ്ററുകൾ, സ്റ്റിയറിംഗ്[28] തുടങ്ങിയ പ്രധാന ഘടകങ്ങളിൽ നിർദ്ദിഷ്ട പരിശോധനകൾ നടത്തിയതിന് ശേഷം നൽകുന്ന നിർദ്ദിഷ്ട ആവശ്യകതകൾ പാലിക്കുന്നുണ്ടെന്ന് സ്ഥിരീകരിക്കുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റ്[29] ഉണ്ടെങ്കിൽ മാത്രമേ ഒരു ട്രാൻസ്പോർട്ട് വാഹനം സാധുവായി രജിസ്റ്റർ ചെയ്തതായി കണക്കാക്കുകയുള്ളൂ. കൂടാതെ, വാഹനം ഒരു ഓട്ടോമേറ്റഡ് ടെസ്റ്റിംഗ് സ്റ്റേഷനിൽ (എടിഎസ്)[30] പരിശോധിച്ചിട്ടില്ലെങ്കിൽ, കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്യുന്ന തീയതിക്ക് ശേഷം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാൻ കഴിയില്ല. 2023 സെപ്റ്റംബർ 12 മുതൽ ട്രാൻസ്പോർട്ട് വാഹനങ്ങളുടെ ഫിറ്റ്നസ് പരിശോധന, അധികാര പരിധിക്കുള്ളിൽ എടിഎസ് പ്രവർത്തനക്ഷമമാണെങ്കിൽ, എടിഎസ് വഴി മാത്രമായി നടത്തണമെന്ന് കേന്ദ്ര സർക്കാർ ജിഎസ്ആർ 663(ഇ) പ്രകാരം വിജ്ഞാപനം ചെയ്തു. എടിഎസ് പ്രവർത്തനക്ഷമമല്ലാത്ത പ്രദേശങ്ങളിൽ നിർബന്ധിത എടിഎസ് പരിശോധനയ്ക്കുള്ള സമയപരിധി 2025 ഏപ്രിൽ 1 വരെ നീട്ടി നൽകി.

വാഹന ഫിറ്റ്നസ് ടെസ്റ്റിംഗ് നടപടിക്രമങ്ങളിലെ പോരായ്മകൾ ഓഡിറ്റ് തിരിച്ചറിഞ്ഞത് ചുവടെ വിവരിച്ചിരിക്കുന്നു:

- **ഓട്ടോമേറ്റഡ് ടെസ്റ്റിംഗ് സ്റ്റേഷനുകളുടെ അഭാവം**

വാഹന ഫിറ്റ്നസ് വിലയിരുത്തലിൽ ഏകീകൃതത ഉറപ്പാക്കുന്നതിനും പരിശോധനകളിലെ സ്വേച്ഛാധിപത്യം ഇല്ലാതാക്കുന്നതിനും, വാഹന ഫിറ്റ്നസ് ടെസ്റ്റുകൾ നടത്തുന്നതിന് എടിഎസ് സ്ഥാപിക്കാൻ വകുപ്പ് നിർദ്ദേശിച്ചു (2011 മെയ്). സംസ്ഥാനത്തുടനീളമുള്ള 86 ആർടിഒ/ എസ്ആർടിഒകളിൽ ഒൻപത് എണ്ണത്തിൽ എടിഎസ് സ്ഥാപിച്ചതായി നൽകിയ വിവരങ്ങൾ വ്യക്തമാക്കുന്നു. എന്നാൽ ഈ എടിഎസുകളൊന്നും പ്രവർത്തനക്ഷമമല്ലെന്ന് ഓഡിറ്റ് കണ്ടെത്തി (2025 ജനുവരി). കേന്ദ്ര ഉപരിതല ഗതാഗത, ദേശീയപാത മന്ത്രാലയം വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുമ്പ് തന്നെ സംസ്ഥാനത്ത് കമ്പ്യൂട്ടറൈസ്ഡ് വാഹന പരിശോധനാ സ്റ്റേഷനുകൾ സ്ഥാപിച്ചിരുന്നു. തൽഫലമായി, വാഹന പരിശോധനയ്ക്കായി ഉപരിതല ഗതാഗത, ദേശീയപാത മന്ത്രാലയം നിർദ്ദേശിച്ചിട്ടുള്ള ചില ആവശ്യകതകളും മാനദണ്ഡങ്ങളും അവ പൂർണ്ണമായി പാലിക്കുന്നില്ല. ഈ ഒൻപത് എടിഎസുകളുടെ നിലവിലെ സ്ഥിതി ചുവടെയുള്ള **പട്ടിക 2.10**-ൽ കാണിച്ചിരിക്കുന്നു:

**പട്ടിക 2.10: എടിഎസിന്റെ നിലവിലെ വിശദാംശങ്ങൾ**

| ക്രമ നം. | ഓഫീസിന്റെ പേര് | എടിഎസിന്റെ നില | ആരംഭിച്ച തീയതി | വിനിയോഗിച്ച ഫണ്ട് (₹) |
|---|---|---|---|---|
| 1 | പാറശ്ശാല | പ്രവർത്തിക്കുന്നില്ല | ലൈറ്റ് മോട്ടോർ വെഹിക്കിൾ 23/01/2017, ഹെവി മോട്ടോർ വെഹിക്കിൾ 06/08/2019 | 5,76,55,619 |
| 2 | തിരുവനന്തപുരം | പ്രവർത്തിക്കുന്നില്ല | 04/11/2014 | 2,45,70,000 |
| 3 | ഉഴവൂർ | പ്രവർത്തിക്കുന്നില്ല | ലൈറ്റ് മോട്ടോർ വെഹിക്കിൾ 25/02/2019, ഹെവി മോട്ടോർ വെഹിക്കിൾ 30/03/2019 | 5,92,81,348 |
| 4 | മൂവാറ്റുപുഴ | പ്രവർത്തിക്കുന്നില്ല | 25/02/2019 | 2,29,44,271 |
| 5 | തൃപ്പൂണിത്തുറ | പ്രവർത്തിക്കുന്നില്ല | പ്രവർത്തനം തുടങ്ങിയിട്ടില്ല | 2,57,00,000 |
| 6 | കോഴിക്കോട് | പ്രവർത്തിക്കുന്നില്ല | ലൈറ്റ് മോട്ടോർ വെഹിക്കിൾ 18/06/2012, | 3,47,11,348 |

[28] 1989-ലെ സിഎംവി ചട്ടങ്ങളുടെ ചട്ടം 62.

[29] 1988-ലെ മോട്ടോർ വാഹന നിയമത്തിലെ 56, 39 എന്നീ വകുപ്പുകൾ.

[30] 1988-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 56(1)-ന് താഴെയുള്ള രണ്ടാമത്തെ വ്യവസ്ഥ.

| ക്രമ നം. | ഓഫീസിന്റെ പേര് | എടിഎസിന്റെ നില | ആരംഭിച്ച തീയതി | വിനിയോഗിച്ച ഫണ്ട് (₹) |
|---|---|---|---|---|
| | | | ഹെവി മോട്ടോർ വെഹിക്കിൾ 02/08/2019 | |
| 7 | കണ്ണൂർ | പ്രവർത്തിക്കുന്നില്ല | 01/07/2013 | 1,79,38,157 |
| 8 | തളിപ്പറമ്പ് | പ്രവർത്തിക്കുന്നില്ല | പ്രവർത്തനം തുടങ്ങിയിട്ടില്ല | 3,30,00,000 |
| 9 | കാസർകോട് | പ്രവർത്തിക്കുന്നില്ല | | 3,40,00,000 |
| | **ആകെ** | | | **30,98,00,743** |

സ്രോതസ്സ്: വകുപ്പുതല രേഖകൾ.

വാഹന പരിശോധനാ പ്രക്രിയ നവീകരിക്കുന്നതിനും ക്രമീകരിക്കുന്നതിനുമായി ഒമ്പത് എടിഎസുകൾ സ്ഥാപിക്കുന്നതിന് സർക്കാർ **30.98 കോടി രൂപ** ചെലവഴിച്ചിട്ടുണ്ടെങ്കിലും ഈ സൗകര്യങ്ങൾ തുടർച്ചയായി പ്രവർത്തനരഹിതമായത് ഫണ്ടുകളുടെ ഫലപ്രദമല്ലാത്ത വിനിയോഗത്തിന് കാരണമായതായി ഓഡിറ്റ് നിരീക്ഷിച്ചു. എടിഎസുകൾ ഇതുവരെ പ്രവർത്തനം തുടങ്ങാത്ത (2025 ജനുവരി) മൂന്ന് സ്ഥലങ്ങളിൽ എടിഎസ് സ്ഥാപിക്കുന്ന പ്രക്രിയ ഓഡിറ്റ് വിശകലനം ചെയ്തതിൽ നിന്നുള്ള കണ്ടെത്തലുകൾ ചുവടെ നൽകിയിരിക്കുന്നു:

**2016 ഒക്ടോബറിൽ 3.50 കോടി രൂപ വീതം ചെലവിൽ തളിപ്പറമ്പ്, കാസർകോട്, തൃപ്പൂണിത്തുറ എന്നിവിടങ്ങളിൽ എടിഎസ് സ്ഥാപിക്കാൻ സർക്കാർ അനുമതി നൽകുകയും നിർമാണച്ചുമതല കിറ്റ്കോയെ ഏൽപിച്ചുകൊണ്ട് 2017 മാർച്ച് 25-ന് ഒരു കരാർ നടപ്പിലാക്കുകയും ചെയ്തു. 2022 മാർച്ച്, മെയ് മാസങ്ങളിൽ പൂർത്തീകരിച്ച് കൈമാറിയെങ്കിലും, 2022 സെപ്റ്റംബർ-നവംബർ മാസങ്ങളിൽ വർക്ക് ഓർഡറുകൾ നൽകിയിട്ടും ഫെസിലിറ്റി മാനേജ്മെന്റ് കരാർ നൽകിയ എസ്ആർഐടി കരാർ നടപ്പിലാക്കുന്നതിൽ പരാജയപ്പെട്ടതിനാൽ സ്റ്റേഷനുകൾ പ്രവർത്തനരഹിതമായി തുടർന്നു. ചട്ടങ്ങൾ അനുസരിച്ച് കരാർ റദ്ദാക്കുന്നതിനും നിരതദ്രവ്യം കണ്ടുകെട്ടുന്നതിനും, പ്രവർത്തനങ്ങൾ വീണ്ടും ഏൽപ്പിക്കുന്നതിനും ഉള്ള ഒരു നടപടിയും സർക്കാർ ആരംഭിച്ചില്ല. തൽഫലമായി, മൂന്ന് എടിഎസുകൾക്കായി 9.27 കോടി രൂപ ചെലവഴിച്ചത് ഫലപ്രദമല്ലാതായി തുടർന്നു, അവ പ്രവർത്തനക്ഷമമാക്കാൻ കൂടുതൽ നടപടികളൊന്നും ആരംഭിച്ചില്ല (2025 ജനുവരി).**

പ്രവർത്തനക്ഷമമായ എടിഎസുകളുടെ അഭാവം കാരണം, നിർദ്ദിഷ്ട മാനദണ്ഡങ്ങൾ അനുസരിച്ച് വാഹന ഫിറ്റ്നസ് ടെസ്റ്റുകൾ നടത്താൻ കഴിയില്ല, ഇത് ചട്ടങ്ങൾ പാലിക്കാതിരിക്കുന്നതിലേക്ക് നയിക്കുകയും റോഡ് സുരക്ഷയെ ബാധിക്കുകയും ചെയ്യുന്നു.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ, സ്വകാര്യ മേഖലയിൽ 19 എടിഎസുകൾ സ്ഥാപിക്കുന്നതിന് ടെൻഡർ ക്ഷണിച്ചതായി സർക്കാർ വ്യക്തമാക്കി (2025 സെപ്റ്റംബർ). എല്ലാ എടിഎസുകളും ബിൽഡ്-ഓൺ-ഓപ്പറേറ്റ്-മെയിന്റെയിൻ-റവന്യൂ ഷെയർ മാതൃകയിൽ പ്രവർത്തിപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ടെന്നും ലേലം തുറക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണെന്നും സർക്കാർ അറിയിച്ചു. നിലവിലുള്ള ഒൻപത് എടിഎസുകൾ പ്രവർത്തനക്ഷമമാക്കാനുള്ള ശ്രമവും പുരോഗമിക്കുകയാണ്. ആറുമാസത്തിനുള്ളിൽ ഇത് പ്രവർത്തനക്ഷമമാക്കാനാണ് ലക്ഷ്യമിടുന്നത്.

***ശുപാർശ 7***

*കേന്ദ്ര വിജ്ഞാപനം പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനായി ആസൂത്രണം ചെയ്തിട്ടുള്ള 19 എടിഎസ് സ്ഥാപിക്കുന്നതും നിലവിലുള്ളവ നവീകരിക്കുന്നതും സർക്കാരിന് ത്വരിതപ്പെടുത്താം. നടപ്പാക്കൽ മാർഗരേഖ കർശനമായി പാലിച്ചു കൊണ്ട് എടിഎസ് പൂർണ്ണമായും പ്രവർത്തനക്ഷമമാക്കുന്നതിന് വ്യക്തമായ സമയക്രമം നിശ്ചയിക്കണം.*

- **വാഹനങ്ങളുടെ ഫിറ്റ്നസ് പരിശോധന മാനുവലായി നടത്തുന്നതിലെ ന്യൂനതകൾ**

വാഹനങ്ങളുടെ ഫിറ്റ്നസ് പരിശോധന മാനുവലായി നടത്തുന്നതിനുള്ള നടപടി ക്രമങ്ങൾ വിലയിരുത്തുന്നതിന്, തിരഞ്ഞെടുത്ത 10 ആർടിഒ/ എസ്ആർടിഒകളിൽ എംവിഡി ഉദ്യോഗസ്ഥരുമായി ചേർന്ന് ഓഡിറ്റ് സംയുക്ത പരിശോധന നടത്തിയതിൽ നിന്നും വെളിവായ ചട്ടങ്ങളിൽ[31] നിന്നുള്ള വ്യതിയാനങ്ങൾ ഇനിപ്പറയുന്നു.

ഫിറ്റ്നസ് ടെസ്റ്റ് നടത്താൻ അധികാരമുള്ള മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർക്ക് ഇലക്ട്രോണിക് അല്ലെങ്കിൽ സാങ്കേതിക ഉപകരണങ്ങളോ പരിശോധനകൾ നടത്താൻ പ്രത്യേക ട്രാക്കുകളോ റോഡുകളോ നൽകിയിരുന്നില്ല. ഇവയുടെ അഭാവം സ്പീഡ് ഗവർണറുകൾ, ഹെഡ് ലാംപ് ബീമുകൾ, ലൈറ്റുകൾ, ഹോണുകൾ, സൈലൻസറുകൾ, ഡാഷ്ബോർഡ് ഉപകരണങ്ങൾ എന്നിവയുടെ പ്രവർത്തനം പരിശോധിക്കുന്നത് ഉൾപ്പെടെയുള്ള വാഹന വിലയിരുത്തലുകളുടെ കൃത്യതയിലും സമഗ്രതയിലും വിട്ടുവീഴ്ച ചെയ്യുകയും ബ്രേക്കിംഗ് സിസ്റ്റങ്ങളുടെയും മറ്റ് നിർണായക ഘടകങ്ങളുടെയും ഫലപ്രദമായ വിലയിരുത്തലിനെ തടസ്സപ്പെടുത്തുകയും ചെയ്തു.




ചിത്രം 2.4: ആർടിഒ തൃശ്ശൂർ




ചിത്രം 2.5: എസ്ആർടിഒ ഗുരുവായൂർ

എടിഎസ് സ്ഥാപിച്ചിട്ടുള്ള തിരഞ്ഞെടുത്ത ഓഫീസുകളിൽ ഒന്നായ ആർടിഒ കണ്ണൂരിൽ 2022-23 മുതൽ 2024-25 വരെയുള്ള മൂന്ന് വർഷത്തിനിടെ എടിഎസ് വഴിയും മാനുവൽ നടപടിക്രമങ്ങളിലൂടെയും നടത്തിയ ഫിറ്റ്നസ് ടെസ്റ്റുകളുടെ എണ്ണം ഓഡിറ്റ് ശേഖരിച്ചു. വിശദാംശങ്ങൾ ചുവടെയുള്ള **പട്ടിക 2.11**-ൽ കൊടുത്തിരിക്കുന്നു:

[31] 1986-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളുടെ 118, 96(4), 62 എന്നീ ചട്ടങ്ങൾ.

**പട്ടിക 2.11: ഓട്ടോമേറ്റഡ്, മാനുവൽ നടപടിക്രമങ്ങളിൽ നടത്തിയ ഡ്രൈവിംഗ് ടെസ്റ്റുകളുടെ വിശദാംശങ്ങൾ**

| ക്രമ നം. | വർഷം | നൽകിയ മൊത്തം ഫിറ്റ്നസ് സർട്ടിഫിക്കറ്റുകളുടെ എണ്ണം | |
|---|---|---|---|
| | | എടിഎസ് | മാനുവൽ |
| 1 | 2022-23 | 2,880 | 8,231 |
| 2 | 2023-24 | 2,910 | 9,919 |
| 3 | 2024-25 | 0[32] | 12,435 |

സ്രോതസ്സ്: ആർടിഒ കണ്ണൂർ നൽകിയ വിശദാംശങ്ങൾ.

2022-23, 2023-24 വർഷങ്ങളിൽ എടിഎസ് ഉണ്ടായിരുന്നെങ്കിലും, മൊത്തം സിഎഫ് ടെസ്റ്റുകളുടെ 25 ശതമാനം മാത്രമാണ് ഇതിലൂടെ നടത്തിയതെന്ന് കണ്ടെത്തി. ഈ പരിമിതമായ ഉപയോഗം സംവിധാനത്തിന്റെ ഉദ്ദേശ്യത്തെ ദുർബലപ്പെടുത്തുന്നു.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ, നിലവിലുള്ള ഒൻപത് എടിഎസുകൾ നവീകരിക്കുന്ന തിനും പുതിയ 19 എടിഎസുകൾ സ്ഥാപിക്കുന്നതിനുമുള്ള ടെൻഡർ വിളിച്ചതായി സർക്കാർ അറിയിച്ചു (2025 സെപ്റ്റംബർ). എല്ലാ എടിഎസുകളും റവന്യൂ പങ്കിടൽ മാതൃകയിലായിരിക്കും പ്രവർത്തിക്കുകയെന്നും അറിയിച്ചു.

***ശുപാർശ 8***

*ചട്ടങ്ങൾ പാലിക്കുന്നതിനായി ഓട്ടോമേറ്റഡ് ടെസ്റ്റിംഗ് സെന്ററുകൾ സ്ഥാപിക്കുന്നതിന് സർക്കാരിന് ഒരു സമയക്രമം തയ്യാറാക്കാം. സമയക്രമം നിശ്ചയിച്ച ശേഷം, എടിഎസ് വഴി മാത്രം ഫിറ്റ്നസ് ടെസ്റ്റുകൾ നടത്തുന്നതിനുള്ള സമയപരിധി നീട്ടാൻ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കാം.*

### 2.4.6.9 അധിക കാലാവധിയോടുകൂടി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ക്രമരഹിതമായി വിതരണം ചെയ്യുന്നത്

എട്ട് വർഷം വരെ പഴക്കമുള്ള ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് രണ്ട് വർഷവും എട്ട് വർഷത്തിൽ കൂടുതൽ പഴക്കമുള്ള വാഹനങ്ങൾക്ക് ഒരു വർഷവുമാണ് ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ കാലാവധി[33]. ഫിറ്റ്നസ് ടെസ്റ്റ് നടത്തുന്നതിനും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനും പുതുക്കുന്നതിനുമുള്ള ഫീസ് കേന്ദ്ര സർക്കാർ പരിഷ്കരിച്ചിരുന്നു[34]. 2019 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ഓഡിറ്റ് കാലയളവിൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത 10,90,765 ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയതായി വാഹൻ ഡാറ്റാബേസിൽ നിന്നുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട ഡാറ്റ വിശകലനം വ്യക്തമാക്കുന്നു. എട്ട് വർഷത്തിൽ കൂടുതൽ പഴക്കമുള്ള 953 ട്രാൻസ്പോർട്ട് വാഹനങ്ങൾക്കുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾക്ക് നിർദ്ദേശിച്ചിട്ടുള്ള ഒരു വർഷത്തിൽ കൂടുതൽ കാലാവധി നൽകിയതായി ഓഡിറ്റ് നിരീക്ഷിച്ചു **(അനുബന്ധം VII)**.

---

[32] 2024 മാർച്ച് 26 മുതൽ എടിഎസ് സൗകര്യം പ്രവർത്തനരഹിതമായതായി കണ്ണൂർ ആർടിഒ അറിയിച്ചു.

[33] മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 56, കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളുടെ 62(1), 81 എന്നീ ചട്ടങ്ങൾ.

[34] 2016 ഡിസംബർ 29-ലെ ജി.എസ്.ആർ. 1183(ഇ), 2021 ഒക്ടോബർ 4-ലെ ജി.എസ്.ആർ. 714(ഇ) എന്നീ വിജ്ഞാപനങ്ങൾ.

ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾക്ക് ദീർഘിപ്പിച്ച കാലാവധി നൽകുന്നത് നിർദ്ദിഷ്ട കാലയളവ് കഴിഞ്ഞതിന് ശേഷവും നിർബന്ധിത പരിശോധനകൾക്ക് വിധേയരാകാതെ ഈ വാഹനങ്ങൾ റോഡിൽ ഉപയോഗിക്കാൻ അനുവദിക്കുന്നു. കാലാവധി നീട്ടുന്നതിലൂടെ ഇത്തരം വാഹനങ്ങൾ ഒരു ഫിറ്റ്നസ് ടെസ്റ്റിൽ നിന്ന് ഒഴിവാക്കപ്പെടുകയും തൽഫലമായി സർക്കാരിന് സാമ്പത്തിക നഷ്ടമുണ്ടാവുകയും ചെയ്യുന്നു. 953 വാഹനങ്ങൾ ഒരു ഫിറ്റ്നസ് ടെസ്റ്റ് ഒഴിവാക്കിയതിലൂടെ ഫീസായി 0.08 കോടി രൂപ പിരിച്ചെടുക്കപ്പെടാതെ പോയി.

പോലീസ് വകുപ്പിൽ നിന്ന് ഓഡിറ്റ് ശേഖരിച്ച അപകട ഡാറ്റയുടെ വിശകലനം കാണിക്കുന്നത് ഈ 953 വാഹനങ്ങളിൽ എട്ട് വാഹനങ്ങൾ നീട്ടിക്കിട്ടിയ കാലാവധി യിൽ അപകടത്തിൽപെട്ടുവെന്നാണ്. അതിന്റെ വിശദാംശങ്ങൾ ചുവടെയുള്ള **പട്ടിക 2.12**-ൽ നൽകിയിരിക്കുന്നു:

**പട്ടിക 2.12: സിഎഫ് നീട്ടിക്കിട്ടിയ കാലയളവിൽ സംഭവിച്ച അപകടങ്ങളുടെ വിശദാംശങ്ങൾ**

| ക്രമ നം. | ഓഫീസ് | രജിസ്ട്രേഷൻ നമ്പർ | നൽകിയ കാലാവധി | അനുവദനീയമായ കാലാവധി | അപകടം നടന്ന തീയതി | കുറിപ്പുകൾ |
|---|---|---|---|---|---|---|
| 1 | ആർടിഒ ആറ്റിങ്ങൽ | കെഎൽ08 സിഎ1414 | 23-03-2025 | 23-03-2024 | 15-05-2024 | നിസാര പരിക്ക് |
| 2 | ആർടിഒ എറണാകുളം | കെഎൽ41 യു1407 | 10-08-2025 | 10-08-2024 | 23-09-2024 | ഗുരുതര പരിക്ക് |
| 3 | എസ്ആർടിഒ മട്ടാഞ്ചേരി | കെഎൽ43 ക്യു5126 | 29-06-2025 | 29-06-2024 | 30-08-2024 | ഗുരുതര പരിക്ക് |
| 4 | എസ്ആർടിഒ പെരിന്തൽമണ്ണ | കെഎൽ55 എജി0679 | 31-10-2024 | 31-10-2023 | 16-02-2024 | ഗുരുതര പരിക്ക് |
| 5 | എസ്ആർടിഒ കൊയിലാണ്ടി | കെഎൽ56 എക്സ്2197 | 15-06-2024 | 15-06-2023 | 16-08-2023 | മരണം |
| 6 | എസ്ആർടിഒ തിരൂരങ്ങാടി | കെഎൽ65 എസ്2210 | 28-04-2024 | 28-04-2023 | 04-12-2023 | ഗുരുതര പരിക്ക് |
| 7 | എസ്ആർടിഒ തിരൂരങ്ങാടി | കെഎൽ65 എസ്2874 | 16-05-2024 | 16-05-2023 | 27-06-2023 | പരിക്കില്ല |
| 8 | ആർടിഒ മലപ്പുറം | കെഎൽ85 എ8382 | 31-10-2024 | 31-10-2023 | 22-12-2023 | പരിക്കില്ല |

സ്രോതസ്സ്: പോലീസ് വകുപ്പ് നൽകിയ ഡാറ്റ.

ഫിറ്റ്നസ് സർട്ടിഫിക്കറ്റുകളുടെ കാലാവധി നീട്ടി നൽകുന്നത് വാഹന സുരക്ഷയിൽ വിട്ടുവീഴ്ച ചെയ്യുക മാത്രമല്ല, മറ്റ് റോഡ് ഉപയോക്താക്കളുടെ ജീവനും സ്വത്തിനും കാര്യമായ അപകടമുണ്ടാക്കുന്നുവെന്ന് ഇത് കാണിക്കുന്നു.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ, കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളുടെ ചട്ടം 62(1)-ന് വിരുദ്ധമായി എട്ട് വർഷത്തിൽ കൂടുതൽ പഴക്കമുള്ള ചില വാഹനങ്ങൾക്ക് രണ്ട് വർഷത്തേക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ നൽകിയതായി സർക്കാർ അറിയിച്ചു (2025 സെപ്റ്റംബർ). വാഹനങ്ങളുടെ പ്രായവുമായി ബന്ധപ്പെട്ട് വാഹൻ സോഫ്റ്റ്വെയറിൽ സിഎഫ് കാലാവധി നിശ്ചയിക്കാത്തതിനാലാണ് ഇത് സംഭവിച്ചത്. സോഫ്റ്റ്വെയറിലെ ഇത്തരം പിശകുകൾ ഒഴിവാക്കാൻ വാഹൻ ഡാറ്റാബേസ് ഉപയോഗിച്ച് ശരിയായ സാധൂകരണ പരിശോധന നടത്തുമെന്നും വ്യക്തമാക്കി. ഇതിനു പുറമെ ഇന്റേണൽ ഓഡിറ്റ് ടീമും പരിശോധന നടത്തും. കൂടാതെ,

ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനായി ഇക്കാര്യം എൻഐസിയെ അറിയിക്കുകയും ചെയ്യും.

***ശുപാർശ 9***

*കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളുടെ ചട്ടം 62(1) ലംഘിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ നൽകുന്നത് തടയുന്നതിന് ശരിയായ സാധൂകരണ പരിശോധനകളോടെ വാഹൻ ഡാറ്റാബേസ് ഉടനടി പുതുക്കുന്നുവെന്ന് സർക്കാർ ഉറപ്പാക്കണം. സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റങ്ങൾ കാലതാമസമില്ലാതെ നടപ്പിലാക്കുന്നതിന് എൻഐസിയുമായുള്ള ഏകോപനം വേഗത്തിലാക്കണം.*

### 2.4.6.10 സംസ്ഥാനത്ത് അനിയന്ത്രിത മോട്ടോർ വാഹന സേവന ദാതാക്കളുടെ പ്രവർത്തനം

സംസ്ഥാന സർക്കാർ നിർദ്ദേശിക്കുന്ന[35] വ്യവസ്ഥകൾക്ക് വിധേയമായി നിയുക്ത അധികാരിയിൽ നിന്ന് ആവശ്യമായ ലൈസൻസ് നേടാതെ ഒരു വ്യക്തിക്കും ട്രാവൽ ടിക്കറ്റ് ഏജന്റ്, ഗുഡ്സ് ഫോർവേഡിംഗ് ഏജന്റ്, അഗ്രിഗേറ്റർ, റെന്റ്-എ-ക്യാബ് ഓപ്പറേറ്റർ എന്നീ നിലകളിൽ പ്രവർത്തിക്കാൻ അനുവാദമില്ല. സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി (എസ്ടിഎ)/ റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റി (ആർടിഎ) എന്നിവ യാണ് ഇത്തരം ലൈസൻസ് നൽകാനുള്ള അധികാരികൾ.

നിയമത്തിൽ നിന്നുള്ള വ്യതിയാനങ്ങൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടത് തുടർന്നുള്ള ഖണ്ഡികകളിൽ വിവരിച്ചിരിക്കുന്നു.

- **ഏജന്റുമാരുടെയും കാൻവാസർമാരുടെയും ലൈസൻസിനെ നിയന്ത്രിക്കാതിരിക്കൽ**

ഒരു ഏജന്റായി പ്രവർത്തിക്കുന്നതിന് ലഭിക്കുന്ന ലൈസൻസ്, അത് നൽകുന്നതിനോ പുതുക്കുന്നതിനോ ഉള്ള ഫീസ് അടയ്ക്കൽ, ചരക്കുകൾ കൈകാര്യം ചെയ്യുന്ന ഏജന്റുമാർക്ക് 50,000 രൂപ വരെയും മറ്റ് ഏജന്റുമാർക്കോ കാൻവാസർമാർക്കോ 5,000 രൂപ വരെയും സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവയുൾപ്പെടെ, സംസ്ഥാന സർക്കാർ നിർദ്ദേശിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമാണ്. 1988-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 193 ഏജന്റുമാരുമായോ കാൻവാസർമാരുമായോ ബന്ധപ്പെട്ട വ്യവസ്ഥകൾ പാലിക്കാത്തതിന് പിഴ[36] ചുമത്താൻ വ്യവസ്ഥ ചെയ്യുന്നു.

എസ്ടിഎ നൽകിയ വിവരങ്ങളും ലഭ്യമായ രേഖകളും പരിശോധിച്ച ഓഡിറ്റ്, സംസ്ഥാനത്ത് ഏജന്റ് ലൈസൻസുകളോ ക്യാൻവാസർ ലൈസൻസുകളോ നൽകിയിട്ടില്ലെന്ന് കണ്ടെത്തി. എന്നാൽ, ജിഎസ്ടി പോർട്ടലിൽ നിന്ന് ലഭിച്ച ഡാറ്റ കാണിക്കുന്നത് 2024 മാർച്ച് 31-ലെ കണക്കനുസരിച്ച്, **2,343** ഏജന്റുമാരോ കാൻവാസർമാരോ സേവനങ്ങൾ നൽകുന്നതിനായി ജിഎസ്ടിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നാണ്. വിശദാംശങ്ങൾ ചുവടെയുള്ള **പട്ടിക 2.13**-ൽ കാണിച്ചിരിക്കുന്നു:

[35] 1988-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 93, 1989-ലെ റെന്റ്-എ-ക്യാബ് സ്കീം.

[36] ആദ്യ കുറ്റത്തിന് 1,000 രൂപയും രണ്ടാമത്തേതോ തുടർന്നുള്ളതോ ആയ കുറ്റങ്ങൾക്ക് 2,000 രൂപയോ തടവോ അല്ലെങ്കിൽ രണ്ടും കൂടിയുമാണ്.

**പട്ടിക 2.13: ജിഎസ്ടിയിൽ രജിസ്റ്റർ ചെയ്ത ഏജന്റുമാരുടെ/ കാൻവാസർമാരുടെ വിശദാംശങ്ങൾ**

| എച്ച്എസ്എൻ കോഡ് | വിശദാംശങ്ങൾ | രജിസ്റ്റർ ചെയ്ത ഏജൻസികളുടെ എണ്ണം |
|---|---|---|
| 9965 | ചരക്ക് ഗതാഗത സേവനങ്ങൾ | 965 |
| 996511 | ശീതീകരിച്ച വാഹനങ്ങൾ, ട്രക്കുകൾ, ട്രെയിലറുകൾ അല്ലെങ്കിൽ മറ്റ് മോട്ടോർ വാഹനങ്ങൾ എന്നിവയിൽ കത്തുകൾ, പാഴ്സലുകൾ, ജീവനുള്ള മൃഗങ്ങൾ, കണ്ടെയ്നറുകൾ തുടങ്ങിയവ ഉൾപ്പെടെയുള്ള ചരക്കുകളുടെ റോഡ് ഗതാഗത സേവനങ്ങൾ | 625 |
| 9967 | ഗതാഗത മേഖലയിലെ അനുബന്ധ സേവനങ്ങൾ | 233 |
| 998551 | ഗതാഗതത്തിനുള്ള റിസർവേഷൻ സേവനങ്ങൾ | 520 |
| | **ആകെ** | **2,343** |

സ്രോതസ്സ്: ജിഎസ്ടി പോർട്ടൽ.

ഈ ഏജന്റുമാരോ കാൻവാസർമാരോ ആവശ്യാനുസരണം ലൈസൻസ് നേടാതെ സജീവമായി സേവനങ്ങൾ നൽകുകയും പതിവായി ജിഎസ്ടി റിട്ടേൺ ഫയൽ ചെയ്യുകയും ചെയ്യുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ജിഎസ്ടി വകുപ്പിന്റെ പക്കൽ ഈ വിവരങ്ങൾ ലഭ്യമാണെങ്കിലും ലൈസൻസില്ലാത്ത ഏജന്റുമാരെയോ കാൻവാസർമാരെയോ തിരിച്ചറിയാൻ മോട്ടോർ വാഹന വകുപ്പ് ഇത് ഉപയോഗിച്ചിട്ടില്ല. ഇപ്രകാരം ഉപയോഗിക്കാത്തത് 2,343 ഏജന്റുമാരുടെയോ ക്യാൻവാസർമാരുടെയോ ലൈസൻസില്ലാത്ത പ്രവർത്തനങ്ങൾക്ക് സെക്യൂരിറ്റി ഡെപ്പോസിറ്റും പിഴയുമായി **8.56 കോടി രൂപ** ശേഖരിക്കാത്തതിന് കാരണമായി **(അനുബന്ധം VIII).**

നിയമപരമായ ആവശ്യകതകൾ പാലിക്കാത്തത് റെഗുലേറ്ററി ചട്ടക്കൂടിനെ ദുർബലപ്പെടുത്തുകയും സെക്യൂരിറ്റി ഡെപ്പോസിറ്റും പിഴയും ശേഖരിക്കാത്തതിന് കാരണമാവുകയും ചെയ്യുന്നു. തിരഞ്ഞെടുത്ത ഓഫീസുകൾ സ്ഥിതിചെയ്യുന്ന ജില്ലകളിൽ ശ്രദ്ധയിൽപ്പെട്ട അഞ്ച് ഉദാഹരണങ്ങൾ ചുവടെയുള്ള **പട്ടിക 2.14-ൽ** നൽകിയിരിക്കുന്നു:

**പട്ടിക 2.14: ലൈസൻസില്ലാത്ത ഏജന്റുമാരുടെ/ കാൻവാസർമാരുടെ വിശദാംശങ്ങൾ**

| ക്രമ നം. | ജില്ല | വ്യാപാര നാമം/ നിയമപരമായ പേര് | ജിഎസ്ടി രജിസ്ട്രേഷൻ തീയതി | എച്ച്എസ്എൻ കോഡ് |
|---|---|---|---|---|
| 1 | എറണാകുളം | അൽ ചെം | 09-01-2023 | 9965 |
| 2 | പാലക്കാട് | യുഎംഎസ് ഇൻഡസ്ട്രീസ് ഗ്രൂപ്പ് | 01-07-2017 | 9965 |
| 3 | ആലപ്പുഴ | കണക്ഷൻസ് സെയിൽസ് & സർവീസസ് പ്രൈവറ്റ് ലിമിറ്റഡ് | 01-07-2017 | 9967 |
| 4 | ആലുവ | എംഎം ലോജിസ്റ്റിക് സൊല്യൂഷൻസ് | 20-11-2023 | 9967 |
| 5 | ആലുവ | എസ് വി എ ലോജിസ്റ്റിക്സ് | 22-01-2022 | 996511 |

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ, സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ലൈസൻസില്ലാത്ത ഏജന്റുമാരെയും കാൻവാസർമാരെയും കണ്ടെത്താൻ എസ്ടിഎയ്ക്കും എല്ലാ

ആർടിഒകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഈ ഓഫീസുകളിൽ നിന്ന് പ്രതികരണങ്ങൾ ലഭിച്ച ശേഷം അന്തിമ മറുപടി നൽകുമെന്നും സർക്കാർ വ്യക്തമാക്കി (2025 സെപ്റ്റംബർ).

- **അഗ്രിഗേറ്റർമാരെ നിയന്ത്രിക്കാതിരിക്കൽ**

1988-ലെ മോട്ടോർ വാഹന നിയമം, യാത്രക്കാരെ ഡ്രൈവർമാരുമായി ബന്ധിപ്പിക്കുന്ന ഡിജിറ്റൽ ഇടനിലക്കാരായി 'അഗ്രിഗേറ്ററുകളെ'[37] നിർവചിക്കുകയും കേന്ദ്ര സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ലൈസൻസ് നൽകാൻ സംസ്ഥാനങ്ങളെ അധികാരപ്പെടുത്തുകയും[38] ചെയ്യുന്നു. അഗ്രിഗേറ്റർ ലൈസൻസ് നൽകുന്നതിനും അപ്പീലുകൾ കേൾക്കുന്നതിനും സംസ്ഥാന സർക്കാർ ബന്ധപ്പെട്ട അധികാരികളെ വിജ്ഞാപനം ചെയ്യണമെന്ന് 2020 നവംബറിൽ കേന്ദ്ര സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ[39] പുറപ്പെടുവിച്ചു. 2024 ജൂലൈയിൽ സംസ്ഥാന സർക്കാർ ഗതാഗത കമ്മീഷണറെ ബന്ധപ്പെട്ട അധികാരിയായും ഗതാഗത വകുപ്പ് സെക്രട്ടറിയെ അപ്പലേറ്റ് അതോറിറ്റിയായും വിജ്ഞാപനം ചെയ്തു[40]. അഗ്രിഗേറ്റർ ലൈസൻസുകൾക്ക് അഞ്ച് വർഷത്തേക്ക് സാധുതയുണ്ട്, ലൈസൻസ് അനുവദിക്കുന്നതിന് 5.00 ലക്ഷം രൂപയും പുതുക്കുന്നതിന് 2,500 രൂപയും ഫീസ് നിശ്ചയിച്ചിട്ടുണ്ട്.

**പട്ടിക 2.15**-ൽ കാണിച്ചിരിക്കുന്നതു പ്രകാരമുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് അഗ്രിഗേറ്ററുകൾ നൽകേണ്ടതുണ്ട്:

**പട്ടിക 2.15: അഗ്രിഗേറ്ററുകൾക്ക് ബാധകമായ സെക്യൂരിറ്റി ഡെപ്പോസിറ്റ്**

| ക്രമ നം. | വിശദാംശങ്ങൾ | തുക (₹) |
|---|---|---|
| 1 | 100 ബസുകൾ അല്ലെങ്കിൽ 1,000 മറ്റ് മോട്ടോർ വാഹനങ്ങൾ വരെ | 1,00,000 |
| 2 | 1,000 ബസുകൾ അല്ലെങ്കിൽ 10,000 മറ്റ് മോട്ടോർ വാഹനങ്ങൾ വരെ | 2,50,000 |
| 3 | ആയിരത്തിലധികം ബസുകൾ അല്ലെങ്കിൽ പതിനായിരത്തിലധികം മറ്റ് മോട്ടോർ വാഹനങ്ങൾ | 5,00,000 |

വകുപ്പ് 93-ലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി അഗ്രിഗേറ്ററായി സ്വയം ഏർപ്പെടുന്നയാൾക്ക് ഒരു ലക്ഷം രൂപ വരെ പിഴ ഈടാക്കാമെന്നും പിഴ ഇരുപത്തയ്യായിരം രൂപയിൽ കുറയാൻ പാടില്ലെന്നും മോട്ടോർ വാഹന നിയമം[41] വ്യവസ്ഥ ചെയ്യുന്നു.

ബന്ധപ്പെട്ട അതോറിറ്റിയെ വിജ്ഞാപനം ചെയ്യുന്നതിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് ഏകദേശം നാല് വർഷത്തെ കാലതാമസമുണ്ടായെന്നും വിജ്ഞാപനം ചെയ്തതിന് ശേഷവും സംസ്ഥാനത്ത് അഗ്രിഗേറ്റർ ലൈസൻസുകളൊന്നും നൽകിയിട്ടില്ലെന്നും ഓഡിറ്റ് കണ്ടെത്തി (2025 ജനുവരി). 2024 മാർച്ച് 31 വരെ, ആകെ 47 സേവന ദാതാക്കൾ അഗ്രിഗേറ്റർ സേവനങ്ങൾ നൽകുന്നതിന് മാത്രമായി ജിഎസ്ടി രജിസ്ട്രേഷൻ നേടിയതായി ജിഎസ്ടി പോർട്ടലിൽ നിന്നുള്ള ഡാറ്റയിൽ നിന്നും വെളിവായത് ചുവടെയുള്ള **പട്ടിക 2.16**-ൽ വിശദീകരിച്ചിരിക്കുന്നു.

[37] 1988-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 2(1എ).
[38] 1988-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 93.
[39] 2020 നവംബർ 27-ലെ ഫയൽ നമ്പർ 16011/9/2019-ടി.
[40] 2024 ജൂലൈ 30-ലെ എസ്.ആർ.ഒ. നമ്പർ 672/2024, എസ്.ആർ.ഒ. നമ്പർ 671/2024 എന്നിവ.
[41] 1988-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 193(2).

**പട്ടിക 2.16: അഗ്രിഗേറ്റർ സേവനങ്ങൾക്കായി എടുത്ത ജിഎസ്ടി രജിസ്ട്രേഷന്റെ വിശദാംശങ്ങൾ**

| എച്ച്എസ്എൻ/ എസ്എസി കോഡ് | വിവരണം | രജിസ്റ്റർ ചെയ്ത സേവനക്കാരുടെ എണ്ണം |
|---|---|---|
| 996411 | യാത്രക്കാരുടെ പ്രാദേശിക ഉപരിതല ഗതാഗതം | 15 |
| 996412 | പ്രാദേശിക ഉപരിതല ഗതാഗതം- റേഡിയോ ടാക്സിയും യാത്രക്കാർക്കുള്ള മറ്റ് സമാന സേവനങ്ങളും | 29 |
| 87039090 | പ്രധാനമായും വ്യക്തികളുടെ ഗതാഗതത്തിനായി രൂപകൽപ്പന ചെയ്തിരിക്കുന്ന മോട്ടോർ വാഹനങ്ങൾ - മറ്റുള്ളവ | 3 |
| | **ആകെ** | **47** |

സ്രോതസ്സ്: ജിഎസ്ടി പോർട്ടൽ.

സംസ്ഥാനത്ത് ലൈസൻസില്ലാത്ത 47 അഗ്രിഗേറ്ററുകൾ ഉണ്ടായിരുന്നുവെന്നത് കാണിക്കുന്നത് ഫീസായി **2.35 കോടി രൂപ** പിരിച്ചെടുത്തില്ല എന്നാണ് **(അനുബന്ധം IX)**. പട്ടിക 2.15-ൽ കാണിച്ചിരിക്കുന്ന നിർദ്ദിഷ്ട നിരക്കിലുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റും ഈ അഗ്രിഗേറ്ററുകളിൽ നിന്ന് ശേഖരിക്കാവുന്നതാണ്. ലൈസൻസ് ഫീസും സെക്യൂരിറ്റി ഡെപ്പോസിറ്റും പിരിച്ചെടുക്കാത്തത് സംസ്ഥാനത്തിന് വരുമാന നഷ്ടമുണ്ടാക്കിയിട്ടുണ്ട്.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ, അഗ്രിഗേറ്റർമാർക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടിക്രമം വകുപ്പ് ഇപ്പോൾ കാര്യക്ഷമമാക്കിയിട്ടുണ്ടെന്നും അഗ്രിഗേറ്റർ ലൈസൻസിനുള്ള അപേക്ഷകൾ പരിഗണിക്കാൻ തുടങ്ങിയിട്ടുണ്ടെന്നും സർക്കാർ അറിയിച്ചു (2025 സെപ്റ്റംബർ). കൂടാതെ, ലൈസൻസിംഗ് വ്യവസ്ഥകൾ പാലിക്കാൻ മറ്റ് സാധാരണയായി അറിയപ്പെടുന്ന അഗ്രിഗേറ്റർമാർക്ക് നോട്ടീസ് നൽകും. ഇവരുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കാനും പിഴ ചുമത്താനും നടപടി സ്വീകരിക്കുമെന്ന് ഉറപ്പുനൽകി.

***ശുപാർശ 10***

*മറ്റ് വകുപ്പുകളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുന്നതിനും ശേഖരിച്ച ഡാറ്റയുടെ ക്രോസ് വെരിഫിക്കേഷനിലൂടെ ലൈസൻസില്ലാത്ത ഏജന്റുമാർ, കാൻവാസർമാർ, അഗ്രിഗേറ്റർമാർ എന്നിവരെ തിരിച്ചറിയുന്നതിനുള്ള ഒരു സംവിധാനം നടപ്പിലാക്കുന്നതിനും മോട്ടോർ വാഹന വകുപ്പിൽ ഒരു സംവിധാനം സർക്കാരിന് വികസിപ്പിക്കാം. ലൈസൻസില്ലാത്ത ഏജന്റുമാർ, കാൻവാസർമാർ, അഗ്രിഗേറ്റർമാർ എന്നിവരിൽ നിന്ന് ബാധകമായ ഫീസ്, സെക്യൂരിറ്റി ഡെപ്പോസിറ്റ്, പിഴ എന്നിവ ശേഖരിക്കാൻ നടപടി ആരംഭിക്കാം.*

- **റെന്റ്-എ-ക്യാബ് സേവനങ്ങൾ നൽകുന്നവരെ നിയന്ത്രിക്കാതിരിക്കൽ**

സ്വന്തമായോ ഡ്രൈവറെ വച്ചോ ഉപയോഗിക്കുന്നതിന് മോട്ടോർ ക്യാബുകൾ വാടകയ്ക്ക് നൽകുന്ന ബിസിനസ്സ് നിയന്ത്രിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനും അതുമായി ബന്ധപ്പെട്ട മറ്റു നടപടികൾ എടുക്കാനും കേന്ദ്ര സർക്കാരിന് അധികാരമുണ്ട്[42]. കേന്ദ്ര സർക്കാർ വിജ്ഞാപനത്തിലൂടെ[43] റെന്റ്-എ-ക്യാബ് സ്കീം, 1989 അവതരിപ്പിച്ചു. ഈ പദ്ധതി അനുസരിച്ച്, റെന്റ്-എ-ക്യാബിന്റെ

[42] 1988-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 75.

[43] 1989 ജൂൺ 12-ലെ നമ്പർ എസ്.ഒ. 437(ഇ).

നടത്തിപ്പുകാർ കുറഞ്ഞത് 50 മോട്ടോർ ക്യാബുകളുടെ ഒരു ഫ്ലീറ്റ് പരിപാലിക്കുകയും ഓരോന്നിനും 1989-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 74, 88(9) എന്നിവ പ്രകാരം അനുവദിച്ച അഖിലേന്ത്യാ ടൂറിസ്റ്റ് പെർമിറ്റ് ഉണ്ടായിരിക്കുകയും വേണം.

അതിനാൽ, റെന്റ്-എ-ക്യാബ് ഓപ്പറേറ്റർ എന്ന നിലയിൽ ലൈസൻസ് ലഭിക്കുന്നതിന്, അപേക്ഷകന് അഖിലേന്ത്യാ ടൂറിസ്റ്റ് പെർമിറ്റുള്ള 50 മോട്ടോർ ക്യാബുകളുടെ ഒരു ഫ്ലീറ്റ് ഉണ്ടായിരിക്കണം, കൂടാതെ, 5,000 രൂപ നിർദ്ദിഷ്ട ഫീസ് നൽകി സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയിൽ (എസ്ടിഎ) നിന്നും ലൈസൻസ് നേടണം. അതിനാൽ, റെന്റ്-എ-ക്യാബ് സ്കീം പ്രകാരം ഓപ്പറേറ്റർ ലൈസൻസ് നേടാതെ രജിസ്റ്റർ ചെയ്ത മോട്ടോർ ക്യാബ് മറ്റൊരാൾക്ക് വാടകയ്ക്ക് നൽകാൻ കഴിയില്ല.

എസ്ടിഎയുടെ പക്കൽ ലഭ്യമായ രേഖകൾ പരിശോധിച്ചപ്പോൾ ഒൻപത് റെന്റ്-എ-ക്യാബ് ലൈസൻസുകൾ മാത്രമാണ് സംസ്ഥാനത്ത് എസ്ടിഎ നൽകിയതെന്ന് കാണപ്പെട്ടു. എന്നാൽ, ജിഎസ്ടി പോർട്ടലിൽ നിന്ന് ലഭിച്ച ഡാറ്റയിൽ നിന്നും, 2024 മാർച്ച് 31 വരെ, സംസ്ഥാനത്ത് വാടക സേവനങ്ങൾ നൽകുന്നതിനായി എച്ച് എസ്എൻകോഡ് 0040048 - റെന്റ്-എ-ക്യാബ് ഓപ്പറേറ്റർ-നു കീഴിൽ 461 ഏജൻസികൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് കണ്ടെത്തി.

യാത്രാ വാഹനങ്ങൾ വാടകയ്ക്ക് നൽകുന്നതിൽ ഏർപ്പെട്ടിരിക്കുന്ന ഈ ഏജൻസികൾ, പതിവായി ജിഎസ്ടി റിട്ടേൺ ഫയൽ ചെയ്യുന്നതായും എന്നാൽ എസ്ടിഎയിൽ നിന്ന് ആവശ്യമായ ലൈസൻസ് നേടിയില്ലെന്നും ഓഡിറ്റിൽ കണ്ടെത്തി. റെന്റ്-എ-ക്യാബ് ഓപ്പറേറ്റർമാരെ തിരിച്ചറിയുന്നതിനുള്ള എൻഫോഴ്സ്മെന്റ് സംവിധാനത്തിന്റെ അഭാവം ലൈസൻസില്ലാത്ത ഓപ്പറേറ്റർമാർ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതിന് കാരണമായതായി ഓഡിറ്റ് നിരീക്ഷിച്ചു. കൂടാതെ, ഈ 461 അനിയന്ത്രിത ഓപ്പറേറ്റർമാരിൽ നിന്ന് ഒരു ഓപ്പറേറ്റർക്ക് 5,000 രൂപ എന്ന നിരക്കിൽ ലൈസൻസ് ഫീസായി **0.23 കോടി രൂപയും** ഈടാക്കേണ്ടതായിരുന്നു **(അനുബന്ധം X)**. ഇതിൽ 50 ഓപ്പറേറ്റർമാർ സമർപ്പിച്ച ജിഎസ്ടി റിട്ടേണുകൾ പരിശോധിച്ചപ്പോൾ 25 പേർ വാർഷിക റിട്ടേൺ സമർപ്പിച്ചതായി കണ്ടെത്തി. 25 ഓപ്പറേറ്റർമാരുടെ മൊത്തം വാർഷിക വിറ്റുവരവ് 120.35 കോടി രൂപയാണ്.

ലൈസൻസുള്ള ഓപ്പറേറ്റർമാരും ജിഎസ്ടിയിൽ രജിസ്റ്റർ ചെയ്ത ഏജൻസികളും തമ്മിലുള്ള കാര്യമായ പൊരുത്തക്കേട് 1989-ലെ റെന്റ്-എ-ക്യാബ് സ്കീം നടപ്പിലാക്കുന്നതിലെ നിർണായക വിടവ് എടുത്തുകാണിക്കുന്നു.

**2024 ഡിസംബർ 2ന് ആലപ്പുഴ ജില്ലയിലെ കളർകോടിൽ ഉണ്ടായ വാഹനാപകടത്തിൽ അഞ്ച് മെഡിക്കൽ വിദ്യാർത്ഥികൾ മരണപ്പെടുകയും ആറ് പേർക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തു. അപകടത്തിൽ ഉൾപ്പെട്ട വാഹനങ്ങളുടെ വിശദാംശങ്ങൾ, എഫ്ഐആർ, മോട്ടോർ വാഹന വകുപ്പിൽ നിന്നുള്ള റിപ്പോർട്ട് എന്നിവ പരിശോധിച്ചതിൽ നിന്നും പതിനൊന്ന് മെഡിക്കൽ വിദ്യാർത്ഥികളും അവരുമായി യാതൊരു ബന്ധവുമില്ലാത്ത ഒരു വ്യക്തിയുടെ ഉടമസ്ഥതയിലുള്ള മോട്ടോർ കാറിലാണ് (കെഎൽ-29സി-1177) യാത്ര ചെയ്തിരുന്നത് എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഏഴ് പേർക്ക് ഇരിക്കാൻ ശേഷിയുള്ള വാഹനത്തിൽ പതിനൊന്ന് പേർ യാത്ര ചെയ്തത്, അമിത വേഗത, പ്രതികൂല കാലാവസ്ഥ കാരണമുള്ള കാഴ്ചക്കുറവ് തുടങ്ങി നിരവധി ഘടകങ്ങൾ മൂലമാണ് അപകടം സംഭവിച്ചതെന്ന് ഡിടിസി, ആർടിഒ (എൻസി), ആർടിഒ ആലപ്പുഴ എന്നിവരുടെ സംയുക്ത പരിശോധനാ റിപ്പോർട്ടിൽ നിഗമനത്തിലെത്തി. സംസ്ഥാനത്തെ അനധികൃത റെന്റ്-എ-ക്യാബ് സർവീസുകളുടെ പ്രവർത്തനം നിയന്ത്രിക്കേണ്ടതിന്റെ ആവശ്യകത റിപ്പോർട്ടിൽ അടിവരയിട്ടു.**

ഓൺലൈൻ ഉറവിടങ്ങൾ, വെബ്സൈറ്റുകൾ മുതലായവയിൽ നിന്ന് സംസ്ഥാനത്തെ റെന്റ്-എ-ക്യാബ് പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കാൻ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് സർക്കാർ അറിയിച്ചു (2025 സെപ്റ്റംബർ). ഇത്തരം അനധികൃത പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഏജൻസികളുടെ ഒരു പട്ടിക ഫീൽഡ് സ്രോതസ്സുകളിൽ നിന്ന് ശേഖരിച്ച് തയ്യാറാക്കി എല്ലാ ഡിടിസികൾക്കും ആർടിഒമാർക്കും അന്വേഷണം നടത്താനും നിയമലംഘകർക്കെതിരെ ഉചിതമായ നിയമ നടപടി സ്വീകരിക്കാനും നിർദ്ദേശം നൽകി അയച്ചിട്ടുണ്ട്. റെന്റ്-എ-ക്യാബിന്റെ അനധികൃത പ്രവർത്തനം ആനുകാലിക റിട്ടേണുകളിലൂടെ ഓപ്പറേറ്റർമാരുടെ പ്രവർത്തന സ്ഥലത്തു പരിശോധന നടത്തി കണ്ടെത്താനും ലൈസൻസില്ലാത്ത റെന്റ്-എ-ക്യാബ് ബിസിനസ്സ് സംസ്ഥാനത്ത് നടക്കുന്നില്ലെന്ന് ഉറപ്പാക്കാനും എല്ലാ ആർടിഒമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

സ്കീമിന്റെ വ്യാപകമായ ലംഘനത്തിനുള്ള പ്രധാന കാരണം അപേക്ഷിക്കാനുള്ള പരിധി 50 വാഹനങ്ങളാണ് എന്ന് കണ്ടെത്തിയതിനാൽ റെന്റ്-എ-ക്യാബ് ലൈസൻസിന് പ്രസ്തുത പരിധി അഞ്ച് വാഹനങ്ങളായി കുറയ്ക്കാനുള്ള നിർദ്ദേശം കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ടെന്നും വ്യക്തമാക്കി.

അനിയന്ത്രിതമായ റെന്റ്-എ-ക്യാബ് സേവനങ്ങളുടെ പ്രവർത്തനം നിയമ ലംഘനങ്ങൾക്കും യാത്രക്കാരുടെ സുരക്ഷയുമായി ബന്ധപ്പെട്ട ആശങ്കകൾക്കും കാരണമാവുന്നു. അതിനാൽ, ലൈസൻസ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ പുനഃപരിശോധിക്കുകയും കൂടുതൽ ഓപ്പറേറ്റർമാരെ ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവന്ന് വിശാലമായ അനുവർത്തനം പ്രോത്സാഹിപ്പിക്കുന്ന ഒരു നയ ചട്ടക്കൂട് രൂപപ്പെടുത്തുകയും ചെയ്യുന്നത് വിവേകപൂർണ്ണമായിരിക്കും.

***ശുപാർശ 11***

*പ്രവർത്തന സ്ഥലത്തു നടത്തുന്ന പരിശോധനകളിലൂടെ റെന്റ്-എ-ക്യാബ് പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ ശേഖരിക്കുകയും പരിശോധിക്കുകയും ചെയ്യുന്നുവെന്ന് സർക്കാർ ഉറപ്പാക്കണം. കൂടാതെ, ലൈസൻസില്ലാത്ത ഓപ്പറേറ്റർമാർക്കെതിരെ നടപടിയെടുക്കാൻ എസ്ടിഎയ്ക്ക് നിർദ്ദേശം നൽകുകയും കേന്ദ്ര സർക്കാരുമായി കൂടിയാലോചിച്ച് ലൈസൻസിനുള്ള മിനിമം ക്യാബ് ആവശ്യകത കുറയ്ക്കുന്നതിന് സ്കീം പരിഷ്കരിക്കുന്നത് പരിഗണിക്കുകയും ചെയ്യാം.*

- **ചട്ടം 55എ പ്രകാരം രജിസ്റ്റർ ചെയ്ത വാഹന ഡീലർമാരെ നിയന്ത്രിക്കാതിരിക്കൽ**

ഒരു വ്യക്തിക്കോ സ്ഥാപനത്തിനോ അവരുടെ ബിസിനസ്സിന്റെ അധികാരപരിധിയിലുള്ള രജിസ്ട്രേഷൻ അതോറിറ്റി നൽകുന്ന സാധുവായ അംഗീകാര സർട്ടിഫിക്കറ്റില്ലാതെ രജിസ്റ്റർ ചെയ്ത വാഹനങ്ങളുടെ ഡീലറായി പ്രവർത്തിക്കാൻ അനുവാദമില്ല[44]. ചട്ടം 81 പ്രകാരം ഈ അംഗീകാര സർട്ടിഫിക്കറ്റ് നൽകുന്നതിനോ പുതുക്കുന്നതിനോ ഉള്ള ഫീസ് 25,000 രൂപയാണ്, ഇത് നൽകുകയോ പുതുക്കുകയോ ചെയ്യുന്ന തീയതി മുതൽ അഞ്ച് വർഷത്തേക്ക് സാധുതയുള്ളതായിരിക്കും.

[44] 1989-ലെ സിഎംവി ചട്ടങ്ങളുടെ ചട്ടം 55എ.

**2024** മാർച്ച് **31** വരെ, സംസ്ഥാനത്തുടനീളമുള്ള രജിസ്റ്റർ ചെയ്ത വാഹന ഡീലർമാർക്ക് ഫോം **29**ബിയിൽ രണ്ട് അംഗീകാര സർട്ടിഫിക്കറ്റുകൾ മാത്രമേ നൽകിയിട്ടുള്ളൂവെന്ന് വാഹൻ ഡാറ്റാബേസ്, എംഐഎസ് റിപ്പോർട്ടുകൾ, അനുബന്ധ രേഖകൾ എന്നിവയുൾപ്പെടെയുള്ള ലഭ്യമായ രേഖകളുടെ ഓഡിറ്റിൽ കണ്ടെത്തി.

എന്നാൽ, ജിഎസ്ടി പോർട്ടലിൽ നിന്ന് ലഭിച്ച ഡാറ്റ കാണിക്കുന്നത്, **2024** മാർച്ച് **31** വരെ **471** ഡീലർമാർ **2017**-ലെ ജിഎസ്ടി നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നാണ്. ഇവർ പ്രധാനമായും എച്ച്എസ്എൻ കോഡ് **8703**-നു കീഴിലുള്ള, അതായത് ആളുകളെ കൊണ്ടുപോകുന്നതിനായി രൂപകൽപ്പന ചെയ്ത മോട്ടോർ കാറുകളും മറ്റ് വാഹനങ്ങളും ഉൾക്കൊള്ളുന്ന ചരക്കുകളുടെ വ്യാപാരികളാണ്. ഈ ഡീലർമാർ പതിവായി ജിഎസ്ടി റിട്ടേൺ ഫയൽ ചെയ്യുന്നുണ്ടായിരുന്നത് ഇവർ സജീവമായി പ്രവർത്തിക്കുന്നുണ്ടായിരുന്നുവെന്ന് കാണിക്കുന്നു. ഈ **471** പേരിൽ ആരും മോട്ടോർ വാഹന വകുപ്പിൽ നിന്ന് അംഗീകാര സർട്ടിഫിക്കറ്റ് നേടിയിട്ടില്ലെന്ന് ഓഡിറ്റിൽ കണ്ടെത്തി.

ഈ മേഖലയിൽ സജീവമായി ഉണ്ടായിട്ടും റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിയിൽ നിന്ന് ആവശ്യമായ അംഗീകാര സർട്ടിഫിക്കറ്റുകൾ നേടുന്നതിൽ ഈ **471** ഡീലർമാർ പരാജയപ്പെട്ടു. ജിഎസ്ടിയിൽ രജിസ്റ്റർ ചെയ്ത ഡീലർമാരുടെ എണ്ണവും മോട്ടോർ വാഹന വകുപ്പ് നൽകിയ അംഗീകാര സർട്ടിഫിക്കറ്റുകളും തമ്മിലുള്ള അന്തരം എൻഫോഴ്സ്മെന്റിലെ കാര്യമായ വീഴ്ചകൾ എടുത്തുകാണിക്കുന്നു. സംസ്ഥാനത്തുള്ള അനധികൃത വാഹന ഡീലർമാരെ കണ്ടെത്താൻ വകുപ്പിൽ ഒരു സംവിധാനവും നിലവിലില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. അത്തരമൊരു സംവിധാനത്തിന്റെ അഭാവത്തിൽ, സർക്കാരിന്റെ മറ്റൊരു വകുപ്പിൽ വിവരങ്ങൾ ലഭ്യമായ **471** ഡീലർമാരെ പോലും കണ്ടെത്തുന്നതിൽ വകുപ്പ് പരാജയപ്പെട്ടു.

ഇത്തരം നിയന്ത്രിതമല്ലാത്ത പ്രവർത്തനങ്ങൾ നിയമപരമായ അനുസരണത്തെ ദുർബലപ്പെടുത്തുകയും വാഹന ഡീലർഷിപ്പ് മേഖലയുടെ മേലുള്ള ശരിയായ നിയന്ത്രണത്തെ തടസ്സപ്പെടുത്തുകയും അനധികൃത ഡീലർമാരുടെ നിയമപരമായ ഉത്തരവാദിത്തത്തെ ദുർബലപ്പെടുത്തുകയും ചെയ്യുന്നു. ഇത് സംസ്ഥാനത്തിന് ഫീസായി ലഭിക്കേണ്ട **1.18 കോടി രൂപ** പിരിച്ചെടുക്കാതിരിക്കുന്നതിനും കാരണമായി **(അനുബന്ധം XI)**.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ, **2023** ഏപ്രിൽ **15** മുതൽ, രജിസ്റ്റർ ചെയ്ത വാഹന ഡീലർമാർ അംഗീകാര സർട്ടിഫിക്കറ്റുകൾ നേടിയിരിക്കണമെന്ന് നിർബന്ധമാക്കുന്ന ഒരു സർക്കുലർ[45] പുറപ്പെടുവിച്ചതായി സർക്കാർ അറിയിച്ചു (**2025** സെപ്റ്റംബർ). എങ്കിലും, ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ നിർദ്ദേശത്തിനും കേരള യൂസ്ഡ് വെഹിക്കിൾ ഡീലേഴ്സ് & ബ്രോക്കേഴ്സ് അസോസിയേഷന്റെ അപേക്ഷയ്ക്കും അനുസൃതമായി, സമയപരിധി **2025** ഓഗസ്റ്റ് **2** വരെ നീട്ടി നൽകി. സമയപരിധി കഴിഞ്ഞാൽ ലൈസൻസ് നൽകുന്ന പ്രവൃത്തികൾ ആരംഭിക്കുമെന്നും രജിസ്റ്റർ ചെയ്യാത്ത വാഹന ഡീലർമാരുടെ യാർഡിലെ വാഹനങ്ങളെ കരിമ്പട്ടികയിൽ പെടുത്തുന്നത് പോലുള്ള നിർബന്ധിത നടപടികൾ സ്വീകരിക്കുമെന്നും വകുപ്പ് ഉറപ്പ് നൽകി.

---

[45] **2023 മാർച്ച് 29-ലെ സർക്കുലർ 7/2023.**

***ശുപാർശ 12***

*ചട്ടം 55എ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും അനധികൃത ഡീലർമാർക്കെതിരെ ജിഎസ്ടി അധികാരികളുമായി ഏകോപിച്ച് നടപടിയെടുക്കുന്നതിനും സർക്കാർ എൻഫോഴ്സ്മെന്റ് സംവിധാനം ശക്തിപ്പെടുത്തണം. 471 അനധികൃത ഡീലർമാരിൽ നിന്ന് കുടിശ്ശികയുള്ള ലൈസൻസ് ഫീസ് ഈടാക്കാനുള്ള നടപടിയും സർക്കാരിന് ആരംഭിക്കാം.*

### 2.4.6.11 റവന്യൂ മാനേജ്മെന്റ്

മോട്ടോർ വാഹനങ്ങളുടെ നികുതി, ഫീസ്, സർവീസ് ചാർജ്, പിഴ, കോമ്പൗണ്ടിംഗ് ഫീസ് എന്നിവയാണ് മോട്ടോർ വാഹന വകുപ്പിന്റെ വരുമാന സ്രോതസ്സുകൾ.

വരുമാന ശേഖരണത്തിലെ ചില പോരായ്മകൾ ഈ അനുവർത്തന ഓഡിറ്റിൽ നിന്നും വെളിവായത് തുടർന്നുള്ള ഖണ്ഡികകളിൽ വിശദീകരിച്ചിരിക്കുന്നു.

- **ഹൈബ്രിഡ് വാഹന ഉടമകളിൽ നിന്ന് ഒറ്റത്തവണ നികുതി അധികമായി ശേഖരിച്ചത്**

ഇലക്ട്രിക് വാഹനങ്ങളുടെ സ്വീകാര്യത പ്രോത്സാഹിപ്പിക്കുന്നതിനായി ഇലക്ട്രിക് വാഹന നയം കേരള സർക്കാർ അവതരിപ്പിച്ചു[46]. കാർബൺ ബഹിർഗമനം കുറയ്ക്കുക, വായുവിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുക, കൂടുതൽ സുസ്ഥിരമായ ഗതാഗത സംവിധാനം വളർത്തുക, ഇലക്ട്രിക് വാഹനങ്ങൾ വാങ്ങാൻ കൂടുതൽ ആളുകളെ പ്രേരിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന്, 2021 ഏപ്രിൽ 1 മുതൽ അഞ്ച് വർഷത്തേക്ക് എല്ലാ പുതിയ ഇലക്ട്രിക് വാഹനങ്ങൾക്കും 50 ശതമാനം നികുതിയിളവ് സർക്കാർ വിജ്ഞാപനം ചെയ്തു[47] (2021 ഫെബ്രുവരി). പൂർണ്ണ ഹൈബ്രിഡ് ബാറ്ററി ഇലക്ട്രിക് വാഹനങ്ങൾ, ഫ്യുവൽ സെൽ ഇലക്ട്രിക് വാഹനങ്ങൾ എന്നിവയെ പുതിയ ഇലക്ട്രിക് വാഹനങ്ങളുടെ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും വിജ്ഞാപനം ചെയ്തു[48]. 2023 ഏപ്രിൽ മുതൽ പൂർണ്ണ ഹൈബ്രിഡ് ഇലക്ട്രിക് വാഹനങ്ങൾക്കും ഫ്യുവൽ സെൽ ഇലക്ട്രിക് വാഹനങ്ങൾക്കുമുള്ള ഈ നികുതി ഇളവ് സർക്കാർ പിൻവലിച്ചു[49].

വാഹൻ ഡാറ്റാബേസിൽ നിന്നുള്ള 2021 ഡിസംബർ 17 മുതൽ 2023 മാർച്ച് 31 വരെയുള്ള കാലയളവിലെ നികുതി ഒടുക്കൽ ഡാറ്റയുടെ വിശകലനത്തിൽ, ഈ കാലയളവിൽ സംസ്ഥാനത്ത് 2,139 പൂർണ്ണ ഹൈബ്രിഡ് ബാറ്ററി ഇലക്ട്രിക് വാഹനങ്ങൾ രജിസ്റ്റർ ചെയ്തിരുന്നുവെന്നും ഈ 2,139 കേസുകളിൽ ആദ്യ അഞ്ച് വർഷത്തേക്കുള്ള 50 ശതമാനം നികുതി ഇളവ് ബാധകമാക്കാതെ 15 വർഷത്തേക്ക് ഒറ്റത്തവണ നികുതി ഈടാക്കിയെന്നും കണ്ടെത്തി. ഇത് **അനുബന്ധം XII**-ൽ വിശദീകരിച്ചിരിക്കുന്നതുപോലെ **15.16 കോടി രൂപയുടെ** അധിക നികുതി പിരിവിന് കാരണമായി.

പുതിയ ഇലക്ട്രിക്, ഹൈബ്രിഡ് വാഹനങ്ങൾക്ക് 50 ശതമാനം നികുതിയിളവ് സംബന്ധിച്ച് സർക്കാർ ഉത്തരവുകളിൽ വ്യക്തമായ വ്യവസ്ഥകൾ ഉണ്ടായിരുന്നിട്ടും, 2,139 പൂർണ്ണ ഹൈബ്രിഡ് ബാറ്ററി ഇലക്ട്രിക് വാഹന ഉടമകൾക്ക് ഉദ്ദേശിച്ച

---

[46] 2019 മാർച്ച് 10-ലെ സ.ഉ. (കൈ.) നമ്പർ 24/2019/ട്രാൻസ്.

[47] 2021 ഫെബ്രുവരി 23-ലെ സ.ഉ. (അച്ചടി) നമ്പർ 12/2021/ട്രാൻസ്.

[48] 2021 ഡിസംബർ 17-ലെ സ.ഉ. (അച്ചടി) നമ്പർ 38/2021/ട്രാൻസ്.

[49] 2023 മാർച്ച് 31-ലെ സ.ഉ. (അച്ചടി) നമ്പർ 6/2023/ട്രാൻസ്.

ആനുകൂല്യം നൽകിയില്ല. ഇത് പരിസ്ഥിതി സൗഹൃദ വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് ഉദ്ദേശിച്ചുള്ള നികുതി ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നതിനും സർക്കാർ നയങ്ങൾ നടപ്പിലാക്കുന്നതിലെ അലംഭാവത്തിനും കാരണമായി. തിരഞ്ഞെടുത്ത ഓഫീസുകളിൽ ശ്രദ്ധയിൽപ്പെട്ട അഞ്ച് ഉദാഹരണങ്ങൾ ചുവടെയുള്ള **പട്ടിക 2.17**-ൽ നൽകിയിരിക്കുന്നു:

**പട്ടിക 2.17: തിരഞ്ഞെടുത്ത ഓഫീസുകളിൽ മോട്ടോർ വാഹന നികുതിയുടെ അധിക പിരിവിന്റെ ഉദാഹരണങ്ങൾ**

| ക്രമ നം. | ഓഫീസ് | രജിസ്ട്രേഷൻ നമ്പർ/ മോഡൽ | വാങ്ങിയ തീയതി | വിൽപ്പന തുക (₹) | നികുതി നിരക്ക് | പിരിച്ച നികുതി (₹) | പിരിച്ചെടുക്കാവുന്ന നികുതി (₹) | അധിക പിരിവ് (₹) |
|---|---|---|---|---|---|---|---|---|
| 1 | ആർടിഒ കോട്ടയം | കെഎൽ05ബിഎ0333<br>ടൊയോട്ട വെൽഫയർ ഹൈബ്രിഡ് | 15-03-2023 | 96,55,000 | 21% | 20,27,550 | 16,89,625 | 3,37,925 |
| 2 | ആർടിഒ തൃശ്ശൂർ | കെഎൽ08സിഎ2233<br>ടൊയോട്ട വെൽഫയർ ഹൈബ്രിഡ് | 28-03-2023 | 96,55,000 | 21% | 20,27,550 | 16,89,625 | 3,37,925 |
| 3 | ആർടിഒ വയനാട് | കെഎൽ12പി4455<br>ടൊയോട്ട കാമ്രി ഹൈബ്രിഡ് | 28-12-2022 | 45,40,000 | 21% | 9,53,400 | 7,94,500 | 1,58,900 |
| 4 | ആർടിഒ കണ്ണൂർ | കെഎൽ13എഡബ്ല്യു9999<br>ഇന്നോവ ഹൈക്രോസ് ഹൈബ്രിഡ് വിഎക്സ് (8എസ്) | 02-02-2023 | 24,15,500 | 21% | 5,07,255 | 4,22,712 | 84,543 |
| 5 | എസ്ആർടിഒ തൊടുപുഴ | കെഎൽ38കെ7045<br>ഇന്നോവ ഹൈക്രോസ് ഹൈബ്രിഡ് ഇസെഡ്എക്സ് (7എസ്) | 27-03-2023 | 29,81,500 | 21% | 6,26,115 | 5,21,762 | 1,04,353 |

സ്രോതസ്സ്: വാഹൻ ഡാറ്റാബേസ്.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ, പൂർണ്ണ ഹൈബ്രിഡ് ബാറ്ററി ഇലക്ട്രിക് വാഹനങ്ങൾ, ഫ്യുവൽ സെൽ ഇലക്ട്രിക് വാഹനങ്ങൾ എന്നിവയുൾപ്പെടെ എല്ലാത്തരം ഇലക്ട്രിക് വാഹനങ്ങൾക്കും ആദ്യത്തെ അഞ്ച് വർഷത്തേക്ക് 50 ശതമാനം നികുതി ഇളവ് സർക്കാർ അനുവദിച്ചതായി സർക്കാർ അറിയിച്ചു (2025 സെപ്റ്റംബർ). എന്നാൽ, പൂർണ്ണ ഹൈബ്രിഡ് ഇലക്ട്രിക് വാഹനങ്ങൾക്കും ഫ്യുവൽ സെൽ ഇലക്ട്രിക് വാഹനങ്ങൾക്കുമുള്ള ഈ നികുതി ഇളവ് സർക്കാർ പിൻവലിച്ചു. കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിലോ കേരള മോട്ടോർ വാഹന നികുതി നിയമത്തിലോ ഹൈബ്രിഡ് വാഹനങ്ങൾക്ക് പ്രത്യേക നിർവചനം ഉൾപ്പെടുത്തിയിട്ടില്ലെന്നും വ്യക്തമായ നിയമപരമായ നിർവചനമില്ലാത്തതു മൂലം പൂർണ്ണ ഹൈബ്രിഡ് ബാറ്ററി ഇലക്ട്രിക് വാഹനങ്ങൾ ഉൾപ്പെടെ പ്രസക്തമായ എല്ലാ വാഹനങ്ങളിലും 50 ശതമാനം നികുതി ഇളവ് സ്ഥിരമായി പ്രയോഗിക്കുന്നത് ബുദ്ധിമുട്ടായിരുന്നു. കൂടാതെ, പുതിയ നികുതി ഘടന ഏർപ്പെടുത്തുന്നതിന്, ധനകാര്യ നിയമത്തിന്റെയോ കേരള മോട്ടോർ വാഹന നികുതി നിയമത്തിന്റെയോ രൂപത്തിലുള്ള ഭേദഗതി നിയമനിർമ്മാണം നടത്തിയിട്ടില്ല എന്നതിനാൽ സർക്കാർ ഉത്തരവ് നടപ്പാക്കാൻ കഴിയില്ലെന്നും അറിയിച്ചു.

1976-ലെ കേരള മോട്ടോർ വാഹന നികുതി നിയമത്തിലെ വകുപ്പ് 22 പ്രകാരമുള്ള അധികാരങ്ങൾ ഉപയോഗിച്ചാണ് നികുതി നിരക്ക് കുറച്ച് സർക്കാർ ഉത്തരവ് വിജ്ഞാപനം ചെയ്യുതെന്നതിനാൽ മറുപടി സ്വീകാര്യമല്ല. അതിനാൽ, വ്യക്തമായ നിർവചനം ഉണ്ടോ ഇല്ലയോ എന്നത് പരിഗണിക്കാതെ അത് നടപ്പിലാക്കാൻ വകുപ്പ് ബാധ്യസ്ഥമാണ്.

***ശുപാർശ 13***

***സർക്കാർ വിജ്ഞാപനം പൂർണ്ണ അർത്ഥത്തിൽ പാലിച്ചുകൊണ്ട് 2,139 പൂർണ്ണ ഹൈബ്രിഡ് ബാറ്ററി ഇലക്ട്രിക് വാഹനങ്ങളുടെ പിരിച്ചെടുത്ത നികുതി ക്രമപ്പെടുത്താൻ മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർക്ക് സർക്കാരിന് നിർദ്ദേശം നൽകാവുന്നതാണ്.***

- **വാഹന രജിസ്ട്രേഷൻ, പുതുക്കൽ എന്നിവയ്ക്കുള്ള ഫീസിന്റെ കുറഞ്ഞ പിരിവ്**

മോട്ടോർ വാഹനങ്ങളുടെ രജിസ്ട്രേഷൻ നടത്തുന്നതിനോ പുതുക്കുന്നതിനോ ഉള്ള ഫീസ് നിരക്ക് 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങൾ നിർദ്ദേശിക്കുന്നു. ഓഡിറ്റ് കാലയളവിൽ, ഭേദഗതി വിജ്ഞാപനത്തിൽ[50] വിശദീകരിച്ചിരിക്കുന്നതു പോലെ, നിരക്ക് രണ്ടു പ്രാവശ്യം പരിഷ്കരിച്ചു. വാഹൻ ഡാറ്റാബേസിൽ നിന്ന് 2019 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവിലെ വാഹന രജിസ്ട്രേഷനും പുതുക്കലും സംബന്ധിച്ച ഡാറ്റ വിശകലനം ചെയ്തതിൽ **51,54,623** വാഹനങ്ങളുടെ പുതിയ രജിസ്ട്രേഷനോ പുതുക്കലോ നടത്തിയതായി കണ്ടെത്തി. ഇതിൽ **4,06,886** സന്ദർഭങ്ങളിൽ, പിരിച്ചെടുത്ത ഫീസ് നിർദ്ദിഷ്ട പുതുക്കിയ നിരക്കുകളേക്കാൾ കുറവാണെന്ന് കണ്ടെത്തി. ഇത് **അനുബന്ധം XIII**-ൽ വിശദീകരിച്ചിരിക്കുന്നതുപോലെ **98.69 കോടി രൂപ**യുടെ ഫീസ് കുറവായി പിരിച്ചെടുക്കുന്നതിലേക്ക് നയിച്ചു.

ഫീസ് കുറവായി പിരിച്ചെടുത്തത് ഐടി സംവിധാനത്തിൽ പുതുക്കിയ ഫീസ് ഘടനകൾ അപ്ഡേറ്റ് ചെയ്യുന്നതിലെ കാലതാമസത്തെ സൂചിപ്പിക്കുന്നു. ഇത് നയങ്ങളുടെ അപ്ഡേറ്റുകളും സിസ്റ്റം കോൺഫിഗറേഷനുകളും തമ്മിലുള്ള സമന്വയത്തിന്റെ അഭാവത്തെ സൂചിപ്പിക്കുന്നു. ഇത് വ്യവസ്ഥകൾ പാലിക്കുന്നതിനെ ദുർബലപ്പെടുത്തുക മാത്രമല്ല, സംസ്ഥാനത്തിന്റെ വരുമാനത്തെ ബാധിക്കുകയും ചെയ്യുന്നു.

എൻഐസി കൈകാര്യം ചെയ്യുന്ന വാഹൻ സോഫ്റ്റ്‌വെയറിൽ സമയബന്ധിതമായ അപ്ഡേറ്റ് ഇല്ലാതിരുന്നതാണ് വർദ്ധിപ്പിച്ച ഫീസ് പിരിക്കപ്പെടാതിരുന്നതിന് കാരണമെന്ന് സർക്കാർ അറിയിച്ചു (2025 സെപ്റ്റംബർ). അതിനാൽ, ഫീസ് ഘടന പരിഷ്കരിക്കുമ്പോഴെല്ലാം സോഫ്റ്റ്‌വെയറിൽ തത്സമയ അപ്ഡേറ്റുകൾ ഉറപ്പാക്കുന്നതിനുള്ള ഒരു സംവിധാനം ഏർപ്പെടുത്താൻ എൻഐസിയോട് അഭ്യർത്ഥിച്ചു. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ തീരുമാനം തങ്ങൾക്ക് എതിരാണെങ്കിൽ അധിക ഫീസും വർദ്ധിപ്പിച്ച ഫീസും അടയ്ക്കാമെന്ന് അപേക്ഷകരിൽ നിന്ന് സമ്മതപത്രം വാങ്ങി അധിക ഫീസും വർദ്ധിപ്പിച്ച ഫീസും നിർബന്ധിക്കാതെ തന്നെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും ഫിറ്റ്നസ് സർട്ടിഫിക്കറ്റും പുതുക്കി നൽകാൻ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി നിർദേശിച്ചിട്ടുണ്ടെന്നും മറുപടിയിൽ പറയുന്നു.

ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ തീരുമാനം തങ്ങൾക്ക് എതിരാണെങ്കിൽ വർദ്ധിപ്പിച്ച ഫീസ് അടയ്ക്കാമെന്ന് ഉറപ്പ് നൽകാൻ തയ്യാറുള്ളവർക്ക് രജിസ്ട്രേഷൻ പുതുക്കി നൽകാമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചു. അതിനാൽ,

[50] റോഡ് ഗതാഗത, ഹൈവേ മന്ത്രാലയത്തിന്റെ 2016 ഡിസംബർ 29-ലെ ജി.എസ്.ആർ. 1183(ഇ), 2021 ഒക്ടോബർ 4-ലെ ജി.എസ്.ആർ. 714(ഇ) എന്നിവ.

വർദ്ധിപ്പിച്ച ഫീസിനെ സുപ്രീംകോടതിയിൽ ചോദ്യം ചെയ്ത ഹർജിക്കാർക്ക് മാത്രമായാണ് ആശ്വാസം പരിമിതപ്പെടുത്തിയിരിക്കുന്നത്, അല്ലാതെ ഒരു പൊതു നിർദേശമല്ല.

***ശുപാർശ 14***

*ഫീസ് ഘടന പരിഷ്കരിക്കുമ്പോഴെല്ലാം വാഹൻ സംവിധാനത്തിൽ തത്സമയ അപ്ഡേറ്റുകൾ ഉറപ്പാക്കുന്നതിന് എൻഐസിയുമായി കൂടിയാലോചിച്ച് സർക്കാരിന് ഒരു സംവിധാനം ഏർപ്പെടുത്താം. കൂടാതെ, ഈ സംവിധാനത്തിന് ഓട്ടോമേറ്റഡ് അലേർട്ടുകളും വ്യവസ്ഥാപിതമായ അനുരഞ്ജന നടപടിക്രമങ്ങളും ഉണ്ടാവേണ്ടതാണ്. റവന്യൂ നഷ്ടം ഉണ്ടെങ്കിൽ അത് നികത്താനുള്ള സംവിധാനം ഏർപ്പെടുത്താൻ മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർക്കുള്ള നിർദേശം സർക്കാരിന് നല്കാവുന്നതുമാണ്.*

- **ട്രാൻസ്പോർട്ട് വാഹനങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കുന്നതിൽ കാലതാമസം വരുത്തിയതിന് പിഴ ചുമത്താത്തത്/ കുറവായി ചുമത്തിയത്**

സാധുവായ ഒരു ഫിറ്റ്നസ് സർട്ടിഫിക്കറ്റ്[51] (സിഎഫ്) ഉണ്ടെങ്കിൽ മാത്രമേ ഒരു ട്രാൻസ്പോർട്ട് വാഹനം സാധുവായി രജിസ്റ്റർ ചെയ്തതായി കണക്കാക്കുകയുള്ളൂ, കൂടാതെ നിശ്ചിത തീയതിക്കുള്ളിൽ സിഎഫ് പുതുക്കലിനായി വാഹനം ഹാജരാക്കിയില്ലെങ്കിൽ പിഴ ഈടാക്കും[52]. 2019 ജൂലൈ 18 മുതൽ വാഹന വിഭാഗമനുസരിച്ച് ഓരോ കലണ്ടർ മാസത്തിനും അല്ലെങ്കിൽ അതിന്റെ ഭാഗത്തിനും ചുവടെയുള്ള **പട്ടിക 2.18**-ൽ വിശദീകരിച്ചിരിക്കുന്ന നിരക്കുകളിൽ പിഴ ഈടാക്കാം:

**പട്ടിക 2.18: ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വൈകി പുതുക്കുന്നതിനുള്ള പിഴ**

| ട്രാൻസ്പോർട്ട് വാഹനത്തിന്റെ തരം | പിഴ നിരക്ക് (₹/ മാസം) |
|---|---|
| ഇരുചക്ര വാഹനങ്ങളും ഓട്ടോറിക്ഷകളും | 100 |
| മോട്ടോർ ക്യാബുകൾ | 150 |
| മറ്റ് ഗതാഗത വാഹനങ്ങൾ | 200 |

സ്രോതസ്സ്: 2019-ലെ കേരള മോട്ടോർ വാഹന (നാലാം ഭേദഗതി) ചട്ടങ്ങൾ.

2022 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവിലെ വാഹൻ ഡാറ്റാബേസിന്റെ വിശകലനത്തിൽ, സംസ്ഥാനത്ത് ഈ കാലയളവിൽ **5,41,840** ഗതാഗത വാഹനങ്ങൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ പുതുക്കിയതായി കണ്ടെത്തി. ഇതിൽ **34,869** വാഹനങ്ങൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ വൈകി പുതുക്കിയെങ്കിലും, കാലതാമസത്തിന് പിഴ ചുമത്താതിരിക്കുകയോ കുറവായി ചുമത്തുകയോ ചെയ്തു. അതിന്റെ ഫലമായി **1.27 കോടി** രൂപയുടെ വരുമാന കുറവുണ്ടായത് **അനുബന്ധം XIV**-ൽ വിശദീകരിച്ചിരിക്കുന്നു.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ, പിഴ പിരിച്ചെടുക്കാത്തതിന് കാരണം കാണിക്കാൻ നിർദേശിച്ചുകൊണ്ട്, നികുതിയിലെ കുറവ് പിരിച്ചെടുക്കുന്നതിനായി ഓഡിറ്റ് നിരീക്ഷണങ്ങളുടെ ഓഫീസ് തിരിച്ചുള്ള പട്ടിക ബന്ധപ്പെട്ട ഓഫീസുകൾക്ക് അയച്ചിട്ടുണ്ടെന്ന് സർക്കാർ അറിയിച്ചു (2025 സെപ്റ്റംബർ). സ്ഥിരമായ തുടർനടപടികളിലൂടെ ഈ കുറവ് നികത്തുമെന്നും വ്യക്തമാക്കി.

[51] മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 56, സിഎംവി ചട്ടങ്ങളുടെ ചട്ടം 62 എന്നിവ പ്രകാരം.

[52] 1989-ലെ കെഎംവി ചട്ടങ്ങളുടെ ചട്ടം 105(5).

***ശുപാർശ 15***

*ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കുന്നത് വൈകിയാൽ ഓരോ വിഭാഗം ഗതാഗത വാഹനത്തിനും നിശ്ചയിച്ചിട്ടുള്ള നിരക്കുകൾക്കനുസൃതമായി പിഴ ചുമത്തുന്നതിനായി 1989-ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളുടെ ചട്ടം 105(5) കർശനമായി പാലിക്കണമെന്ന്, ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്ക് സർക്കാരിന് നിർദ്ദേശങ്ങൾ നൽകാവുന്നതാണ്.*

- **ടിപ്പിംഗ് സംവിധാനം ഘടിപ്പിച്ച ചരക്ക് വാഹനങ്ങൾക്ക് മോട്ടോർ വാഹന നികുതിയുടെ തെറ്റായ നിരക്കുകൾ പ്രയോഗിച്ചതിനാലുള്ള കുറഞ്ഞ പിരിവ്**

2010-ലെ കേരള ഫിനാൻസ് ആക്ട്, ടിപ്പിംഗ് സംവിധാനങ്ങളോടു കൂടിയതും അല്ലാത്തതുമായ ചരക്ക് വാഹനങ്ങൾക്ക് പ്രത്യേക നികുതി നിരക്കുകൾ അവതരിപ്പിച്ചു. ടിപ്പിംഗ് സംവിധാനങ്ങൾ സജ്ജീകരിച്ച വാഹനങ്ങൾക്ക് ബാധകമായ നികുതി നിരക്ക് 1976-ലെ കേരള മോട്ടോർ വാഹന നികുതി നിയമത്തിന്റെ പട്ടികയുടെ ക്രമ നമ്പർ 3(ii)-ൽ വ്യക്തമാക്കിയിട്ടുണ്ട്.

വാഹൻ സിസ്റ്റത്തിൽ ക്ലാസ്, പെർമിറ്റ്, വാഹനത്തിന്റെ വിഭാഗം എന്നിവ സംഖ്യകളാൽ സൂചിപ്പിക്കുന്നു. വെഹിക്കിൾ ക്ലാസ് '59', പെർമിറ്റ് കാറ്റഗറി '105' എന്നിവ ടിപ്പിംഗ് സംവിധാനങ്ങൾ ഘടിപ്പിച്ചവ ഉൾപ്പെടെയുള്ള ചരക്ക് വാഹനങ്ങൾക്ക് ഏകീകൃതമായി നല്കിയിരിക്കുന്നു, അതേസമയം പെർമിറ്റ് കാറ്റഗറി '31' ടിപ്പിംഗ് സംവിധാനങ്ങൾ (ടിപ്പറുകൾ) ഉള്ള ചരക്ക് വാഹനങ്ങൾക്ക് പ്രത്യേകമായി നല്കിയിരിക്കുന്നു.

2022 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവിലെ വാഹൻ ഡാറ്റാബേസിൽ നിന്നുള്ള നികുതി ഒടുക്കൽ ഡാറ്റയുടെ വിശകലനത്തിൽ, പെർമിറ്റ് കാറ്റഗറി '31' നല്കിയ **43,301** ടിപ്പർ ക്യാരേജുകളിൽ **2,098** എണ്ണത്തിന് സാധാരണ ചരക്ക് വാഹനങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി ചുമത്തിയതായി കണ്ടെത്തി. ഇത് **0.87 കോടി** രൂപയുടെ മോട്ടോർ വാഹന നികുതി കുറവായി ചുമത്തുന്നതിന് കാരണമായി **(അനുബന്ധം XV)**.

ടിപ്പിംഗ് സംവിധാനങ്ങളുള്ള ചരക്ക് വാഹനങ്ങൾക്ക് ബാധകമായ നിർദ്ദിഷ്ട പെർമിറ്റ് കാറ്റഗറി വാഹനിൽ നൽകിയിട്ടുണ്ടെങ്കിലും നികുതി നിരക്ക് തെറ്റായി പ്രയോഗിച്ചു.

എൻഐസി കൈകാര്യം ചെയ്യുന്ന വാഹൻ സോഫ്റ്റ്‌വെയർ സമയബന്ധിതമായി അപ്ഡേറ്റ് ചെയ്യുന്നതിലെ കാലതാമസം മൂലമാണ് നികുതി പിരിവിലെ അപാകതകൾ ഉണ്ടാകുന്നതെന്ന് സർക്കാർ അറിയിച്ചു (2025 സെപ്റ്റംബർ). അതിനാൽ, നികുതി ഘടന പരിഷ്കരിക്കുമ്പോഴെല്ലാം സോഫ്റ്റ്‌വെയറിൽ തത്സമയ അപ്ഡേറ്റ് ഉറപ്പാക്കുന്നതിനുള്ള ഒരു സംവിധാനം നിർദ്ദേശിക്കാൻ എൻഐസിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. അതുവഴി സിസ്റ്റം ഓട്ടോമേറ്റഡ് അലേർട്ടുകൾ അയയ്ക്കുകയും നിലവിലെ നിരക്കുകൾ പ്രയോഗിക്കുകയും നികുതി കണക്കാക്കുന്നതിൽ മാനുഷിക ഇടപെടൽ തടയുകയും ചെയ്യും. കൃത്യമായ യോഗങ്ങളിലൂടെയും ഏകോപനത്തിലൂടെയും കേരളത്തിന്റെ നികുതി ഘടനയുമായി വാഹൻ സംവിധാനത്തിന്റെ അനുയോജ്യത വർദ്ധിപ്പിക്കുന്നതിൽ പുരോഗതി കൈവരിച്ചിട്ടുണ്ടെന്നും അറിയിച്ചു.

***ശുപാർശ 16***

*നികുതി ഘടനകൾ പരിഷ്കരിക്കുമ്പോഴെല്ലാം തത്സമയ അപ്ഡേറ്റിനായി സോഫ്റ്റ്‌വെയറിൽ ആവശ്യമായ നടപടികൾ ഏർപ്പെടുത്താൻ എൻഐസി യോടുള്ള അഭ്യർത്ഥന സമയബന്ധിതമായി നടത്തുന്നുണ്ടെന്ന് സർക്കാർ ഉറപ്പാക്കണം. **2,098** ടിപ്പർ ഉടമകളിൽ നിന്നും കുറവായി ഒടുക്കിയ നികുതി യുണ്ടെങ്കിൽ ഈടാക്കാനുള്ള നടപടികൾ ആരംഭിക്കാനും സർക്കാരിന് മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകാവുന്നതാണ്.*

- **ഹരിത നികുതി പിരിച്ചെടുക്കാത്തത്**

പുതുതായി വാങ്ങുന്ന ഡീസലിൽ പ്രവർത്തിക്കുന്ന മോട്ടോർ വാഹനങ്ങൾക്ക് (മോട്ടോർ സൈക്കിളുകൾ ഒഴികെ) ഹരിത നികുതി ചുമത്തുകയും പിരിച്ചെടുക്കുകയും ചെയ്യേണ്ടത് നിർബന്ധമാണ്[53]. രജിസ്ട്രേഷൻ പുതുക്കുകയോ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കുകയോ ചെയ്യുന്ന സമയത്തെ വാഹനത്തിന്റെ പഴക്കത്തെ അടിസ്ഥാനമാക്കി മറ്റ് വിഭാഗം വാഹനങ്ങൾക്കും ഹരിത നികുതി ബാധകമാണ്. 2022 ഏപ്രിൽ 1 മുതൽ ഹരിത നികുതിയുടെ നിരക്ക് പരിഷ്കരിച്ചു (ഫിനാൻസ് ആക്ട്, 2022). വായു മലിനീകരണം നിയന്ത്രിക്കാൻ ലക്ഷ്യമിട്ടുള്ള വിവിധ പ്രവർത്തനങ്ങളെ സഹായിക്കുകയാണ് ഹരിത നികുതിയുടെ ഉദ്ദേശ്യം. ബാധകമായ നിരക്കുകൾ **അനുബന്ധം XVI**-ൽ നൽകിയിരിക്കുന്നു.

2022 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവിലെ വാഹൻ ഡാറ്റാ ബേസിൽ നിന്നുള്ള വാഹന രജിസ്ട്രേഷൻ ഡാറ്റയുടെ വിശകലനത്തിൽ നിന്നും ഇനിപ്പറയുന്നവ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു:

**i) പുതിയ വാഹനത്തിന്റെ രജിസ്ട്രേഷൻ സമയത്ത് ഹരിത നികുതി ചുമത്താത്തത്**

**91,952** ഡീസൽ വാഹനങ്ങൾ (മോട്ടോർ സൈക്കിളുകൾ ഒഴികെ) മേൽപറഞ്ഞ കാലയളവിൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ഓഡിറ്റിൽ കണ്ടെത്തി. ഇതിൽ **20,692** വാഹനങ്ങളിൽ നിന്നും ഹരിത നികുതി ഈടാക്കിയിരുന്നില്ല. ഇത് **2.08 കോടി** രൂപയുടെ ഹരിത നികുതി ചുമത്താതിരിക്കാൻ കാരണമായി (**അനുബന്ധം XVII**).

**ii) ഗതാഗതേതര വാഹനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കുമ്പോൾ ഹരിത നികുതി ഈടാക്കാത്തത്**

മേൽപറഞ്ഞ കാലയളവിൽ നാലോ അതിലധികമോ ചക്രങ്ങളുള്ളതും ആദ്യ രജിസ്ട്രേഷനു ശേഷം 15 വർഷം പൂർത്തിയാക്കിയതുമായ **11,36,596** ഗതാഗതേതര വാഹനങ്ങൾ രജിസ്ട്രേഷൻ പുതുക്കിയതായി ശ്രദ്ധയിൽപ്പെട്ടു. ഇതിൽ **7,358** വാഹനങ്ങളിൽ നിന്നും ബാധകമായ ഹരിത നികുതി ഈടാക്കിയില്ല. ഇത് **0.44 കോടി** രൂപയുടെ ഹരിത നികുതി ചുമത്താതിരിക്കാൻ കാരണമായി (**അനുബന്ധം XVIII**).

[53] 1976-ലെ കെഎംവിടി നിയമത്തിലെ വകുപ്പ് 3എ.

### iii) ഗതാഗത വാഹനങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കുമ്പോൾ ഹരിത നികുതി ഈടാക്കാത്തത്

ഓഡിറ്റ് കാലയളവിൽ, ആദ്യ രജിസ്ട്രേഷനു ശേഷം 10 വർഷമോ 15 വർഷമോ പൂർത്തിയാക്കിയ നാലോ അതിലധികമോ ചക്രങ്ങളുള്ള **1,95,739** ഗതാഗത വാഹനങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകി. എന്നാൽ, **764** വാഹനങ്ങളുടെ മേൽ ബാധകമായ ഹരിത നികുതി ചുമത്തിയില്ല. ഇത് **5.44 ലക്ഷം** രൂപയുടെ ഹരിത നികുതി ചുമത്താതിരിക്കാൻ കാരണമായി (**അനുബന്ധം XIX**).

ചുമത്താത്തതും പിരിച്ചെടുക്കാത്തതുമായ ഹരിത നികുതി ആകെ **2.57 കോടി** രൂപയാണ്. ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, രജിസ്ട്രേഷൻ പുതുക്കൽ തുടങ്ങിയ സമയങ്ങളിൽ ഹരിത നികുതി ചുമത്താതിരിക്കാൻ കാരണം വാഹന ഉടമകളുടെ പ്രസ്താവനകളെ അമിതമായി ആശ്രയിക്കുന്നതിനാലാണെന്ന് കാണുന്നു. ഇത് സിസ്റ്റത്തിലെ സാധുകരണ നിയന്ത്രണങ്ങളുടെ അഭാവത്തെ എടുത്തു കാണിക്കുന്നു.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ, വാഹനത്തിന് ബാധകമായ ഹരിത നികുതി ഓട്ടോമാറ്റിക്കായി കണക്കാക്കുന്നതിനായി വാഹൻ സോഫ്റ്റ്വെയർ എൻഐസി പരിഷ്കരിച്ചിട്ടുണ്ടെന്നും പൊതുജനങ്ങൾക്ക് ഓൺലൈനായി പണമടയ്ക്കുന്നതിനുള്ള സൗകര്യമൊരുക്കിയെന്നും സർക്കാർ അറിയിച്ചു (2025 സെപ്റ്റംബർ).

***ശുപാർശ 17***

*തിരിച്ചറിഞ്ഞ കേസുകളിൽ ഹരിത നികുതി ഈടാക്കാൻ അടിയന്തര നടപടി സ്വീകരിക്കാൻ മോട്ടോർ വാഹന വകുപ്പിനോട് സർക്കാരിന് നിർദ്ദേശിക്കാം.*

- **മോട്ടോർ വാഹന ചെക്ക് പോസ്റ്റുകളിൽ സർവീസ് ചാർജ് പിരിച്ചെടുക്കാത്തത്**

ചെക്ക്പോസ്റ്റുകളിൽ വാഹനങ്ങൾക്ക് താൽക്കാലിക പെർമിറ്റും സ്പെഷ്യൽ പെർമിറ്റും നൽകുമ്പോൾ സർവീസ് ചാർജ് ഈടാക്കാൻ സർക്കാർ നിർദേശം നൽകി[54]. താൽക്കാലിക പെർമിറ്റുകളും (എല്ലാ ക്ലാസുകളും) പ്രത്യേക പെർമിറ്റുകളും (എല്ലാ ക്ലാസുകളും) നൽകുന്നതിന് ഈടാക്കേണ്ട സർവീസ് ചാർജ് 2019 ഏപ്രിൽ 1 മുതൽ 110 രൂപയായി ഉയർത്തി[55].

2022 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവിലെ തിരഞ്ഞെടുത്ത മോട്ടോർ വാഹന ചെക്ക് പോസ്റ്റുകളുടെയും അനുബന്ധ രേഖകളുടെയും സ്മാർട്ട്മൂവ് ഡാറ്റാബേസിന്റെ വിശകലനത്തിൽ തിരഞ്ഞെടുത്ത നാലു ചെക്ക് പോസ്റ്റുകളിലായി, **62,506** കേസുകളിൽ താൽക്കാലിക പെർമിറ്റുകളും പ്രത്യേക പെർമിറ്റുകളും നൽകുമ്പോഴും അവയുടെ കാലാവധി നീട്ടി നൽകുമ്പോഴും നിശ്ചിത സർവീസ് ചാർജ് ഈടാക്കാത്തത് കണ്ടെത്തിയത് **പട്ടിക 2.19**-ൽ കൊടുത്തിരിക്കുന്നു.

---

54 2019 മാർച്ച് 8-ലെ സ.ഉ. (അച്ചടി) നമ്പർ 28/2019/ധന.

55 2018 സെപ്റ്റംബർ 24 മുതൽ നിലവിലുള്ള നിരക്ക് 105 രൂപയായിരുന്നു.

**പട്ടിക 2.19: താൽക്കാലിക, പ്രത്യേക പെർമിറ്റുകൾക്ക് സർവീസ് ചാർജ് ഈടാക്കാത്തത്**

| ചെക്ക് പോസ്റ്റ് | പെർമിറ്റുകളുടെ എണ്ണം | | | | സർവീസ് ചാർജ് കുടിശ്ശിക (₹) |
|---|---|---|---|---|---|
| | കാലാവധി നീട്ടിയത് | പ്രത്യേക പെർമിറ്റ് | താൽക്കാലിക പെർമിറ്റ് | ആകെ | |
| എംവി ചെക്ക്പോസ്റ്റ് തലപ്പാടി | 8,457 | 5,074 | 2,910 | 16,441 | 18,08,510 |
| എംവി ചെക്ക്പോസ്റ്റ് കാട്ടിക്കുളം | 5,609 | 797 | 2,506 | 8,912 | 9,80,320 |
| എംവി ചെക്ക്പോസ്റ്റ് കുമളി | 13,815 | 2,564 | 2,774 | 19,153 | 21,06,830 |
| എംവി ചെക്ക്പോസ്റ്റ് അമരവിള | 14,323 | 3,270 | 407 | 18,000 | 19,80,000 |
| **ആകെ** | **42,204** | **11,705** | **8,597** | **62,506** | **68,75,660** |

സ്രോതസ്സ്: വകുപ്പുതല രേഖകൾ.

സർവീസ് ചാർജ് പിരിച്ചെടുക്കാത്തത് സംസ്ഥാന ഖജനാവിന് **0.69 കോടി** രൂപയുടെ നഷ്ടമുണ്ടാക്കി.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ, വകുപ്പ് മുൻപ് ഉപയോഗിച്ചിരുന്ന സ്മാർട്ട്മൂവ് സോഫ്റ്റ്‌വെയറിലെ തകരാർ മൂലമാണ് സർവീസ് ചാർജ് പിരിച്ചെടുക്കാതിരുന്നതെന്ന് സർക്കാർ അറിയിച്ചു (2025 സെപ്റ്റംബർ). കുറവായി പിരിച്ച എല്ലാ കേസുകളും 'നോട്ട് ടു ബി ട്രാൻസാക്റ്റഡ്' (എൻടിബിടി) കേസുകളായി മാറ്റിയിട്ടുണ്ടെന്ന് ഉറപ്പാക്കിയെന്നും അറിയിച്ചു. ജിഎസ്ടിയുടെ ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് തിരിച്ചറിയൽ (എഎൻപിആർ) ക്യാമറകൾ ഉപയോഗിച്ച് അത്യാധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടെ എല്ലാ അതിർത്തി ചെക്ക് പോസ്റ്റുകളും വെർച്വൽ ചെക്ക് പോസ്റ്റുകളാക്കി മാറ്റാൻ തീരുമാനിച്ചതായി വകുപ്പ് അറിയിച്ചു. ഇത് വരുമാന ശേഖരണത്തിനുള്ള സാധ്യത കൂടുതൽ വർദ്ധിപ്പിക്കും. അപേക്ഷ സമർപ്പിക്കുന്നതിനും സേവനങ്ങൾക്കും തടസ്സമില്ലാതെ ഏറ്റവും പുതിയ അപേക്ഷാ ഫീസിന്റെ കൂടെ മൊത്തം കുടിശ്ശികയും കാണിക്കുന്നതിനുള്ള നിർദ്ദേശവും വകുപ്പ് എൻഐസിക്ക് അയച്ചിട്ടുണ്ട്.

> ***ശുപാർശ 18***
>
> *'നോട്ട് ടു ബി ട്രാൻസാക്റ്റഡ്' (എൻടിബിടി) കേസുകളിൽ കുടിശ്ശിക പിരിച്ചെടുക്കുന്നതിനും കുറവായി പിരിക്കുന്നത് തടയുന്നതിനും ഓട്ടോമേറ്റഡ് വാലിഡേഷനുകൾ ഉൾപ്പെടുത്തി സിസ്റ്റത്തിൽ സമയബന്ധിതമായ മെച്ചപ്പെടുത്തലുകൾ സർക്കാർ ഉറപ്പാക്കണം.*

- **മോട്ടോർ വാഹന നികുതി ഈടാക്കാത്തത്**

സംസ്ഥാനത്ത് ഉപയോഗിക്കുന്നതോ ഉപയോഗിക്കാൻ വേണ്ടി വച്ചിരിക്കുന്നതോ ആയ എല്ലാ മോട്ടോർ വാഹനങ്ങൾക്കും നികുതി ബാധകമാണ്, ചരക്കു വാഹനങ്ങൾക്കും കോൺട്രാക്ട് വാഹനങ്ങൾക്കും നിർദ്ദിഷ്ട ഷെഡ്യൂൾ അനുസരിച്ച് നികുതി ഈടാക്കും[56]. ഓരോ പാദത്തിലേക്കുമുള്ള നികുതി സാധാരണയായി ആദ്യ മാസത്തിൽ അടയ്ക്കണം, എങ്കിലും ചില ചരക്ക് വാഹനങ്ങൾ വാർഷിക പേയ്മെന്റോ അഞ്ച് വർഷത്തെ തുക ഒറ്റതവണ ഒടുക്കുന്നതോ തിരഞ്ഞെടുക്കുന്നു[57]. വാഹനം ഉപയോഗിക്കാത്തതിന് നികുതി ഇളവ് തേടുന്ന വാഹന ഉടമകൾ അധികാരപരിധി

[56] 1976-ലെ കെഎംവിടി നിയമത്തിലെ വകുപ്പ് 3(1).

[57] 1976-ലെ കെഎംവിടി നിയമത്തിലെ വകുപ്പ് 4(1).

യിലുള്ള ആർടിഒയിൽ ഫോം-ജി സമർപ്പിക്കണം. കോവിഡ്-19 മഹാമാരി മൂലമുണ്ടായ സാമ്പത്തിക ആഘാതം ലഘൂകരിക്കുന്നതിന്, കോൺട്രാക്ട് വാഹനങ്ങൾക്ക് സർക്കാർ നികുതി ഇളവുകൾ അനുവദിച്ചു.

നികുതി അടയ്ക്കാതെ ഓടുന്ന വാഹനങ്ങൾ പിടിച്ചെടുക്കാനും 30 ദിവസത്തിനുള്ളിൽ കുടിശ്ശിക അടച്ചില്ലെങ്കിൽ, കൃത്യമായ നോട്ടീസിനും അവരെ കേട്ടതിനും ശേഷം വാഹനം വിറ്റ് നികുതി വസൂലാക്കാനും എംവിഡി ഉദ്യോഗസ്ഥർക്ക് (അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത) അധികാരമുണ്ട്[58]. നികുതി കുടിശ്ശിക വസ്തുവിൻ മേലുള്ള പൊതു വരുമാന കുടിശ്ശികയായി ഈടാക്കാനും കഴിയും[59].

വാഹൻ ഡാറ്റാബേസിൽ നിന്നുള്ള 2024 മാർച്ച് 31-ന് അവസാനിച്ച പാദത്തിലെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള ചരക്ക് വാഹനങ്ങളുടെയും കോൺട്രാക്ട് കാര്യേജുകളുടെയും നികുതി ഒടുക്കൽ ഡാറ്റയുടെ വിശകലനം താഴെയുള്ള **പട്ടിക 2.20**-ൽ കാണിച്ചിരിക്കുന്ന കാര്യങ്ങൾ വെളിപ്പെടുത്തുന്നു:

**പട്ടിക 2.20: ഗുഡ്സ് കാര്യേജുകളും കോൺട്രാക്ട് കാര്യേജുകളും നികുതി ഒടുക്കുന്നതിൽ വീഴ്ച വരുത്തിയതിന്റെ വിശദാംശങ്ങൾ**

| ക്രമ നം. | വാഹനത്തിന്റെ തരം | വാഹനങ്ങളുടെ ആകെ എണ്ണം | നികുതി അടയ്ക്കുന്നതിൽ പരാജയപ്പെട്ട വാഹനങ്ങളുടെ എണ്ണം | നികുതി കുടിശ്ശിക (കോടി രൂപ) | അനുബന്ധം |
|---|---|---|---|---|---|
| 1 | ടിപ്പിംഗ് സംവിധാനമില്ലാത്ത ചരക്ക് വാഹനം | 3,42,447 | 10,920 | 16.30 | XX |
| 2 | ടിപ്പിംഗ് സംവിധാനത്തോടു കൂടിയ ചരക്ക് വാഹനം | 50,815 | 4,447 | 9.52 | XXI |
| 3 | കോൺട്രാക്ട് കാര്യേജ് | 76,285 | 2,198 | 24.14 | XXII |
| | **ആകെ** | | | **49.96** | |

വാഹന ഉടമകൾ നികുതി ഇളവിനായി ഫോം-ജി ഫയൽ ചെയ്തിട്ടില്ലെന്നും വാഹൻ ഡാറ്റാബേസ് ഈ വാഹനങ്ങളെ 'ആക്ടീവ്' എന്ന് കാണിക്കുന്നുണ്ടായിരുന്നു വെങ്കിലും കെഎംവിടി നിയമത്തിലെ വകുപ്പ് 11 അല്ലെങ്കിൽ 13 പ്രകാരം നടപടിയെടുക്കുന്നതിൽ വകുപ്പ് പരാജയപ്പെട്ടുവെന്നും ഓഡിറ്റ് നിരീക്ഷിച്ചു. മോട്ടോർ വാഹന നികുതി മാനദണ്ഡങ്ങൾ പാലിക്കുന്നത് നിരീക്ഷിക്കുന്നതിലും നടപ്പിലാക്കുന്നതിലും ഉള്ള വ്യവസ്ഥാപരമായ ബലഹീനതകൾ ഇത് സൂചിപ്പിക്കുന്നു. കുടിശ്ശിക ഈടാക്കുന്നതിൽ മോട്ടോർ വാഹന വകുപ്പ് അധികൃതരുടെ നിഷ്ക്രിയത്വം സംസ്ഥാനത്തിന് ഗണ്യമായ വരുമാന കുറവിന് കാരണമായി.

റോഡ് നികുതി അടയ്ക്കാതെ ഓടുന്ന എല്ലാ വാഹനങ്ങളും ബുക്ക് ചെയ്യാനും ജില്ലാ മജിസ്ട്രേറ്റുമാരുമായി ഏകോപിപ്പിച്ച് റിക്കവറി നടപടികൾ സ്വീകരിച്ച് ഒരു നിശ്ചിത സമയപരിധിക്കുള്ളിൽ പിടിച്ചെടുക്കാനും റിക്കവറി വ്യവസ്ഥകൾ നടപ്പിലാക്കാനും നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് സർക്കാർ അറിയിച്ചു (2025 സെപ്റ്റംബർ). എന്നാൽ, പോലീസ് സ്റ്റേഷനുകളിലും മോട്ടോർ വാഹന വകുപ്പിന്റെ സ്ഥലങ്ങളിലും വാഹനങ്ങൾ സൂക്ഷിക്കുന്നതിനുള്ള സ്ഥലപരിമിതി പിടിച്ചെടുക്കലുകൾ നടത്തുന്നതിൽ തടസ്സമായി നിൽക്കുന്നു. ആയതിനാൽ പൊതു സ്വകാര്യ പങ്കാളിത്ത

[58] 1976-ലെ കെഎംവിടി നിയമത്തിലെ വകുപ്പ് 11.

[59] 1976-ലെ കെഎംവിടി നിയമത്തിലെ വകുപ്പ് 13.

മാതൃകയിൽ അംഗീകൃത വാഹന പിടിച്ചെടുക്കൽ യാർഡുകൾ സ്ഥാപിക്കാനുള്ള നിർദ്ദേശത്തിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടെന്നും അറിയിച്ചു.

***ശുപാർശ 19***

*നികുതി വീഴ്ച വരുത്തുന്നവരെ വേഗത്തിൽ തിരിച്ചറിയുന്നതിനായി വാഹൻ ഡാറ്റാബേസിന്റെ അവലോകനങ്ങൾ പതിവായി നടത്താനും തുടർന്ന് നികുതി കുടിശ്ശിക സമയബന്ധിതമായി ഈടാക്കുന്നതിന് കെഎംവിടി നിയമത്തിലെ 11, 13 വകുപ്പുകളിൽ പറഞ്ഞിരിക്കുന്ന പിടിച്ചെടുക്കൽ, റിക്കവറി വ്യവസ്ഥകൾ നടപ്പിലാക്കാനും മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർക്ക് സർക്കാർ നിർദ്ദേശം നൽകാവുന്നതാണ്. മോട്ടോർ വാഹന വകുപ്പ് നടപ്പിലാക്കുന്ന അംഗീകൃത വാഹന പിടിച്ചെടുക്കൽ യാർഡുകളുടെ പുരോഗതിയും സർക്കാരിന് നിരീക്ഷിക്കാം.*

### 2.4.6.12 എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ

വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിൽ ശ്രദ്ധയിൽപ്പെട്ട പോരായ്മകൾ തുടർന്നുള്ള ഖണ്ഡികകളിൽ നൽകിയിരിക്കുന്നു:

- **ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കാലഹരണപ്പെട്ട ഗതാഗത വാഹനങ്ങളുടെ മേൽ നടപടിയില്ലാത്തത്**

സാധുവായ രജിസ്ട്രേഷൻ ഇല്ലാതെ ഒരു മോട്ടോർ വാഹനവും പൊതുസ്ഥലങ്ങളിൽ ഓടിക്കാൻ പാടില്ല. ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഉണ്ടെങ്കിൽ മാത്രമേ സാധുവായി രജിസ്റ്റർ ചെയ്തതായി കണക്കാക്കുകയുള്ളൂ, പെർമിറ്റിൽ ഓടുന്ന വാഹനങ്ങൾക്കും ഇത് നിർബന്ധമാണ്[60]. പുതിയ ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും എട്ട് വർഷം വരെ പഴക്കമുള്ള വാഹനങ്ങൾക്കും രണ്ട് വർഷവും എട്ട് വർഷത്തിൽ കൂടുതൽ പഴക്കമുള്ള വാഹനങ്ങൾക്ക് ഒരു വർഷവുമാണ് ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ സാധുത[61]. നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ സിഎഫ് പുതുക്കലിനായി വാഹനം ഹാജരാക്കുന്നതിൽ പരാജയപ്പെട്ടാൽ ഇരുചക്ര വാഹനങ്ങൾ, ഓട്ടോറിക്ഷകൾ എന്നിവയ്ക്ക് 100 രൂപ, മോട്ടോർ ക്യാബുകൾക്ക് 150 രൂപ, മറ്റ് ഗതാഗത വാഹനങ്ങൾക്ക് 200 രൂപ എന്നിങ്ങനെയാണ് പ്രതിമാസ പിഴ[62].

സാധുവായ സിഎഫ് ഇല്ലാതെ വാഹനം ഉപയോഗിക്കുന്നതിനുള്ള നടപടിക്ക് പുറമേയാണ് പിഴ. എന്നാൽ സൂചിപ്പിച്ചിരിക്കുന്ന കാലയളവിൽ വാഹനം ഉപയോഗിക്കില്ലെന്ന് സിഎഫ് കാലഹരണപ്പെടുന്നതിന് മുമ്പ് ഉടമ രജിസ്ട്രേഷൻ അതോറിറ്റിക്ക് മുൻകൂട്ടി രേഖാമൂലമുള്ള അറിയിപ്പ് നൽകിയാൽ പിഴ ഈടാക്കില്ല. നിയമം ലംഘിച്ച് മോട്ടോർ വാഹനം ഉപയോഗിക്കുന്നത് മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 192(1) പ്രകാരം ശിക്ഷ ലഭിക്കാവുന്ന കുറ്റമാണ്, ആദ്യ കുറ്റത്തിനും രണ്ടാമത്തേതും തുടർന്നുള്ളതുമായ കുറ്റങ്ങൾക്കും പിഴ ഈടാക്കാം. നിയമത്തിലെ വകുപ്പ് 200 അനുസരിച്ച് കുറ്റം കോമ്പൗണ്ട് ചെയ്യാവുന്നതാണ്. കോമ്പൗണ്ടിംഗ് ഫീസ് ചുവടെയുള്ള **പട്ടിക 2.21**-ൽ നൽകിയിരിക്കുന്നു.

---

[60] 1988-ലെ മോട്ടോർ വാഹന നിയമത്തിലെ 39, 56, 84(എ) എന്നീ വകുപ്പുകൾ.

[61] 1989-ലെ സിഎംവി ചട്ടങ്ങളുടെ ചട്ടം 62(1).

[62] 1989-ലെ കെഎംവി ചട്ടങ്ങളുടെ ചട്ടം 105(5).

**പട്ടിക 2.21: വകുപ്പ് 192-ന് കീഴിലുള്ള കുറ്റങ്ങൾക്ക് നിശ്ചയിച്ച കോമ്പൗണ്ടിംഗ് ഫീസ്**

| വാഹന വിഭാഗം | ആദ്യ തവണ (₹) | രണ്ടാമത്തേതോ തുടർന്നുള്ളതോ ആയ കുറ്റങ്ങൾ (₹) |
|---|---|---|
| ഇരുചക്ര, മുച്ചക്ര വാഹനങ്ങൾ | 2,000 | 7,500 |
| ലൈറ്റ് മോട്ടോർ വാഹനങ്ങൾ (എൽഎംവി) | 3,000 | 7,500 |
| ഇടത്തരം മോട്ടോർ വാഹനങ്ങൾ | 4,000 | 7,500 |
| ഹെവി മോട്ടോർ വാഹനങ്ങൾ | 5,000 | 7,500 |

2022 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവിലെ വാഹൻ ഡാറ്റാബേസിന്റെ വിശകലനത്തിൽ, സജീവമായുണ്ടായിരുന്ന **18,25,802** ട്രാൻസ്പോർട്ട് വാഹനങ്ങളിൽ **48,059** എണ്ണത്തിന്റെ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ കാലാവധി കഴിഞ്ഞതായി കണ്ടെത്തി. എന്നാൽ ഈ കാലയളവിൽ മോട്ടോർ വാഹന നികുതി ഒടുക്കിയെങ്കിലും ഈ വാഹനങ്ങൾ പരിശോധനയ്ക്കായി ഹാജരാക്കുകയോ ഉപയോഗിക്കുന്നില്ലെന്ന് രജിസ്റ്ററിംഗ് അതോറിറ്റിക്ക് റിപ്പോർട്ട് ചെയ്യുകയോ ചെയ്തിട്ടില്ല. ഇത് അവയുടെ ഉപയോഗത്തെ സൂചിപ്പിക്കുന്നു. ഈ വിവരങ്ങൾ വാഹൻ ഡാറ്റാബേസിൽ ലഭ്യമാണെങ്കിലും, വീഴ്ച വരുത്തിയ ഉടമകൾക്ക് എൻഫോഴ്സ്മെന്റ് വിഭാഗം നോട്ടീസ് നൽകുകയോ സാധുവായ സിഎഫ് ഇല്ലാതെ പ്രവർത്തിക്കുന്ന വാഹനങ്ങളുടെ രജിസ്ട്രേഷനോ പെർമിറ്റുകളോ റദ്ദാക്കാൻ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഈ നിഷ്ക്രിയത്വം **അനുബന്ധം XXIII**-ൽ വിശദീകരിച്ചിരിക്കുന്നതുപോലെ **23.12 കോടി രൂപ** പിഴയും കോമ്പൗണ്ടിംഗ് ഫീസും ഈടാക്കാതിരിക്കാൻ കാരണമായി.

സിഎഫ് കാലാവധി കഴിഞ്ഞ വാഹനങ്ങൾ പൊതുനിരത്തിൽ ഉപയോഗിക്കുന്നത് സുരക്ഷാ പ്രശ്നങ്ങൾക്കും പാരിസ്ഥിതിക പ്രത്യാഘാതങ്ങൾക്കും കാരണമാകുന്നു. പോലീസ് വകുപ്പിൽ നിന്നും അപകടങ്ങളുടെ വിശദാംശങ്ങൾ ശേഖരിച്ച് പരിശോധിച്ചതിൽ ഈ 48,059 വാഹനങ്ങളിൽ 197 എണ്ണം സിഎഫിന്റെ കാലാവധി കഴിഞ്ഞ ശേഷം അപകടത്തിൽപെട്ടതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു (**അനുബന്ധം XXIV**). തിരഞ്ഞെടുത്ത ഓഫീസുകളിൽ ശ്രദ്ധയിൽപ്പെട്ട ചില ഉദാഹരണങ്ങൾ ചുവടെയുള്ള **പട്ടിക 2.22**-ൽ കാണിച്ചിരിക്കുന്നു:

**പട്ടിക 2.22: സിഎഫ് ഇല്ലാത്ത വാഹനങ്ങൾ അപകടത്തിൽപെട്ടതിന്റെ ഉദാഹരണങ്ങൾ**

| ക്രമ നം. | ഓഫീസിന്റെ പേര് | രജിസ്ട്രേഷൻ നമ്പർ | സിഎഫ് സാധുതയുണ്ടായിരുന്നത് | അപകടം നടന്ന തീയതി | കുറിപ്പുകൾ |
|---|---|---|---|---|---|
| 1 | ആർടിഒ കോട്ടയം | കെഎൽ05എഎഫ്5936 | 25/04/2023 | 13/01/2024 | ഗുരുതര പരിക്ക് |
| 2 | ആർടിഒ കോട്ടയം | കെഎൽ05എൻ1738 | 06/10/2022 | 16/04/2024 | |
| 3 | ആർടിഒ തൃശ്ശൂർ | കെഎൽ08എടി7252 | 08/12/2022 | 08/01/2023 | |
| 4 | ആർടിഒ തൃശ്ശൂർ | കെഎൽ08എവി0302 | 16/02/2023 | 29/12/2023 | |
| 5 | ആർടിഒ തൃശ്ശൂർ | കെഎൽ08ബിഇ5976 | 18/12/2022 | 01/02/2023 | |

സ്രോതസ്സ്: പോലീസ് വകുപ്പിൽ നിന്ന് ശേഖരിച്ച വിവരങ്ങൾ.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ, 170 ലക്ഷം വാഹനങ്ങൾക്കായി എൻഫോഴ്സ്മെന്റ് വിഭാഗത്തിന് 85 താലൂക്കുകളിലേക്ക് 85 സ്ക്വാഡുകൾ മാത്രമേയുള്ളൂവെന്നും രാത്രികൾ ഉൾപ്പെടെ എല്ലാ ഷിഫ്റ്റുകളും ഉൾക്കൊള്ളുന്നതിനായി ഇത് ഒരു

താലൂക്കിന് മൂന്ന് സ്ക്വാഡുകളായി ഉയർത്താൻ നിർദ്ദേശിച്ചുവെന്നും സർക്കാർ അറിയിച്ചു (2025 സെപ്റ്റംബർ). കൃത്യമായ എൻഫോഴ്സ്മെന്റിന് എംഐഎസ് റിപ്പോർട്ടുകൾ ഉപയോഗിക്കുമെന്നും ഉറപ്പ് നൽകി.

***ശുപാർശ 20***

*കാലാവധി കഴിഞ്ഞ സിഎഫ് ഉള്ള വാഹനങ്ങൾ തിരിച്ചറിയുന്നതിനും സിഎഫ് പുതുക്കുന്നതിനോ അത്തരം വാഹനങ്ങൾ റോഡുകളിൽ സഞ്ചരിക്കുന്നില്ലെന്ന് ഉറപ്പാക്കുന്നതിനോ വേണ്ട നടപടികൾ സ്വീകരിക്കാനും മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർക്ക് സർക്കാർ നിർദ്ദേശം നൽകാം. സർക്കാരിന്, ഗതാഗത വാഹനങ്ങളുടെ പതിവ് പരിശോധന കർശനമാക്കി എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുകയും ചെയ്യാം.*

- **രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ കാലാവധി കഴിഞ്ഞ ഗതാഗതേതര വാഹനങ്ങളുടെ മേൽ നടപടിയില്ലാത്തത്**

ഗതാഗതേതര വാഹനങ്ങളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകിയ തീയതി മുതൽ 15 വർഷത്തേക്ക് സാധുതയുള്ളതാണ്, അപേക്ഷ നൽകിയാൽ അഞ്ച് വർഷത്തേക്ക് പുതുക്കാം[63]. രജിസ്ട്രേഷൻ ഇല്ലാതെ വാഹനം ഉപയോഗിക്കുന്നത് ആദ്യ തവണ 3,000 രൂപയും രണ്ടാമത്തേതും തുടർന്നുള്ളതുമായ കുറ്റത്തിന് 7,500 രൂപയും പിഴ ചുമത്താവുന്ന കുറ്റമാണ്. 2020 ഫെബ്രുവരി 1-നും 2021 ഡിസംബർ 30-നും ഇടയിൽ കാലാവധി അവസാനിക്കുന്ന മോട്ടോർ വാഹന രേഖകളുടെ കാലാവധി 2021 ഡിസംബർ 31 വരെ നീട്ടാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

2019 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവിലെ വാഹൻ ഡാറ്റാബേസിന്റെ വിശകലനത്തിൽ സജീവമായ **12,09,790** ഗതാഗതേതര വാഹനങ്ങളിൽ **43,418** എണ്ണത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കാലാവധി കഴിഞ്ഞതായി കണ്ടെത്തി. എന്നാൽ, അവയുടെ ഉടമകൾ കാലാവധി കഴിഞ്ഞ ശേഷവും മോട്ടോർ വാഹന നികുതി അടയ്ക്കുന്നത് തുടർന്നു, ഇത് വാഹനത്തിന്റെ തുടർന്നുമുള്ള ഉപയോഗത്തെ സൂചിപ്പിക്കുകയും അതുവഴി റോഡ് സുരക്ഷാ ആശങ്കകൾ ഉയർത്തുകയും ചെയ്യുന്നു. രജിസ്ട്രേഷൻ അതോറിറ്റി രജിസ്ട്രേഷൻ കാലാവധിക്ക് ശേഷവും നികുതി സ്വീകരിക്കുകയും അതുവഴി പൊതു നിരത്തുകളിൽ അത്തരം വാഹനങ്ങൾ ഉപയോഗിക്കാൻ അനുവദിക്കുകയും ചെയ്തിട്ടുണ്ടെന്നും എൻഫോഴ്സ്മെന്റ് വിഭാഗം വീഴ്ച വരുത്തുന്നവർക്കെതിരെ നോട്ടീസ് നൽകുന്നതിലോ നടപടി സ്വീകരിക്കുന്നതിലോ പരാജയപ്പെട്ടതായും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഈ വീഴ്ച നിയമപാലനത്തെ ദുർബലപ്പെടുത്തുക മാത്രമല്ല, പിഴ ചുമത്താത്തതിലൂടെയും പുതുക്കുന്നതിനുള്ള ഫീസ് ശേഖരിക്കാതിരുന്നതിലൂടെയും **24.57 കോടി** രൂപയുടെ വരുമാനം പിരിച്ചെടുക്കാത്തതിനും കാരണമായി **(അനുബന്ധം XXV)**.

ഓഡിറ്റ്, പോലീസ് വകുപ്പിൽ നിന്ന് അപകടങ്ങളുടെ വിവരങ്ങൾ ശേഖരിക്കുകയും വാഹനിലെ വാഹന വിശദാംശങ്ങളുമായി താരതമ്യം ചെയ്യുകയും ചെയ്തതിൽ നിന്നും രജിസ്ട്രേഷന്റെ കാലാവധി കഴിഞ്ഞതിനു ശേഷം ഈ വാഹനങ്ങളിൽ 147 എണ്ണം അപകടത്തിൽപെട്ടതായി കണ്ടെത്തി **(അനുബന്ധം XXVI)**. തിരഞ്ഞെടുത്ത ഓഫീസുകളിൽ ശ്രദ്ധയിൽപ്പെട്ട ചില ഉദാഹരണങ്ങൾ ചുവടെയുള്ള **പട്ടിക 2.23-**ൽ കാണിച്ചിരിക്കുന്നു:

[63] 1988-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 41(7).

**പട്ടിക 2.23: രജിസ്ട്രേഷൻ ഇല്ലാത്ത വാഹനങ്ങൾ അപകടത്തിൽപെട്ടതിന്റെ ഉദാഹരണങ്ങൾ**

| ക്രമ നം. | ഓഫീസിന്റെ പേര് | രജിസ്ട്രേഷൻ നമ്പർ | രജിസ്ട്രേഷൻ സാധുത | അപകടം നടന്ന തീയതി | കുറിപ്പുകൾ |
|---|---|---|---|---|---|
| 1 | ആർടിഒ കണ്ണൂർ | കെഎൽ13ആർ8698 | 26/06/2021 | 26/05/2024 | ഗുരുതര പരിക്ക് |
| 2 | ആർടിഒ കണ്ണൂർ | കെഎൽ14എ8888 | 29/06/2022 | 03/07/2024 | |
| 3 | ആർടിഒ കോട്ടയം | കെഎൽ05കെ8587 | 25/06/2021 | 12/11/2021 | |
| 4 | ആർടിഒ തൃശ്ശൂർ | കെഎൽ08എഎഫ്2737 | 31/07/2020 | 17/05/2022 | |
| 5 | ആർടിഒ തൃശ്ശൂർ | കെഎൽ08എഎം4098 | 28/05/2022 | 05/07/2022 | |

സ്രോതസ്സ്: പോലീസ് വകുപ്പിൽ നിന്ന് ശേഖരിച്ച വിവരങ്ങൾ.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ, ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, രജിസ്ട്രേഷൻ, പെർമിറ്റ്, പിയുസിസി മുതലായവയുടെ സാധുത അവസാനിക്കുമ്പോൾ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറിലേക്ക് മുൻകൂട്ടി ഓട്ടോമാറ്റിക് എസ്എംഎസ് അയയ്ക്കുന്ന സംവിധാനം വാഹൻ സോഫ്റ്റ്‌വെയർ അടുത്തിടെ പ്രവർത്തനക്ഷമമാക്കിയതായി സർക്കാർ അറിയിച്ചു (2025 സെപ്റ്റംബർ). ഇത്തരം വാഹനങ്ങൾ ട്രാക്കുചെയ്യാൻ എഎൻപിആർ ക്യാമറകളും എംഐഎസ് റിപ്പോർട്ടുകളും ഒരുമിച്ച് ഉപയോഗിക്കുമെന്നും വ്യക്തമാക്കി.

***ശുപാർശ 21***

*രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ കാലാവധി കഴിഞ്ഞ വാഹനങ്ങളുടെ മേൽ നടപടിയെടുക്കാനും ഉദ്യോഗസ്ഥർ സ്വീകരിച്ച നടപടികളിൽ ആനുകാലിക റിട്ടേണുകൾ അവതരിപ്പിച്ചുകൊണ്ട് അനുപാലനം ഉറപ്പാക്കാനും മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർക്ക് സർക്കാർ നിർദ്ദേശം നൽകാവുന്നതാണ്.*

- **സാധുവായ പെർമിറ്റ് ഇല്ലാതെ ഗതാഗത വാഹനങ്ങൾ ഉപയോഗിക്കുന്നത്**

സമുചിത അധികാരി[64] നൽകുന്ന സാധുവായ പെർമിറ്റ് ഉപയോഗിച്ച് മാത്രമേ ഒരു ഗതാഗത വാഹനം പൊതുസ്ഥലങ്ങളിൽ ഉപയോഗിക്കാൻ പാടുള്ളൂ. അത്തരം പെർമിറ്റില്ലാതെ വാഹനം ഉപയോഗിക്കുന്നത് ശിക്ഷാർഹമായ കുറ്റമാണ്, ഇത് കോമ്പൗണ്ട് ചെയ്യാവുന്നതുമാണ്[65]. വകുപ്പ് 192എ(1)-നു കീഴിലുള്ള കുറ്റങ്ങൾക്ക് ഈടാക്കേണ്ട കോമ്പൗണ്ടിംഗ് ഫീസ് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്[66]. 2019 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവിലെ വാഹൻ ഡാറ്റ വിശകലനം ചെയ്തപ്പോൾ, സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത 1,27,100 കോൺട്രാക്ട് കാര്യേജ്/ ഗുഡ്സ് കാര്യേജ് വാഹനങ്ങളിൽ 1,620 എണ്ണം (കോൺട്രാക്ട് കാര്യേജ് - 557, ഗുഡ്സ് കാര്യേജ് ടിപ്പർ - 1,063) നിർദ്ദിഷ്ട മോട്ടോർ വാഹന നികുതി അടച്ചുവെങ്കിലും വകുപ്പ് 66 പ്രകാരമുള്ള സാധുതയുള്ള പെർമിറ്റ് ഇല്ലാതെ ഉപയോഗിക്കുന്നുണ്ടായിരുന്നു വെന്ന് കണ്ടെത്തി. വാഹനങ്ങൾ ഉപയോഗിക്കുന്നില്ലെന്ന അറിയിപ്പ് സംബന്ധിച്ച വിവരങ്ങൾ പരിശോധിച്ചതിൽ വാഹന ഉടമകളാരും ആവശ്യമായ നോൺ-യൂസ് അറിയിപ്പ് സമർപ്പിച്ചിട്ടില്ലെന്ന് കണ്ടെത്തി. റോഡ് സുരക്ഷ, നിയമപാലനം, സർക്കാരിന്റെ വരുമാന ശേഖരണം എന്നിവയ്ക്ക് പെർമിറ്റ് ചട്ടങ്ങൾ പാലിക്കേണ്ടത് നിർണായകമാണ്. സാധുവായ പെർമിറ്റ് ഇല്ലാതെ മോട്ടോർ വാഹനങ്ങൾ

[64] 1988-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 66.

[65] 1988-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 193എ(1), 200 എന്നിവ.

[66] 2019 ഒക്ടോബർ 26-ലെ സ.ഉ. (അച്ചടി) നമ്പർ 37/2019/ട്രാൻസ്.

ഓടിക്കുന്നതിനുള്ള കോമ്പൗണ്ടിംഗ് ഫീസായി **0.85 കോടി രൂപ** പിരിച്ചെടുക്കാതിരിക്കുന്നതിനും ഇത് കാരണമായി **(അനുബന്ധം XXVII)**.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ, ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, രജിസ്ട്രേഷൻ, പെർമിറ്റ്, പിയുസിസി മുതലായവയുടെ സാധുത അവസാനിക്കുമ്പോൾ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറിലേക്ക് മുൻകൂട്ടി ഓട്ടോമാറ്റിക് എസ്എംഎസ് അയയ്ക്കുന്ന സംവിധാനം വാഹൻ സോഫ്റ്റ്‌വെയർ അടുത്തിടെ പ്രവർത്തനക്ഷമമാക്കിയതായി സർക്കാർ അറിയിച്ചു (2025 സെപ്റ്റംബർ). എംഐഎസ് റിപ്പോർട്ടുകൾ തയ്യാറാക്കുമെന്നും കാലാവധി കഴിഞ്ഞ പെർമിറ്റുകളുടെ ഉടമകൾക്ക് പ്രത്യേക ഡ്രൈവായി പിഴ ചുമത്തുമെന്നും ഉറപ്പ് നൽകിയിട്ടുണ്ട്.

***ശുപാർശ 22***

*പെർമിറ്റ് പുതുക്കുന്നതിന് വാഹൻ പോർട്ടൽ വഴി ഒരു ഡിജിറ്റൽ ട്രാക്കിംഗ് സംവിധാനം സർക്കാരിന് നടപ്പാക്കാം. സാധുവായ പെർമിറ്റ് ഇല്ലാതെ ഓടുന്ന വാഹനങ്ങളെ തിരിച്ചറിയുന്നതിനും പിഴ ചുമത്തുന്നതിനുമായി എൻഫോഴ്സ്മെന്റ് സംവിധാനങ്ങൾ ശക്തിപ്പെടുത്തുകയും നിരീക്ഷിക്കുകയും അതിലൂടെ നിയമപാലനം ഉറപ്പാക്കുകയും ചെയ്യാം.*

- **വാഹന പരിശോധനാ വേളയിൽ പിഴ ചുമത്തുന്നതിലോ കുറ്റങ്ങൾ കോമ്പൗണ്ട് ചെയ്യുന്നതിലോ ഉള്ള പരാജയം**

ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ കാലാവധി പുതിയ വാഹനങ്ങൾക്ക് രണ്ട് വർഷവും എട്ട് വർഷത്തിന് മുകളിലുള്ള വാഹനങ്ങൾക്ക് ഒരു വർഷവുമാണ്[67]. ഗതാഗതേതര വാഹനങ്ങളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് 15 വർഷമാണ് കാലാവധി, ഇത് അഞ്ച് വർഷത്തേക്ക് പുതുക്കാവുന്നതാണ്[68]. സാധുവായ ഫിറ്റ്നസ് സർട്ടിഫിക്കറ്റോ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റോ ഇല്ലാതെ വാഹനമോടിക്കുന്നത് കോമ്പൗണ്ട് ചെയ്യാവുന്ന[69] പിഴ ലഭിക്കാവുന്ന കുറ്റമാണ്. നിയമലംഘനങ്ങൾക്കുള്ള പുതുക്കിയ നിരക്ക് ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 2.4.6.12-ൽ പ്രതിപാദിച്ചിട്ടുണ്ട്. 2020 ഫെബ്രുവരി 1-നും 2021 ഡിസംബർ 30-നും ഇടയിൽ കാലാവധി അവസാനിക്കുന്ന മോട്ടോർ വാഹന രേഖകളുടെ കാലാവധി 2021 ഡിസംബർ 31 വരെ നീട്ടാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

സംസ്ഥാനത്തെ മോട്ടോർ വാഹന കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട പിഴ ഈടാക്കുന്നതിനായി ഓഡിറ്റ് കാലയളവിൽ മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ 'ഇ-ചലാൻ' സോഫ്റ്റ്‌വെയർ വഴി സൃഷ്ടിച്ച **81,68,953** ചലാനുകൾ ഓഡിറ്റ് പരിശോധിച്ചപ്പോൾ കണ്ടെത്തിയ നിരീക്ഷണങ്ങൾ ഇനി പറയുന്നു.

**i) സാധുവായ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ ഗതാഗത വാഹനങ്ങൾ ഓടിച്ച കുറ്റം കോമ്പൗണ്ട് ചെയ്യാത്തത്**

പരിശോധന സമയത്ത് **6,803** ട്രാൻസ്പോർട് വാഹനങ്ങളുടെ സിഎഫ് കാലാവധി അവസാനിച്ചതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടു. എന്നാൽ, സാധുവായ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ വാഹനം ഓടിച്ച കുറ്റം അവഗണിച്ച് മറ്റ് നിയമലംഘ

[67] 1988-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 56.

[68] 1988-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 41(7).

[69] 1988-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 192, 200 എന്നിവ.

നങ്ങൾക്ക് മാത്രമായി കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കി. തൽഫലമായി **2.05 കോടി** രൂപയുടെ കോമ്പൗണ്ടിംഗ് ഫീസ് ചുമത്തിയില്ല **(അനുബന്ധം XXVIII).**

**ii) സാധുവായ രജിസ്ട്രേഷൻ ഇല്ലാതെ വാഹനങ്ങൾ ഓടിച്ച കുറ്റം കോമ്പൗണ്ട് ചെയ്യാത്തത്**

പരിശോധന സമയത്ത് **30,948** ഗതാഗതേതര വാഹനങ്ങളുടെ രജിസ്ട്രേഷൻ കാലാവധി കഴിഞ്ഞതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടു. എന്നാൽ, സാധുവായ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റില്ലാതെ വാഹനം ഓടിച്ച കുറ്റം അവഗണിച്ച് മറ്റ് നിയമലംഘനങ്ങൾക്ക് മാത്രമായി കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കി. തൽഫലമായി **9.28 കോടി** രൂപയുടെ കോമ്പൗണ്ടിംഗ് ഫീസ് ചുമത്തിയില്ല **(അനുബന്ധം XXIX).**

സാധുവായ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ ഗതാഗത വാഹനങ്ങൾ ഓടിക്കുന്നതുമായും സാധുവായ രജിസ്ട്രേഷൻ ഇല്ലാതെ ഗതാഗതേതര വാഹനങ്ങൾ ഓടിക്കുന്നതുമായും ബന്ധപ്പെട്ട ഗണ്യമായ കുറ്റങ്ങൾ കോമ്പൗണ്ട് ചെയ്യപ്പെടാതെ പോകുന്നതായി ഓഡിറ്റ് കണ്ടെത്തലുകൾ വെളിപ്പെടുത്തുന്നു. ഈ കുറ്റങ്ങൾ ബുക്ക് ചെയ്യുന്നതിൽ മോട്ടോർ വാഹന വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ അശ്രദ്ധ മുകളിൽ വിവരിച്ചതുപോലെ കോമ്പൗണ്ടിംഗ് ഫീസ് ചുമത്താതിരിക്കാൻ കാരണമായി. ഇത് സർക്കാരിന് സാമ്പത്തിക നഷ്ടം മാത്രമല്ല, റോഡ് സുരക്ഷയും നിയമപാലനവും ഉറപ്പാക്കാനുള്ള നിയമപരമായ അധികാരത്തെ ദുർബലപ്പെടുത്തുകയും ചെയ്യുന്നു.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ, കണ്ടെത്താവുന്ന എല്ലാ കുറ്റകൃത്യങ്ങളും ബുക്ക് ചെയ്യാനും സാധ്യമാകുന്നിടത്തെല്ലാം കോമ്പൗണ്ടിംഗ് ഫീസ് പിരിച്ചെടുക്കാനും എൻഫോഴ്സ്മെന്റ് വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് സർക്കാർ അറിയിച്ചു (2025 സെപ്റ്റംബർ). സമ്മതിച്ച കുറ്റങ്ങൾക്ക് മാത്രമേ കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കുകയുള്ളൂവെന്നും സമ്മതിച്ച കുറ്റങ്ങൾ കോമ്പൗണ്ട് ചെയ്യുകയും സമ്മതിക്കാത്തവ ഒരു ചെക്ക് റിപ്പോർട്ട് വഴി കോടതിയിലേക്ക് റഫർ ചെയ്യുകയും ചെയ്യുന്നുവെന്നും സർക്കാർ അറിയിച്ചു.

***ശുപാർശ 23***

*കുറ്റകൃത്യങ്ങൾ ബുക്ക് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്ക് നല്കിയ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ സർക്കാരിന് ഒരു നിരീക്ഷണ സംവിധാനം സ്ഥാപിക്കാം.*

- **കുറ്റങ്ങളുടെ ക്രമരഹിതമായ കോമ്പൗണ്ടിംഗ്**

ചില മോട്ടോർ വാഹന കുറ്റങ്ങൾക്ക് കോമ്പൗണ്ടിംഗിന് അർഹതയുണ്ട്[70]; എന്നാൽ, അപകടകരമോ ദോഷകരമോ ആയ ചരക്കുകൾ കൊണ്ടുപോകുന്നതുമായി ബന്ധപ്പെട്ട ലംഘനങ്ങൾക്ക് പിഴയോ തടവോ ശിക്ഷ നൽകുന്ന വകുപ്പ് 190(3) പ്രകാരമുള്ള കുറ്റകൃത്യങ്ങൾ ഇതിൽ ഉൾപ്പെടുന്നില്ല. റോഡ് സുരക്ഷ വർധിപ്പിക്കുന്നതിനായി ഇത്തരം ചരക്കുകൾ കൊണ്ടുപോകുന്ന വാഹനങ്ങളിൽ കർശന പരിശോധന നടത്താൻ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്ക് ഗതാഗത കമ്മീഷണർ നിർദേശം നൽകി[71].

---

[70] 1988-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 200.

[71] 2013 നവംബർ 13-ലെ സർക്കുലർ നമ്പർ 25/2013.

**അനുബന്ധം XXX**-ൽ വിശദീകരിച്ചിരിക്കുന്നതുപോലെ, അപകടകരമോ ദോഷകരമോ ആയ ചരക്കുകൾ കൊണ്ടുപോകുന്ന കുറ്റത്തിന് കോമ്പൗണ്ടിംഗ് ഫീസ് പിരിച്ചെടുക്കുന്നതിനായി **1,972** ഇ-ചലാനുകൾ സൃഷ്ടിച്ചതായി ഓഡിറ്റ് വിശകലനത്തിൽ കണ്ടെത്തി. നിർദ്ദിഷ്ട സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ ഇത്തരം ചരക്കുകൾ കൊണ്ടുപോകുന്നത് പൊതു സുരക്ഷയ്ക്കും പരിസ്ഥിതിക്കും കാര്യമായ ഭീഷണി സൃഷ്ടിക്കുന്നു. ഗതാഗത കമ്മീഷണറുടെ പ്രത്യേക നിർദ്ദേശങ്ങളും വ്യക്തമായ വ്യവസ്ഥകളും ഉണ്ടായിരുന്നിട്ടും, എൻഫോഴ്സ്മെന്റ് വിഭാഗം ഇത്തരം കുറ്റങ്ങൾ ക്രമരഹിതമായി കോമ്പൗണ്ട് ചെയ്യുകയും കോമ്പൗണ്ടിംഗ് ഫീസ് പിരിച്ചെടുക്കുന്നതിന് ചലാനുകൾ നൽകിയ ശേഷം ചരക്കുകളുമായി വാഹനങ്ങളെ യാത്ര തുടരാൻ അനുവദിക്കുകയും ചെയ്തു.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ, അപകടകരമായ ചരക്കുകൾ കൊണ്ടുപോകുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ കർശനമായി പാലിക്കാൻ എൻഫോഴ്സ്മെന്റ് വിഭാഗത്തിലെ ഉദ്യോഗസ്ഥർക്ക് ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് സർക്കാർ അറിയിച്ചു (2025 സെപ്റ്റംബർ). ഓരോ പാദത്തിലും ഇതുമായി ബന്ധപ്പെട്ട് പ്രത്യേക പരിശോധനയും നടത്തുന്നുണ്ടെന്നും കൂട്ടിച്ചേർത്തു.

***ശുപാർശ 24***

*പൊതുജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാകുമെന്നതിനാൽ, അപകടകരമോ ദോഷകരമോ ആയ ചരക്കുകൾ കൊണ്ടുപോകുന്ന കുറ്റങ്ങൾ ബുക്ക് ചെയ്യുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് ഉദ്യോഗസ്ഥർക്ക് നല്കിയ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ഒരു നിരീക്ഷണ സംവിധാനം സർക്കാരിന് ഏർപ്പെടുത്താം.*

- **വാഹനങ്ങളിൽ അമിതഭാരം കയറ്റിയതിനുള്ള പിഴ കുറവായി പിരിച്ചെടുത്തത്**

വാഹനത്തിൽ ചരക്കുകൾ കയറ്റിയതിനു ശേഷമുള്ള ഭാരം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ പറഞ്ഞിരിക്കുന്ന മൊത്തം വാഹന ഭാരത്തിൽ കൂടുതലാണെങ്കിൽ അത്തരത്തിലുള്ള ഒരു മോട്ടോർ വാഹനവും പൊതുസ്ഥലങ്ങളിൽ ഓടിക്കുകയോ ഓടിക്കാൻ അനുവദിക്കുകയോ ചെയ്യരുത്[72]. ഈ നിബന്ധന ലംഘിച്ചാൽ കുറഞ്ഞത് 10,000 രൂപ പിഴ ഈടാക്കാം[73]. അതു കൂടാതെ, അധിക ലോഡിന് ടണ്ണിന് 1,500 രൂപ നിരക്കിൽ അധിക പിഴയും അധിക ലോഡ് ഇറക്കുന്നതിനുള്ള ചെലവുകൾ നൽകാനുള്ള ബാധ്യതയും ഉൾപ്പെടുത്തി സർക്കാർ ഉത്തരവിറക്കി[74].

ഓഡിറ്റ് കാലയളവിലെ 'ഇ-ചലാൻ' ഡാറ്റ വിശകലനം ചെയ്തപ്പോൾ വാഹനങ്ങളിൽ അമിതഭാരം വഹിച്ച കുറ്റത്തിന് മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 194 പ്രകാരം സംസ്ഥാനത്ത് മൊത്തം **27,889** ചലാനുകൾ സൃഷ്ടിച്ചതായി വ്യക്തമായി. കുറ്റകൃത്യ കോഡ് '7233' (രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ വ്യക്തമാക്കിയിരിക്കുന്ന മൊത്തം വാഹന ഭാരത്തിൽ കൂടുതൽ ചരക്കുകൾ കയറ്റിയതിനു ശേഷം ഭാരമുള്ള വാഹനം ഓടിക്കാൻ അനുവദിക്കുക) പ്രകാരമാണ് കുറ്റങ്ങൾ ചുമത്തിയിരിക്കുന്നത്. ഇതിൽ **19,398** ചലാനുകൾ വാഹന ഉടമകൾ ഒടുക്കിയിട്ടുണ്ട്. പിഴ ഒടുക്കിയ ഈ ചലാനുകൾ പരിശോധിച്ചപ്പോൾ **204** കേസുകളിൽ പിരിച്ചെടുത്ത പിഴത്തുക കണ്ടെത്തിയ അധികഭാരത്തിന് പിരിച്ചെടുക്കേണ്ട തുകയേക്കാൾ കുറവാണെന്ന്

---

[72] 1988-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 113(3).

[73] 1988-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 194(1).

[74] 2019 ഒക്ടോബർ 26-ലെ സ.ഉ. (അച്ചടി) നമ്പർ 37/2019/ട്രാൻസ്.

ഓഡിറ്റ് കണ്ടെത്തി. **0.29 കോടി** രൂപയുടെ പിഴ കുറവായി പിരിച്ചെടുക്കാൻ ഇത് കാരണമായി **(അനുബന്ധം XXXI).**

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ, ഭാരം പരിശോധിക്കുന്നതിന് കുറ്റം ചെയ്തവരെത്തന്നെ ആശ്രയിക്കേണ്ടി വരുന്നത്, ഡ്രൈവർമാർക്ക്/ ഉടമകൾക്ക് ചലാനോടുള്ള എതിർപ്പ്, കോമ്പൗണ്ടിംഗ് ഫീസ് അടയ്ക്കാനുള്ള വിമുഖത എന്നിവ കാരണം അധിക ലോഡ് വഹിച്ച കുറ്റത്തിനുള്ള കോമ്പൗണ്ടിങ് തടസ്സപ്പെടുന്നുവെന്ന് സർക്കാർ അറിയിച്ചു (2025 സെപ്റ്റംബർ). കോമ്പൗണ്ടിംഗിന് പുറമെ, കെഎംവിആർ പ്രകാരം പെർമിറ്റ് സസ്പെൻഷൻ അല്ലെങ്കിൽ പ്രോസിക്യൂഷൻ പോലുള്ള ശിക്ഷാ നടപടികളും എടുക്കാവുന്നതാണ്. കണ്ടെത്തിയ അധിക ഭാരം അടിസ്ഥാനമാക്കി പിഴ കണക്കാക്കുന്നതിനുള്ള ഓട്ടോമേറ്റഡ് സംവിധാനം ഇ-ചലാൻ സോഫ്റ്റ്‌വെയറിൽ ഇതിനകം പ്രവർത്തനക്ഷമമാക്കിയിട്ടുണ്ടെന്നും വകുപ്പ് കൂട്ടിച്ചേർത്തു.

കുറ്റം സമ്മതിച്ച കേസുകളിൽ കണ്ടെത്തിയ അധികഭാരത്തിനായി പിരിച്ചെടുക്കേണ്ട നിർദ്ദിഷ്ട തുകയേക്കാൾ കുറവാണ് കോമ്പൗണ്ടിംഗ് ഫീസ് പിരിച്ചെടുത്തത് എന്നുള്ള നിരീക്ഷണത്തിൽ മറുപടി മൗനം പാലിക്കുന്നു എന്നതിനാൽ മറുപടി നിലനിൽക്കുന്നതല്ല.

***ശുപാർശ 25***

*ഓവർലോഡിന് നിശ്ചിത നിരക്കിലുള്ള പിഴ ഈടാക്കുന്നുവെന്ന് ഉറപ്പാക്കാൻ പിഴ വ്യവസ്ഥകൾ കർശനമായി നടപ്പാക്കാൻ മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർക്കുള്ള നിർദ്ദേശം സർക്കാരിന് നൽകാം.*

- **ക്യാമറ നിരീക്ഷണ സംവിധാനം നടപ്പാക്കുന്നതിലെ ന്യൂനതകൾ**

സ്പീഡ് ക്യാമറകൾ, സിസിടിവി ക്യാമറകൾ, സ്പീഡ് ഗണ്ണുകൾ, ശരീരത്തിൽ ധരിക്കുന്ന ക്യാമറകൾ തുടങ്ങിയ സാങ്കേതികവിദ്യകളിലൂടെ റോഡ് സുരക്ഷയുടെ ഇലക്ട്രോണിക്കായുള്ള നിരീക്ഷണവും എൻഫോഴ്സ്മെന്റും സംസ്ഥാന സർക്കാരുകൾ ഉറപ്പാക്കേണ്ടതുണ്ട്[75]. കേരള സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ[76] അനുസരിച്ച്, പ്രോജക്ട് മാനേജ്മെൻറ് കൺസൾട്ടന്റുമാർ (പിഎംസി) ഉപദേഷ്ടാക്കളായും ഫെസിലിറ്റേറ്റർമാരായും മാത്രമേ പ്രവർത്തിക്കാവൂ, അതോടൊപ്പം ഉപയോക്തൃ വകുപ്പ്, പ്രോജക്ട് മാനേജ്മെൻറ് കൺസൾട്ടന്റ്, ഏറ്റവും കുറഞ്ഞ ലേലം വിളിക്കുന്നയാൾ എന്നിവർ ഉൾപ്പെടുന്ന ത്രികക്ഷി കരാറിലൂടെയാണ് വർക്ക്സ് കോൺട്രാക്ടുകൾ നടപ്പിലാക്കേണ്ടത്. പിഎംസിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ ഉപയോക്തൃ വകുപ്പാണ് പേയ്മെന്റുകൾ നടത്തുന്നത്.

പൊതുനിരത്തുകളിലെ അപകടങ്ങൾ സംഭവിക്കുന്നത് ലഘൂകരിക്കുന്നതിനും കുറയ്ക്കുന്നതിനുമായി ക്യാമറ അധിഷ്ഠിത നിരീക്ഷണം അവതരിപ്പിക്കുക, ഫെസിലിറ്റി മാനേജ്മെൻറ് സർവീസുകൾ (എഫ്എംഎസ്) ഉള്ള ഒരു അഡ്വാൻസ്ഡ് ഓട്ടോമാറ്റിക് ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം സ്ഥാപിക്കുക എന്നീ ഉദ്ദേശ്യത്തോടെ കേരള സർക്കാർ 2018 ജൂണിൽ സേഫ് കേരള പ്രോജക്ട് ആരംഭിച്ചു. ഇതിനായി, സംസ്ഥാനത്തുടനീളം 235.82 കോടി രൂപ ചെലവിൽ (നികുതി ഉൾപ്പെടെ മൂലധനച്ചെലവ് 168.90 കോടി രൂപ, പ്രവർത്തനച്ചെലവ് 66.92 കോടി രൂപ) എഐ ക്യാമറ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകി[77]. ഇത് പ്രകാരം, പ്രോജക്ട്

---

[75] 1988-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 136എ.

[76] 2018 ആഗസ്റ്റ് 3-ലെ സ.ഉ. (അച്ചടി) നമ്പർ 118/2018/ധന.

[77] 2020 ഏപ്രിൽ 27-ലെ സ.ഉ. (സാധാ.) നമ്പർ 134/2020/ട്രാൻസ്.

മാനേജ്മെൻറ് കൺസൾട്ടന്റായും ബിൽട്ട്-ഓപ്പറേറ്റ്-ഓൺ-ട്രാൻസ്ഫർ (ബിഒഒടി) മോഡലിന് കീഴിൽ പദ്ധതി നടപ്പാക്കുന്ന ഏജൻസിയായും അഞ്ച് വർഷത്തേക്ക് നിയമിച്ചു കൊണ്ട് കെൽട്രോണുമായി മോട്ടോർ വാഹന വകുപ്പ് 2020 മെയ് 28-ന് ഒരു സർവീസ് ലെവൽ എഗ്രിമെന്റിൽ (എസ്എൽഎ) ഏർപ്പെട്ടു. കെൽട്രോണിനെ ഇങ്ങനെ രണ്ടുതരത്തിലും നിയമിച്ചത് നിർദ്ദിഷ്ട മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. 2023 ജൂൺ 5-ന് പദ്ധതി പ്രവർത്തനക്ഷമമാക്കിയിട്ടും, കരാർ പുതുക്കൽ, വരുമാന ശേഖരണം, എഐ ക്യാമറ സിസ്റ്റത്തിന്റെ യഥാർത്ഥ ഫലപ്രാപ്തി എന്നിവയെക്കുറിച്ച് കാര്യമായ ആശങ്കകൾ നിലനിൽക്കുന്നത് ചുവടെ കൊടുത്തിരിക്കുന്നു:

### i) പുതുക്കിയ കരാർ നടപ്പാക്കാത്തത്

പദ്ധതി നടപ്പാക്കുന്നതിൽ ഗണ്യമായ കാലതാമസമുണ്ടായതിനാലും എസ്എൽഎ അഞ്ച് വർഷത്തേക്കുള്ളതായതിനാലും കെൽട്രോണുമായുള്ള കരാർ പുതുക്കാൻ സർക്കാർ നിർദ്ദേശിച്ചു[78]. 20 മാസങ്ങൾക്ക് ശേഷവും (2024 ഡിസംബർ) കരാർ പുതുക്കിയിട്ടില്ലെന്നും സാധുവായ കരാറില്ലാതെ സിസ്റ്റം പ്രവർത്തിക്കുന്നത് തുടരുന്നുവെന്നും ഓഡിറ്റ് കണ്ടെത്തി. ഇത് വകുപ്പിനെ നിയമപരവും സാമ്പത്തികവുമായ റിസ്കുകൾക്ക് വിധേയമാക്കുന്നു.

### ii) റവന്യൂ പിരിവിലെ കുടിശ്ശിക

ചുവടെയുള്ള **പട്ടിക 2.24**-ൽ കാണിച്ചിരിക്കുന്ന വിശദാംശങ്ങൾ അനുസരിച്ച്, റവന്യൂ പിരിവ് മൊത്തം പിരിച്ചെടുക്കാവുന്ന വരുമാനത്തിന്റെ ഏകദേശം 29 ശതമാനം മാത്രമാണ്.

**പട്ടിക 2.24: വിവിധ തരം നിരീക്ഷണ ക്യാമറകൾ കണ്ടെത്തിയ കുറ്റങ്ങളിൽ നിന്നും പിരിച്ചെടുക്കാവുന്ന കോമ്പൗണ്ടിംഗ് ഫീസ് പിരിച്ചെടുത്തതിന്റെ വിശദാംശങ്ങൾ**

(കോടി രൂപയിൽ)

| എൻഫോഴ്സ്മെന്റ് സിസ്റ്റം | പിരിച്ചെടുക്കാവുന്ന റവന്യൂ | പിരിച്ചെടുത്ത റവന്യൂ | പിരിച്ചെടുത്തതിന്റെ ശതമാനം | റവന്യൂ കുടിശ്ശിക | കുടിശ്ശികയുടെ ശതമാനം |
|---|---|---|---|---|---|
| എഐ ക്യാമറകൾ | 351.00 | 100.70 | 28.69% | 250.30 | 71.31% |
| ഫിക്സഡ് അമിതവേഗം കണ്ടെത്തൽ | 0.19 | 0.06 | 31.58% | 0.13 | 68.42% |
| മൊബൈൽ അമിതവേഗം കണ്ടെത്തൽ | 0.93 | 0.19 | 20.43% | 0.74 | 79.57% |
| പാർക്കിംഗ് നിയമലംഘനം കണ്ടെത്തൽ | 0.26 | 0.12 | 46.15% | 0.14 | 53.85% |
| **ആകെ** | **352.38** | **101.07** | **28.68%** | **251.31** | **71.32%** |

പൊതു നിരത്തുകളിൽ അപകടങ്ങൾ സംഭവിക്കുന്നത് കുറയ്ക്കുന്നതിനും റോഡ് സുരക്ഷ മെച്ചപ്പെടുത്തുന്നതിനുമാണ് പൊതു നിരത്തുകളിൽ ക്യാമറ നിരീക്ഷണം അവതരിപ്പിച്ചത്. ട്രാഫിക് നിയമലംഘനത്തിന് പിഴ ചുമത്തുന്നത് ഭാവിയിൽ അത്തരം നിയമലംഘനങ്ങൾ നടത്തുന്നതിൽ നിന്നും പിന്തിരിപ്പിക്കുന്നതിനായി

[78] 2023 ഏപ്രിൽ 18-ലെ സർക്കാർ ഉത്തരവ്.

വർത്തിക്കും. നിരീക്ഷണ ക്യാമറകൾ കണ്ടെത്തിയ നിയമലംഘനങ്ങൾക്ക് പിഴ പിരിച്ചെടുക്കാത്തത് പദ്ധതിയുടെ ഉദ്ദേശ്യത്തെ പരാജയപ്പെടുത്തുന്നു.

സാധുവായ കരാറിന്റെ അഭാവവും റവന്യൂ പിരിവിലെ കുടിശ്ശികയും റോഡ് സുരക്ഷ വർദ്ധിപ്പിക്കുന്നതിനും ട്രാഫിക് നിയമപാലനം ഉറപ്പാക്കുന്നതിനുമുള്ള പദ്ധതിയുടെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് തടസ്സമാണ്.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2025 ജനുവരി), ഡിജിറ്റൽ എൻഫോഴ്സ്മെന്റ് സിസ്റ്റത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് കൂടിയ ഡൗൺടൈം പിഴകളുള്ള ഒരു അനുബന്ധ കരാറിനുള്ള നിർദ്ദേശവും ക്യാമറകൾ നന്നാക്കുന്നതിനും ആവശ്യമുള്ളിടത്തെല്ലാം മാറ്റിസ്ഥാപിക്കുന്നതിനും വേണ്ട ഫണ്ടിനുള്ള അഭ്യർത്ഥനയും സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്ന് സർക്കാർ അറിയിച്ചു (2025 സെപ്റ്റംബർ). എന്നാൽ, പിരിച്ചെടുക്കാൻ കഴിയുന്ന വരുമാനത്തെപ്പറ്റി മറുപടിയിൽ ഒന്നും പറയുന്നില്ല.

***ശുപാർശ 26***

*ഒരു അനുബന്ധ കരാറിനായുള്ള വകുപ്പിന്റെ നിർദേശത്തിന്മേലുള്ള നടപടികൾ സർക്കാരിന് വേഗത്തിലാക്കാം, കൂടാതെ, കെൽട്രോണുമായി പുതുക്കിയ കരാറിലെത്തുന്നത് ഉറപ്പാക്കുകയും അതുവഴി സാധുവായ കരാറിന് കീഴിൽ ക്യാമറ നിരീക്ഷണ സംവിധാനത്തിന്റെ തുടർച്ചയായ പ്രവർത്തനം പ്രാപ്തമാക്കുകയും ചെയ്യാം.*

### 2.4.6.13 വിഭവങ്ങളുടെ വകയിരുത്തലും വിനിയോഗവും

അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും, റോഡ് സുരക്ഷ നിരീക്ഷിക്കുന്നതിനും നടപ്പിലാക്കുന്നതിനുമായി പൊതു നിരത്തുകളിൽ ഇലക്ട്രോണിക് നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനും എൻഫോഴ്സ്മെന്റ് വിഭാഗത്തിനായി ആധുനിക ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങുന്നതിനും പൊതുജനങ്ങൾക്ക് ലഭ്യമായ സൗകര്യങ്ങൾ നവീകരിക്കുന്നതിനും വാഹന ഗതാഗതവുമായി ബന്ധപ്പെട്ട സർക്കാർ നയങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനുമായി കേരള സർക്കാർ ബജറ്റിലൂടെ മോട്ടോർ വാഹന വകുപ്പിന് പ്ലാൻ, നോൺ-പ്ലാൻ ഗ്രാന്റുകൾ അനുവദിക്കുന്നു.

- **വിഹിതത്തിന്റെയും ചെലവിന്റെയും പ്രവണത**

2019-20 മുതൽ 2023-24 വരെയുള്ള അഞ്ച് വർഷത്തേക്കുള്ള പ്ലാൻ, നോൺ-പ്ലാൻ ഗ്രാന്റുകളുടെ വിഹിതത്തിന്റെയും ചെലവിന്റെയും വിശദാംശങ്ങൾ ചുവടെയുള്ള **പട്ടിക 2.25**-ൽ നൽകിയിരിക്കുന്നു:

**പട്ടിക 2.25: അഞ്ച് വർഷത്തേക്കുള്ള വിഹിതത്തിന്റെയും ചെലവിന്റെയും വിശദാംശങ്ങൾ**

(കോടി രൂപയിൽ)

| വർഷം | പദ്ധതി വിഹിതം | പദ്ധതി ചെലവ് | പദ്ധതിയേതര വിഹിതം | പദ്ധതിയേതര ചെലവ് | ആകെ വിഹിതം | മൊത്തം ചെലവ് |
|---|---|---|---|---|---|---|
| 2019-20 | 46.43 | 7.13 | 182.46 | 160.77 | 228.89 | 167.90 |
| 2020-21 | 38.77 | 19.54 | 167.55 | 152.32 | 206.32 | 171.86 |

| വർഷം | പദ്ധതി വിഹിതം | പദ്ധതി ചെലവ് | പദ്ധതിയേതര വിഹിതം | പദ്ധതിയേതര ചെലവ് | ആകെ വിഹിതം | മൊത്തം ചെലവ് |
|---|---|---|---|---|---|---|
| 2021-22 | 38.77 | 11.31 | 246.44 | 242.90 | 285.21 | 254.21 |
| 2022-23 | 38.38 | 13.87 | 231.69 | 193.31 | 270.07 | 207.18 |
| 2023-24 | 44.07 | 10.57 | 226.08 | 222.88 | 270.15 | 233.45 |

സ്രോതസ്സ്: വകുപ്പുതല രേഖകൾ.

വകുപ്പിന്റെ പദ്ധതിച്ചെലവ് **2019-20**-ൽ അനുവദിച്ച തുകയുടെ **15** ശതമാനം മുതൽ **2020-21**-ൽ അനുവദിച്ച തുകയുടെ **50** ശതമാനം വരെയായിരുന്നെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ, കോവിഡ്-**19** മഹാമാരിയുടെ ആഘാതം, ഭരണപരവും സാങ്കേതികവുമായ അനുമതി ലഭിക്കുന്നതിലെ കാലതാമസം മുതലായവയാണ് പ്ലാൻ ഫണ്ടിന്റെ കുറഞ്ഞ വിനിയോഗത്തിന് കാരണമെന്ന് സർക്കാർ അറിയിച്ചു (**2025** സെപ്റ്റംബർ). ആസൂത്രണം മെച്ചപ്പെടുത്തുന്നതിനും പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് വകുപ്പ് ഉറപ്പ് നൽകി. പദ്ധതിയേതര ഗ്രാന്റുകളുടെ കാര്യത്തിൽ, ഫണ്ടിന്റെ വിനിയോഗം സ്ഥിരമായി കൂടുതലാണ്, മിക്ക വർഷങ്ങളിലും **85** ശതമാനത്തിന് മുകളിലുള്ള വിനിയോഗം കാണിക്കുന്നു. **2021-22**-ൽ അനുവദിച്ച ഫണ്ടിന്റെ **98** ശതമാനവും വിനിയോഗിച്ചപ്പോൾ **2022-23**-ൽ ഇത് **83** ശതമാനം മാത്രമാണ്.

- **മാനവ വിഭവശേഷിയുടെ ഉപയോഗം**

ഓരോ കേഡർ തസ്തികകളിലും അനുവദിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണവും നിലവിലുള്ള ജീവനക്കാരുടെ എണ്ണവും ഓഡിറ്റ് പരിശോധിച്ചതിൽ നിന്നും നിലവിലുള്ള ജീവനക്കാരുടെ എണ്ണത്തിൽ കാര്യമായ കുറവില്ലെന്ന് കണ്ടെത്തി. വകുപ്പിന്റെ സാങ്കേതിക വിഭാഗത്തിലെ ജീവനക്കാരുടെ എണ്ണം ചുവടെയുള്ള **പട്ടിക 2.26**-ൽ നൽകിയിരിക്കുന്നു:

**പട്ടിക 2.26: സാങ്കേതിക വിഭാഗത്തിലെ ജീവനക്കാരുടെ എണ്ണം**

| ക്രമ നം. | പദവി | അനുവദിച്ച തസ്തികകൾ | നിലവിലുള്ള ജീവനക്കാർ (2024 മാർച്ച് 31) |
|---|---|---|---|
| 1 | റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ | 33 | 31 |
| 2 | ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ | 89 | 86 |
| 3 | മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ | 290 | 290 |
| 4 | അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ | 614 | 530* |

* *2025 ജൂൺ ആയപ്പോഴേക്കും ഒഴിവ് നികത്തി, എഎംവിഐ തസ്തികയിൽ നിലവിലുള്ളവർ 604 ആയിരിക്കുന്നു, എട്ട് ഒഴിവുകൾ കേരള പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുകയും ചെയ്തു.*

ജീവനക്കാരുടെ മൊത്തത്തിലുള്ള എണ്ണം ആരോഗ്യകരമായി കാണപ്പെടുന്നു, നിർണായക ഒഴിവുകൾ നികത്തുന്നതിനും വിരമിക്കലുകൾ കാരണമുള്ള ഭാവി പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനായി മുൻകൂട്ടിയുള്ള പിന്തുടർച്ചാ പദ്ധതി നടപ്പിലാക്കുന്നതിനും സുസ്ഥിരമായ പ്രവർത്തന ഫലപ്രാപ്തി ഉറപ്പാക്കുന്നതിനും തന്ത്രപരമായ ശ്രമങ്ങൾ ശുപാർശ ചെയ്യുന്നു.

ഓഡിറ്റ് കാലയളവിൽ വകുപ്പ് ഏറ്റെടുത്ത വിവിധ സ്കീമുകളുടെയും പദ്ധതികളുടെയും നടത്തിപ്പിലെ പുരോഗതി ഓഡിറ്റ് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട കുറവുകൾ തുടർന്നുള്ള ഖണ്ഡികകളിൽ വിശദമാക്കിയിരിക്കുന്നു.

- **മോട്ടോർ വാഹന വകുപ്പിന്റെ നിഷ്ഫലമായ ചെലവ്**

**i) ചെക്ക് പോസ്റ്റുകളുടെ നവീകരണം - ഫലപ്രദമല്ലാത്ത ചെലവ് 1.63 കോടി രൂപ**

ഭൂമി ഏറ്റെടുക്കൽ, ആധുനിക സൗകര്യങ്ങൾ സജ്ജമാക്കൽ, വേ ബ്രിഡ്ജുകൾ സ്ഥാപിക്കൽ, ഇ-ചെക്ക് പോസ്റ്റ് മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കൽ എന്നിവയിലൂടെ മോട്ടോർ വാഹന ചെക്ക് പോസ്റ്റുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും നവീകരണത്തിനുമായി **10.50** കോടി രൂപ **2019-20**-ലെ വാർഷിക പദ്ധതിയിൽ[79] വകയിരുത്തിയിരുന്നു. ആദ്യ ഘട്ടത്തിൽ വാളയാർ ചെക്ക് പോസ്റ്റ് നവീകരിക്കുന്നതിനായി **2019** നവംബറിൽ ഒരു താൽപ്പര്യ പത്രം ക്ഷണിക്കുകയും തുടർന്ന് **2020** ഫെബ്രുവരിയിൽ നിർദേശം സമർപ്പിക്കാൻ ക്ഷണിക്കുകയും (ആർഎഫ്പി), **9.41** കോടി രൂപ മതിപ്പുതുക രേഖപ്പെടുത്തിയ ഏക ലേലക്കാരനായ യുഎൽസിസിഎസിനെ **2020** ഓഗസ്റ്റിൽ ഭരണാനുമതിയും[80] **2020** നവംബറിൽ സാങ്കേതിക അനുമതിയും[81] നൽകി പദ്ധതി നടപ്പാക്കാനുള്ള ഏജൻസിയായി തിരഞ്ഞെടുക്കുകയും ചെയ്തു. ഐസിടി, ഐസിടി ഇതര ഉപകരണങ്ങൾ, സോഫ്റ്റ്‌വെയർ, ട്രെയിനിങ്, വേ-ഇൻ-മോഷൻ ബ്രിഡ്ജുകളും എഎൻപിആർ ക്യാമറകളും സ്ഥാപിക്കൽ, അവയുടെ വാറന്റി, അറ്റകുറ്റപ്പണി എന്നിവ ഈ പദ്ധതിയിൽ ഉൾക്കൊള്ളുന്നു. **2020** നവംബറിൽ വർക്ക് ഓർഡർ നൽകുകയും **2021** ഫെബ്രുവരിയിൽ കരാർ ഉടമ്പടിയാക്കുകയും ചെയ്തു. ഇത് **2021** മാർച്ചിൽ **1.63** കോടി രൂപ മുൻകൂറായി[82] നല്കുന്നതിലേക്ക് നയിച്ചു. എന്നാൽ, അതിർത്തി നിർണ്ണയത്തിലും പ്രവേശനാനുമതി നൽകുന്നതിനുള്ള ദേശീയപാത അതോറിറ്റിയുടെ എതിർപ്പിനേയും വാഹൻ, സാരഥി പ്ലാറ്റ്ഫോമുകൾ ശക്തിപ്പെടുത്തിയതിനാൽ ചെക്ക്പോസ്റ്റുകൾ അനാവശ്യമാണെന്നുള്ള **2021** സെപ്റ്റംബറിൽ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽ നിന്ന് വന്ന ആശയവിനിമയത്തെയും തുടർന്ന് പദ്ധതി നിർത്തലാക്കണമെന്ന് മോട്ടോർ വാഹന വകുപ്പ് അഭ്യർത്ഥിച്ചു.

കേരള പൊതുമരാമത്ത് മാനുവലിലെ വകുപ്പ് **2003** പ്രകാരം ദർഘാസ് ക്ഷണിക്കുന്നതിന് **100** ശതമാനം തടസ്സരഹിത ഭൂമി കൈവശമുണ്ടാവണമെന്ന് നിർബന്ധമാണെങ്കിലും ആർഎഫ്പി നൽകുന്ന സമയത്ത്, പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ **1.8** ഏക്കറിൽ **90.09** സെന്റ് മാത്രമാണ് മോട്ടർ വാഹന വകുപ്പിന്റെ കൈവശമുണ്ടായിരുന്നതെന്ന് പ്രോജക്ട് ഫയലിന്റെ സൂക്ഷ്മപരിശോധനയിൽ വ്യക്തമായി. കൂടാതെ, ദേശീയപാതകളിലെ ഏത് നിർമ്മാണത്തിനും ഹൈവേ അഡ്മിനിസ്ട്രേഷനിൽ നിന്ന് പ്രവേശന അനുമതി വാങ്ങണമെന്ന് **2020** ജൂണ് **26**-ന് ദേശീയപാത അതോറിറ്റി പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളിൽ പറയുന്നു. എന്നാൽ, ദേശീയപാത അതോറിറ്റിയുടെ പ്രവേശന അനുമതി ലഭിക്കാതെ തന്നെ വകുപ്പ് **2021** ഫെബ്രുവരി **4**-ന് ഒരു കരാറിലേർപ്പെടുകയും **2021** മാർച്ച് **26**-ന് യുഎൽസിസിഎസിന് **1.63** കോടി രൂപ നൽകുകയും ചെയ്തു.

---

79 **2019** ഒക്ടോബർ **29**-ലെ ഉത്തരവ് നമ്പർ എംഐടി**2/11/2019**-ടിസി.

80 **2020** ഓഗസ്റ്റ് **5**-ലെ സ.ഉ. (സാധാ.) നമ്പർ **255/2020**/ട്രാൻസ്.

81 **2020** നവംബർ **5**-ലെ ഉത്തരവ് നമ്പർ എംഐടി**2/11/2019**-ടിസി.

82 **2021** മാർച്ച് **26**-ലെ നടപടിക്രമം നമ്പർ എംഐടി**2/11/2019**-ടിസി.

കേരള പൊതുമരാമത്ത് മാനുവലിൽ നിലവിലുള്ള നിർദേശങ്ങൾ പാലിക്കുന്നതിൽ മോട്ടോർ വാഹന വകുപ്പിന്റെ ഭാഗത്തുനിന്നുള്ള വീഴ്ച 1.63 കോടി രൂപയുടെ ഫലപ്രദമല്ലാത്ത ചെലവിന് കാരണമായി. എംവിഡി ചെക്ക് പോസ്റ്റുകളുടെ നവീകരണത്തിനുള്ള പദ്ധതി മോശമായ രീതിയിൽ ആസൂത്രണം ചെയ്യുകയും ഭൂമി കൈവശാവകാശ മാനദണ്ഡങ്ങളും ദേശീയപാത അതോറിറ്റിയുടെ മാർഗ്ഗ നിർദ്ദേശങ്ങളും പാലിക്കാതെ നടപ്പാക്കാൻ തുടങ്ങുകയും ചെയ്തു.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ, എംവിഡിയുടെ ഭൂമി ദേശീയപാത അതോറിറ്റി ഏറ്റെടുത്തതിനാൽ ആധുനികവൽക്കരണം നടത്താൻ കഴിയില്ലെന്ന് വകുപ്പ് വ്യക്തമാക്കി (2025 ജൂലൈ). പകരം കേന്ദ്ര ഉപരിതല ഗതാഗത, ദേശീയപാത മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് വഴിയോര സൗകര്യ കേന്ദ്രം സ്ഥാപിക്കാൻ നീക്കിവച്ച ഫണ്ട് ഉപയോഗിക്കുമെന്നും കൂടാതെ, പാലക്കാട് ആർടിഒ എൻഫോഴ്സ്മെന്റ് യൂണിറ്റ്, എഎൻപിആർ ക്യാമറകൾ നിരീക്ഷിക്കുന്നതിനുള്ള വെർച്വൽ ചെക്ക്പോസ്റ്റിന്റെ കൺട്രോൾ റൂം എന്നിവയും ഈ സ്ഥലത്ത് നിർദ്ദേശിച്ചിട്ടുണ്ടെന്നും അറിയിക്കുകയുണ്ടായി.

തടസ്സരഹിതമായ ഭൂമിയുടെ പൂർണ്ണ ഉടമസ്ഥാവകാശം ഉറപ്പാക്കാതെയും ദേശീയപാത നിർമ്മാണത്തിന് ഹൈവേ അഡ്മിനിസ്ട്രേഷനിൽ നിന്ന് അനുമതി നേടാതെയും ദർഘാസ് ക്ഷണിച്ചതിനെപ്പറ്റിയാണ് നിരീക്ഷണമെന്നതിനാൽ മറുപടി സ്വീകാര്യമല്ല.

**ii) റഡാർ നിരീക്ഷണ സംവിധാനം- ഫലപ്രദമല്ലാത്ത ചെലവ് 0.47 കോടി രൂപ**

മോട്ടോർ വാഹന വകുപ്പിൽ റഡാർ നിരീക്ഷണ സംവിധാനം നടപ്പിലാക്കുന്നതിന് സർക്കാർ ആറു കോടി രൂപയുടെ ഭരണാനുമതി നൽകുകയും[83] 0.99 കോടി രൂപ ചെലവിൽ സി-ഡാക്കിനെ നിർവ്വഹണ ഏജൻസിയായി നിയമിക്കുകയും ചെയ്തു. 2018 ജൂണിൽ ഒരു കരാറിലേർപ്പെടുകയും ആ വർഷം 0.47 കോടി രൂപ അഡ്വാൻസ് അനുവദിക്കുകയും ചെയ്തു. തുടർന്ന്, സി-ഡാക് ഡെപ്പോസിറ്റ് വർക്ക് അടിസ്ഥാനത്തിൽ 4.83 കോടി രൂപയുടെ പുതുക്കിയ നിർദ്ദേശം (2019 ഡിസംബർ) സമർപ്പിക്കുകയും ഇത് 2021 ജനുവരിയിൽ പുതുക്കിയ അനുമതി തേടാൻ വകുപ്പിനെ പ്രേരിപ്പിക്കുകയും ചെയ്തു. എന്നാൽ, സമാനമായ 'സേഫ് കേരള പ്രോജക്ട്' ആരംഭിച്ചതോടെ രണ്ട് പദ്ധതികളും തുടരുന്നത് പ്രായോഗികമല്ലെന്ന് ഗതാഗത കമ്മീഷണർ വ്യക്തമാക്കി[84], ഇത് റഡാർ പദ്ധതി ഉപേക്ഷിക്കുന്നതിലേക്ക് നയിച്ചു. ഏകോപനത്തിന്റെയും ദീർഘവീക്ഷണത്തിന്റെയും അഭാവം 0.47 കോടി രൂപയുടെ ഫലപ്രദമല്ലാത്ത ചെലവിന് കാരണമായി.

മോട്ടോർ വാഹന വകുപ്പിന്റെ എൻഫോഴ്സ്മെന്റ് ശേഷി വർദ്ധിപ്പിക്കുന്നതിനായി തുടക്കത്തിൽ അനുവദിച്ച റഡാർ നിരീക്ഷണ സംവിധാന പദ്ധതി വേണ്ടത്ര ആസൂത്രണമില്ലായ്മ, ദീർഘവീക്ഷണമില്ലായ്മ, ഏകോപനത്തിലെ വീഴ്ചകൾ എന്നിവ കാരണം ഉപേക്ഷിക്കപ്പെട്ടു. സമഗ്രമായ സാധ്യതാ വിശകലനം നടത്താതെ പദ്ധതിയുമായി മുന്നോട്ട് പോകാനുള്ള തീരുമാനം അല്ലെങ്കിൽ സമാന്തരമായി 'സേഫ് കേരള പ്രോജക്ട്' പരിഗണിച്ചത് അനാവശ്യ ചെലവിലേക്ക് നയിച്ചു.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ, കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ ഏറ്റവും പുതിയ മാർഗ്ഗനിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി, എല്ലാ അതിർത്തി ചെക്ക് പോസ്റ്റുകളും ജിഎസ്ടിയുടെ എഎൻപിആർ ക്യാമറകൾ ഉപയോഗിച്ച് ഏറ്റവും

[83] 2017 ഏപ്രിൽ 5-ലെ സ.ഉ. (കൈ) നമ്പർ 31/2017/ട്രാൻസ്.

[84] 2022 മാർച്ച് 8-ലെ എംഐടി5/20/2017-ടിസി നമ്പർ കത്ത്.

പുതിയ സാങ്കേതിക സവിശേഷതകൾ ഉൾക്കൊള്ളുന്ന വെർച്വൽ ചെക്ക് പോസ്റ്റുകളാക്കി മാറ്റാൻ സർക്കാർ തീരുമാനിച്ചതായി സർക്കാർ അറിയിച്ചു (2025 സെപ്റ്റംബർ).

സമഗ്രമായ സാധ്യതാ വിശകലനം നടത്താതെ പദ്ധതിയുമായി മുന്നോട്ട് പോകാനുള്ള തീരുമാനം അല്ലെങ്കിൽ സമാന്തരമായി മറ്റു പദ്ധതികളെ പരിഗണിച്ചത് എന്നിവയെ കുറിച്ചാണ് നിരീക്ഷണമെന്നതിനാൽ മറുപടി സ്വീകാര്യമല്ല.

**iii) മോഡൽ ഇൻസ്പെക്ഷൻ ആൻഡ് സർട്ടിഫിക്കേഷൻ സെന്ററിന്റെ നിർമ്മാണം - 1.56 കോടി രൂപയുടെ ഫലപ്രദമല്ലാത്ത ചെലവ്**

14.40 കോടി രൂപ കേന്ദ്ര വിഹിതവും 1.35 കോടി രൂപ സംസ്ഥാന വിഹിതവും ചേർത്ത്, 15.75 കോടി രൂപ ചെലവിൽ ഒരു മോഡൽ ഇൻസ്പെക്ഷൻ ആൻഡ് സർട്ടിഫിക്കേഷൻ സെന്ററിന് കേന്ദ്ര ഉപരിതല ഗതാഗത ദേശീയപാത മന്ത്രാലയം ഭരണപരമായ അനുമതി നൽകുകയും[85] പൂനെയിലെ എആർഎഐയെ നിർമ്മാണം ഏൽപ്പിക്കുകയും 2016 മാർച്ചിൽ 1.10 കോടി രൂപ നൽകുകയും ചെയ്തു. 2016 സെപ്റ്റംബർ 9-ന് കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ നിന്ന് 3.5 ഏക്കർ ഭൂമി സംസ്ഥാനം അനുവദിക്കുകയും 1.29 കോടി രൂപയുടെ പ്രാരംഭ പ്രവൃത്തികൾക്കായി കിറ്റ്കോയെ നിയോഗിക്കുകയും ചെയ്തു. എന്നാൽ, സ്ഥലം നാവിക വ്യോമത്താവളത്തിന് സമീപമായതിനാൽ, നാവിക സേനയുടെ അനുമതി ആവശ്യമായിരുന്നു, ഇത് പദ്ധതിയിൽ ആവർത്തിച്ചുള്ള മാറ്റം വരുത്തലുകൾക്കും ഉയർന്ന സിവിൽ ചെലവ് എസ്റ്റിമേറ്റുകളിലേക്കും നയിച്ചു. അധിക ധനസഹായം കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം നിരസിച്ചതോടൊപ്പം, ഉപയോഗിക്കാത്ത ഫണ്ട് സംസ്ഥാനത്തിന് കൈമാറാൻ എആർഎഐക്ക് നിർദ്ദേശം നൽകി. അതിന്റെ ഫലമായി ഇതിനകം ചെയ്ത വിവിധ പ്രവർത്തികൾക്കായി 26.69 ലക്ഷം രൂപ കുറച്ചതിന് ശേഷം 2023 ഏപ്രിലിൽ 83.31 ലക്ഷം രൂപ തിരികെ നൽകി.

തുടർന്ന് ഗതാഗത വകുപ്പ് പൊതുമരാമത്ത് വകുപ്പിന്റെ സഹായം തേടിയെങ്കിലും ചതുപ്പുനിലം, ഉയരത്തിലുള്ള നിർമ്മിതിക്കുള്ള നാവികസേനയുടെ തടസ്സങ്ങളും ഭൂമിയുടെ താഴ്ചയും, നേവൽ നിരാക്ഷേപ പത്രത്തിന്റെ കാലാവധിക്കുള്ള പരിധി, സിആർഇസെഡ് അനുമതിയുടെ അഭാവം തുടങ്ങിയ പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി പൊതുമരാമത്ത് വകുപ്പ് നിരസിച്ചു. ഈ വെല്ലുവിളികൾക്കിടയിലും കേന്ദ്ര ധനസഹായം നഷ്ടപ്പെടാനുള്ള സാധ്യത കണക്കിലെടുത്ത്, ഗതാഗത വകുപ്പ് എആർഎഐയോട് പ്രവൃത്തി പുനരാരംഭിക്കാൻ അഭ്യർത്ഥിച്ചു. എന്നാൽ ഇതിനുള്ള സർക്കാർ അനുമതി 2025 മാർച്ച് വരെയും ലഭിച്ചിട്ടില്ല.

കെപിഡബ്ല്യുഡി മാനുവലിലെ വകുപ്പ് 1402-ന് വിരുദ്ധമായി, ഡിസൈനുകളും എസ്റ്റിമേറ്റുകളും അന്തിമമാക്കുന്നതിന് മുമ്പ് സമഗ്രമായ സ്ഥല പരിശോധനയോ വിവര ശേഖരണമോ നടത്തിയിട്ടില്ലെന്നും പ്രസ്തുത മാനുവലിലെ വകുപ്പ് 2003 ലംഘിച്ചുകൊണ്ട്, തടസ്സരഹിതമായ ഭൂമിയുടെ 100 ശതമാനം കൈവശമില്ലാതെ ദർഘാസ് ക്ഷണിച്ചുവെന്നും കണ്ടെത്തി.

ആകെ 1.56 കോടി രൂപ പദ്ധതിക്കായി ഇതുവരെ വിനിയോഗിച്ചത് ചുവടെയുള്ള **പട്ടിക 2.27**-ൽ വിശദീകരിച്ചിരിക്കുന്നു:

[85] 2015 ജൂലൈ 24-ലെ കത്ത് നമ്പർ 25038/06/2015-ആർഎസ്.

**പട്ടിക 2.27: പദ്ധതിക്കായി വിനിയോഗിച്ച തുകയുടെ വിശദാംശങ്ങൾ**

| ക്രമ നം. | കരാറുകാരൻ | വിനിയോഗിച്ച തുക (കോടി രൂപയിൽ) | പ്രവൃത്തി |
|---|---|---|---|
| 1 | കിറ്റ്കോ | 1.29 | അരികു ഭിത്തിയുടെ നിർമാണവും മണ്ണ് നിറയ്ക്കലും |
| 2 | എആർഎഐ | 0.27 | കൺസൾട്ടേഷൻ ഉൾപ്പെടെ വിവിധ ജോലികൾ |
| | **ആകെ** | **1.56** | |

സ്രോതസ്സ്: വകുപ്പുതല രേഖകൾ.

2016 മാർച്ചിൽ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം ഫണ്ട് അനുവദിച്ചിട്ടും, പദ്ധതി രൂപകൽപ്പന അന്തിമമാക്കുന്നതിലെ കാലതാമസം, ചെലവിലുണ്ടായ വർദ്ധന, തടസ്സരഹിതമായ ഭൂമിയുടെ ലഭ്യതയില്ലായ്മ എന്നിവ കാരണം പദ്ധതി സ്തംഭിച്ചു.

ഈ നീണ്ട കാലതാമസം പദ്ധതിക്ക് പറയത്തക്ക പുരോഗതിയൊന്നും ഉണ്ടാക്കിയില്ലെന്നു മാത്രമല്ല കൺസൾട്ടേഷൻ ഫീസായും പ്രാഥമിക നിർമ്മാണ പ്രവൃത്തികൾക്കായും **1.56 കോടി രൂപ** പാഴായതിന് കാരണമാവുകയും ചെയ്തു.

ഇത് ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ, കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ ഭൂമി നാവികസേനയുടെ എയർപോർട്ട് റൺവേ ഗൈഡൻസ് സൗകര്യങ്ങൾക്കായി ഉപയോഗിച്ചതിനാലും തുടർ ഏറ്റെടുക്കൽ ശ്രമങ്ങൾ പരാജയപ്പെട്ടതിനാലും ഐ&സി കേന്ദ്രത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ തടസ്സപ്പെട്ടതായി സർക്കാർ വ്യക്തമാക്കി (2025 സെപ്റ്റംബർ). സിവിൽ പ്രവൃത്തികൾക്കായി സംസ്ഥാനം ഫണ്ട് നല്കിയാൽ ഈ ഭൂമി ഐ&സി സെന്ററിനായി ഉപയോഗിക്കുമെന്നും കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ ഫണ്ട് ഉപകരണങ്ങൾക്കായി വിനിയോഗിക്കാനുള്ള ശ്രമങ്ങൾ എആർഎഐയുമായി ചേർന്ന് നടക്കുന്നുണ്ടെന്നും വ്യക്തമാക്കി. കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം ഐ&സി കേന്ദ്രം മറ്റെവിടേക്കെങ്കിലും മാറ്റുകയാണെങ്കിൽ നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എസ്ആർടിഒ മട്ടാഞ്ചേരിക്ക് ഓഫീസ് നിർമ്മിക്കാൻ ഈ ഭൂമി ഉപയോഗിക്കും.

പദ്ധതികൾ ഏറ്റെടുക്കുമ്പോൾ നടത്തേണ്ട നടപടിക്രമങ്ങളിലെ വീഴ്ചകളെക്കുറിച്ചാണ് നിരീക്ഷണം എന്നതിനാൽ മറുപടി സ്വീകാര്യമല്ല. ദർഘാസ് ക്ഷണിക്കുന്നതിനു മുമ്പ് തടസ്സരഹിത ഭൂമിയുടെ 100 ശതമാനം കൈവശാവകാശം വകുപ്പ് ഉറപ്പാക്കിയില്ല, രൂപകൽപ്പന അന്തിമമാക്കുന്നതിനും എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനും മുമ്പ് സ്ഥല പരിശോധനയും വിവര ശേഖരണവും നടത്തിയില്ല.

***ശുപാർശ 27***

*അനാവശ്യ പദ്ധതികളുടെ നടത്തിപ്പ്, സമാന പദ്ധതികളുടെ നിർവഹണം, നടപ്പാക്കുന്നതിലെ കാലതാമസം മൂലം ചെലവിലുണ്ടാവുന്ന വർദ്ധന എന്നിവ കാരണം പദ്ധതികൾ ഉപേക്ഷിക്കുന്നത് തടയുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാരിന് പുറപ്പെടുവിക്കാം. മേൽപ്പറഞ്ഞ മൂന്ന് പദ്ധതികളുടെയും പ്രായോഗികത, സ്ഥലപരിമിതികൾ, നിയമപരമായ ആവശ്യകതകൾ, നിർമ്മാണ സാധ്യതകൾ എന്നിവ പുനഃവിലയിരുത്തുന്നതിന് വിശദമായ സാധ്യതാ പഠനവും സർക്കാരിന് നടത്താം. ചെക്ക് പോസ്റ്റുകളുടെ നവീകരണത്തിന്റെ പേരിൽ ഖജനാവിന് 1.63 കോടി രൂപയുടെയും മാതൃകാ പരിശോധനാ കേന്ദ്രത്തിന്റെ നിർമ്മാണത്തിന് 1.56 കോടി രൂപയുടെയും അനാവശ്യ ചെലവ് ഉണ്ടാക്കിയതിന് ഉത്തരവാദിത്തം നിശ്ചയിക്കുന്നതിനുള്ള നടപടികൾ സർക്കാരിന് ആരംഭിക്കാവുന്നതാണ്.*

## 2.4.6.14 ഓഫീസിലെ അടിസ്ഥാന സൗകര്യങ്ങൾ

തിരഞ്ഞെടുത്ത 10 ആർടിഒകളുടെയും എസ്ആർടിഒകളുടെയും ഓഫീസുകളിലെ ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തുന്നതിനായി വകുപ്പ് ഉദ്യോഗസ്ഥരുമായി ചേർന്ന് ഓഡിറ്റ് ടീം സംയുക്ത പരിശോധന നടത്തി. പരിശോധനയിൽ നിന്നുള്ള പ്രധാന കണ്ടെത്തലുകളുടെ സംഗ്രഹം താഴെ കൊടുത്തിരിക്കുന്നു.




ചിത്രം 2.6: എസ്ആർടിഒ തൊടുപുഴ




ചിത്രം 2.7: ആർടിഒ കോട്ടയം

ഇടുങ്ങിയ ഓഫീസ് സ്ഥലം, കാലഹരണപ്പെട്ട ഉപകരണങ്ങൾ, അടിസ്ഥാന സൗകര്യങ്ങളായ വൃത്തിയുള്ള വിശ്രമമുറികൾ, മതിയായ കാത്തിരിപ്പ് സ്ഥലങ്ങൾ, കുടിവെള്ളം, പ്രഥമശുശ്രൂഷാ സൗകര്യങ്ങൾ തുടങ്ങിയവയുടെ അഭാവം എന്നിവയുൾപ്പെടെ അപര്യാപ്തമായ സൗകര്യങ്ങളോടെയാണ് പത്ത് ഓഫീസുകളും പ്രവർത്തിക്കുന്നതെന്ന് കാണപ്പെട്ടു. ഇത് ഓഫീസുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തേയും സേവനത്തെയും പോലെ ജീവനക്കാരുടേയും അതിഥികളുടേയും സംതൃപ്തിയേയും ബാധിക്കുന്നു.

കാര്യക്ഷമമായ സേവനം, സുഖപ്രദമായ തൊഴിൽ അന്തരീക്ഷം, പൊതുജനങ്ങളുടെ സംതൃപ്തി മെച്ചപ്പെടുത്തൽ എന്നിവ ഉറപ്പാക്കുന്നതിന് നവീകരണം കൊണ്ടു വരേണ്ടതിന്റെ അടിയന്തിര ആവശ്യകത ഈ പോരായ്മകൾ എടുത്തുകാണിക്കുന്നു.

ഇത് ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ, പദ്ധതി, പദ്ധതിയേതര വകയിരുത്തലുകളിലൂടെ ഇൻഫർമേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ ടെക്നോളജി (ഐസിടി) ഉപകരണങ്ങളും ഓഫീസുകളുടെ അടിസ്ഥാന സൗകര്യങ്ങളും നവീകരിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ടെന്ന് സർക്കാർ വ്യക്തമാക്കി (2025 സെപ്റ്റംബർ). 15 മുതൽ 20 വർഷം വരെ പഴക്കമുള്ള ഐസിടി ഉപകരണങ്ങളും അടിസ്ഥാന സൗകര്യങ്ങളും അടിയന്തിരമായി നവീകരിക്കേണ്ടതാണെന്നുള്ള നിരീക്ഷണം സർക്കാർ അംഗീകരിച്ചു. സേവനത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന്, കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ ധനസഹായം, കഴിവിന്റെ പരമാവധിയിലെത്തിയ എൻഐസിയുടെ പരിവാഹൻ സെർവറിന്റെ ശേഷി വർധിപ്പിക്കൽ, മോട്ടോർ വാഹന വകുപ്പിന്റെ സോഫ്റ്റ്‌വെയർ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നത് വേഗത്തിലാക്കുന്നതിന്, അധിക എൻഐസി മനുഷ്യവിഭവശേഷി എന്നിവ നിർദ്ദേശിച്ചതായും സർക്കാർ അറിയിച്ചു.

- **ടെസ്റ്റിംഗ് ഗ്രൗണ്ടുകളിൽ അവശ്യ സൗകര്യങ്ങളുടെ അഭാവം**

ഓരോ ലൈസൻസ് വിഭാഗത്തിലെയും അപേക്ഷകരിൽ നിന്ന് സർവീസ് ചാർജ് ഉൾപ്പെടെ 960 രൂപ ഫീസ് വകുപ്പ് ഈടാക്കുന്നു. 10 ഡ്രൈവിംഗ് ടെസ്റ്റ് സെന്ററുകളിൽ

ഒരെണ്ണം ഒഴികെ, ഉദ്യോഗാർത്ഥികൾക്കോ അനുഗമിക്കുന്നവർക്കോ കുടിവെള്ളം, ശുചിമുറികൾ/ വിശ്രമ മുറികൾ, മേൽക്കൂരയുള്ള ക്യൂ കോംപ്ലക്സുകൾ, കാത്തിരിപ്പു മുറികൾ തുടങ്ങിയ അവശ്യ സൗകര്യങ്ങളൊന്നും വകുപ്പ് നൽകിയിട്ടില്ലെന്ന് സംയുക്ത പരിശോധനയിൽ വ്യക്തമായി. ഈ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം ഉദ്യോഗാർത്ഥികളെ അവരുടെ ഊഴത്തിനായി പ്രതികൂല കാലാവസ്ഥ സഹിച്ച് ദീർഘനേരം തുറസ്സായ സ്ഥലങ്ങളിൽ കാത്തുനിൽക്കാൻ നിർബന്ധിതരാക്കുന്നു.

അപര്യാപ്തമായ തൊഴിലിടം, കാലഹരണപ്പെട്ട ഉപകരണങ്ങൾ, ഓഫീസുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം, ടെസ്റ്റിംഗ് ഗ്രൗണ്ടുകളിൽ അവശ്യ സൗകര്യങ്ങളുടെ അഭാവം എന്നിവയാകെ ഫലപ്രദമായ രീതിയിൽ സേവനം നൽകുന്നതിനെ തടസ്സപ്പെടുത്തുന്നു. ഈ പോരായ്മകൾ ഉദ്ദേശിച്ചതിനേക്കാൾ കുറഞ്ഞ ഫലങ്ങൾക്ക് കാരണമാകുന്നു, കൂടാതെ നികുതിദായകർക്കും പൗരന്മാർക്കും പണത്തിനനുസരിച്ചുള്ള മൂല്യം നൽകുന്നതിൽ പരാജയപ്പെടുകയും ചെയ്യുന്നു.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ, ഫാസ്റ്റ് അക്കൗണ്ട് വഴിയാണ് ആധുനികവൽക്കരണം നടത്തുന്നതെന്നും പദ്ധതി, പദ്ധതിയേതര വകയിരുത്തലുകളിലൂടെ ആധുനിക വൽക്കരിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ടെന്നും സർക്കാർ അറിയിച്ചു (2025 സെപ്റ്റംബർ).

> ***ശുപാർശ 28***
>
> *മോട്ടോർ വാഹനങ്ങളുമായി ബന്ധപ്പെട്ട സേവനങ്ങൾ ലഭിക്കുന്നതിനായി പൊതുജനങ്ങൾ പതിവായി സന്ദർശിക്കുന്ന ഓഫീസുകൾ സർക്കാരിന് നവീകരിക്കാം.*

### 2.4.6.15 ഉപസംഹാരം

ലൈസൻസ്, രജിസ്ട്രേഷൻ, പെർമിറ്റുകൾ, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്നിവ നൽകുന്നതിനും മോട്ടോർ വാഹന നികുതി, ഫീസ്, പിഴ എന്നിവ ഈടാക്കുന്നതിനും പിരിച്ചെടുക്കുന്നതിനുമുള്ള ഉത്തരവാദിത്തം ആർടിഒകൾക്കും എസ്ആർടിഒകൾ ക്കുമാണ്. ഏജന്റുമാർ, അഗ്രിഗേറ്ററുകൾ, ക്യാബ് സ്കീമുകൾ, വാഹന ഡീലർമാർ എന്നിവരെ എസ്ടിഎ നിയന്ത്രിക്കുന്നു, അതേസമയം എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ആർടിഒ (എൻഫോഴ്സ്മെന്റ്) കൈകാര്യം ചെയ്യുന്നു. ലൈസൻസിംഗ്, രജിസ്ട്രേഷൻ, ഫിറ്റ്നസ് പരിശോധന, നികുതി കൈകാര്യം ചെയ്യൽ, എൻഫോഴ്സ്മെന്റ്, ഇൻഫ്രാസ്ട്രക്ചർ മാനേജ്മെൻറ് തുടങ്ങിയ പ്രധാന പ്രവർത്തനങ്ങളെ ബാധിക്കുന്ന വ്യവസ്ഥാപരമായ കാര്യക്ഷമതയില്ലായ്മകൾ ആർടിഒകളുടെയും എസ്ടിഎയുടെയും പ്രവർത്തനത്തെക്കുറിച്ചുള്ള ഈ ഓഡിറ്റ് എടുത്തുകാണിക്കുന്നു. 86 ആർടിഒകളും എസ്ആർടിഒകളുമുള്ള, പ്രതിവർഷം ഗണ്യമായ അളവിലുള്ള ലൈസൻസുകളും രജിസ്ട്രേഷനുകളും നൽകുന്ന വകുപ്പ് ഏകീകരിച്ച മാനദണ്ഡവും അനുപാലനവും ഉറപ്പാക്കേണ്ടതുണ്ട്. 15 വർഷങ്ങൾക്ക് മുമ്പ് എഡിടിടികൾ സ്ഥാപിക്കാൻ തീരുമാനമെടുത്തതിൽ കാണിച്ച ദീർഘവീക്ഷണം അഭിനന്ദനം അർഹിക്കുന്നുണ്ടെങ്കിലും, ഓട്ടോമേറ്റഡ് ഡ്രൈവർ, ഫിറ്റ്നസ് ടെസ്റ്റിംഗ് ട്രാക്കുകൾ കുടുതലും പ്രവർത്തനരഹിതമാണ്. മാനുവൽ ടെസ്റ്റിംഗ് പ്രക്രിയകൾ അടിസ്ഥാന സൗകര്യങ്ങളുടെയും നടപടിക്രമങ്ങളുടെയും ന്യൂനതകൾ അനുഭവിക്കുന്നു. സാരഥി, വാഹൻ, ഇ-ചലാൻ ഡാറ്റാബേസ് തുടങ്ങിയ കരുത്തുറ്റ സംവിധാനങ്ങൾ ഉണ്ടായിരുന്നിട്ടും, നികുതി നിർണ്ണയത്തിലെ പോരായ്മകളും എൻഫോഴ്സ്മെന്റിലെ വീഴ്ചകളും വരുമാന നഷ്ടത്തിലേക്കും നയ വ്യതിയാനത്തി

ലേക്കും റോഡ് സുരക്ഷയെ പ്രതികൂലമായി ബാധിക്കുന്നതിലേക്കും നയിക്കുന്നതായി കണ്ടെത്തി. കൂടാതെ, ചെക്ക് പോസ്റ്റുകളിലും നിരീക്ഷണ സംവിധാനങ്ങളിലുമുള്ള അടിസ്ഥാന സൗകര്യ നിക്ഷേപങ്ങൾ ഫലപ്രദമായില്ലെന്ന് തെളിഞ്ഞു, അതേസമയം ഫീൽഡ് ഓഫീസുകൾ സ്ഥല സൗകര്യം, ഉപകരണങ്ങൾ എന്നിവയിൽ പരിമിതികൾ നേരിടുന്നു. ആഭ്യന്തര നിയന്ത്രണങ്ങൾ, വിഭവങ്ങളുടെ മികച്ച വിനിയോഗം, നയ നിർവ്വഹണം എന്നിവ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെ ഈ പ്രശ്നങ്ങൾ കൂട്ടായി പ്രതിഫലിപ്പിക്കുന്നു.

അതിനാൽ, നല്ല സമ്പ്രദായങ്ങൾ കെട്ടിപ്പടുക്കുന്നതിനും ആഭ്യന്തര നിയന്ത്രണങ്ങൾ ശക്തിപ്പെടുത്തുന്നതിനും ഓട്ടോമേറ്റഡ് സംവിധാനങ്ങൾ പൂർണ്ണമായും പ്രവർത്തനക്ഷമമാക്കുന്നതിനും നിയമപരമായ അനുപാലനം നടപ്പിലാക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനുള്ള ചെലവുകൾക്ക് മുൻഗണന നൽകുന്നതിനും ഫലപ്രദമായ സേവനം നൽകുന്നതിനായി വിഭവങ്ങളുടെ വിനിയോഗത്തിനും സമഗ്രമായ വ്യവസ്ഥാപരമായ പരിഷ്കാരങ്ങൾ വകുപ്പ് നടപ്പാക്കണമെന്ന് ശുപാർശ ചെയ്യുന്നു.

# അദ്ധ്യായം III

# സംസ്ഥാന എക്സൈസ്

# അദ്ധ്യായം - III
# സംസ്ഥാന എക്സൈസ്

## 3.1 നികുതി കാര്യനിർവ്വഹണം

സംസ്ഥാനത്ത് മദ്യം, മയക്കുമരുന്ന്, ലഹരി പദാർഥങ്ങൾ, കൂടാതെ മദ്യം, മയക്കുമരുന്ന് എന്നിവ അടങ്ങിയ ഔഷധ നിർമാണങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട നിയമങ്ങൾ നടപ്പാക്കുന്നത് തിരുവനന്തപുരം ആസ്ഥാനമായുള്ള കേരള സംസ്ഥാന എക്സൈസ് വകുപ്പാണ്. എക്സൈസ് വരുമാന സംരക്ഷണവും വർധിപ്പിക്കലും പിരിച്ചെടുക്കലും, കൂടാതെ, നിയമങ്ങളും അതിനു കീഴിലുള്ള വിവിധ ചട്ടങ്ങളും നടപ്പിലാക്കുക എന്നിവയാണ് വകുപ്പിന്റെ പ്രധാന ചുമതലകൾ. വരുമാനം ശേഖരിക്കൽ, അനധികൃത മദ്യ ഉൽപാദനം, വിൽപ്പന, കടത്ത് എന്നിവ തടയുന്നതിനുള്ള എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ, മദ്യപാനത്തിനെതിരായ പ്രചാരണം എന്നിങ്ങനെ വകുപ്പിന്റെ ചുമതലകൾ വിശാലമായി തരംതിരിച്ചിരിക്കുന്നു. ചാരായം, സ്പിരിറ്റ്, വീഞ്ഞ്, കള്ള്, ബിയർ എന്നിവയും ആൽക്കഹോൾ അടങ്ങിയിരിക്കുന്ന എല്ലാ ദ്രാവകങ്ങളും മദ്യത്തിൽ ഉൾപ്പെടുന്നു. മദ്യത്തിന്റെ നിർമ്മാണത്തിലും വ്യാപാരത്തിലും ഒരു വ്യക്തിക്ക് മൗലികാവകാശമില്ല. മദ്യത്തിന്മേലുള്ള സമ്പൂർണ്ണ അവകാശം സംസ്ഥാനത്തിനാണ്. സംസ്ഥാനത്തിന്റെ അബ്കാരി നയം എല്ലാ വർഷവും സർക്കാർ രൂപീകരിക്കുകയും അത് എക്സൈസ് വകുപ്പ് നടപ്പാക്കുകയും ചെയ്യുന്നു.

## 3.2 ആന്തരിക പരിശോധന

സംസ്ഥാന എക്സൈസ് വകുപ്പിലെ ആന്തരിക പരിശോധന വിഭാഗം (ഐഎഡബ്ല്യു) എക്സൈസ് കമ്മീഷണറുടെ നേരിട്ടുള്ള നിയന്ത്രണത്തിലാണ്. ഒരു ജോയിന്റ് എക്സൈസ് കമ്മീഷണർ, അദ്ദേഹത്തെ സഹായിക്കാനായി ഒരു അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ, മൂന്ന് സൂപ്രണ്ടുമാർ, നാല് എക്സൈസ് ഇൻസ്പെക്ടർമാർ, എട്ട് പ്രിവന്റീവ് ഓഫീസർമാർ എന്നിവരടങ്ങുന്നതാണ് ഈ വിഭാഗം. കൂടുതൽ വാഹനങ്ങൾ പിടിച്ചെടുക്കുന്നതും, പിരിച്ചെടുക്കാവുന്ന വരുമാനം കുടിശ്ശികയുള്ളതും പിരിവിൽ കാലതാമസം ശ്രദ്ധയിൽപ്പെട്ടതുമായ ജില്ലകളിലെ ഓഫീസുകൾക്ക് ആന്തരിക പരിശോധനയിൽ മുൻഗണന നൽകുന്നു. വകുപ്പിലെ മൊത്തം ഓഡിറ്റ് ചെയ്യാവുന്ന യൂണിറ്റുകളുടെ എണ്ണം 295 (സബ് ഓഫീസുകൾ) ആണ്, ഇത് പ്രതിവർഷം ഓഡിറ്റ് ചെയ്യേണ്ടതുണ്ട്. എന്നാൽ, ഉദ്യോഗസ്ഥരുടെ അപര്യാപ്തത മൂലം, 2023-24 കാലയളവിൽ 36 യൂണിറ്റുകൾ (12 ശതമാനം) മാത്രമാണ് ഓഡിറ്റിനായി പദ്ധതിയിട്ടിരുന്നത്. ഈ 36 യൂണിറ്റുകളും ഐഎഡബ്ല്യു ഓഡിറ്റ് ചെയ്തു. ഈ കാലയളവിൽ തീർപ്പാക്കാൻ ബാക്കി നിന്നിരുന്ന 2,272 നിരീക്ഷണങ്ങളിൽ 591 എണ്ണം (26.01 ശതമാനം) വകുപ്പ് തീർപ്പാക്കി.

## 3.3 ഓഡിറ്റിന്റെ ഫലങ്ങൾ

സംസ്ഥാന എക്സൈസ് വകുപ്പിൽ 2023-24 കാലയളവിൽ ഓഡിറ്റിന് വിധേയമാക്കാവുന്ന 24 യൂണിറ്റുകളാണുണ്ടായിരുന്നത്, ഇവയിൽ അഞ്ച് യൂണിറ്റുകൾ ഓഡിറ്റിനായി തെരഞ്ഞെടുത്തു. 2023-24 കാലയളവിൽ ഈ യൂണിറ്റുകളിലെ രേഖകളുടെ സൂക്ഷ്മപരിശോധനയിൽ എക്സൈസ് തീരുവ, ലൈസൻസ് ഫീസ് എന്നിവ ഈടാക്കാതിരിക്കൽ/ കുറവായി ഈടാക്കൽ, മറ്റ് ക്രമക്കേടുകൾ എന്നിങ്ങനെ 1.64 കോടി രൂപ ഉൾപ്പെടുന്ന പോരായ്മകൾ കണ്ടെത്തി. കൂടാതെ, 'കേരളത്തിലെ വിദേശ മദ്യത്തിന്റെ നിർമ്മാണവും വിൽപ്പനയും' എന്ന വിഷയത്തിൽ ഒരു എസ്എസ്സിഎയും ഈ വർഷം ഏറ്റെടുത്തു. ചൂണ്ടിക്കാണിച്ച

പോരായ്മകൾ രേഖകളുടെ മാതൃകാ പരിശോധനയെ അടിസ്ഥാനമാക്കിയുള്ളതിനാൽ അവ ഉദാഹരണാത്മകം മാത്രമാണ്. **പട്ടിക 3.1**-ൽ നൽകിയിരിക്കുന്നതുപോലെ, 75.21 കോടി രൂപ ഉൾപ്പെടുന്ന ഫീസ് ഈടാക്കാതിരിക്കൽ, ലൈസൻസുകളുടെ ക്രമരഹിതമായ കൈമാറ്റം, മറ്റ് ക്രമക്കേടുകൾ എന്നിവ ഇനിപ്പറയുന്ന വിഭാഗങ്ങളിൽ പെടുന്നു.

**പട്ടിക 3.1: കുറഞ്ഞ നികുതി നിർണ്ണയത്തിന്റെയും മറ്റ് ക്രമക്കേടുകളുടെയും വിശദാംശങ്ങൾ**

(കോടി രൂപയിൽ)

| ക്രമ നം. | വിഭാഗങ്ങൾ | തുക |
|---|---|---|
| 1 | 'കേരളത്തിലെ വിദേശ മദ്യത്തിന്റെ നിർമ്മാണവും വിൽപ്പനയും' സംബന്ധിച്ച എസ്എസ്സിഎ | 73.57 |
| 2 | കമ്പനികളുടെ ഡയറക്ടർ ബോർഡിന്റെ അനധികൃത പുനഃസംഘടനയ്ക്കുമേലുള്ള ഫീസും പിഴയും ചുമത്താത്തത് | 0.80 |
| 3 | വിദേശ മദ്യ ലൈസൻസിന്റെ ക്രമരഹിതമായ കൈമാറ്റം | 0.84 |
| ആകെ | | 75.21 |

സ്രോതസ്സ്: അക്കൗണ്ടന്റ് ജനറൽ പരിപാലിക്കുന്ന രേഖകൾ.

പ്രസ്തുത കാലയളവിൽ, അഞ്ച് ഖണ്ഡികകളിലായി ഓഡിറ്റ് ചൂണ്ടിക്കാണിച്ച 0.14 കോടി രൂപ ഉൾപ്പെടുന്ന കുറഞ്ഞ നികുതി നിർണ്ണയവും മറ്റ് ക്രമക്കേടുകളും വകുപ്പ് അംഗീകരിച്ചു. 2023-24 വർഷത്തിൽ, വകുപ്പ് നാല് ഖണ്ഡികകളിലായി 0.10 കോടി രൂപ തിരിച്ചു പിടിച്ചു.

## 3.4 കേരളത്തിലെ വിദേശ മദ്യത്തിന്റെ നിർമ്മാണവും വിൽപ്പനയും സംബന്ധിച്ച അനുവർത്തന ഓഡിറ്റ്

### 3.4.1 ആമുഖം

മനുഷ്യ ഉപഭോഗത്തിനുള്ള മദ്യത്തിന്റെ നിർമ്മാണവും വിൽപ്പനയും ഇന്ത്യൻ ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിലെ സംസ്ഥാന പട്ടികയിൽ ഉൾപ്പെടുന്നു. 1077-ലെ ഒന്നാം അബ്കാരി നിയമം[86] ആദ്യം കൊച്ചി രാജാവ് നടപ്പിലാക്കുകയും 1967 മുതൽ കേരള സർക്കാർ അംഗീകരിക്കുകയും ചെയ്തു. സംസ്ഥാന എക്സൈസ് വകുപ്പ്, നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുകയും മദ്യത്തിന്റെ നിർമ്മാണം, സംഭരണം എന്നിവയ്ക്കുള്ള ലൈസൻസ് നൽകിയും മദ്യം കൊണ്ടുപോകുന്നതിനും വിൽക്കുന്നതിനുമുള്ള അനുമതി നൽകിയും മദ്യ മേഖലയെ നിയന്ത്രിക്കുന്നു. മദ്യത്തിൽ നിന്നുള്ള വരുമാനത്തിൽ എക്സൈസ് വകുപ്പ് പിരിക്കുന്ന എക്സൈസ് തീരുവയും ഫീസും, സംസ്ഥാന ചരക്ക് സേവന നികുതി (ജിഎസ്ടി) വകുപ്പ് പിരിക്കുന്ന വിൽപ്പന നികുതിയും വിറ്റുവരവ് നികുതിയും ഉൾപ്പെടുന്നു. അങ്ങനെ, കേരളത്തിലെ വിദേശ മദ്യ വിൽപ്പന സംസ്ഥാന എക്സൈസ് വകുപ്പും സംസ്ഥാന ജിഎസ്ടി വകുപ്പും നിരീക്ഷിക്കുന്നു.

കേരളത്തിലെ ഡിസ്റ്റിലറികൾ/ കോമ്പൗണ്ടിംഗ്, ബ്ലെൻഡിംഗ് ആൻഡ് ബോട്ടിലിംഗ് (സിബി&ബി) യൂണിറ്റുകൾ/ ബ്രൂവറികൾ എന്നിവിടങ്ങളിലാണ് വിദേശ മദ്യം നിർമ്മിക്കുന്നത്. ഇന്ത്യൻ നിർമിത വിദേശ മദ്യം (ഐഎംഎഫ്എൽ), വിദേശ നിർമിത വിദേശ മദ്യം (എഫ്എംഎഫ്എൽ), ബിയർ, വൈൻ എന്നിവയുടെ സംസ്ഥാനത്തെ ഏക മൊത്ത വിതരണക്കാരാണ് കേരള സ്റ്റേറ്റ് ബിവറേജസ് (മാനുഫാക്ചറിംഗ് ആൻഡ് മാർക്കറ്റിംഗ്) കോർപ്പറേഷൻ ലിമിറ്റഡ് (കെഎസ്ബിസി). കെഎസ്ബിസി സംസ്ഥാനത്തെ നിർമ്മാതാക്കളിൽ നിന്നും വാങ്ങിയും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വിദേശത്തു നിന്നും ഇറക്കുമതി ചെയ്തും മദ്യം സംഭരിക്കുകയും തുടർന്ന് മറ്റ് വിദേശ മദ്യ (എഫ്എൽ) ലൈസൻസുള്ളവർക്ക് മൊത്തമായി വിൽക്കുന്നതിനായി അതിന്റെ ലൈസൻസുള്ള എഫ്എൽ-9[87] വെയർഹൗസുകളിലേക്ക് കൊണ്ടു പോകുകയും ചെയ്യുന്നു. നിർമ്മാതാക്കൾക്ക് വേണ്ടി എക്സൈസ് തീരുവ അടയ്ക്കാനും വിൽപ്പന നികുതി ശേഖരിക്കാനും അടയ്ക്കാനും കെഎസ്ബിസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്, കൂടാതെ മദ്യവിൽപ്പനയ്ക്ക് വിറ്റുവരവ് നികുതി അടയ്ക്കാനും ബാധ്യസ്ഥരാണ്.

കെഎസ്ബിസിക്കും കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കൺസ്യൂമർ ഫെഡറേഷനും (കൺസ്യൂമർഫെഡ്), കൂടാതെ, സന്ദർശകർക്ക് അവിടെ വച്ചു തന്നെ കഴിക്കുന്നതിനായി മദ്യം വിളമ്പുന്ന ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ക്ലബ്ബുകൾ എന്നിവയ്ക്കും ആണ് ചില്ലറ വിൽപ്പനയിലൂടെ വിദേശ മദ്യം വിൽക്കുന്നതിനുള്ള ലൈസൻസ് നൽകിയിരിക്കുന്നത്.

ഇതിനുപുറമെ, സേവനമനുഷ്ഠിക്കുന്ന/ വിരമിച്ച സൈനികരുടെയും അർദ്ധസൈനിക വിഭാഗങ്ങളുടെയും ആവശ്യം നിറവേറ്റുന്നതിനായി ബോണ്ടിന് കീഴിൽ വിദേശ മദ്യം സംഭരിക്കുന്ന ബോണ്ടഡ് വെയർഹൗസിനുള്ള ലൈസൻസുകൾ [ബിഡബ്ല്യു1(എ)][88]

---

[86] മലയാളം കലണ്ടർ പ്രകാരം കൊല്ലവർഷം 1077 കർക്കിടകം 31 (1902 ആഗസ്റ്റ് 5).

[87] വിദേശ മദ്യം മൊത്തവ്യാപാരത്തിൽ കൈവശം വയ്ക്കുന്നതിനും വിതരണം ചെയ്യുന്നതിനും ഒരു എഫ്എൽ-9 ലൈസൻസ് അനുമതി നൽകുന്നു.

[88] ബോണ്ടഡ് വെയർഹൗസുകളിൽ സംഭരണത്തിനായി പ്രതിരോധ മന്ത്രാലയത്തിനു കീഴിലുള്ള സിഎസ്ഡി, ഭാരത സർക്കാരിന്റെ ആഭ്യന്തര മന്ത്രാലയത്തിനു കീഴിലുള്ള സെൻട്രൽ പോലീസ് കാന്റീൻ എന്നിവയ്ക്ക് ബിഡബ്ല്യൂ-1(എ) ലൈസൻസ് അനുവദിച്ചിരിക്കുന്നു.

കാന്റീൻ സ്റ്റോഴ്സ് ഡിപ്പാർട്ട്മെന്റിനും (സിഎസ്ഡി) കേന്ദ്ര സായുധ പോലീസ് സേനയ്ക്കും (സിഎപിഎഫ്) അനുവദിച്ചിട്ടുണ്ട്.

1963-ലെ കേരള പൊതു വിൽപ്പന നികുതി നിയമം (കെജിഎസ്ടി) പ്രകാരം, മദ്യം വിൽക്കുന്ന വ്യാപാരികൾ മദ്യത്തിന്റെ വിൽപ്പന നികുതി, വിറ്റുവരവ് നികുതി, സെസ് എന്നിവ അടയ്ക്കാൻ ബാധ്യസ്ഥരാണ്.

### 3.4.2 വകുപ്പിന്റെ ഘടന

സർക്കാർ തലത്തിൽ അഡീഷണൽ ചീഫ് സെക്രട്ടറി, നികുതി (എക്സൈസ്) ആണ് സംസ്ഥാന എക്സൈസ് വകുപ്പിന് നേതൃത്വം നൽകുന്നത്. എക്സൈസ് കമ്മീഷണറാണ് വകുപ്പു തലവൻ. അദ്ദേഹത്തെ സഹായിക്കാനായി രണ്ട് അഡീഷണൽ എക്സൈസ് കമ്മീഷണർമാരും (എൻഫോഴ്സ്മെന്റ്) & (അഡ്മിനിസ്ട്രേഷൻ), നാല് ജോയിന്റ് എക്സൈസ് കമ്മീഷണർമാരും ഉണ്ട്. വകുപ്പിനെ ഉത്തര മേഖല, മധ്യ മേഖല, ദക്ഷിണ മേഖല എന്നിങ്ങനെ മൂന്ന് മേഖലകളായി വിഭജിച്ച് മേഖലാ ജോയിൻറ് എക്സൈസ് കമ്മീഷണർമാർ മേധാവിത്വം വഹിക്കുന്നു. ജില്ലാ തലത്തിൽ എക്സൈസ് ഡിവിഷൻ ഓഫീസിന്റെ തലവൻ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറാണ്. എക്സൈസ് ഡിവിഷൻ ഓഫീസിനെ എക്സൈസ് സർക്കിൾ ഓഫീസുകളായും അവയെ എക്സൈസ് റേഞ്ച് ഓഫീസുകളായും വിഭജിച്ചിരിക്കുന്നു.

സംസ്ഥാനത്തെ ഓരോ നിർമ്മാണ യൂണിറ്റിലും വെയർഹൗസിംഗ് യൂണിറ്റിലും പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനായി എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെയോ എക്സൈസ് ഇൻസ്പെക്ടറുടെയോ മേൽനോട്ടത്തിൽ ഒരു എക്സൈസ് ഓഫീസ് പ്രവർത്തിക്കുന്നു.

### 3.4.3 ഓഡിറ്റ് ലക്ഷ്യങ്ങൾ

താഴെ പറയുന്നവ ഉറപ്പാക്കുന്നതിനാണ് ഈ അനുവർത്തന ഓഡിറ്റ് നടത്തിയത്:

- വിദേശ മദ്യത്തിന്റെയും ബിയറിന്റെയും നിർമ്മാണം/ ഇറക്കുമതി, കൊണ്ടുപോകൽ, സംഭരണം, വിൽപ്പന എന്നിവയെ നിയന്ത്രിക്കുന്ന നിയമങ്ങളിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോ.
- ലഭിക്കേണ്ടിയിരുന്ന വരുമാനം കൃത്യസമയത്ത് ആവശ്യപ്പെടുകയും ശേഖരിക്കുകയും ചെയ്തിട്ടുണ്ടോ.
- വകുപ്പിൽ നിലവിലുള്ള ആന്തരിക നിയന്ത്രണ സംവിധാനം നിയമത്തിലെ/ ചട്ടങ്ങളിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് പര്യാപ്തവും ഫലപ്രദവുമാണോ.

### 3.4.4 ഓഡിറ്റ് മാനദണ്ഡം

ഓഡിറ്റിന്റെ മാനദണ്ഡങ്ങൾ ഇനിപ്പറയുന്നവയിൽ നിന്ന് ഉരുത്തിരിഞ്ഞവയാണ്:

i. 1077-ലെ അബ്കാരി നിയമം 1

ii. കേരള വിദേശ മദ്യം (കോമ്പൗണ്ടിംഗ്, ബ്ലെൻഡിംഗ് ആൻഡ് ബോട്ടിലിംഗ്) ചട്ടങ്ങൾ, 1975

iii. കേരള ഡിസ്റ്റിലറി & വെയർഹൗസ് ചട്ടങ്ങൾ, 1968

iv. ബ്രൂവറി ചട്ടങ്ങൾ, 1967

v. വിദേശ മദ്യ ചട്ടങ്ങൾ, 1953

vi. കേരള പൊതുവിൽപ്പന നികുതി നിയമം, 1963

vii. കേരള പൊതുവിൽപ്പന നികുതി ചട്ടങ്ങൾ, 1963

viii. കേരള മദ്യ ട്രാൻസിറ്റ് ചട്ടങ്ങൾ, 1975

ix. വാർഷിക അബ്കാരി നയങ്ങൾ

x. എക്സൈസ് മാനുവൽ

xi. ഭക്ഷ്യസുരക്ഷാ നിയമം, 2006

xii. സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, വിജ്ഞാപനങ്ങൾ തുടങ്ങിയവ

### 3.4.5 ഓഡിറ്റ് വ്യാപ്തിയും രീതിശാസ്ത്രവും

2021-22 മുതൽ 2023-24 വരെയുള്ള കാലയളവ് ഉൾക്കൊള്ളുന്ന അനുവർത്തന ഓഡിറ്റ് (എസ്എസ്സിഎ) 2024 ഏപ്രിൽ 22 മുതൽ 2025 ഏപ്രിൽ 1 വരെ നടത്തി. കേരള സർക്കാരിന്റെ നികുതി (എക്സൈസ്) വകുപ്പിലെയും എക്സൈസ് കമ്മീഷണറുടെ ഓഫീസിലെയും രേഖകളുടെ പരീക്ഷണ പരിശോധന ഓഡിറ്റിന്റെ രീതിശാസ്ത്രത്തിൽ ഉൾപ്പെടുന്നു. സിമ്പിൾ റാൻഡം സാമ്പിളിംഗ് വിത്തൗട്ട് റീപ്ലേസ്മെന്റ് (എസ്ആർഎസ്ഡബ്ല്യുഒആർ) രീതിയിലൂടെ വിശദമായ ഓഡിറ്റിനായി നാല് ജില്ലകളെ[89] തിരഞ്ഞെടുത്തു. തിരഞ്ഞെടുത്ത ജില്ലകളിൽ, ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ കീഴിലുള്ള എല്ലാ ഓഫീസുകളിലും, ഡിസ്റ്റിലറികൾ/ സിബി&ബി യൂണിറ്റുകൾ/ ബ്രൂവറികൾ/ വെയർഹൗസുകൾ എന്നിവയിലെ എല്ലാ എക്സൈസ് യൂണിറ്റുകളിലും, സംസ്ഥാന ജിഎസ്ടി വകുപ്പിന്റെ ഡെപ്യൂട്ടി കമ്മീഷണർ, ടാക്സ് പേയേഴ്സ് സർവീസസ് ഡിവിഷനുകളുടെ കീഴിലുള്ള എല്ലാ ഓഫീസുകളിലും ഓഡിറ്റ് പരിശോധന നടത്തി. ഇതിനുപുറമെ, കെഎസ്ബിസി, തിരുവനന്തപുരം (ആസ്ഥാനം), കൊച്ചിയിലെ കാന്റീൻ സ്റ്റോഴ്സ് ഡിപ്പാർട്ട്മെന്റ് (സിഎസ്ഡി), പള്ളിപ്പുറത്തെ സെൻട്രൽ റിസർവ് പോലീസ് ഫോഴ്സിന്റെ (സിആർപിഎഫ്) ബോണ്ടഡ് വെയർഹൗസ് എന്നിവിടങ്ങളിലെ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ ഓഫീസുകൾ എന്നിവയും ഓഡിറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഓഡിറ്റ് നടപടിക്രമങ്ങളും രീതിശാസ്ത്രവും ചർച്ച ചെയ്യുന്നതിനായി 2024 സെപ്റ്റംബർ 3-ന് സർക്കാരിന്റെ നികുതി (എക്സൈസ്) വകുപ്പിലെ ജോയിന്റ് സെക്രട്ടറി, എക്സൈസ് കമ്മീഷണർ എന്നിവരുമായി ഒരു എൻട്രി കോൺഫറൻസ് നടത്തി. 2025 ജൂലൈ 17-ന് നികുതി (എക്സൈസ്) അഡീഷണൽ സെക്രട്ടറി, അഡീഷണൽ എക്സൈസ് കമ്മീഷണർ, സംസ്ഥാന ജിഎസ്ടി വകുപ്പ് കമ്മീഷണർ എന്നിവരുമായി എക്സിറ്റ് കോൺഫറൻസ് നടത്തുകയും ഓഡിറ്റ് കണ്ടെത്തലുകൾ ചർച്ച ചെയ്യുകയും ചെയ്തു. എക്സിറ്റ് കോൺഫറൻസിൽ സംസ്ഥാന സർക്കാർ പ്രകടിപ്പിച്ച അഭിപ്രായങ്ങളും കരട് റിപ്പോർട്ടിനുള്ള രേഖാമൂലമുള്ള മറുപടികളും പ്രസക്തമായ ഖണ്ഡികകളിൽ ഉചിതമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

---

[89] മധ്യമേഖല - തൃശൂർ, പാലക്കാട്; ദക്ഷിണമേഖല – പത്തനംതിട്ട; ഉത്തരമേഖല - കാസർകോട്.

## ഓഡിറ്റ് കണ്ടെത്തലുകൾ

വിദേശ മദ്യത്തിന്റെ നിർമ്മാണം, ഇറക്കുമതി, വിൽപ്പന എന്നിവയിൽ നിന്നുള്ള വരുമാനം സംസ്ഥാന എക്സൈസ് വകുപ്പും സംസ്ഥാന ജിഎസ്ടി വകുപ്പും ചേർന്നാണ് പിരിച്ചെടുക്കുന്നത്. അബ്കാരി നിയമത്തിലെ വ്യവസ്ഥകളും അതിന് കീഴിലുള്ള വിവിധ ചട്ടങ്ങളും അനുസരിച്ച്, സംസ്ഥാനത്ത് മദ്യത്തിന്റെ നിർമ്മാണം, കൊണ്ടുപോകൽ, സംഭരണം, വിൽപ്പന എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ സൂക്ഷ്മ നിരീക്ഷണവും മേൽനോട്ടവും മദ്യ നിർമ്മാണത്തിൻ മേലുള്ള എക്സൈസ് തീരുവയും ലൈസൻസുകളും ട്രാൻസിറ്റ് പാസുകളും നൽകുന്നതിനുള്ള ഫീസ് ഈടാക്കാനും സംസ്ഥാന എക്സൈസ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 1963-ലെ കേരള പൊതുവിൽപ്പന നികുതി നിയമം (കെജിഎസ്ടി) പ്രകാരം സംസ്ഥാന ജിഎസ്ടി വകുപ്പ് പിരിച്ചെടുക്കുന്ന വിൽപ്പന നികുതിയും വിറ്റുവരവ് നികുതിയുമാണ് വിദേശ മദ്യത്തിൽ നിന്നുള്ള വരുമാനത്തിന്റെ പ്രധാന പങ്കും നൽകുന്നത്. ഓഡിറ്റിന് വിധേയമായ കാലയളവിൽ എക്സൈസ് വകുപ്പും സംസ്ഥാന ജിഎസ്ടി വകുപ്പും മദ്യവിൽപ്പനയിലൂടെ പിരിച്ചെടുത്ത വരുമാനം ചുവടെയുള്ള **പട്ടിക 3.2**-ൽ നൽകിയിരിക്കുന്നു:

**പട്ടിക 3.2: കേരളത്തിലെ മദ്യവിൽപ്പനയിൽ നിന്നുള്ള വരുമാനം**

(കോടി രൂപയിൽ)

| വർഷം | എക്സൈസ് വരുമാനം | വിദേശ മദ്യ വിൽപ്പനയിൽ നിന്നുള്ള വിൽപ്പന നികുതി | വിറ്റുവരവ് നികുതി |
|---|---|---|---|
| 2021-22 | 2,032.23 | 9,165.41 | 1,222.02 |
| 2022-23 | 2,875.95 | 13,060.32 | 1,704.58 |
| 2023-24 | 2,944.01 | 13,322.04 | 1,742.41 |

സ്രോതസ്സ്: വകുപ്പുതല രേഖകൾ.

അസംസ്കൃത വസ്തുക്കളുടെ കൊണ്ടുപോകൽ, വിദേശ മദ്യത്തിന്റെ നിർമ്മാണം, ഇറക്കുമതി, കൊണ്ടുപോകൽ, സംഭരണം, കൂടാതെ വിൽപ്പനയിൽ നിന്നുള്ള വരുമാനത്തിന്റെ പിരിവ് തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾ ഓഡിറ്റ് പരിശോധിച്ചു. സംസ്ഥാന എക്സൈസ്, സംസ്ഥാന ജിഎസ്ടി വകുപ്പുകളുമായി ബന്ധപ്പെട്ട പ്രധാന ഓഡിറ്റ് കണ്ടെത്തലുകൾ തുടർന്നുള്ള ഖണ്ഡികകളിൽ ചർച്ച ചെയ്യുന്നു.

### 3.4.6 മദ്യത്തിന്റെ നിർമ്മാണവും ഇറക്കുമതിയും

കേരളത്തിൽ, ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ ഉത്പാദനം 1968-ലെ കേരള ഡിസ്റ്റിലറി & വെയർഹൗസ് ചട്ടങ്ങൾ, 1975-ലെ കേരള വിദേശ മദ്യം (കോമ്പൗണ്ടിംഗ്, ബ്ലെൻഡിംഗ് ആൻഡ് ബോട്ടിലിംഗ്) ചട്ടങ്ങൾ, 1967-ലെ ബ്രൂവറി ചട്ടങ്ങൾ എന്നിവയുടെ നിയന്ത്രണ ചട്ടക്കൂടിന് കീഴിലാണ് നടത്തുന്നത്. നിലവിൽ, എക്സൈസ് വകുപ്പിന്റെ മേൽനോട്ടത്തിൽ സംസ്ഥാനത്ത് 10 ഡിസ്റ്റിലറികൾ, ഏഴ് സിബി&ബി യൂണിറ്റുകൾ, രണ്ട് ബ്രൂവറികൾ എന്നിവ പ്രവർത്തിക്കുന്നു. ഈ യൂണിറ്റുകൾ പ്രാദേശികമായി സ്പിരിറ്റോ എക്സ്ട്രാ ന്യൂട്രൽ ആൽക്കഹോളോ (ഇഎൻഎ)[90] വാറ്റിയെടുക്കുന്നില്ല; പകരം, ഈ അസംസ്കൃത വസ്തുക്കൾ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് ലഭ്യമാക്കുന്നു. ഇറക്കുമതി ചെയ്ത സ്പിരിറ്റിനെ വെള്ളം,

[90] റെക്റ്റിഫിക്കേഷൻ/ റെക്റ്റിഫൈഡ് സ്പിരിറ്റിന്റെ റീ-ഡിസ്റ്റിലേഷൻ വഴി ലഭിക്കുന്ന ഇന്ത്യൻ സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ (ഐഎസ്: 6613-1972) ഉള്ള സ്പിരിറ്റ്.
ഇഎൻഎയുടെ ഗാഢത "ഡിഗ്രി പ്രൂഫ്" ആയി അളക്കുന്നു. ബൾക്ക് ലിറ്ററിലെ ആൽക്കഹോൾ ശതമാനം (ലിറ്ററിലെ ഇഎൻഎയുടെ അളവ്) 7/4 കൊണ്ട് ഗുണിച്ചാൽ കിട്ടുന്നതാണ് ഡിഗ്രി പ്രൂഫ്. പിഎൽ = ബിഎൽ x (ഡിഗ്രി പ്രൂഫ്/100).

കളറിംഗ്, ഫ്ലേവറിംഗ് ഏജന്റുകൾ എന്നിവ ഉപയോഗിച്ച് സംയോജിപ്പിക്കുന്നത് വിദേശ മദ്യത്തിന്റെ നിർമ്മാണ പ്രക്രിയയിൽ ഉൾപ്പെടുന്നു. ഐഎംഎഫ്എൽ നിർമ്മാണത്തിനായുള്ള ഇഎൻഎ വാങ്ങൽ, കോമ്പൗണ്ടിംഗ്, ബ്ലെൻഡിംഗ്, ബോട്ടിലിംഗ് പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റ് പരിശോധിച്ചതിൽ നിന്നും ശ്രദ്ധയിൽപ്പെട്ട നിരീക്ഷണങ്ങൾ ചുവടെ നൽകിയിരിക്കുന്നു:

**3.4.6.1 കുറവ് വന്ന/ കണക്കിലില്ലാത്ത ഇഎൻഎയിൽ നിന്ന് നിർമ്മിച്ച മദ്യത്തിന് എക്സൈസ് തീരുവ, വിൽപ്പന നികുതി, വിറ്റുവരവ് നികുതി എന്നിവ ആവശ്യപ്പെടാത്തത്**

1968-ലെ കേരള ഡിസ്റ്റിലറി ആൻഡ് വെയർഹൗസ് ചട്ടങ്ങളുടെ ചട്ടം 47എ(4)(ബി) അനുസരിച്ച് ഇറക്കുമതി ചെയ്യുന്ന ഇഎൻഎ, എക്സൈസ് ഉദ്യോഗസ്ഥരും ലൈസൻസിയും സംയുക്തമായി അളക്കുകയും ഓരോ 400 കിലോമീറ്ററിനും അനുവദനീയമായ 0.1 ശതമാനം ട്രാൻസിറ്റ് നഷ്ടം (യഥാർത്ഥ ട്രാൻസിറ്റ് നഷ്ടം അല്ലെങ്കിൽ 0.5 ശതമാനം, ഏതാണോ കുറവ് അതായി പരിമിതപ്പെടുത്തി യിരിക്കുന്നു) കിഴിച്ചു യഥാർത്ഥ സ്റ്റോക്ക്, ഫോം ഡി-31[91]-ൽ രേഖപ്പെടുത്തണം. ചട്ടം 102 പ്രകാരം, ചുമതലയുള്ള ഉദ്യോഗസ്ഥൻ എല്ലാ സ്പിരിറ്റുകളുടെയും ത്രൈമാസ കണക്കെടുപ്പ് നടത്തുകയും അത് രജിസ്റ്ററുകളിൽ രേഖപ്പെടുത്തുകയും കണ്ടെത്തലുകൾ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറെ (ഡിഇസി) അറിയിക്കുകയും ചെയ്യണം. ഡിഇസി സന്ദർശന വേളകളിൽ ഈ പ്രസ്താവനകൾ പരിശോധിക്കും. ചട്ടം 34 പ്രകാരം, ഒരു പാദത്തിൽ 0.5 ശതമാനത്തിൽ കൂടുതൽ പാഴാക്കിയാൽ പ്രൂഫ് ലിറ്ററിന് (പിഎൽ) 20 രൂപ തോതിൽ പിഴ ഈടാക്കും. കമ്മീഷണറുടെ 2018 ഏപ്രിൽ 24-ലെ സർക്കുലറിൽ ഇഎൻഎയുടെ ത്രൈമാസ കണക്കെടുപ്പ് നടത്തേണ്ടതിന്റേയും ഡിഇസി അത് പരിശോധിക്കേണ്ടതിന്റെയും ആവശ്യകത ആവർത്തിക്കുന്നുണ്ട്. കൂടാതെ, മേല്പറഞ്ഞ ചട്ടങ്ങളുടെ ചട്ടം 9, ഉപയോഗത്തിന് മുമ്പ് എല്ലാ സംഭരണികളുടെയും അളവെടുക്കണമെന്ന് നിർദേശിക്കുന്നു. 2011-ലെ ലീഗൽ മെട്രോളജി ചട്ടങ്ങളുടെ ചട്ടം 27(2)(ബി) പ്രകാരം സംഭരണ ടാങ്കുകളുടെ പുനഃപരിശോധനയും മുദ്രവയ്ക്കലും ഓരോ 60 മാസത്തിലും ചെയ്യേണ്ടതുണ്ട്.

ഇഎൻഎ കൂട്ടിക്കലർത്തി ഐഎംഎഫ്എൽ നിർമ്മിച്ച് കുപ്പികളിലാക്കി കെഎസ്ബിസിക്ക് വിൽക്കുന്ന തിരുവല്ലയിലെ ഒരു ഡിസ്റ്റിലറിയാണ് ട്രാവൻകൂർ ഷുഗേഴ്സ് ആൻഡ് കെമിക്കൽസ് ലിമിറ്റഡ് (ടിഎസ്സിഎൽ). ഇത് സാധ്യമാക്കുന്നതിനായി, അളവുകോലുള്ള ടാങ്കുകളിൽ ഇഎൻഎ സംഭരിക്കാൻ ടിഎസ്സിഎൽ-ന് അനുമതിയുണ്ട്. എക്സൈസ് ഉദ്യോഗസ്ഥരും ഡിസ്റ്റിലറി ഉദ്യോഗസ്ഥരും ഓരോ ത്രൈമാസത്തിലും സ്പിരിറ്റ് സ്റ്റോക്കിന്റെ സംയുക്ത പരിശോധന നടത്തുകയും പരിശോധന തീയതിയിലെ അളവ് സാക്ഷ്യപ്പെടുത്തുകയും വേണം. കേരളത്തിന് പുറത്തുള്ള ഡിസ്റ്റിലറികളിൽ നിന്ന് ഇഎൻഎ വാങ്ങി ടാങ്കർ ലോറികളിൽ ഡിസ്റ്റിലറിയിലേക്ക് കൊണ്ടുപോകാൻ എക്സൈസ് വകുപ്പ് പെർമിറ്റ് നൽകുന്നു. ടാങ്കർ ലോറിയിൽ എത്തിക്കഴിഞ്ഞാൽ, ഡിസ്റ്റിലറിയുടെ സംഭരണ ടാങ്കുകളിലേക്ക് മാറ്റുന്നതിന് മുമ്പ് ഇഎൻഎയുടെ ഗുണനിലവാരവും അളവും എക്സൈസ് ഉദ്യോഗസ്ഥർ പരിശോധിക്കേണ്ടതുണ്ട്.

ഡിസ്റ്റിലറിയിലെ എക്സൈസ് യൂണിറ്റ് ഓഫീസിൽ സൂക്ഷിച്ചിരുന്ന രേഖകളുടെ സൂക്ഷ്മപരിശോധനയിൽ ഓഡിറ്റ് ഇനിപ്പറയുന്നവ കണ്ടെത്തി:

[91] ഡിസ്റ്റിലറി/ വെയർഹൗസിൽ ലഭിച്ച മദ്യത്തിന്റെ സ്ഥിരീകരണ രജിസ്റ്റർ.

- 2021 ജൂൺ 30-ന്, ഡിസ്റ്റിലറിയിലേക്ക് 40,000 ബൾക്ക് ലിറ്റർ (ബിഎൽ) വീതം ഇഎൻഎ കൊണ്ടുവരികയായിരുന്ന രണ്ട് ടാങ്കർ ലോറികൾ എക്സൈസ് ഉദ്യോഗസ്ഥർ തടയുകയും 20,386 ബിഎൽ സ്പിരിറ്റിന്റെ കുറവ് കണ്ടെത്തുകയും ചെയ്തു. ഒരു വാഹനത്തിൽ നിന്ന് 12,687 ബിഎല്ലും മറ്റേ വാഹനത്തിൽ നിന്ന് 7,699 ബിഎല്ലും നഷ്ടപ്പെട്ടതായി കണക്കാക്കി 20,386 ബിഎല്ലായി നഷ്ടം സ്ഥിരീകരിച്ചു. ഡിസ്റ്റിലറിയിലെ ചില ജീവനക്കാരുടെ പങ്കാളിത്തത്തോടെ മധ്യപ്രദേശിൽ സ്പിരിറ്റ് അനധികൃതമായി വിറ്റതായി ഡ്രൈവർമാർ സമ്മതിച്ചു. കുറവ് വന്ന ഇഎൻഎ യാത്ര മദ്ധ്യേയുള്ള നഷ്ടമായി കണക്കാക്കി, പ്രൂഫ് ലിറ്ററിന് 20 രൂപ വച്ച് 6,76,072 രൂപ പിഴ ചുമത്തിയ ശേഷം ബാക്കി ഇഎൻഎ ഡിസ്റ്റിലറിക്ക് വിട്ടുകൊടുത്തു.

- 2021 ജൂൺ 30-ന് സ്പിരിറ്റ് മോഷണം കണ്ടെത്തിയതിനെത്തുടർന്നുള്ള സ്റ്റോക്ക് പരിശോധനയിൽ ഡിസ്റ്റിലറിയുടെ സംഭരണ ടാങ്കുകളിൽ സൂക്ഷിച്ചിരിക്കുന്ന സ്പിരിറ്റ് ശേഖരത്തിൽ കൂടുതൽ പൊരുത്തക്കേടുകൾ എക്സൈസ് വകുപ്പ് കണ്ടെത്തി. 2021 സെപ്റ്റംബർ 7-ന്, നഷ്ടം 7,72,064.6516 പിഎല്ലിന് തുല്യമായ 4,60,659.1 ബിഎൽ ആയി കണക്കാക്കി. അതനുസരിച്ച്, അതേ തീയതിയിൽ ഒരു പിഎല്ലിന് 20 രൂപ കണക്കിൽ 1,54,41,293 രൂപയുടെ ഡിമാൻഡ് നോട്ടീസ് ഡിസ്റ്റിലറിക്ക് നല്കി. ത്രൈമാസ സ്റ്റോക്ക് പരിശോധനകൾ നടത്താത്തതിനാൽ, പാദത്തിൽ 0.5% എന്ന അനുവദനീയമായ സംഭരണ നഷ്ടത്തിനുള്ള കിഴിവ് പ്രയോജനപ്പെടുത്തി യിട്ടില്ലെന്ന് ലൈസൻസ് ഉടമ മറുപടി നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ, 2013-14 മുതൽ 2021-22-ന്റെ ആദ്യ പാദം വരെയുള്ള കാലയളവിൽ 3,12,608.626 ബിഎൽ സംഭരണ നഷ്ടമായി വകുപ്പ് അനുവദിച്ചു. അനുവദനീയമായ നഷ്ടം കുറച്ച ശേഷം, ബാക്കിയുള്ളത് 1,48,050.384 ബിഎൽ (2,43,542.882 പിഎല്ലിന് തുല്യം) ആയി കണക്കാക്കി, 2022 ജൂൺ 14-ന് 48,70,858 രൂപയുടെ പുതുക്കിയ ഡിമാൻഡ് പുറപ്പെടുവിച്ചു. തുടർന്ന് ലൈസൻസി തുക പൂർണ്ണമായും അടച്ചു.

2021 സെപ്റ്റംബർ 7-ന് ഡിസ്റ്റിലറിയിലെ സംഭരണടാങ്കുകളിൽ കണ്ടെത്തിയ സ്പിരിറ്റിന്റെ കുറവ്, വകുപ്പ്, ഒമ്പത് വർഷത്തെ സംഭരണ നഷ്ടത്തിനുള്ള കിഴിവ് അനുവദിച്ചതിന് ശേഷം പിഴ ചുമത്തി ക്രമീകരിച്ചതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. എന്നാൽ, 2021 മാർച്ച് 31-ന് ഡിസ്റ്റിലറിയുടെ ചുമതലയുള്ള എക്സൈസ് ഉദ്യോഗസ്ഥരും കമ്പനി ജീവനക്കാരും നടത്തിയ സംയുക്ത പരിശോധനയ്ക്ക് ശേഷം നൽകിയ സ്റ്റോക്ക് സർട്ടിഫിക്കറ്റിൽ ഇഎൻഎയുടെ സ്റ്റോക്കിൽ പൊരുത്തക്കേടു കളൊന്നും സൂചിപ്പിച്ചിട്ടില്ലെന്ന് രേഖകൾ വ്യക്തമാക്കുന്നു. ത്രൈമാസ സ്റ്റോക്ക് പരിശോധന നിർബന്ധമായിരിക്കെ, യഥാർത്ഥ ഭൗതിക പരിശോധനയുടെ രേഖകൾ ഇല്ലാതെ ഒമ്പത് വർഷ കാലയളവിലെ അനുവദനീയമായ പരമാവധി സംഭരണ നഷ്ട കിഴിവ് മുൻകാല പ്രാബല്യത്തോടെ നൽകിയത് ക്രമരഹിതമാണ്. കൂടാതെ, 2021 ജൂൺ 30-ന് കണ്ടെത്തിയ ഇഎൻഎയുടെ മോഷണവും സാധാരണ യാത്രാമദ്ധ്യേയുള്ള നഷ്ടമായി കണക്കാക്കി ക്രമവൽക്കരിച്ചു.

മനുഷ്യ ഉപഭോഗത്തിനായി മദ്യം നിർമ്മിക്കാൻ മാത്രമാണ് ഡിസ്റ്റിലറി കേരളത്തിലേക്ക് ഇഎൻഎ കൊണ്ടുവരുന്നതെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഈ പ്രക്രിയ, എക്സൈസ് തീരുവ, വിൽപ്പന നികുതി, വിറ്റുവരവ് നികുതി എന്നിവയിലൂടെ സംസ്ഥാനത്തിന് ഗണ്യമായ വരുമാനം നൽകുന്നു. ഡിസ്റ്റിലറി, ഇഎൻഎ സ്റ്റോക്കിൽ എടുത്ത ശേഷം, അത് ഉപയോഗിച്ച് വിദേശ മദ്യം ഉത്പാദിപ്പിക്കാൻ ബാധ്യസ്ഥരായിരുന്നു. അതിനാൽ, ഇഎൻഎ നഷ്ടപ്പെട്ടതിനാൽ ഉണ്ടാകുന്ന ഉൽപാദനത്തിലെ ഏതു കുറവും സംസ്ഥാന ഖജനാവിന് നഷ്ടമാണ്.

കണക്കിൽപെടാത്ത 4,60,659 ബിഎൽ ഇഎൻഎ ഉപയോഗിച്ച് 10,26,435 ബിഎൽ (1,14,048 കെയ്സുകൾക്ക് തുല്യം) മദ്യം ഉൽപാദിപ്പിക്കാമായിരുന്നുവെന്ന് അനുമാനത്തിലെത്തി. തൻമൂലം സംസ്ഥാനത്തിന് ഉണ്ടായ വരുമാന നഷ്ടമായി കണക്കാക്കിയത് **അനുബന്ധം XXXII**-ൽ വിശദീകരിച്ചിരിക്കുന്നതുപോലെ, **49.68 കോടി** രൂപയാണ്.

ഇഎൻഎ മോഷണത്തിന്റെ കാര്യത്തിൽ, ഡിസ്റ്റിലറിയുടെ പരിസരത്ത് പ്രവേശിക്കുന്നതിന് മുമ്പ് തന്നെ ചരക്ക് തടഞ്ഞിരുന്നുവെന്നും അതിനാൽ യൂണിറ്റിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലെന്നും ഓഡിറ്റ് കണ്ടെത്തി. ഡിസ്റ്റിലറിക്ക് നൽകിയ പെർമിറ്റിന്റെ അടിസ്ഥാനത്തിലാണ് ഇഎൻഎ ഇറക്കുമതി ചെയ്തത്. അതിനാൽ, മൊത്തത്തിലുള്ള ഉത്തരവാദിത്തം ഡിസ്റ്റിലറിക്കാണ്. വകമാറ്റിയ 20,386 ബിഎൽ ഇഎൻഎയിൽ നിന്നും 44,735 ബിഎൽ മദ്യം[92] ഉത്പാദിപ്പിക്കാമായിരുന്നെന്നാണ് കണക്കാക്കുന്നത്. തൻമൂലം സംസ്ഥാനത്തിന് ഉണ്ടായ വരുമാന നഷ്ടം കണക്കാക്കിയത് **അനുബന്ധം XXXIII**-ൽ വിശദീകരിച്ചിരിക്കുന്നതുപോലെ, **2.20 കോടി** രൂപയാണ്.

നേരത്തെ നടത്തിയ സംയുക്ത പരിശോധനകളിൽ എന്തെങ്കിലും കുറവ് കണ്ടെത്തുന്നതിൽ പരാജയപ്പെട്ടതും, തുടർന്ന് ഒരു മോഷണ സംഭവത്തിന് ശേഷം ഉന്നത ഉദ്യോഗസ്ഥർ നടത്തിയ പരിശോധനയിൽ ഇഎൻഎയുടെ സ്റ്റോക്കിൽ കാര്യമായ പൊരുത്തക്കേടുകൾ കണ്ടെത്തിയതും, ഡിസ്റ്റിലറിയിലെ നിരീക്ഷണത്തിലും സ്റ്റോക്ക് പരിശോധനയിലും ഗുരുതരമായ പോരായ്മകൾ ഉയർത്തിക്കാട്ടുന്നു. മോഷണത്തിന് പോലീസ് എഫ്ഐആർ രജിസ്റ്റർ ചെയ്തെങ്കിലും ഡിസ്റ്റിലറിയുടെ സ്റ്റോക്കിൽ ഇഎൻഎയുടെ കുറവ് മൂലം നഷ്ടപ്പെട്ട വരുമാനം വീണ്ടെടുക്കാൻ എന്തെങ്കിലും നടപടി എടുക്കുകയോ അല്ലെങ്കിൽ ഇഎൻഎ വകമാറ്റിയതുമായി ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും തിരിച്ചു പിടിക്കാനോ വകുപ്പ് ശ്രമിച്ചില്ല. അങ്ങനെ, തിരിച്ചുപിടിക്കാത്തതിനാൽ സംസ്ഥാന ഖജനാവിനുള്ള മൊത്തം നഷ്ടം **51.88 കോടി** രൂപയാണ്.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2025 ജൂൺ), ഡിസ്റ്റിലറിയിൽ അപ്രതീക്ഷിതവും സ്വതന്ത്രവുമായ സ്റ്റോക്ക് പരിശോധന നടത്താൻ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്ന് സർക്കാർ അറിയിച്ചു (2025 ജൂലൈ). കൊണ്ടുപോകുന്ന ഇഎൻഎയുടെ തത്സമയ ട്രാക്കിംഗ് സംവിധാനം നടപ്പിലാക്കാനും ഡിസ്റ്റിലറികൾ ഉപയോഗിക്കുന്ന സ്പിരിറ്റിന്റെ അളവും കുപ്പികളിലാക്കുമ്പോൾ പാഴാകുന്ന അളവും രേഖപ്പെടുത്തുന്നതിന് സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള നിരീക്ഷണ സംവിധാനം നടപ്പിലാക്കാനും വകുപ്പ് സർക്കാരിനോട് അഭ്യർത്ഥിക്കുമെന്നും അറിയിച്ചു.

ഡിസ്റ്റിലറിയിലെ കണക്കിലില്ലാത്ത ഇഎൻഎ മൂലം സംസ്ഥാന ഖജനാവിനുണ്ടായ നഷ്ടം നികത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചതായോ നിർദ്ദേശിച്ചതായോ മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല.

### 3.4.6.2 തിരുവല്ലയിലെ ഒരു ഡിസ്റ്റിലറിയിൽ ബോട്ടിലിംഗ് നഷ്ടം അവകാശപ്പെട്ടതിലെ വൈരുദ്ധ്യം

1975-ലെ കേരള വിദേശ മദ്യ (സിബി&ബി) ചട്ടങ്ങളുടെ ചട്ടം 10(5), പരമാവധി അര ശതമാനം ബോട്ടിലിംഗ് നഷ്ടം അനുവദിക്കുന്നു. 2020 മെയ് മുതൽ 2024 മാർച്ച് വരെയുള്ള കാലയളവിൽ ടിഎസ്സിഎൽ ഡിസ്റ്റിലറി അവകാശപ്പെട്ട ബോട്ടിലിംഗ്

[92] 9 ഒരു ലിറ്റർ കുപ്പിയുടെ 44,735/9 = 4,971 കെയ്സുകൾ.

നഷ്ടം ഓഡിറ്റ് പരിശോധിച്ചു. അവകാശപ്പെട്ട നഷ്ടം അനുവദനീയ പരിധിയായ അര ശതമാനത്തിനുള്ളിൽ ആയിരുന്നെങ്കിലും, ഈ കാലയളവിൽ ബോട്ടിലിംഗ് നഷ്ടം അവകാശപ്പെട്ടതിൽ ഒരു പ്രത്യേക ക്രമം ഓഡിറ്റ് ശ്രദ്ധിച്ചത് **ചാർട്ട് 3.1**-ൽ കാണിച്ചിരിക്കുന്നു.

**ചാർട്ട് 3.1: നാല് വർഷങ്ങളിലെ ബോട്ടിലിംഗ് നഷ്ടം അവകാശപ്പെടുന്നതിലെ പ്രവണത**




സ്രോതസ്സ്: എക്സൈസ് വകുപ്പിൽ നിന്ന് ശേഖരിച്ച വിവരങ്ങൾ.

എക്സൈസ് ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ ഓഡിറ്റ് നടത്തിയ സംയുക്ത പരിശോധനയിൽ (2024 സെപ്റ്റംബർ 24), പ്ലാന്റിൽ സെമി-ഓട്ടോമേറ്റഡ് ബോട്ടിലിംഗ് ലൈനുകൾ സജ്ജീകരിച്ചിട്ടുണ്ടെന്ന് കണ്ടെത്തി.

ശരാശരി ബോട്ടിലിംഗ് നഷ്ടം അനുവദനീയമായ പരിധിയായ അര ശതമാനത്തിനുള്ളിൽ തുടരുന്നുണ്ടെങ്കിലും, 2021 ജൂലൈക്ക് മുമ്പ് ഇത് സ്ഥിരമായി ഒരു ബാച്ചിന് 250 ബിഎൽ കവിഞ്ഞിരുന്നുവെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. എന്നാൽ, 2021 ജൂൺ 30-ന് വൻ സ്പിരിറ്റ് മോഷണം കണ്ടെത്തിയതിനെത്തുടർന്ന് വകുപ്പുതല നിരീക്ഷണം ശക്തമാക്കുകയും ഈ ശരാശരി ബോട്ടിലിംഗ് നഷ്ടം ഒരു ബാച്ചിന് 50 ബിഎല്ലിനും താഴെയായി കുത്തനെ കുറയുകയും ചെയ്തു. 2021 ജൂലൈ മുതൽ 2022 ജനുവരി വരെയുള്ള കാലയളവിൽ, ഇത് ഒരു ബാച്ചിന് 50-100 ബിഎൽ പരിധിയിൽ തുടർന്നു. എന്നാൽ, അതിനുശേഷം ഈ നഷ്ടം ക്രമേണ വീണ്ടും വർദ്ധിക്കുകയും, 2024 ജനുവരിയോടെ ഏകദേശം 250 ബിഎൽ എന്ന മുൻപത്തെ നിലയിലേക്ക് മടങ്ങുകയും ചെയ്തു. നഷ്ടത്തിലുണ്ടായ തുടർന്നുള്ള വർദ്ധനവിന് ഒരു ന്യായീകരണവും കമ്പനി നൽകിയിട്ടില്ല. അനുവദനീയമായ പരമാവധി നഷ്ടത്തിനുള്ള ആനുകൂല്യം അവകാശപ്പെടുന്നതിലെയും മെച്ചപ്പെട്ട നിരീക്ഷണത്തിന് വിധേയമായി നഷ്ടത്തിൽ വന്ന കുറവും തമ്മിലുള്ള പരസ്പര ബന്ധം സ്പിരിറ്റ്/ മദ്യം വക മാറ്റുന്നതിന്റെ സാധ്യതയും തൽഫലമായി സംസ്ഥാനത്തിനുണ്ടാകുന്ന വരുമാന നഷ്ടത്തെക്കുറിച്ചും കാര്യമായ ആശങ്കകൾ ഉയർത്തുന്നു. ബോട്ടിലിംഗ് നഷ്ടത്തിന്റെ സ്ഥിരീകരിക്കാവുന്ന രേഖകളുടെ അഭാവത്തിൽ, സാമ്പത്തിക ആഘാതം കണക്കാക്കാൻ ഓഡിറ്റിന് കഴിഞ്ഞില്ല.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2025 ജൂൺ), ബോട്ടിലിംഗ് നഷ്ടം അനുവദനീയമായ പരിധിക്കപ്പുറത്തേക്കു പോകാതിരിക്കാൻ ഡിസ്റ്റിലറികളിൽ കർശനമായ മേൽനോട്ടം ഉണ്ടാകുമെന്ന് സർക്കാർ അറിയിച്ചു (2025 ജൂലൈ). ബോട്ടിലിംഗ് നഷ്ടം കുറയ്ക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ഇതിനകം തന്നെ നൽകിയിട്ടുണ്ടെന്നും അറിയിച്ചു. ബോട്ടിലിംഗ് പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ കൃത്യമായ ഇടവേളകളിൽ മാറുന്നത് കാരണം ബോട്ടിലിംഗിലെ ശരാശരി നഷ്ടത്തിന്റെ സ്ഥിരത നിലനിർത്താൻ കഴിയില്ലെന്നും ചൂണ്ടിക്കാട്ടി.

മോഷണം കണ്ടെത്തിയതിനെത്തുടർന്നുള്ള ആറ് മാസം ബോട്ടിലിംഗ് നഷ്ടം കുറഞ്ഞ നിലയിൽ സ്ഥിരമായിരിക്കുകയും ഏകദേശം രണ്ട് വർഷത്തേക്ക് 250 ബിഎല്ലിൽ താഴെ നിൽക്കുകയും ചെയ്തതിനാൽ സർക്കാരിന്റെ മറുപടി സ്വീകാര്യമല്ല.

***ശുപാർശ 29***

*നിഷ്പക്ഷമായ വിലയിരുത്തലുകളും പൊരുത്തക്കേടുകൾ നേരത്തെ കണ്ടെത്തുന്നതും ഉറപ്പാക്കുന്നതിനായി വകുപ്പുതല പ്രത്യേക സംഘങ്ങൾ കൃത്യമായ ഇടവേളകളിൽ അപ്രതീക്ഷിതവും സ്വതന്ത്രവുമായ സ്റ്റോക്ക് പരിശോധനകൾ നടത്തുന്നുവെന്ന് ഉറപ്പാക്കാൻ സർക്കാരിന് വകുപ്പിനോട് നിർദ്ദേശിക്കാവുന്നതാണ്. വകുപ്പിൽ നിന്ന് അഭ്യർത്ഥന ലഭിക്കുന്നമുറയ്ക്ക്, ഇഎൻഎയുടെ തുടക്കം മുതൽ ഒടുക്കം വരെയുള്ള നിരീക്ഷണം സാധ്യമാകുന്ന തത്സമയ ട്രാക്കിംഗ് സംവിധാനം നടപ്പിലാക്കുന്ന പ്രക്രിയ സർക്കാരിന് ത്വരിതപ്പെടുത്താവുന്നതാണ്. ബോട്ടിലിംഗ് പ്രവർത്തനങ്ങൾക്കായി ഓരോ ബാച്ചിലെയും സ്പിരിറ്റ് ഉപയോഗവും പാഴാകലും രേഖപ്പെടുത്തുന്നതിന് ഓട്ടോമേറ്റഡ് മീറ്ററുകൾ, സെൻസറുകൾ എന്നിവ പോലുള്ള തുടർച്ചയായതും സാങ്കേതിക വിദ്യാധിഷ്ഠിതവുമായ നിരീക്ഷണ സംവിധാനം സർക്കാരിന് നടപ്പിലാക്കാം.*

### 3.4.6.3 കാന്റീൻ സ്റ്റോഴ്സ് ഡിപ്പാർട്ട്മെന്റിൽ നിന്നും സെൻട്രൽ റിസർവ് പോലീസ് ഫോഴ്സിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് ആവശ്യപ്പെടാത്തത്

1961-ലെ വിദേശ മദ്യം (സ്റ്റോറേജ് ഇൻ ബോണ്ട്) ചട്ടങ്ങളുടെ ചട്ടം 3(ബി) അനുസരിച്ച്, വിദേശ മദ്യം ബോണ്ടിൽ[93] സൂക്ഷിക്കാൻ ആഗ്രഹിക്കുന്ന അപേക്ഷകർ ഫോം എ-യിൽ ഒരു കരാർ പ്രാബല്യത്തിലാക്കേണ്ടതുണ്ട്. ഈ കരാർ പ്രകാരം ലൈസൻസുടമ അബ്കാരി നിയമത്തിലെ വ്യവസ്ഥകൾ, അനുബന്ധ ചട്ടങ്ങളും ഉത്തരവുകളും, നിർദ്ദിഷ്ട ഡ്യൂട്ടി അടയ്ക്കാനുള്ള ബാധ്യത ഉൾപ്പെടെയുള്ള ലൈസൻസിന്റെ വ്യവസ്ഥകൾ എന്നിവ പാലിക്കാൻ ബാധ്യസ്ഥനാണ്.

യൂണിറ്റ് റൺ കാന്റീനുകളിലേക്ക് വിദേശ മദ്യം വിതരണം ചെയ്യുന്നതിനായി കൊച്ചിയിൽ ഒരു ബോണ്ടഡ് വെയർഹൗസ് പ്രവർത്തിപ്പിക്കുന്നതിന് പ്രതിരോധ മന്ത്രാലയത്തിന് കീഴിലുള്ള സിഎസ്ഡിക്ക് 1994 ജൂൺ 8 മുതൽ ബിഡബ്ല്യൂ-1എ ലൈസൻസ് അനുവദിച്ചതായി ഓഡിറ്റ് നിരീക്ഷിച്ചു. എക്സൈസ് വകുപ്പ് നിശ്ചയിച്ച സെക്യൂരിറ്റി തുക ലൈസൻസുടമ നിക്ഷേപിക്കണമെന്ന നിബന്ധനയോടെയാണ് ലൈസൻസ് അനുവദിച്ചത്. എന്നാൽ, ലൈസൻസുടമ നിക്ഷേപിക്കേണ്ട തുക നിശ്ചയിക്കുന്നതിൽ എക്സൈസ് വകുപ്പ് പരാജയപ്പെട്ടു.

തിരുവനന്തപുരത്തെ പള്ളിപ്പുറം സിആർപിഎഫ് ഗ്രൂപ്പ് സെന്റർ കാമ്പസിലെ മദ്യ കാന്റീൻ ചെയർമാന്, 0.21 കോടി രൂപ സെക്യൂരിറ്റി ആയി നിക്ഷേപിക്കണമെന്ന

[93] എക്സൈസ് തീരുവ അടയ്ക്കാത്ത സ്ഥലത്ത് മദ്യം സൂക്ഷിക്കുന്നു.

നിബന്ധനയ്ക്ക് വിധേയമായി 2019 ജനുവരി 14-ന് ബിഡബ്ല്യു-1എ ലൈസൻസ് അനുവദിച്ചു. 2019 ഫെബ്രുവരി 27-ന് ഉടമ്പടി ചെയ്ത ഫോം എ ബോണ്ടിൽ തുക എക്സൈസ് കമ്മീഷണർക്ക് നിക്ഷേപിച്ചതായി അവകാശപ്പെടുന്നു. എന്നാൽ, ഓഡിറ്റ് പരിശോധനയിൽ (2025 മാർച്ച്) സെക്യൂരിറ്റി ഡെപ്പോസിറ്റായ 0.21 കോടി രൂപ അടച്ചിട്ടില്ലെന്നു കണ്ടെത്തി. സെക്യൂരിറ്റി തുക നിക്ഷേപിക്കുന്നതുമായി ബന്ധപ്പെട്ട് ബോണ്ടിൽ ഉന്നയിച്ച അവകാശവാദം തെറ്റാണോ അതോ നിക്ഷേപിച്ച തുക ഏതെങ്കിലും രീതിയിൽ വകമാറ്റിയോ എന്ന് വകുപ്പ് അന്വേഷിക്കേണ്ടതാണ്.

എക്സിറ്റ് മീറ്റിംഗിൽ (2025 ജൂലൈ 17) ഓഡിറ്റ് കണ്ടെത്തലുകൾ സർക്കാർ അംഗീകരിക്കുകയും രണ്ടും കേന്ദ്ര സർക്കാർ സ്ഥാപനങ്ങളായതിനാൽ ഈ വ്യവസ്ഥ കർശനമായി നടപ്പാക്കിയിട്ടില്ലെന്ന് മറുപടി നൽകുകയും ചെയ്തു. എന്നാൽ ഇക്കാര്യം വിശദമായി പരിശോധിച്ചു വരികയാണെന്നും പരിശോധന പൂർത്തിയായതിന് ശേഷം മറുപടി നൽകുമെന്നും പിന്നീട് അറിയിച്ചു (2025 ജൂലൈ).

### 3.4.6.4 ഇഎൻഎയ്ക്ക് അധിക ട്രാൻസിറ്റ് നഷ്ടം അനുവദിച്ചതിനാൽ പിഴ പിരിവിൽ വന്ന കുറവ്

1968-ലെ കേരള ഡിസ്റ്റിലറി ആൻഡ് വെയർഹൗസ് ചട്ടങ്ങളുടെ ചട്ടം 47എ(4)(ബി) പ്രകാരം സ്പിരിറ്റ് എത്തിയാൽ, എക്സൈസ് ഉദ്യോഗസ്ഥരും ലൈസൻസുടമയും സംയുക്തമായി അതിന്റെ അളവും വീര്യവും പരിശോധിക്കണം. കൂടാതെ, ഉപചട്ടം 4(ഡി), ഓരോ 400 കിലോമീറ്ററോ അതിനുള്ളിലോ ആയ ദൂരത്തേക്ക് കൊണ്ടു പോകുമ്പോഴുണ്ടാകുന്ന സ്പിരിറ്റ് നഷ്ടത്തിനുള്ള ആനുകൂല്യം 0.1 ശതമാനം എന്ന നിരക്കിൽ പരമാവധി 0.5 ശതമാനം അല്ലെങ്കിൽ യഥാർത്ഥ നഷ്ടം, ഏതാണോ കുറവ്, അത് അനുവദിക്കുന്നു. നിർദ്ദിഷ്ട അളവിൽ കൂടുതൽ സ്പിരിറ്റ് നഷ്ടപ്പെട്ടാൽ ലൈസൻസുടമ ഒരു പ്രൂഫ് ലിറ്ററിന് 20 രൂപ നിരക്കിൽ പിഴ നൽകേണ്ടതുണ്ട്.

തിരഞ്ഞെടുത്ത നാല് ജില്ലകളിൽ പ്രവർത്തിക്കുന്ന വിവിധ വിദേശമദ്യ നിർമ്മാണ യൂണിറ്റുകളിൽ ഇഎൻഎ ഇറക്കുമതി ചെയ്യുന്നതുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റ് പരിശോധിച്ചപ്പോൾ 373 സന്ദർഭങ്ങളിൽ, യഥാർത്ഥ ദൂരം പരിഗണിക്കാതെ, ട്രാൻസിറ്റ് നഷ്ടം പരമാവധി അനുവദിച്ചതായി കണ്ടെത്തി. ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി, പരമാവധി നഷ്ടത്തിനുള്ള ആനുകൂല്യം ഒരേപോലെ നൽകുന്നത്, ട്രാൻസിറ്റ് നഷ്ടവുമായി ബന്ധപ്പെട്ട നിയന്ത്രണ മാനദണ്ഡങ്ങൾ പാലിക്കുന്നില്ലെന്ന് സൂചിപ്പിക്കുന്നു. ഇതിന്റെ ഫലമായി **0.07 കോടി രൂപ** പിഴ ഈടാക്കാത്തത് **അനുബന്ധം XXXIV**-ൽ വിശദമാക്കിയിരിക്കുന്നു.

അധിക ട്രാൻസിറ്റ് നഷ്ടം കാരണം പിഴ ഒടുക്കേണ്ട സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകാൻ എക്സൈസ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശം നൽകിയതായി സർക്കാർ വ്യക്തമാക്കി (2025 ജൂലൈ).

### 3.4.6.5 ടൈ-അപ്പ് ഫീസിന്റെ കുറഞ്ഞ ചുമത്തൽ

1975-ലെ കേരള വിദേശ മദ്യം (സിബി&ബി) ചട്ടങ്ങളുടെ ചട്ടം 10ബിയും 1968-ലെ കേരള ഡിസ്റ്റിലറി ആൻഡ് വെയർഹൗസ് ചട്ടങ്ങൾ-ഭാഗം I-ലെ ചട്ടം 47(ബി)യും പ്രകാരം, സംസ്ഥാനത്തിന് പുറത്ത് സ്ഥിതി ചെയ്യുന്ന ഐഎംഎഫ്എൽ നിർമ്മാതാക്കൾക്ക് എക്സൈസ് കമ്മീഷണറിൽ നിന്നും ടൈ-അപ്പ് ക്രമീകരണത്തിനുള്ള അനുമതി വാങ്ങി നിർദ്ദിഷ്ട ഫീസ് അടച്ചാൽ സംസ്ഥാനത്തിനകത്തെ സിബി&ബി യൂണിറ്റുകളിൽ പ്രവർത്തിക്കാം. തുടക്കത്തിൽ ഇത്തരത്തിലുള്ള ഒരു ക്രമീകരണത്തിന് രണ്ടു ലക്ഷം രൂപയാണ് പങ്കാളിത്ത ഫീസ്

നിശ്ചയിച്ചിരുന്നത്. 2022–23-ലെ അബ്കാരി നയം അനുസരിച്ച്, 2022 ഏപ്രിൽ 1 മുതൽ ഫീസ് അഞ്ച് ലക്ഷം രൂപയായി സർക്കാർ പരിഷ്കരിച്ചു[94].

താഴെപ്പറയുന്ന രണ്ട് ലൈസൻസുടമകൾ 2022-23 വർഷത്തേക്കുള്ള ടൈ-അപ്പ് ഫീസ് പരിഷ്കരിക്കുന്നതിന് മുമ്പുള്ള രണ്ട് ലക്ഷം രൂപ നിരക്കിൽ അടച്ചതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു, ഇത് ആകെ **ആറു ലക്ഷം രൂപ** കുറവായി ചുമത്തുന്നതിന് കാരണമായത് ചുവടെയുള്ള **പട്ടിക 3.3**-ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 3.3: ലൈസൻസ് ഉടമകളിൽ നിന്ന് ടൈ-അപ്പ് ഫീസ് കുറവായി ചുമത്തിയത്**

(രൂപ ലക്ഷത്തിൽ)

| ക്രമ നം. | ലൈസൻസ് ഉടമയുടെ പേര് | ബ്രാൻഡ് ഉടമയുടെ പേര് | ഉത്തരവ് നമ്പറും തീയതിയും | ഒടുക്കിയ തുക | കുറവായി ഒടുക്കിയത് |
|---|---|---|---|---|---|
| 1 | 'എ' ഡിസ്റ്റിലറി, മണ്ണുത്തി | 'എക്സ്' ഡിസ്റ്റിലറീസ് ആൻഡ് ബ്രൂവറീസ് പ്രൈവറ്റ് ലിമിറ്റഡ്, ഗോവ | പിടിഡി/2022/0002 28/03/2022 | 2.00 | 3.00 |
| 2 | 'എ' ഡിസ്റ്റിലറി, മണ്ണുത്തി | 'വൈ' ലിമിറ്റഡ്, ബാംഗ്ലൂർ | പിടിഡി/2022/0001 27/03/2022 | 2.00 | 3.00 |
| | ആകെ | | | 4.00 | 6.00 |

സ്രോതസ്സ്: എക്സൈസ് വകുപ്പിൽ നിന്ന് ശേഖരിച്ച വിവരങ്ങൾ.

ടൈ-അപ്പ് ക്രമീകരണങ്ങളുമായി ബന്ധപ്പെട്ട ബാക്കി തുക അടയ്ക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ മണ്ണുത്തി 'എ' ഡിസ്റ്റിലറിയിലെ ഡിസ്റ്റിലറി ഓഫീസർക്ക് നൽകിയതായി സർക്കാർ അറിയിച്ചു (2025 ജൂലൈ).

#### 3.4.6.6 സംസ്ഥാപനച്ചെലവ് ആവശ്യപ്പെടാത്തത്

1968-ലെ ഡിസ്റ്റിലറി ആൻഡ് വെയർഹൗസ് ചട്ടങ്ങളുടെ ചട്ടം 13-ഉം 14-ഉം പ്രകാരം ഡിസ്റ്റിലറി, എക്സൈസ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലും സംരക്ഷണത്തിലും ആയിരിക്കണമെന്നും ഡിസ്റ്റിലറിയിൽ ജോലി ചെയ്യുന്ന എക്സൈസ് ഉദ്യോഗസ്ഥരുടെ സംസ്ഥാപനച്ചെലവ് ലൈസൻസ് ഉടമ മുൻകൂറായി നൽകണമെന്നും വ്യവസ്ഥ ചെയ്യുന്നു. 1953-ലെ വിദേശ മദ്യ ചട്ടങ്ങളുടെ ചട്ടം 13-ഉം 13(9എ)-യും പ്രകാരം, എഫ്എൽ-9 ലൈസൻസിലെ എല്ലാ ഇടപാടുകളും ആ സ്ഥാപനത്തിൽ നിയമിച്ചിരിക്കുന്ന എക്സൈസ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലായിരിക്കണം, കൂടാതെ, ആ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ള ചെലവ് ലൈസൻസ് ഉടമ വഹിക്കേണ്ടതാണ്. സർക്കാർ മുൻകാല പ്രാബല്യത്തോടെ ശമ്പളത്തിന്റെയും അലവൻസുകളുടെയും നിരക്കുകൾ പരിഷ്കരിക്കുകയാണെങ്കിൽ, അത്തരം കുടിശ്ശികകൾ നൽകാനും ലൈസൻസ് ഉടമ ബാധ്യസ്ഥനായിരിക്കും.

തെരഞ്ഞെടുത്ത നാല് ജില്ലകളിലെ ഡിസ്റ്റിലറികൾ ഒടുക്കിയ സംസ്ഥാപനച്ചെലവ് ഓഡിറ്റ് പരിശോധിച്ചപ്പോൾ ഇനിപ്പറയുന്നവ കണ്ടെത്തി:

(i) 2019 ജൂലൈ 1 മുതൽ പ്രാബല്യത്തിൽ വരുന്ന തരത്തിൽ സർക്കാർ ജീവനക്കാരുടെ ശമ്പള സ്കെയിലുകൾ കേരള സർക്കാർ പരിഷ്കരിച്ചു. എന്നാൽ, ചിമേനിയിലെ 'ബി' ഡിസ്റ്റിലറിയിൽ നിയമിതരായ എക്സൈസ്

[94] 2022 മാർച്ച് 31-ലെ സ.ഉ.(കൈ.) നമ്പർ.18/2022/നി.വ.

ഉദ്യോഗസ്ഥർ 2019 ജൂലൈ മുതൽ കൈപ്പറ്റിയ ശമ്പളത്തിന്റെയും അലവൻസുകളുടെയും കുടിശ്ശിക ലൈസൻസ് ഉടമയിൽ നിന്ന് ആവശ്യപ്പെട്ടിട്ടില്ല. ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട സംസ്ഥാപന ച്ചെലവിന്റെ കുടിശ്ശിക **0.07 കോടി** രൂപയായി ഓഡിറ്റ് കണക്കാക്കിയത് **അനുബന്ധം XXXV**-ൽ വിശദമാക്കിയിരിക്കുന്നു. ഇത് ലൈസൻസ് ഉടമയിൽ നിന്ന് ഈടാക്കിയിട്ടില്ല.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2025 ജൂൺ), 2019 ജൂലൈ മുതലുള്ള ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട സംസ്ഥാപനച്ചെലവിന്റെ കുടിശ്ശിക ഈടാക്കാൻ കാസർകോഡ് ഡിഇസിക്ക് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് സർക്കാർ അറിയിച്ചു (2025 ജൂലൈ).

(ii) തിരുവല്ലയിൽ ഒരേ സ്ഥലത്ത് കെഎസ്ബിസിയുടെ ഒരു ഡിസ്റ്റിലറിയും മദ്യ സംഭരണശാലയും പ്രവർത്തിക്കുന്നു. എന്നാൽ, രണ്ട് ലൈസൻസികളുടെയും മേൽനോട്ടത്തിനായി ഒരു സർക്കിൾ ഇൻസ്പെക്ടർ, ഒരു പ്രിവന്റീവ് ഓഫീസർ, മൂന്ന് സിവിൽ എക്സൈസ് ഓഫീസർമാർ എന്നിവരടങ്ങുന്ന ഒരു എക്സൈസ് സ്ഥാപനം മാത്രമേ വിന്യസിച്ചിട്ടുള്ളൂ. രണ്ട് സ്ഥാപനങ്ങൾക്കിടയിൽ സംസ്ഥാപനച്ചെലവ് വിഭജിക്കുന്നതിനുള്ള ഒരു സൂത്രവാക്യം എക്സൈസ് കമ്മീഷണർ അംഗീകരിച്ചിട്ടുണ്ടെങ്കിലും, ഡിസ്റ്റിലറിയും വെയർഹൗസും വെവ്വേറെ ലൈസൻസുകൾ ഉള്ള വ്യത്യസ്ത സ്ഥാപനങ്ങളാണെന്ന് ഓഡിറ്റ് കണ്ടെത്തി. നടപടിക്രമമനുസരിച്ച് ഓരോന്നിനും പ്രത്യേകം എക്സൈസ് മേൽനോട്ട യൂണിറ്റുകൾ സ്ഥാപിക്കുകയും, അനുബന്ധ സംസ്ഥാപനച്ചെലവ് വെവ്വേറെയായി ഈടാക്കുകയും ചെയ്യേണ്ടതായിരുന്നു. കൂടാതെ, ഡിസ്റ്റിലറിയുടെ ഉത്പാദനം ക്രമേണ വർദ്ധിച്ചപ്പോൾ (2008 മുതൽ), അതിന്റെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാൻ മൂന്ന് എക്സൈസ് ഉദ്യോഗസ്ഥരെ[95] അധികം വിന്യസിച്ചു. എങ്കിലും, ഓഡിറ്റിന് വിധേയമായ കാലയളവിൽ ഈ ഉദ്യോഗസ്ഥരുടെ സംസ്ഥാപനച്ചെലവ് ആവശ്യപ്പെട്ടിട്ടില്ലെന്നും ഇത് സർക്കാരിന് വരുമാന നഷ്ടത്തിന് കാരണമായെന്നും കണ്ടെത്തി. ടിഎസ്സിഎല്ലിൽ നിന്ന് വീണ്ടെടുക്കാത്ത ഈ ചെലവ് **അനുബന്ധം XXXVI**-ൽ കാണിച്ചിരിക്കുന്നതുപോലെ **0.77 കോടി** രൂപയാണ്.

1996-ലെ സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന്, ഡിസ്റ്റിലറിയിൽ നിയമിച്ച സൂപ്പർവൈസറി ജീവനക്കാരുടെ എണ്ണം കുറയ്ക്കാൻ ഡിസ്റ്റിലറി അഭ്യർത്ഥിച്ചിരുന്നു വെന്നും തുടർന്ന് സർക്കാർ ഇത് അംഗീകരിച്ചുവെന്നും സർക്കാർ അറിയിച്ചു (2025 ജൂലൈ). 1999-ൽ കെഎസ്ബിസി കമ്പനി പരിസരത്ത് ഒരു വെയർഹൗസ് സ്ഥാപിച്ചപ്പോൾ, ഒരു സിവിൽ എക്സൈസ് ഓഫീസറുടേത് ഒഴികെ ഡിസ്റ്റിലറിയിലെ എക്സൈസ് സ്ഥാപനത്തിന്റെ ചെലവ് കെഎസ്ബിസി വഹിക്കാൻ നിർദ്ദേശിച്ചു; ഒരാളുടെ ചെലവ് 2023 മെയ് വരെ ഡിസ്റ്റിലറി വഹിച്ചു. 2021-ൽ, ഡിസ്റ്റിലറിയുടെ മേൽനോട്ടത്തിന് മതിയായ ജീവനക്കാരെ ഉറപ്പാക്കുന്നതിന്[96], പത്തനംതിട്ട ഡിഇസി മൂന്ന് ഉദ്യോഗസ്ഥരെ നിയമിച്ചു. എന്നാൽ, മൂന്ന് പേരിൽ ഒരു വനിതാ സിവിൽ എക്സൈസ് ഓഫീസറെ കെഎസ്ബിസിയിൽ കാലഹരണപ്പെട്ട മദ്യം നശിപ്പിക്കുന്നതിന് മേൽനോട്ടം വഹിക്കാൻ നിയമിച്ചു. രണ്ട് എക്സൈസ് ഉദ്യോഗസ്ഥരുടെ സംസ്ഥാപനച്ചെലവ് ഡിസ്റ്റിലറിയും ഒരു വനിതാ എക്സൈസ് ഓഫീസറുടെ സംസ്ഥാപനച്ചെലവ് കെഎസ്ബിസിയും വഹിക്കാൻ

---

95 ഒരു പ്രിവന്റീവ് ഓഫീസർ, ഒരു സിവിൽ എക്സൈസ് ഓഫീസർ, ഒരു വനിതാ സിവിൽ എക്സൈസ് ഓഫീസർ.

96 2021 ആഗസ്റ്റ് 10-ലെ ഉത്തരവ് നമ്പർ ഡിപി2-3/202(3) പ്രകാരം.

ബാധ്യസ്ഥരാണെന്നും എന്നാൽ ഇതുവരെ ഇക്കാര്യം ഔദ്യോഗികമായി ആവശ്യപ്പെട്ടിട്ടില്ലെന്നും വ്യക്തമാക്കി. ഇത് ഉടൻ തന്നെ ആവശ്യപ്പെടുമെന്നും തുടർന്നുള്ള കാര്യങ്ങൾ യഥാസമയം അറിയിക്കാമെന്നും സർക്കാർ ഉറപ്പ് നൽകി.

ഡിസ്റ്റിലറിയിലും കെഎസ്ബിസിയിലും നിയമിക്കപ്പെട്ട ജീവനക്കാരുടെ സംസ്ഥാപനച്ചെലവ് ആവശ്യപ്പെടാത്തത്, അവരുടെ ശമ്പളവും അലവൻസുകളും സംസ്ഥാനം തന്നെ തുടർന്നും വഹിക്കുന്നുണ്ടെന്ന് സൂചിപ്പിക്കുന്നു.

സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ സ്വീകരിക്കുന്നതിലെ പരാജയം, കാലഹരണപ്പെട്ട നിരക്കിൽ ടൈ-അപ്പ് ഫീസ് തെറ്റായി ഈടാക്കുക, ദൂരം കണക്കിലെടുക്കാതെ പരമാവധി ട്രാൻസിറ്റ് നഷ്ടം ക്രമരഹിതമായി അനുവദിക്കുക, വർദ്ധിച്ച ഉൽപാദന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാൻ വിന്യസിച്ചിരിക്കുന്ന എക്സൈസ് ഉദ്യോഗസ്ഥരുടെ സംസ്ഥാപനച്ചെലവ് ഈടാക്കാതിരിക്കുക തുടങ്ങിയ ഓഡിറ്റ് കണ്ടെത്തലുകൾ വകുപ്പിന്റെ സാമ്പത്തിക, നിയന്ത്രണ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിലെ ഗണ്യമായ വീഴ്ചകളിലേക്ക് വിരൽ ചൂണ്ടുന്നു. അത്തരം വീഴ്ചകൾ ദുർബലമായ ആന്തരിക നിയന്ത്രണങ്ങൾ, നിർദ്ദിഷ്ട ചട്ടങ്ങൾ പാലിക്കാതിരിക്കൽ, പരിതാപകരമായ ചെലവ് വീണ്ടെടുക്കൽ സംവിധാനങ്ങൾ എന്നിവയെ പ്രതിഫലിപ്പിക്കുന്നു.

***ശുപാർശ 30***

*സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ സ്വീകരിക്കുന്നതും കൃത്യമായ ഇടവേളകളിൽ അവലോകനം ചെയ്യുന്നതും ഉറപ്പാക്കാൻ ഒരു നിരീക്ഷണ സംവിധാനം സ്ഥാപിക്കാൻ സർക്കാരിന് വകുപ്പിനോട് നിർദ്ദേശിക്കാവുന്നതാണ്. തെറ്റുകൾ ഒഴിവാക്കാൻ സാധ്യമാകുന്നിടത്തെല്ലാം ഫീസും ചെലവ് കണക്കുകൂട്ടലുകളും ഓട്ടോമേറ്റ് ചെയ്യുകയും വിന്യസിച്ചിരിക്കുന്ന അധിക ഉദ്യോഗസ്ഥരുടെ കുറവായി ചുമത്തിയ ഫീസും സംസ്ഥാപന ചെലവുകളും വീണ്ടെടുക്കുന്നതിന് നടപടി ആരംഭിക്കുകയും ചെയ്യാവുന്നതാണ്. അനുവദനീയമായ പരമാവധി ട്രാൻസിറ്റ് നഷ്ടം പൂർണ്ണമായി അനുവദിക്കുന്നത് നിർത്തലാക്കാനും ഇത് നിയമാനുസൃതമായി ദൂരത്തിനനുസരിച്ചു ക്രമീകരിക്കാനും വകുപ്പിനോട് നിർദ്ദേശിക്കാം.*

### 3.4.6.7 നിർമ്മിച്ച വിദേശ മദ്യത്തിന്റെ ഗുണനിലവാരം

1953-ലെ വിദേശ മദ്യ ചട്ടങ്ങളുടെ ചട്ടം 26 അനുസരിച്ച്, വിൽപ്പന നടത്തിയതോ വിൽപ്പനയ്ക്കായി സൂക്ഷിച്ചതോ ആയ മദ്യം നല്ല ഗുണനിലവാരമുള്ളതും മായം ചേർക്കാത്തതുമായിരിക്കണം. അവയുടെ ലഹരി വർദ്ധിപ്പിക്കുന്ന ഒന്നും അതിൽ ചേർക്കാൻ പാടില്ല. 2006-ലെ ഭക്ഷ്യസുരക്ഷാ (എഫ്എസ്എസ്) നിയമത്തിലെ 'ഫുഡ്' എന്ന നിർവചനത്തിൽ, ലഹരിപാനീയങ്ങളും ഒരു ഭക്ഷ്യവസ്തുവാണെന്ന് പറയുന്നു. ലഹരിപാനീയങ്ങളുടെ സുരക്ഷയും നിലവാരവും ഉറപ്പാക്കുന്നതിനായി, ഭാരത സർക്കാർ, എഫ്എസ്എസ് (ആൽക്കഹോളിക് ബിവറേജസ്) റെഗുലേഷൻ, 2018, രൂപീകരിച്ചു.

2006-ലെ ഭക്ഷ്യസുരക്ഷാ നിയമം ലഹരിപാനീയങ്ങളെ ഭക്ഷണമായി നിർവചിക്കുകയും വിൽപ്പനയ്ക്കായി ഉദ്ദേശിച്ചിട്ടുള്ള ഏതൊരു ഭക്ഷണത്തിന്റെയും (മദ്യം ഉൾപ്പെടെ) സാമ്പിളുകൾ എടുക്കാൻ ഭക്ഷ്യസുരക്ഷാ ഓഫീസർക്ക് അധികാരം[97] നൽകുകയും ചെയ്യുന്നു. 1953-ലെ വിദേശ മദ്യ ചട്ടങ്ങളുടെ ചട്ടം 26 അനുസരിച്ച്, വിൽപ്പന നടത്തിയതോ വിൽപ്പനയ്ക്കായി സൂക്ഷിച്ചതോ ആയ മദ്യം നല്ല

[97] എഫ്എസ്എസ് നിയമത്തിലെ വകുപ്പ് 38.

നിലവാരമുള്ളതും, മായം ചേർക്കാത്തതും, ലഹരി വർദ്ധിപ്പിക്കാൻ ഉദ്ദേശിച്ചുള്ള ഏതെങ്കിലും ചേരുവകൾ ചേർക്കാത്തതുമായിരിക്കണം. 1968-ലെ കേരള ഡിസ്റ്റിലറി ആൻഡ് വെയർഹൗസ് ചട്ടങ്ങളുടെ ചട്ടം 71 പ്രകാരം മദ്യനിർമ്മാണത്തിൽ ഉപയോഗിക്കുന്ന കളറിംഗ്/ ഫ്ലേവറിംഗ് വസ്തുക്കളും എസ്സെൻസുകളും എക്സൈസ് കമ്മീഷണർ അംഗീകരിച്ചതായിരിക്കണമെന്നും അവ ഡിസ്റ്റിലറിയുടെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ കസ്റ്റഡിയിൽ സൂക്ഷിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നു.

മദ്യ നിർമ്മാണവുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ ഭക്ഷ്യസുരക്ഷാ ഓഫീസർ മദ്യത്തിന്റെ സാമ്പിളുകൾ പരിശോധനയ്ക്കായി എടുക്കുന്നില്ലെന്നും, സ്പിരിറ്റ് ഒഴികെയുള്ള അസംസ്കൃത വസ്തുക്കളും അവയുടെ അനുപാതവും എക്സൈസ് കമ്മീഷണർ അംഗീകരിച്ചിട്ടില്ലെന്നും, അവ എക്സൈസ് വകുപ്പിന്റെ കസ്റ്റഡിയിൽ അല്ലെന്നും കണ്ടെത്തി.

ഭക്ഷ്യസുരക്ഷാ ഓഫീസർ മദ്യത്തിന്റെ സാമ്പിൾ പരിശോധിക്കാത്തത് ഗുണനിലവാര മാനദണ്ഡത്തിലെ വിട്ടുവീഴ്ചയാകുന്നു. എക്സൈസ് കമ്മീഷണറുടെ മുൻകൂർ അനുമതിയില്ലാതെ കളറിംഗ്, ഫ്ലേവറിംഗ് പോലുള്ള അസംസ്കൃത വസ്തുക്കൾ ഉപയോഗിക്കുന്നതും, എക്സൈസ് വകുപ്പിന്റെ കസ്റ്റഡിയിൽ നിന്ന് അവയെ ഒഴിവാക്കിയതും മേൽനോട്ടത്തിലുള്ള ഗുരുതരമായ വീഴ്ചയെ സൂചിപ്പിക്കുന്നു.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2025 ജൂൺ), സർക്കാർ ലബോറട്ടറിയിൽ നിന്ന് കെമിക്കൽ അനാലിസിസ് സർട്ടിഫിക്കറ്റ് നേടിയ ശേഷം മാത്രമേ മദ്യം വിൽപ്പനയ്ക്ക് അയയ്ക്കുകയുള്ളൂ എന്ന് സർക്കാർ അറിയിച്ചു (2025 ജൂലൈ). ഭക്ഷ്യസുരക്ഷാ വകുപ്പിന് മദ്യ സാമ്പിളുകൾ ശേഖരിക്കാൻ അധികാരപ്പെടുത്തുന്ന ഒരു വ്യവസ്ഥയും അബ്കാരി ചട്ടങ്ങളിൽ ഇല്ലാത്തതിനാൽ, എക്സൈസ് വകുപ്പിന് അത്തരം നിയന്ത്രണങ്ങൾ ബാധകമാക്കാൻ കഴിയില്ല. എങ്കിലും, ഡിസ്റ്റിലറികൾ, ബോട്ടിലിംഗ് യൂണിറ്റുകൾ, ബ്രൂവറികൾ എന്നിവയിൽ എഫ്എസ്എസ്എ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ എക്സൈസ് ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്.

സ്പിരിറ്റ് ഒഴികെയുള്ള അസംസ്കൃത വസ്തുക്കൾക്ക് കമ്മീഷണർ അംഗീകാരം നൽകാത്തതും അവ എക്സൈസ് വകുപ്പിന്റെ കസ്റ്റഡിയിൽ ഇല്ലാത്തതിനെ ക്കുറിച്ചുമാണ് ഓഡിറ്റ് നിരീക്ഷണം എന്നതിനാൽ മറുപടി സ്വീകാര്യമല്ല. മാത്രമല്ല, സാമ്പിളുകൾ എടുക്കുന്നതിനുള്ള ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ അധികാരം 2006-ലെ ഭക്ഷ്യസുരക്ഷാ നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ചാണ്.

### 3.4.7 മദ്യത്തിന്റെ സംഭരണം

വെയർഹൗസുകൾ സ്ഥാപിക്കുന്നതും വിദേശ മദ്യ സംഭരണത്തിന്റെ മേൽനോട്ടവും നിയന്ത്രിക്കുന്നത് 1953-ലെ വിദേശ മദ്യ ചട്ടങ്ങൾ, 1968-ലെ കേരള ഡിസ്റ്റിലറി & വെയർഹൗസ് ചട്ടങ്ങൾ, 1961-ലെ വിദേശ മദ്യം (സ്റ്റോറേജ് ഇൻ ബോണ്ട്) ചട്ടങ്ങൾ എന്നിവയാണ്. സംസ്ഥാനത്ത് മദ്യം സംഭരിക്കുന്നതിന് രണ്ട് തരം എഫ്എൽ ലൈസൻസുകളാണ് നൽകിയിരിക്കുന്നത്. മൊത്തവ്യാപാരത്തിനായി വിദേശ മദ്യം കൈവശം വയ്ക്കുന്നതിനും വിതരണം ചെയ്യുന്നതിനും കെഎസ്ബിസിക്കുള്ള എഫ്എൽ-9 ലൈസൻസും സിഎസ്ഡിയ്ക്കും കേന്ദ്ര സായുധ പോലീസ് സേനയ്ക്കും (സിഎപിഎഫ്) അവരുടെ ബോണ്ടഡ് വെയർഹൗസുകളിൽ വിദേശ മദ്യം സൂക്ഷിക്കുന്നതിനുള്ള ബിഡബ്ല്യു-1എ ലൈസൻസും. കെഎസ്ബിസി മാത്രം കൈകാര്യം ചെയ്യുന്ന 26 വെയർഹൗസുകളും സിഎസ്ഡിയും സിആർപിഎഫും കൈകാര്യം ചെയ്യുന്ന ഓരോ ബോണ്ടഡ് വെയർഹൗസും കേരളത്തിലുണ്ട്.

വെയർഹൗസ് മാനേജ്മെന്റിന്റെ രേഖകളുടെ സൂക്ഷ്മപരിശോധനയിൽ ഇനിപ്പറയുന്ന കാര്യങ്ങൾ കണ്ടെത്തി:

### 3.4.7.1 വെയർഹൗസുകളിൽ സ്ഥിരമായ എക്സൈസ് യൂണിറ്റ് സ്ഥാപിക്കാത്തത്

1953-ലെ വിദേശ മദ്യ ചട്ടങ്ങളുടെ ചട്ടം 13(9എ) പ്രകാരം എക്സൈസ് കമ്മീഷണർ, എക്സൈസ് വകുപ്പിലെ തനിക്ക് ഉചിതമെന്ന് തോന്നുന്ന ഉദ്യോഗസ്ഥനെയോ ഉദ്യോഗസ്ഥരെയോ എഫ്എൽ-9 ലൈസൻസുള്ള സ്ഥലത്തിന്റെ ചുമതല വഹിക്കാൻ നിയമിക്കണം. എഫ്എൽ-9 ലൈസൻസുള്ള സ്ഥാപനത്തിലെ എല്ലാ ഇടപാടുകളും അവിടെ നിയമിച്ചിരിക്കുന്ന എക്സൈസ് ജീവനക്കാരുടെ മേൽനോട്ടത്തിൽ ആയിരിക്കണം. 1968-ലെ കേരള ഡിസ്റ്റിലറി & വെയർഹൗസ് ചട്ടങ്ങളുടെ ചട്ടം 18 പ്രകാരം, ഓരോ വെയർഹൗസും സാധാരണയായി കമ്മീഷണർ പ്രത്യേകം നിയോഗിച്ചിട്ടുള്ള ഒരു ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിലായിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. എഫ്എൽ-9 ലൈസൻസുള്ള സ്ഥാപനത്തിലെ എക്സൈസ് ജീവനക്കാരുടെ സംസ്ഥാപനച്ചെലവ് ബന്ധപ്പെട്ട ലൈസൻസുടമ വഹിക്കണം.

കെഎസ്ബിസിക്ക് 17 പുതിയ എഫ്എൽ-9 വെയർഹൗസുകൾ സർക്കാർ അനുവദിക്കുകയും[98] കെഎസ്ബിസിയുടെ അപേക്ഷ പ്രകാരം തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി മൂന്ന് ലൈസൻസുകൾ നൽകുകയും അതനുസരിച്ച് കെഎസ്ബിസി വെയർഹൗസുകൾ പ്രവർത്തനക്ഷമമാക്കുകയും ചെയ്തു. പുതുതായി സ്ഥാപിച്ച ഓരോ വെയർഹൗസുകളിലേക്കും വേണ്ടി എക്സൈസ് മേൽനോട്ട യൂണിറ്റുകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം എക്സൈസ് കമ്മീഷണർ സർക്കാരിന് സമർപ്പിച്ചു[99]. ഓരോ വെയർഹൗസിനും സർക്കിൾ ഇൻസ്പെക്ടർ (സിഐ), പ്രിവന്റീവ് ഓഫീസർ (പിഒ) എന്നിവരുടെ ഓരോ തസ്തികയും, സിവിൽ എക്സൈസ് ഓഫീസറുടെ (സിഇഒ) രണ്ട് തസ്തികകളും സൃഷ്ടിക്കുന്നതും നിർദ്ദേശത്തിൽ ഉൾപ്പെട്ടിരുന്നു. ഈ തസ്തികകൾ സൃഷ്ടിക്കുന്നത് സർക്കാരിന് അധിക സാമ്പത്തിക ബാധ്യത വരുത്തില്ലെന്ന് എക്സൈസ് കമ്മീഷണർ വ്യക്തമാക്കിയിരുന്നെങ്കിലും, ഈ നിർദ്ദേശം അംഗീകരിച്ചില്ല. വെയർഹൗസ് മേൽനോട്ടം നിർബന്ധമായതിനാൽ, എക്സൈസ് വകുപ്പ് മൂന്ന് വെയർഹൗസുകളുടെയും മേൽനോട്ട ചുമതല നിലവിലുള്ള ഉദ്യോഗസ്ഥർക്ക് നൽകി. ഓരോ വെയർഹൗസും പ്രദേശത്തെ എക്സൈസ് സർക്കിൾ ഓഫീസിലെ സിഐയുടെ ചുമതലയിലാക്കി. അദ്ദേഹത്തെ സഹായിക്കാനായി പ്രദേശത്തെ എക്സൈസ് റേഞ്ച് ഓഫീസിൽ നിന്നുള്ള ഒരു പ്രിവന്റീവ് ഓഫീസറെയും പ്രദേശത്തെ മറ്റൊരു കെഎസ്ബിസി വെയർഹൗസിൽ നിന്ന് സ്പെഷ്യൽ ഡ്യൂട്ടിയിൽ ഒരു സിഇഒയെയും നിയമിച്ചു.

ഒരു സിഇഒയുടെ ശമ്പളവും അലവൻസുകളും കെഎസ്ബിസി നൽകുന്നുണ്ടെങ്കിലും, സിഐ, പിഒ എന്നിവരുടെ ശമ്പളം സംസ്ഥാന ഖജനാവാണ് വഹിക്കുന്നത്. പുതിയ വെയർഹൗസുകളുടെ മേൽനോട്ടത്തിനായുള്ള തസ്തികകൾ സർക്കാർ അനുവദിച്ചിട്ടില്ലാത്തതിനാൽ, മൂന്ന് വെയർഹൗസുകളിലും നിയമിച്ച പ്രിവന്റീവ് ഓഫീസർമാരുടെ സംസ്ഥാപനച്ചെലവ് കെഎസ്ബിസിയിൽ നിന്ന് അവകാശപ്പെടാൻ എക്സൈസ് വകുപ്പിന് കഴിയില്ല. ഇത് **അനുബന്ധം XXXVII**-ൽ വിശദമാക്കിയിരിക്കുന്നതുപോലെ പ്രതിമാസം കുറഞ്ഞത് **2.35 ലക്ഷം** രൂപയുടെ (പ്രിവന്റീവ് ഓഫീസറുടെ ഏറ്റവും കുറഞ്ഞ ശമ്പള സ്കെയിലിൽ കണക്കാക്കിയത്) ഒഴിവാക്കാമായിരുന്ന ചെലവിനു കാരണമായി.

[98] 2022 ഫെബ്രുവരി 3-ലെ സ.ഉ. (കൈ.) നമ്പർ 11/2022/നികുതി.

[99] 2022 ഒക്ടോബർ 21-ലെ കത്ത്.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ, ഓഡിറ്റ് നിരീക്ഷണം സർക്കാർ അംഗീകരിക്കുകയും, പുതുതായി രൂപീകരിച്ച എല്ലാ എഫ്എൽ-9 വെയർഹൗസുകളിലും ഒരു സർക്കിൾ ഇൻസ്പെക്ടർ, ഒരു പ്രിവന്റീവ് ഓഫീസർ, രണ്ട് സിവിൽ എക്സൈസ് ഓഫീസർമാർ എന്നിവരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദേശം വകുപ്പ് സമർപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കുകയും ചെയ്തു (2025 ജൂലൈ). എന്നാൽ, ഇതുവരെ സർക്കാർ വഹിച്ചിട്ടുള്ള സംസ്ഥാപനച്ചെലവ് വീണ്ടെടുക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ മറുപടി മൗനം പാലിക്കുന്നു.

***ശുപാർശ 31***

*ഘടനാപരമായി ജീവനക്കാരെ ഉറപ്പാക്കുന്നതിനും ലൈസൻസ് ഉടമകളിൽ നിന്ന് മതിയായ ചെലവ് ഈടാക്കുന്നതിനും എഫ്എൽ-9 വെയർഹൗസുകളിലേക്ക് നിർദ്ദേശിച്ച സൂപ്പർവൈസറി തസ്തികകൾ സർക്കാർ പുനഃപരിശോധിക്കുകയും ഉടനടി അനുവദിക്കുകയും ചെയ്യാവുന്നതാണ്.*

## 3.4.8 വിദേശ മദ്യ വിൽപ്പന

വിദേശ മദ്യം കൈവശം വച്ചു വിൽക്കുന്നതിനും കൈവശം വച്ചു ഉപയോഗിക്കുന്നതിനുമുള്ള ലൈസൻസുകൾ 1953-ലെ വിദേശ മദ്യ ചട്ടങ്ങളുടെ ചട്ടം 13 പ്രകാരമാണ് നൽകുന്നത്. വിദേശ മദ്യ വിൽപ്പനശാലകൾ നടത്തുന്നതിനുള്ള ലൈസൻസ് അനുവദിക്കുന്നതിനും അനുബന്ധ ലൈസൻസ് ഫീസ് ഈടാക്കുന്നതിനുമുള്ള അധികാരം എക്സൈസ് വകുപ്പിനാണ്. അതേസമയം, വിദേശ മദ്യ വിൽപ്പനയിൽ നിന്നും ഈടാക്കേണ്ട വിൽപ്പന നികുതിയും വിറ്റുവരവ് നികുതിയും നിർണ്ണയിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമുള്ള ഉത്തരവാദിത്തം സംസ്ഥാന ജിഎസ്ടി വകുപ്പിനാണ്.

വിദേശ മദ്യം വിൽക്കുന്നതിനുള്ള ലൈസൻസുകൾ നൽകുന്നതും അതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ പാലിക്കുന്നതും ഉൾപ്പെടെയുള്ള എക്സൈസ് വകുപ്പിന്റെ നടപടിക്രമങ്ങൾ ഓഡിറ്റ് പരിശോധിച്ചു. ഡീലർമാരുടെ രജിസ്ട്രേഷൻ, റിട്ടേണുകളുടെ സൂക്ഷ്മപരിശോധന, സംസ്ഥാന ജിഎസ്ടി വകുപ്പ് 1963-ലെ കേരള പൊതു വിൽപ്പന നികുതി (കെജിഎസ്ടി) നിയമ പ്രകാരം നടത്തിയ വിൽപ്പന നികുതിയുടെയും വിറ്റുവരവ് നികുതിയുടെയും നികുതി നിർണ്ണയം, ചുമത്തൽ, ഈടാക്കൽ എന്നിവയും ഓഡിറ്റ് അവലോകനം ചെയ്തു. ഈ പരിശോധനയിൽ കണ്ടെത്തിയ നിരവധി പോരായ്മകൾ താഴെ കാണിച്ചിരിക്കുന്നു:

### 3.4.8.1 വിറ്റുവരവ് നികുതിയുടെ കുറഞ്ഞ ചുമത്തൽ

1963-ലെ കെജിഎസ്ടി നിയമത്തിലെ വകുപ്പ് 5(2) പ്രകാരം, വിദേശ മദ്യത്തിന്റെ ഓരോ ഡീലർമാരും സംസ്ഥാനത്തെ എല്ലാ വിൽപ്പനയിലും വിദേശ മദ്യത്തിന്റെ വിറ്റുവരവിന് വിറ്റുവരവ് നികുതി (ടിഒടി) അടയ്ക്കണം. ബാർ സൗകര്യമുള്ള ഹോട്ടലുകൾക്ക് പത്ത് ശതമാനവും മറ്റ് ഡീലർമാർക്ക് അഞ്ച് ശതമാനവും ടിഒടി ചുമത്തണം. വകുപ്പ് 2(xxvii) പ്രകാരം വിറ്റുവരവ് എന്നാൽ ഒരു വ്യാപാരി സാധനങ്ങൾ വാങ്ങുകയോ വിൽക്കുകയോ ശേഖരിക്കുകയോ വിതരണം ചെയ്യുകയോ ചെയ്യുന്ന മൊത്തം തുകയെയാണ് അർത്ഥമാക്കുന്നത്, അതായത് അതിൽ കുടിശ്ശികയുള്ള അല്ലെങ്കിൽ ഒടുക്കിയ വിൽപ്പന നികുതിയും ഉൾപ്പെടുന്നു.

സിആർപിഎഫ് പള്ളിപ്പുറത്തെ മാസ്റ്റർ കാന്റീനിലെ മദ്യ കാന്റീൻ, പള്ളിപ്പുറം ജിസിയിലെ മദ്യ കാന്റീൻ എന്നിവ കഴക്കൂട്ടം ടാക്സ്പെയർ സർവീസസ് (ടിപിഎസ്) ഡിവിഷനിലെ ഡെപ്യൂട്ടി കമ്മീഷണറുടെ കീഴിലുള്ള നികുതിദായകരാണ്.

താഴെയുള്ള **പട്ടിക 3.4**-ൽ വിശദമാക്കിയിരിക്കുന്നതുപോലെ നികുതി നിർണ്ണയം പൂർത്തിയാക്കിയ ശേഷം ഈ നികുതിദായകരുടെ നികുതിനിർണ്ണയ ഫയലുകൾ കഴക്കൂട്ടം ടിപിഎസ് ഡിവിഷനിലേക്ക് മാറ്റി.

**പട്ടിക 3.4: കെജിഎസ്ടി നികുതി നിർണ്ണയത്തിന്റെ വിശദാംശങ്ങൾ**

| നികുതിദായകന്റെ പേര് | മാസ്റ്റർ കാന്റീൻ, മദ്യ കാന്റീൻ, സിആർപിഎഫ്, പള്ളിപ്പുറം | മദ്യ കാന്റീൻ, ജിസി, സിആർപിഎഫ്, പള്ളിപ്പുറം |
|---|---|---|
| ടിഐഎൻ | 32010887979 | 32010674826 |
| നികുതിനിർണ്ണയ വർഷം | 2020-21 | 2019-20 |
| നികുതിനിർണ്ണയ ഉത്തരവ് തീയതി | 13/10/2022 | 28/07/2021 |
| നികുതിനിർണ്ണയ അധികാരി | അസിസ്റ്റന്റ് കമ്മീഷണർ, III സർക്കിൾ, തിരുവനന്തപുരം | അസിസ്റ്റന്റ് കമ്മീഷണർ, I സർക്കിൾ, തിരുവനന്തപുരം |
| വിൽപ്പന നികുതിക്കായി നിശ്ചയിച്ച വിറ്റുവരവ് (₹) (എ) | 7,67,13,081.75 | 7,52,41,431.00 |
| അനുവദിച്ച ഇളവ് (₹) | 0 | 3,34,36,907.00 |
| കണക്കാക്കിയ നികുതി നൽകേണ്ട വിറ്റുവരവ് (₹) | 7,67,13,081.75 | 4,18,04,524.00 |
| അടക്കേണ്ട വിൽപ്പന നികുതി (₹) (ബി) | 18,94,81,311.92 | 8,86,25,591.00 |
| ടിഒടിക്കായി കണക്കാക്കിയ വിറ്റുവരവ് (₹) | 7,67,13,082.00 | 7,34,55,649.00 |
| അടക്കേണ്ടതായി കണക്കാക്കിയ ടിഒടി (₹) (സി) | 38,35,654.08 | 57,82,119.00 |
| അടക്കേണ്ടതായി കണക്കാക്കിയ മൊത്തം നികുതി (₹) | 19,25,49,835.00 | 9,44,07,710.00 |

സ്രോതസ്സ്: വകുപ്പുതല രേഖകൾ.

കെജിഎസ്ടി നികുതിനിർണ്ണയം തീർപ്പാക്കുമ്പോൾ, ടിഒടി ബാധ്യത നിർണ്ണയിക്കുന്നതിനുള്ള വിറ്റുവരവ് കണക്കാക്കുന്നതിൽ വിൽപ്പന നികുതി കൂടി ഉൾപ്പെടുത്തുന്നതിൽ നികുതിനിർണ്ണയ അധികാരികൾ പരാജയപ്പെട്ടു. ഇത് ചുവടെയുള്ള **പട്ടിക 3.5**-ൽ കാണിച്ചിരിക്കുന്നതുപോലെ **1.65 കോടി** രൂപയുടെ ടിഒടി കുറവായി ചുമത്തുന്നതിന് കാരണമായി.

**പട്ടിക 3.5: വിറ്റുവരവ് നികുതിയും പലിശയും കുറവായി ചുമത്തിയത്**

| ടിഐഎൻ | ലേബലുകൾ | 32010887979 | 32010674826 |
|---|---|---|---|
| ടിഒടിയ്ക്കായി പരിഗണിക്കേണ്ട വിറ്റുവരവ് (₹)<br>പട്ടിക 3.4-ലെ (എ) + (ബി) | ഡി = (എ) + (ബി) | 26,61,94,394 | 16,38,67,022 |
| ടിഒടി അടക്കേണ്ടത് (₹) | ഇ = ഡിയുടെ 5% | 1,33,09,720 | 81,93,351 |
| ചുമത്തിയ ടിഒടി (₹) | എഫ് | 38,35,654 | 57,76,962 |
| ടിഒടി കുറവായി ചുമത്തിയത് (₹) | ജി = ഇ - എഫ് | 94,74,066 | 24,16,389 |

| ടിഐഎൻ | ലേബലുകൾ | 32010887979 | 32010674826 |
|---|---|---|---|
| പ്രതിവർഷം 12% നിരക്കിൽ പലിശ (₹) | | 34,10,664<br>(4/21 മുതൽ 3/24 വരെ) | 11,59,867<br>(4/20 മുതൽ 3/24 വരെ) |
| **ആകെ (₹)** | | **1,28,84,730** | **35,76,256** |

സ്രോതസ്സ്: വകുപ്പുതല രേഖകളെ അടിസ്ഥാനമാക്കി കണക്കുകൂട്ടിയത്.

കെജിഎസ്ടി നികുതിനിർണ്ണയം തീർപ്പാക്കുമ്പോൾ, ടിഒടി ബാധ്യത നിർണ്ണയിക്കുന്നതിനുള്ള വിറ്റുവരവിൽ വിൽപ്പന നികുതി കൂടി ഉൾപ്പെടുത്തുന്നതിൽ നികുതി നിർണ്ണയ അധികാരികൾ പരാജയപ്പെട്ടുവെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ടിഒടി കുറവായി ചുമത്തുന്നതിലേക്കു നയിച്ച ഈ നോട്ടക്കുറവ്, നികുതി നിർണ്ണയ നടപടിക്രമങ്ങൾ പാലിക്കുന്നതിലെ വീഴ്ചയെ സൂചിപ്പിക്കുന്നു. ഇത് സർക്കാരിന് വരുമാന നഷ്ടത്തിന് കാരണമായി.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2025 മെയ്), കേസ് വീണ്ടും പരിശോധിക്കുമെന്ന് എക്സിറ്റ് കോൺഫറൻസിൽ (2025 ജൂലൈ) സർക്കാർ ഉറപ്പ് നൽകി. കൂടാതെ, കെജിഎസ്ടി നിയമത്തിലെ വകുപ്പ് 35 പ്രകാരം മേൽ ചോദ്യം ചെയ്യപ്പെട്ട ഉത്തരവ് റദ്ദാക്കുന്നതിനുള്ള നടപടി ആരംഭിച്ചതായി (01/07/2025-ലെ നോട്ടീസ്) എസ്ജിഎസ്ടി വകുപ്പ് അറിയിച്ചു (2025 ആഗസ്റ്റ്).

### 3.4.8.2 പാലക്കാട്, കഞ്ചിക്കോടുള്ള ഒരു ബ്രൂവറി വിറ്റുവരവ് നികുതി അടയ്ക്കാത്തത്

1963-ലെ കെജിഎസ്ടി നിയമത്തിലെ വകുപ്പ് 17(3) അനുസരിച്ച്, ഒരു വ്യാപാരി റിട്ടേൺ സമർപ്പിക്കാതിരിക്കുകയോ തെറ്റായതോ അപൂർണ്ണമോ ആയ റിട്ടേൺ സമർപ്പിക്കുകയോ ചെയ്താൽ, നികുതി നിർണ്ണയ അധികാരിക്ക് പൂർണ്ണ ബോധ്യമായ വിലയിരുത്തലിലൂടെ ആ വ്യാപാരിയുടെ നികുതി നിർണയിക്കാവുന്നതാണ്. 1963-ലെ കെജിഎസ്ടി നിയമത്തിലെ വകുപ്പ് 5(2)(ബി) യിലെ വിശദീകരണം-1 പ്രകാരം, അബ്കാരി നിയമത്തിലെ വകുപ്പ് 14 പ്രകാരം സംസ്ഥാനത്ത് സ്ഥാപിച്ചിട്ടുള്ള ഏതൊരു ഡിസ്റ്റിലറി, ബ്രൂവറി, വൈനറി എന്നിവയും വിദേശ മദ്യത്തിന്റെ വിൽപ്പനയിലെ എക്സൈസ് തീരുവ ഉൾപ്പെടെയുള്ള വിറ്റുവരവിന് അഞ്ച് ശതമാനം നിരക്കിൽ വിറ്റുവരവ് നികുതി (ടിഒടി) അടയ്ക്കാൻ ബാധ്യസ്ഥരാണ്.

സംസ്ഥാനത്തെ ഏതെങ്കിലും ഡിസ്റ്റിലറികൾ അവർ സംസ്ഥാനത്തിനകത്ത് നിർമ്മിക്കുന്ന മദ്യം കെഎസ്ബിസിക്ക് വിൽക്കുകയാണെങ്കിൽ കെജിഎസ്ടി നിയമത്തിലെ വകുപ്പ് 5(2)(i)(ബി) പ്രകാരം നൽകേണ്ട വിറ്റുവരവ് നികുതി, 2022 ഡിസംബർ 1 മുതൽ പ്രാബല്യത്തിൽ വന്ന സർക്കാർ വിജ്ഞാപനത്തിലൂടെ ഒഴിവാക്കി[100].

പാലക്കാട് ടിപിഎസ് ഡിവിഷനിലെ ഡെപ്യൂട്ടി കമ്മീഷണറുടെ കീഴിൽ രജിസ്റ്റർ ചെയ്ത പാലക്കാട് കഞ്ചിക്കോടുള്ള ഒരു ബ്രൂവറി 2023-24 വർഷത്തേക്കുള്ള വാർഷിക റിട്ടേൺ സമർപ്പിച്ചു. ഫോം 50-ബിയിൽ നൽകിയിരിക്കുന്ന ഓഡിറ്റ് ചെയ്ത അക്കൗണ്ടുകൾ അനുസരിച്ച്, 2022 ഡിസംബറിൽ പുറത്തിറക്കിയ സർക്കാർ വിജ്ഞാപനം ഉദ്ധരിച്ച് ബിയർ വിൽപ്പനയുടെ ടിഒടി അടയ്ക്കുന്നതിൽ നിന്ന് നികുതിദായകൻ ഇളവ് അവകാശപ്പെട്ടു. എന്നാൽ, പ്രസ്തുത വിജ്ഞാപനം ഡിസ്റ്റിലറികൾ നിർമ്മിക്കുന്ന മദ്യത്തിന് മാത്രമേ ബാധകമാകൂ, ബ്രൂവറികൾ ഉത്പാദിപ്പിക്കുന്ന ബിയറിന് ബാധകമല്ല. അതിനാൽ, നികുതിദായകൻ

[100] 2022 ഡിസംബർ 1-ലെ എസ്.ആർ.ഒ. നമ്പർ 1155/2022 (സ.ഉ.(അച്ചടി) നമ്പർ 152/2022/നികുതി പ്രകാരം പുറപ്പെടുവിച്ചത്).

അവകാശപ്പെട്ട ഇളവ് ക്രമരഹിതമായിരുന്നു. കൂടാതെ, ടിഒടി പിരിച്ചെടുക്കുന്നതിനുള്ള നടപടി ആരംഭിക്കുന്നതിൽ നികുതി നിർണ്ണയ അധികാരി പരാജയപ്പെട്ടത് **അനുബന്ധം XXXVIII**-ൽ വിശദീകരിച്ചിരിക്കുന്നതുപോലെ **13.81 കോടി** രൂപയുടെ നികുതി ഈടാക്കാതിരിക്കാൻ കാരണമായി.

സർക്കാർ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ നികുതിദായകൻ ബിയർ വിൽപ്പനയുടെ ടിഒടിയ്ക്ക് അനധികൃതമായി ഇളവ് അവകാശപ്പെട്ടതായും ഇത് പരിശോധിക്കുന്നതിൽ നികുതി നിർണ്ണയ അധികാരി പരാജയപ്പെട്ടതായും അതിലൂടെ സർക്കാരിന് വരുമാന നഷ്ടമുണ്ടായതായും ഓഡിറ്റ് കണ്ടെത്തി.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2025 മെയ്), 16.50 കോടി രൂപ അധികം ആവശ്യപ്പെട്ടു കൊണ്ട് 2023-24 വർഷത്തേക്കുള്ള വ്യാപാരിയുടെ നികുതി നിർണ്ണയം പൂർത്തിയാക്കിയതായി സർക്കാർ എക്സിറ്റ് കോൺഫറൻസിൽ (2025 ജൂലൈ) അറിയിച്ചു.

### 3.4.8.3 തെറ്റായ നികുതി നിരക്ക് പ്രയോഗിച്ചതുമൂലം വിൽപ്പന നികുതിയുടെ കുറഞ്ഞ ചുമത്തൽ/ ഈടാക്കൽ

1963-ലെ കെജിഎസ്ടി നിയമത്തിലെ വകുപ്പ് 5(1) പ്രകാരം, ഒരു വർഷത്തെ മൊത്തം വിറ്റുവരവ് രണ്ട് ലക്ഷം രൂപയിൽ കുറയാത്ത ഓരോ വ്യാപാരിയും, ഷെഡ്യൂളിൽ അത്തരം സാധനങ്ങൾക്കു നേരെ സൂചിപ്പിച്ചിരിക്കുന്ന നിരക്കിൽ അവരുടെ വിറ്റുവരവിനു നികുതി അടയ്ക്കേണ്ടതാണ്. വിദേശ മദ്യത്തിന്റെ കാര്യത്തിൽ, കേരള സംസ്ഥാന ബിവറേജസ് (മാനുഫാക്ചറിംഗ് ആൻഡ് മാർക്കറ്റിംഗ്) കോർപ്പറേഷൻ ലിമിറ്റഡിനെ (കെഎസ്ബിസി) സംബന്ധിച്ച് ഇത് വിൽക്കുന്ന സമയത്തും, ഈ വകുപ്പ് പ്രകാരം നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മറ്റു വ്യാപാരികളെ സംബന്ധിച്ച്, കെഎസ്ബിസിക്ക് അല്ലാതെ, സംസ്ഥാനത്ത് അവർ ആദ്യ വിൽപ്പന നടത്തുമ്പോഴുമാണ് നികുതി അടയ്ക്കേണ്ടത്. 2018-ലെ ധനകാര്യ നിയമം പ്രകാരം 2018 ഏപ്രിൽ 1 മുതൽ വിദേശ മദ്യത്തിന്റെ വിൽപ്പന നികുതി നിരക്ക് 135 ശതമാനത്തിൽ നിന്ന് 210 ശതമാനമായി വർദ്ധിപ്പിച്ചു. 2022 ഡിസംബർ 16 മുതൽ, **അനുബന്ധം XXXIX**-ൽ കാണിച്ചിരിക്കുന്നതുപോലെ, 2022-ലെ കെജിഎസ്ടി (ഭേദഗതി) നിയമം വഴി സർക്കാർ നിരക്ക് വീണ്ടും പരിഷ്കരിച്ചു.

നികുതിനിർണ്ണയ രേഖകളുടെ സൂക്ഷ്മ പരിശോധനയിൽ, ഒരു കേസിൽ, സാമ്പത്തിക വർഷത്തേക്കു ബാധകമായ നികുതി നിരക്ക് പരിഷ്കരിക്കുന്നതിൽ നികുതിദായകൻ പരാജയപ്പെട്ടുവെന്നും, മറ്റൊരു കേസിൽ, പരിഷ്കരണം പ്രാബല്യത്തിൽ വന്ന തീയതി മുതൽ പുതുക്കിയ നിരക്ക് ബാധകമാക്കിയിട്ടില്ലെന്നും കണ്ടെത്തി. രണ്ട് സന്ദർഭങ്ങളിലും, ബാധകമായ നിരക്കുകളുടെ കൃത്യത പരിശോധിക്കാതെ നികുതിനിർണ്ണയ ഉദ്യോഗസ്ഥർ നികുതിദായകർ സമർപ്പിച്ച റിട്ടേണുകൾ സ്വീകരിച്ചു. ഇത് **3.73 കോടി** രൂപയുടെ നികുതി കുറവായി ചുമത്തുന്നതിന് കാരണമായത് താഴെ വിശദമാക്കിയിരിക്കുന്നു.

(എ) പള്ളിപ്പുറം സിആർപിഎഫിലെ ജിസി, മദ്യ കാന്റീനിലെ 2018-19 വർഷത്തെ നികുതിനിർണ്ണയ രേഖകളുടെ ഓഡിറ്റ് പരിശോധനയിൽ, നികുതി നൽകേണ്ട വിറ്റുവരവ് 3.09 കോടി രൂപയായി പ്രസ്താവിക്കുകയും അതിൻ പ്രകാരം അധിക വിൽപ്പന നികുതി (എഎസ്ടി) ഉൾപ്പെടെ 4.60 കോടി രൂപ നികുതിയും 0.46 കോടി രൂപ സർചാർജും അടക്കുകയും ചെയ്തു. എന്നാൽ, 210 ശതമാനത്തിന് പകരം 135 ശതമാനം എന്ന നിരക്ക് തെറ്റായി പ്രയോഗിച്ചു നികുതി കണക്കാക്കിയത് കുറഞ്ഞ നികുതി അടയ്ക്കുന്നതിന് കാരണമായി. 1963-ലെ കെജിഎസ്ടി നിയമത്തിലെ വകുപ്പ് 5ഡി പ്രകാരം വിദേശമദ്യ വിൽപ്പനയെ

എഎസ്ടിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. 2018-ലെ കേരള ധനകാര്യ നിയമം അനുസരിച്ചു 2018 ഏപ്രിൽ 1 മുതൽ വിൽപ്പന നികുതിയുടെ മേലുള്ള സർചാർജ് (10 ശതമാനം) പിൻവലിച്ചിട്ടുണ്ട്. നികുതി കുറവായി ചുമത്തിയത് 3.19 കോടി രൂപയായി കണക്കാക്കിയത് **അനുബന്ധം XL**-ൽ കാണിച്ചിരിക്കുന്നു.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2025 മെയ്), നികുതി നിർണ്ണയ സമയത്ത് ഈ വിഷയം വിശദമായി പരിശോധിക്കുമെന്ന് എക്സിറ്റ് കോൺഫറൻസിൽ (2025 ജൂലൈ) സർക്കാർ ഉറപ്പുനൽകി. പിഴവുണ്ടായ ഉത്തരവ് റദ്ദാക്കുന്നതിന് കെജിഎസ്ടി നിയമത്തിലെ വകുപ്പ് 35 പ്രകാരം നടപടി ആരംഭിച്ചതായി (01/07/2025-ലെ നോട്ടീസ്) സംസ്ഥാന ജിഎസ്ടി വകുപ്പ് അറിയിച്ചു (2025 ആഗസ്റ്റ്). കൂടുതൽ മറുപടിക്കായി കാത്തിരിക്കുന്നു.

(ബി) കെഎസ്ബിസിയുടെ മദ്യ വിതരണ ശൃംഖല മാനേജ്മെന്റ് ഡാറ്റാബേസിന്റെ ഓഡിറ്റ് വിശകലനത്തിൽ, **അനുബന്ധം XLI**-ൽ കാണിച്ചിരിക്കുന്നതുപോലെ, 2022 ഡിസംബർ 16 മുതൽ പ്രാബല്യത്തിൽ വന്ന പുതുക്കിയ നികുതി നിരക്കുകൾ സിസ്റ്റത്തിൽ സമയബന്ധിതമായി ഉൾപ്പെടുത്തിയിട്ടില്ലെന്ന് കണ്ടെത്തി. സിസ്റ്റംത്തിൽ കാണിക്കുന്ന കണക്കുകളുടെ അടിസ്ഥാനത്തിലാണ് നികുതിദായകൻ നികുതി അടയ്ക്കുന്നത്. ഇത് **അനുബന്ധം XLII**-ൽ വിശദമാക്കിയിരിക്കുന്നതു പോലെ നികുതി പിരിവിൽ, പലിശ ഉൾപ്പെടെ, **0.54 കോടി** രൂപയുടെ കുറവിന് കാരണമായി.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2025 മെയ്), നികുതി നിർണ്ണയ സമയത്ത് ഈ വിഷയം വിശദമായി പരിശോധിക്കുമെന്ന് സർക്കാർ എക്സിറ്റ് കോൺഫറൻസിൽ (2025 ജൂലൈ) ഉറപ്പുനൽകി. കൂടാതെ, കെഎസ്ബിസിയുടെ അക്കൗണ്ട് ബുക്കുകളുടെ പരിശോധന നടക്കുകയാണെന്ന് വകുപ്പ് അറിയിച്ചു (2025 ആഗസ്റ്റ്). രേഖകളുടെ ബൃഹത്തായ സ്വഭാവം കണക്കിലെടുത്ത്, വിശദമായ മറുപടി പിന്നീടുള്ള ഘട്ടത്തിൽ നൽകാമെന്നും അറിയിച്ചു.

നികുതി നിർണ്ണയ പ്രക്രിയയിലെ വീഴ്ചയും നിയമപാലനത്തിന്റെ പരിശോധനയുടെ അപര്യാപ്തതയും സർക്കാരിന് വരുമാന നഷ്ടമുണ്ടാക്കുന്നതിനു കാരണമാകുന്നുവെന്ന് ഇത് സൂചിപ്പിക്കുന്നു.

### 3.4.8.4 ക്രമരഹിതമായ നികുതി നിർണ്ണയം മൂലം കുറഞ്ഞ നികുതി ഈടാക്കൽ

നികുതിനിർണ്ണയ അധികാരികൾ നടത്തിയ ക്രമരഹിതമായ ഒരു നികുതി നിർണ്ണയം **0.02 കോടി** രൂപയുടെ കുറഞ്ഞ ടിഒടി ചുമത്തലിനു കാരണമായത് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടത് താഴെ വിശദമാക്കിയിരിക്കുന്നു.

ഇരിങ്ങാലക്കുട ടിപിഎസ് ഡിവിഷന്റെ കീഴിലുള്ള ഒരു നികുതിദായകന്റെ 2020-21 വർഷത്തെ നികുതിനിർണ്ണയം 2022 ജൂലൈ 20-ന് പൂർത്തിയായി. 2021 ജനുവരി മാസത്തേക്ക് നികുതിദായകൻ 2.40 ലക്ഷം രൂപ ടിഒടി അടച്ചതായി ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തി. എന്നാൽ, 2020-21 വർഷത്തേക്കുള്ള നികുതിനിർണ്ണയം തീർപ്പാക്കിയപ്പോൾ, നികുതി നിർണ്ണയ അധികാരി 4.47 ലക്ഷം രൂപയുടെ ക്രെഡിറ്റ് തെറ്റായി അനുവദിച്ചു, അതിന്റെ ഫലമായി നികുതിദായകന് 2.07 ലക്ഷം രൂപയുടെ അധിക ക്രെഡിറ്റ് ലഭിക്കുകയും അനുവദനീയമല്ലാത്ത ആനുകൂല്യം നൽകുകയും ചെയ്തു.

ഓഡിറ്റ് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, 2.07 ലക്ഷം രൂപ നികുതി ആവശ്യപ്പെട്ടുകൊണ്ട് 2025 ഏപ്രിൽ 30-ന് നികുതി നിർണ്ണയം പൂർത്തിയാക്കിയതായി സർക്കാർ അറിയിച്ചു (2025 സെപ്റ്റംബർ).

***ശുപാർശ 32***

*സർക്കാരിന്, നികുതി നിർണ്ണയങ്ങളിൽ ഏകീകൃത സ്വഭാവം ഉറപ്പാക്കുന്നതിനായി, ഇളവ് യോഗ്യത ഉൾപ്പെടെയുള്ള പൊതുവായ പിശകുകൾ സംബന്ധിച്ച് വിശദമായ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് നടപടിക്രമങ്ങൾ (എസ്ഒപി) തയ്യാറാക്കുകയും സംസ്ഥാന ജിഎസ്ടിയുടെ നികുതിനിർണ്ണയ അധികാരികൾക്ക് വിതരണം ചെയ്യുകയും ചെയ്യാം. കൂടാതെ, സർക്കാരിന്, നികുതി നിർണ്ണയ പിഴവുകൾക്ക് ഉത്തരവാദിത്ത സംവിധാനങ്ങൾ ഏർപ്പെടുത്തുകയും നികുതി നിർണ്ണയങ്ങളുടെ ഗുണനിലവാരം വിലയിരുത്തുന്നതിന് പതിവായി ആന്തരിക ഓഡിറ്റുകൾ നടത്തുകയും ചെയ്യാം.*

#### 3.4.8.5 ബിയറിന്മേലുള്ള എക്സൈസ് തീരുവയുടെ കുറഞ്ഞ ചുമത്തലും തൽഫലമായി വിൽപ്പന നികുതി കുറവായി ചുമത്തിയതും

1961-ലെ വിദേശ മദ്യം (സ്റ്റോറേജ് ഇൻ ബോണ്ട്) ചട്ടങ്ങളുടെ ചട്ടം 1 പ്രകാരം, ബോണ്ടഡ് വെയർഹൗസിൽ സൂക്ഷിച്ചിരിക്കുന്ന മദ്യം ബാധകമായ എക്സൈസ് തീരുവ അടച്ചതിനുശേഷം മാത്രമേ നീക്കം ചെയ്യാൻ പാടുള്ളൂ. എക്സൈസ് തീരുവയ്ക്ക് പുറമെ മദ്യം നീക്കം ചെയ്യുന്ന സമയത്ത് ഇറക്കുമതി ഫീസും[101] ഈടാക്കേണ്ടതാണ്. ബിയറിന് നിശ്ചയിച്ചിരിക്കുന്ന എക്സൈസ് തീരുവ ബൾക്ക് ലിറ്ററിന് (ബിഎൽ) അഞ്ച് രൂപയും ഇറക്കുമതി ഫീസ് ബിഎല്ലിന് രണ്ട് രൂപയുമാണ്. 1963-ലെ കെജിഎസ്ടി നിയമം അനുസരിച്ച്, എക്സൈസ് തീരുവ ഉൾപ്പെടെയുള്ള മൊത്തം വിറ്റുവരവിനാണ് വിൽപ്പന നികുതിയും ടിഒടിയും ഈടാക്കുന്നത്. സിഎസ്ഡി വിൽക്കുന്ന ബിയറിന് 2020 മെയ് 19 മുതൽ 82 ശതമാനം നിരക്കിൽ വിൽപ്പന നികുതിയും ഒരു ശതമാനം നിരക്കിൽ വിറ്റുവരവ് നികുതിയും ബാധകമാണ്.

ഒരു ബോണ്ടഡ് വെയർഹൗസ് ലൈസൻസുടമ എന്ന നിലയിൽ, വിൽപ്പനയ്ക്കുള്ള ബിയർ നീക്കം ചെയ്യുന്ന സമയത്ത് നിശ്ചിത നിരക്കിൽ എക്സൈസ് തീരുവയും ഇറക്കുമതി ഫീസും അടയ്ക്കാൻ സിഎസ്ഡി ബാധ്യസ്ഥനാണെന്ന് ഓഡിറ്റ് കണ്ടെത്തി. സിഎസ്ഡിയിൽ പ്രവർത്തിക്കുന്ന എക്സൈസ് യൂണിറ്റ് ഒരു ബിഎല്ലിന് അഞ്ച് രൂപയ്ക്ക് പകരം മൂന്ന് രൂപ എന്ന നിരക്കിൽ എക്സൈസ് തീരുവ ഈടാക്കി. 2021-22 മുതൽ 2023-24 വരെയുള്ള കാലയളവിലെ രേഖകളുടെ സൂക്ഷ്മപരിശോധനയിൽ തെറ്റായ നിരക്കിൽ ഈടാക്കിയ ആകെ എക്സൈസ് തീരുവ 20.28 ലക്ഷം രൂപയാണെന്ന് കണ്ടെത്തി, ഇത് 13.52[102] ലക്ഷം രൂപയുടെ കുറഞ്ഞ ചുമത്തലിനു കാരണമായി. എക്സൈസ് തീരുവയുടെ ഈ കുറഞ്ഞ ചുമത്തൽ വിൽപ്പന നികുതിയും ടിഒടിയുമായി യഥാക്രമം **11.09 ലക്ഷം** രൂപയുടെയും **0.25[103] ലക്ഷം** രൂപയുടെയും കുറഞ്ഞ ചുമത്തലിലേക്ക് നയിച്ചു. ആകെ കുറവായി ചുമത്തിയത് **0.25 കോടി** രൂപയാണ്.

തെറ്റായ നിരക്ക് പ്രയോഗിച്ചതിന്റെ ഫലമായി എക്സൈസ് തീരുവയിൽ കുറവുണ്ടായി. ഇത് എക്സൈസ് ഉദ്യോഗസ്ഥർ ബാധകമായ നികുതി ചട്ടങ്ങൾ

[101] എസ്.ആർ.ഒ. നമ്പർ 268/95 വിജ്ഞാപനം പ്രകാരം.

[102] ₹20,28,527x (5-3)/3.

[103] (13.52 ലക്ഷം + 11.09 ലക്ഷം)-ന്റെ ഒരു ശതമാനം.

പാലിക്കുന്നതിൽ വീഴ്ച വരുത്തിയതായും സർക്കാരിന് വരുമാന നഷ്ടമുണ്ടാക്കിയതായും സൂചിപ്പിക്കുന്നു.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2025 ജൂൺ), വിശദമായ റിപ്പോർട്ട് ഉടൻ സമർപ്പിക്കുമെന്ന് സർക്കാർ അറിയിച്ചു (2025 ജൂലൈ).

***ശുപാർശ 33***

*നികുതിയുടെ തെറ്റായ പ്രയോഗവും അപര്യാപ്തമായ പരിശോധനയും മൂലമുണ്ടാകുന്ന വരുമാന ചോർച്ച തടയുന്നതിന് നിയമപാലന, നിരീക്ഷണ സംവിധാനങ്ങൾ ശക്തിപ്പെടുത്താൻ സർക്കാരിന് എക്സൈസ് വകുപ്പിനോട് നിർദ്ദേശിക്കാം.*

## 3.4.9 മദ്യം കൊണ്ടുപോകുന്നതിന് അനുവദിച്ചിട്ടുള്ള ട്രാൻസിറ്റ് പെർമിറ്റുകൾ

1975-ലെ കേരള മദ്യ ട്രാൻസിറ്റ് ചട്ടങ്ങളുടെ ചട്ടം 3 പ്രകാരം, എക്സൈസ് വകുപ്പ് നൽകുന്ന പെർമിറ്റ് ഇല്ലാതെ ഒരു മദ്യവും ഒരു സംസ്ഥാനത്തെ ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്കോ കേരളത്തിന്റെ പ്രദേശത്തിലൂടെ മറ്റൊരു സംസ്ഥാനത്തേക്കോ കൊണ്ടുപോകാൻ പാടില്ല. സംസ്ഥാനത്തിലൂടെ മദ്യം കൊണ്ടുപോകണമെങ്കിൽ, സംസ്ഥാനത്തേക്ക് പ്രവേശിക്കുന്ന (എൻട്രി) ചെക്ക് പോസ്റ്റിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ പെർമിറ്റ് പരിശോധിച്ച ശേഷം ആ ചെക്ക് പോസ്റ്റിൽ നിന്ന് സംസ്ഥാനത്തു നിന്നും പുറത്തേക്കുള്ള (എക്സിറ്റ്) ചെക്ക് പോസ്റ്റ് വരെ കൊണ്ടുപോകുന്ന മദ്യത്തെ അനുഗമിക്കാൻ രണ്ട് എക്സൈസ് ഗാർഡുകളെ നിയോഗിക്കണമെന്ന് ചട്ടം 3ബി വ്യവസ്ഥ ചെയ്യുന്നു. എക്സിറ്റ് ചെക്ക് പോസ്റ്റിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ, ചരക്ക് പരിശോധിച്ചുറപ്പിക്കുകയും പെർമിറ്റ് നൽകുന്ന അധികാരിയെ അറിയിക്കുകയും ചെയ്ത ശേഷം ചരക്കിനെ സംസ്ഥാനത്തിന്റെ പ്രദേശത്തുനിന്നും പുറത്തേക്കു കൊണ്ടുപോകാൻ അനുവദിക്കുന്നു. ചട്ടം 8 പ്രകാരം, ഈ പെർമിറ്റിന് കീഴിൽ കൊണ്ടുപോകുന്ന മദ്യം കേരള സംസ്ഥാനത്തിനുള്ളിൽ വിൽക്കാൻ പാടില്ല.

പെർമിറ്റുപയോഗിച്ചുള്ള മദ്യത്തിന്റെ സുരക്ഷിതമായ ട്രാൻസിറ്റ് സാധ്യമാക്കുന്നതിനായി എക്സൈസ് കമ്മീഷണർ നിർദ്ദേശങ്ങൾ[104] പുറപ്പെടുവിച്ചു (2020 ഡിസംബർ). ട്രാൻസിറ്റ് പെർമിറ്റ് ഉപയോഗിച്ച് മദ്യം കൊണ്ടുപോകുന്നതിനെ അനുഗമിക്കാനും ആവശ്യത്തിന് എക്സൈസ് ഉദ്യോഗസ്ഥർ ചരക്കിനൊപ്പം ഉണ്ടെന്ന് എക്സിറ്റ് ചെക്ക് പോസ്റ്റിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ ഉറപ്പാക്കണമെന്നും സർക്കുലർ നിർദ്ദേശിച്ചിട്ടുണ്ട്. ജോയിന്റ് എക്സൈസ് കമ്മീഷണർമാർ (ജെഇസി) നൽകിയ ട്രാൻസിറ്റ് പെർമിറ്റ് ഉപയോഗിച്ച് മദ്യം കൊണ്ടുപോയത് ഓഡിറ്റ് പരിശോധിച്ചതിൽ നിന്നും ഇനിപ്പറയുന്നവ കണ്ടെത്തി:

### 3.4.9.1 മാഹിയിലേക്ക് അനുവദിച്ച ട്രാൻസിറ്റ് പെർമിറ്റുകൾ

കേരളത്തിലെ കണ്ണൂർ, കോഴിക്കോട് ജില്ലകൾക്കിടയിൽ സ്ഥിതി ചെയ്യുന്ന, കേന്ദ്രഭരണ പ്രദേശമായ പുതുച്ചേരിയുടെ ഭാഗമായ മാഹി, ഉത്തര മേഖലയിലെ ജെഇസി നൽകുന്ന ട്രാൻസിറ്റ് പെർമിറ്റുകൾ ഉപയോഗിച്ച് കേരളം വഴി ഐഎംഎഫ്എൽ ഇറക്കുമതി ചെയ്യുന്നതായി ഓഡിറ്റ് നിരീക്ഷിച്ചു. ഇത്തരം നീക്കങ്ങൾ നിരീക്ഷിക്കുന്നതിന്, മാഹിയിലൂടെ കടന്നുപോകുന്ന ദേശീയപാതയുടെ ഇരുവശത്തും രണ്ട് എക്സൈസ് ചെക്ക് പോസ്റ്റുകൾ (ന്യൂ മാഹി, അഴിയൂർ)

[104] 2020 ഡിസംബർ 22-ലെ സർക്കുലർ നമ്പർ. ഇഎക്സ്സി 44/2020 എക്സൈസ്.

പ്രവർത്തിക്കുന്നു. 2021-22 മുതൽ 2023-24 വരെയുള്ള കാലയളവിൽ മാഹിയിലേക്ക് മദ്യം ഇറക്കുമതി ചെയ്യുന്നതിനായി 4,470 ട്രാൻസിറ്റ് പെർമിറ്റുകൾ നൽകി. ഈ പെർമിറ്റുകളിൽ 359 എണ്ണം രണ്ട് എക്സൈസ് ചെക്ക് പോസ്റ്റുകളിലും സൂക്ഷിച്ചിരിക്കുന്ന രേഖകളുമായി ഓഡിറ്റ് താരതമ്യം[105] ചെയ്തപ്പോൾ 1,10,720 ബിഎൽ ഐഎംഎഫ്എൽ ഉൾപ്പെടുന്ന 22 പെർമിറ്റുകൾക്ക് **അനുബന്ധം XLIII**-ൽ വിശദമാക്കിയിരിക്കുന്നതുപോലെ എക്സിറ്റ് രേഖകളൊന്നും ഇല്ലെന്ന് കണ്ടെത്തി. ഇത് നിയമവിരുദ്ധ വിൽപ്പനയ്ക്കായി കേരള വിപണിയിലേക്ക് വഴിതിരിച്ചുവിടാനുള്ള സാധ്യതയെ സൂചിപ്പിക്കുന്നു. 12,302 കെയ്സ്[106] ഐഎംഎഫ്എൽ വഴിതിരിച്ചുവിടാനുള്ള സാധ്യത മൂലം 5.10 കോടി രൂപയുടെ[107] വരുമാന നഷ്ടം കണക്കാക്കുന്നു.

എക്സിറ്റ് ചെക്ക് പോസ്റ്റുകളുടെ ചുമതലയുള്ള ഉദ്യോഗസ്ഥർ പുറത്തേക്കുള്ള ചരക്കുകളുടെ വിശദാംശങ്ങൾ പെർമിറ്റ് നൽകുന്ന അതോറിറ്റിക്ക് റിപ്പോർട്ട് ചെയ്യുന്നില്ലെന്നും ഇത് നിയന്ത്രണ സംവിധാനത്തെ ദുർബലപ്പെടുത്തുകയും ട്രാൻസിറ്റ് പെർമിറ്റുകളുടെ ദുരുപയോഗം സാധ്യമാക്കുകയും ചെയ്യുമെന്നും നിരീക്ഷിച്ചു.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2024 ഒക്ടോബർ 24), ചെക്ക് പോസ്റ്റുകളിലെ ഉദ്യോഗസ്ഥർ 2024 ഒക്ടോബർ 26 മുതൽ ഇത് റിപ്പോർട്ട് ചെയ്യാൻ തുടങ്ങിയിട്ടുണ്ടെന്ന് കോഴിക്കോട് ജെഇസി മറുപടി നൽകി.

ട്രാൻസിറ്റ് പെർമിറ്റുകളോടെ സംസ്ഥാനത്തിലൂടെ കടന്നുപോകുന്ന ചരക്കുകൾക്ക് അകമ്പടി പോകുന്നതിനുള്ള സൗകര്യങ്ങൾ നൽകുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയതായി സർക്കാർ അറിയിച്ചു (2025 ജൂലൈ). അനധികൃത വില്പനയ്ക്കായി മദ്യം വഴിതിരിച്ചുവിട്ട സംഭവങ്ങളൊന്നും ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടില്ലെന്നും വ്യക്തമാക്കി.

അനധികൃത വിൽപ്പന കേസുകളൊന്നും ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിലും അനധികൃത വിൽപ്പനയ്ക്കുള്ള സാധ്യത തള്ളിക്കളയാനാവില്ലാത്തതിനാൽ സർക്കാർ മറുപടി സ്വീകാര്യമല്ല.

### 3.4.9.2 ജെഇസി, മധ്യമേഖല, കൊച്ചി നൽകിയ ട്രാൻസിറ്റ് പെർമിറ്റുകൾ

2021-22 മുതൽ 2023-24 വരെയുള്ള കാലയളവിൽ, വാളയാറിലെ എക്സൈസ് ചെക്ക് പോസ്റ്റ് വഴി കേരളത്തിൽ നിന്ന്/ കേരളത്തിലേക്ക് മദ്യം കൊണ്ടുപോകുന്നതിനായി ജെഇസി, കൊച്ചി ആകെ 324 ട്രാൻസിറ്റ് പെർമിറ്റുകൾ നൽകി. വാളയാർ ചെക്ക് പോസ്റ്റിൽ സൂക്ഷിച്ചിരിക്കുന്ന രേഖകളുടെ സൂക്ഷ്മപരിശോധനയിൽ 43,651 കെയ്സ് എഫ്എംഎഫ്എൽ നീക്കം ചെയ്യാനുള്ള 78 ട്രാൻസിറ്റ് പെർമിറ്റുകൾ (**അനുബന്ധം XLIV**) പ്രസ്തുത ചെക്ക് പോസ്റ്റ് വഴി പുറത്തുകൊണ്ടുപോയതായി രജിസ്റ്റർ ചെയ്തിട്ടില്ലെന്ന് കണ്ടെത്തി. എഫ്എംഎഫ്എല്ലിന്റെ അളവ് സംബന്ധിച്ച ഡാറ്റയുടെ അഭാവത്തിൽ, സാധ്യതയുള്ള വരുമാന നഷ്ടം കണക്കാക്കാൻ ഓഡിറ്റിന് കഴിഞ്ഞില്ല.

---

[105] ഓരോ വർഷവും ഒരു മാസത്തിൽ (ഡിസംബർ 2021, 2023, ജൂലൈ 2022) നൽകിയ പെർമിറ്റുകൾ തിരഞ്ഞെടുത്തു.

[106] ഒരു ലിറ്റർ കുപ്പിയുടെ കെയ്സുകളുടെ എണ്ണം: 1,10,720.4/9 = 12,302 കെയ്സുകൾ.

[107] എക്സൈസ് തീരുവ @ 729.67 x 12,302 കെയ്സുകൾ = 0.90 കോടി രൂപ, വിൽപ്പന നികുതി @ 3,416.71 x 12,302 കെയ്സുകൾ = 4.20 കോടി രൂപ.

വ്യക്തമായ നിർദ്ദേശങ്ങൾ ഉണ്ടായിരുന്നിട്ടും, ചരക്കുകൾക്ക് അകമ്പടി സേവിക്കാൻ ഉദ്യോഗസ്ഥരെ വിന്യസിച്ച് ചരക്കുകൾ ഉദ്ദേശിച്ച ലക്ഷ്യസ്ഥാനത്ത് എത്തുന്നുവെന്ന് ഉറപ്പാക്കുന്നതിൽ പെർമിറ്റ് നൽകുന്ന അധികാരി പരാജയപ്പെട്ടു. ഈ പെർമിറ്റുകളുടെ പരിധിയിൽ വരുന്ന ചരക്കുകളിൽ തീരുവ അടയ്ക്കാത്ത മദ്യം ഉൾപ്പെട്ടതിനാൽ, ട്രാൻസിറ്റിന്റെ മറവിൽ മദ്യം വഴിതിരിച്ചുവിടാനോ ദുരുപയോഗം ചെയ്യാനോ ഉള്ള സാധ്യത തള്ളിക്കളയാനാവില്ല.

ചെക്ക് പോസ്റ്റുകളിലൂടെ കടന്നുപോകുന്ന മദ്യത്തിന്റെ വിവരങ്ങൾ സൂക്ഷിക്കാനുള്ള കൺസൈൻമെൻറ് രജിസ്റ്ററുകൾ ശരിയായി പരിപാലിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്ന് സർക്കാർ അറിയിച്ചു (2025 ജൂലൈ). 2025 ഏപ്രിൽ 1 മുതൽ സംസ്ഥാനത്തിനകത്ത് കൊണ്ടുപോകുന്ന മദ്യത്തിന് ക്യുആർ കോഡ് പതിച്ച ലേബലുകൾ അവതരിപ്പിച്ചതായും അറിയിച്ചു.

> ***ശുപാർശ 34***
>
> *ചരക്കുകൾ ഉദ്ദേശിച്ച ലക്ഷ്യസ്ഥാനങ്ങളിൽ എത്തുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി, തത്സമയ ട്രാക്കിംഗും റൂട്ട് മാറ്റങ്ങളോ കാലതാമസമോ വരുമ്പോൾ സ്വയമേവ മുന്നറിയിപ്പ് എക്സൈസ് എൻഫോഴ്സ്മെന്റ് വിഭാഗത്തിന് തരുന്നതും ആയ ഒരു ജിപിഎസ് അധിഷ്ഠിത ട്രാൻസിറ്റ് പെർമിറ്റ് സംവിധാനം സർക്കാരിനു നടപ്പാക്കാവുന്നതാണ്.*

## 3.4.10 നിയമപരമായ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള നിയന്ത്രണ ചട്ടക്കൂടിന്റെ അപര്യാപ്തത

അബ്കാരി കുടിശ്ശിക വരുത്തുന്നവരും നിയമലംഘകരും ആയവർക്ക് ലൈസൻസ് നിഷേധിക്കാൻ വ്യവസ്ഥയുണ്ടെങ്കിലും, വ്യക്തമായ ചട്ടത്തിന്റെ അഭാവം ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിൽ നിന്നും എക്സൈസ് ഉദ്യോഗസ്ഥരെ തടയുന്നു. ശ്രദ്ധയിൽപ്പെട്ട സംഭവങ്ങൾ ചുവടെ വിശദീകരിക്കുന്നു:

### 3.4.10.1 നിയമപരമായ പിന്തുണയുടെ അഭാവം നികുതി കുടിശ്ശിക വരുത്തുന്നവരെ അബ്കാരി ലൈസൻസുകൾ നിലനിർത്താൻ അനുവദിക്കുന്നു

അബ്കാരി നിയമം അബ്കാരി വരുമാനത്തെ "ഈ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം അല്ലെങ്കിൽ മദ്യം, മറ്റു ലഹരിവസ്തുക്കൾ എന്നിവയുമായി ബന്ധപ്പെട്ട് നിലവിലുള്ള മറ്റേതെങ്കിലും നിയമ പ്രകാരം ചുമത്തിയതോ ഉത്തരവിട്ടതോ ആയ ഏതെങ്കിലും തീരുവ, ഫീസ്, നികുതി, പിഴ അല്ലെങ്കിൽ കണ്ടുകെട്ടൽ എന്നിവയിൽ നിന്ന് ലഭിച്ചതോ ലഭിക്കാവുന്നതോ ആയ വരുമാനം" എന്ന് നിർവചിക്കുന്നു. നിയമത്തിലെ വകുപ്പ് 26 പ്രകാരം, ലൈസൻസ് അല്ലെങ്കിൽ പെർമിറ്റ് കൈവശമുള്ളയാൾ അടയ്ക്കേണ്ട ഏതെങ്കിലും ഫീസ്, തീരുവ, നികുതി അല്ലെങ്കിൽ വാടക സമയബന്ധിതമായി അടച്ചില്ലെങ്കിൽ, കമ്മീഷണർക്ക് ആ ലൈസൻസ് അല്ലെങ്കിൽ പെർമിറ്റ് റദ്ദാക്കാനോ സസ്പെൻഡ് ചെയ്യാനോ അധികാരമുണ്ട്. 1953-ലെ വിദേശ മദ്യ ചട്ടങ്ങളുടെ ചട്ടം 13 പ്രകാരമാണ് ഐഎംഎഫ്എൽ, ബിയറുകൾ എന്നിവ വിതരണം ചെയ്യുന്നതിനുള്ള ലൈസൻസുകൾ അനുവദിക്കുന്നത്.

അബ്കാരി വരുമാനത്തിൽ മദ്യത്തിന്റെ വിൽപ്പനയുമായി ബന്ധപ്പെട്ട നികുതി ഉൾപ്പെടുന്നതിനാൽ, 1963-ലെ കെജിഎസ്ടി നിയമ പ്രകാരം അത്തരം വിൽപ്പനകളിൽ ഈടാക്കുന്ന നികുതിയും അബ്കാരി വരുമാനത്തിൽ ഉൾപ്പെടുന്നു. അതിനാൽ, വിൽപ്പന നികുതി കുടിശ്ശികയുള്ള എഫ്എൽ ലൈസൻസുടമകളെ

അബ്കാരി കുടിശ്ശികക്കാരായി കണക്കാക്കുകയും അവരുടെ ലൈസൻസുകൾ റദ്ദാക്കുകയോ സസ്പെൻഡ് ചെയ്യുകയോ ചെയ്യേണ്ടതാണ്.

സംസ്ഥാന ജിഎസ്ടി വകുപ്പ് സംസ്ഥാനത്തിനുള്ളിൽ പ്രവർത്തിക്കുന്ന മദ്യ വ്യാപാരികളിൽ നിന്ന് വിൽപ്പന നികുതിയും ടിഒടിയും ഈടാക്കുന്നു. തിരഞ്ഞെടുത്ത ജില്ലകളിലെ ജിഎസ്ടി ഓഫീസുകളിൽ സൂക്ഷിച്ചിരിക്കുന്ന ഡിമാൻഡ് കളക്ഷൻ ബാലൻസ് (ഡിസിബി) സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചപ്പോൾ, താഴെയുള്ള **പട്ടിക 3.6**-ൽ കാണിച്ചിരിക്കുന്നതുപോലെ, ഈ വ്യാപാരികളിൽ നിന്ന് വരുമാന കുടിശ്ശിക പിരിച്ചെടുക്കാൻ ബാക്കിയുണ്ടെന്ന് കണ്ടെത്തി:

**പട്ടിക 3.6: ഡിസിബി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ജിഎസ്ടി കുടിശ്ശിക**

| ക്രമ നമ്പർ | ജില്ല | ജിഎസ്ടി കുടിശ്ശിക (കോടി രൂപയിൽ) |
|---|---|---|
| 1 | പാലക്കാട് | 299.81 |
| 2 | തൃശ്ശൂർ | 40.35 |
| 3 | പത്തനംതിട്ട | 28.95 |
| 4 | കാസർഗോഡ് | 5.80 |

നാല് ജില്ലകളിലായി 15 വ്യാപാരികൾ, **അനുബന്ധം XLV**-ൽ വിശദീകരിച്ചിരിക്കുന്നതുപോലെ, നികുതി റിട്ടേണുകൾ സമർപ്പിക്കുന്നതിലും നികുതി അടയ്ക്കുന്നതിലും തുടർച്ചയായി വീഴ്ച വരുത്തിയതായി നികുതി നിർണ്ണയ രേഖകളുടെ പരിശോധനയിൽ കണ്ടെത്തി. 1963-ലെ കെജിഎസ്ടി നിയമത്തിലെ വകുപ്പ് 13 പ്രകാരം, ഒരു ലക്ഷം രൂപയിൽ കുറയാത്ത വാർഷിക വിറ്റുവരവുള്ള എല്ലാ വ്യാപാരികളും രജിസ്ട്രേഷൻ എടുക്കണമെന്നത് നിർബന്ധമാണെങ്കിലും, **അനുബന്ധം XLVI**-ൽ വിശദീകരിച്ചിരിക്കുന്നതുപോലെ, കെജിഎസ്ടി രജിസ്ട്രേഷൻ എടുക്കാതെയും രജിസ്ട്രേഷൻ റദ്ദാക്കിയതിനു ശേഷവും അബ്കാരി നിയമപ്രകാരമുള്ള ലൈസൻസുടമകൾ പ്രവർത്തിക്കുന്നതായി ഓഡിറ്റ് കണ്ടെത്തി.

വാർഷിക ലൈസൻസ് പുതുക്കലിനായി, അപേക്ഷകൻ അബ്കാരി തൊഴിലാളി ക്ഷേമനിധി ഇൻസ്പെക്ടറിൽ നിന്ന് നിധിവിഹിത കുടിശ്ശിക അടച്ചതായി സ്ഥിരീകരിക്കുന്ന ഒരു സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് എഫ്എൽ ചട്ടങ്ങൾ വ്യവസ്ഥ ചെയ്യുന്നു. എന്നാൽ, അബ്കാരി നിയമം മദ്യ വിൽപ്പനയിൽ നിന്ന് ഈടാക്കുന്ന നികുതിയെ അബ്കാരി വരുമാനത്തിന്റെ ഭാഗമായി നിർവചിക്കുന്നുണ്ടെങ്കിലും, സംസ്ഥാന ജിഎസ്ടി വകുപ്പിൽ നിന്ന് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് എഫ്എൽ ചട്ടങ്ങളിൽ അനുബന്ധ നിബന്ധനകളൊന്നുമില്ല.

അത്തരമൊരു ചട്ടത്തിന്റെ അഭാവത്തിൽ, കെജിഎസ്ടി നിയമപ്രകാരം നികുതി അടയ്ക്കുന്നത് ഉറപ്പാക്കാതെ എക്സൈസ് വകുപ്പ് വർഷം തോറും എഫ്എൽ ലൈസൻസുകൾ പുതുക്കി നൽകുന്നു.

ഡബ്ല്യുഎ നമ്പർ 2467/2015-ലെ കോടതി വിധി പ്രകാരം വിൽപ്പന നികുതിയെ അബ്കാരി വരുമാനമായി കണക്കാക്കാൻ കഴിയില്ലെന്നും അതിനാൽ വിൽപ്പന നികുതി കുടിശ്ശിക വരുത്തിയവർ അബ്കാരി കുടിശ്ശികക്കാരല്ലെന്നും സർക്കാർ അറിയിച്ചു (2025 ജൂലൈ). ലൈസൻസുടമകളിൽ നിന്ന് വിൽപ്പന നികുതി കുടിശ്ശിക ആവശ്യപ്പെടാൻ വിദേശ മദ്യ ചട്ടങ്ങളിൽ വ്യവസ്ഥയില്ലാത്തതിനാൽ

ലൈസൻസുടമകൾ വിൽപ്പന നികുതി കുടിശ്ശിക വരുത്തിയിട്ടുണ്ടെങ്കിലും എഫ്എൽ ലൈസൻസ് വർഷം തോറും പുതുക്കി നൽകിയെന്നും അറിയിച്ചു.

മറുപടി സ്വീകാര്യമല്ല. 1077-ലെ അബ്കാരി നിയമം 1-ലെ വകുപ്പ് 3(1) അനുസരിച്ച്, നിലവിലുള്ള ഏതെങ്കിലും നിയമത്തിന്റെ വ്യവസ്ഥകൾ പ്രകാരം മദ്യവുമായി ബന്ധപ്പെട്ട നികുതിയിൽ നിന്ന് ലഭിക്കുന്ന വരുമാനം അബ്കാരി വരുമാനമാണ്. അതിനാൽ, മദ്യവിൽപ്പനയിൽ ഈടാക്കുന്ന നികുതി അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നത് അബ്കാരി കുടിശ്ശികയാണ്. മാത്രമല്ല, സർക്കാർ മറുപടിയിൽ പരാമർശിച്ച വിധി പകർപ്പ് ഓഡിറ്റിന് നൽകിയിട്ടുമില്ല.

### 3.4.10.2 വിദേശ മദ്യം നിർമ്മിക്കുന്ന കമ്പനികളുടെ ഡയറക്ടർ ബോർഡ് പുനഃസംഘടിപ്പിക്കുന്നതിനുള്ള ചട്ട വ്യവസ്ഥകളുടെ അഭാവം

അബ്കാരി നിയമത്തിലെ വകുപ്പ് 67(2) പ്രകാരം, എക്സൈസ് കമ്മീഷണർക്ക്, ഈ നിയമത്തിനു കീഴിലുള്ള ലൈസൻസോ പെർമിറ്റോ കൈവശമുള്ള ഏതൊരു വ്യക്തിയോ വ്യക്തികളോ കമ്മീഷണറുടെ അനുമതിയില്ലാതെ, ലൈസൻസ് ലഭിക്കാൻ ഉപോൽബലകമായ ഉടമ്പടിയിൽ എന്തെങ്കിലും പുനഃസംഘടനയോ മാറ്റം വരുത്തലോ പുതുക്കലോ വരുത്തിയാൽ അവരുടെ മേൽ മൂന്ന് ലക്ഷം രൂപ വീതം പിഴ ചുമത്താം. ഇപ്രകാരമുള്ള പിഴ അടച്ച് ചട്ടങ്ങൾ നിർദ്ദേശിക്കുന്ന ഫീസ് സ്വീകരിച്ച ശേഷം, കമ്മീഷണർക്ക് അത്തരം അനധികൃത പുനഃസംഘടന ക്രമപ്പെടുത്താമെന്ന് വകുപ്പ് 67(3) വ്യവസ്ഥ ചെയ്യുന്നു.

1953-ലെ വിദേശ മദ്യ ചട്ടങ്ങളുടെ ചട്ടം 19(iii) പ്രകാരം പുനഃസംഘടനയ്ക്കുള്ള ഫീസ് ഒരു ലക്ഷം രൂപയായി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ, 1968-ലെ കേരള ഡിസ്റ്റിലറി ആൻഡ് വെയർഹൗസ് ചട്ടങ്ങൾ, 1975-ലെ കേരള വിദേശ മദ്യം (സിബി&ബി) ചട്ടങ്ങൾ, 1967-ലെ ബ്രൂവറി ചട്ടങ്ങൾ എന്നിവയിൽ അത്തരമൊരു വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ല.

കേരളത്തിൽ 1968-ലെ കേരള ഡിസ്റ്റിലറി ആൻഡ് വെയർഹൗസ് ചട്ടങ്ങൾ പ്രകാരം 10 ലൈസൻസുകളും, 1975-ലെ കേരള വിദേശ മദ്യം (സിബി&ബി) ചട്ടങ്ങൾ പ്രകാരം ഏഴ് ലൈസൻസുകളും, 1967-ലെ ബ്രൂവറി ചട്ടങ്ങൾ പ്രകാരം രണ്ട് ലൈസൻസുകളും അനുവദിച്ചിട്ടുണ്ട്.

എക്സൈസ് കമ്മീഷണറുടെ മുൻകൂർ അനുമതിയില്ലാതെ ഡയറക്ടർ ബോർഡ്/ പങ്കാളിത്തം പുനഃസംഘടിപ്പിച്ചതിന് തിരഞ്ഞെടുത്ത ജില്ലകളിൽ പ്രവർത്തിക്കുന്ന നാല് ഡിസ്റ്റിലറി/ ബ്രൂവറികൾക്ക്[108] എക്സൈസ് വകുപ്പ് പിഴയും ഫീസും ചുമത്തിയതായി ഓഡിറ്റിൽ കണ്ടെത്തി.

ഈ ഉത്തരവിനെതിരെ, ലൈസൻസുടമകൾ റിട്ട് ഹർജി ഫയൽ ചെയ്യുകയും, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 2024 ഡിസംബർ 7-ലെ വിധിയിലൂടെ കമ്മീഷണറുടെ ഉത്തരവ് റദ്ദാക്കുകയും ചെയ്തു. 1968-ലെ കേരള ഡിസ്റ്റിലറി ആൻഡ് വെയർഹൗസ് ചട്ടങ്ങൾ, 1975-ലെ കേരള വിദേശ മദ്യം (സിബി&ബി) ചട്ടങ്ങൾ, 1967-ലെ ബ്രൂവറി ചട്ടങ്ങൾ എന്നിവയിൽ ഒരു ചട്ട വ്യവസ്ഥയും ഇല്ലാതെയാണ് മദ്യം നിർമ്മിക്കുന്ന കമ്പനികളുടെ/ പങ്കാളിത്ത സ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡ്/ പങ്കാളിത്തം പുനഃസംഘടിപ്പിച്ചതിന് എക്സൈസ് വകുപ്പ് പിഴ ചുമത്തിയതെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി നിരീക്ഷിച്ചു.

[108] പാമ്പാടിയിലെ ഒരു ഡിസ്റ്റിലറി (48 ലക്ഷം രൂപ), മീനാക്ഷിപുരത്തെ ഒരു ഡിസ്റ്റിലറി (12 ലക്ഷം രൂപ), ഗോവിന്ദപുരത്തെ ഒരു ഡിസ്റ്റിലറി (6 ലക്ഷം രൂപ, 3 ലക്ഷം രൂപ), കഞ്ചിക്കോട്ടെ ഒരു ബ്രൂവറി (36 ലക്ഷം രൂപ).

അങ്ങനെ, ഒരു നിയമ വ്യവസ്ഥയുടെ അഭാവം മുൻകൂർ അനുമതിയില്ലാതെ പുനഃസംഘടന നടത്തിയതിന് നാല് ജില്ലകളിൽ നൽകിയ **1.05 കോടി** രൂപയുടെ ഡിമാൻഡ് നോട്ടീസ് റദ്ദാക്കാൻ കാരണമായി.

2025-26 വർഷത്തെ അബ്കാരി നയത്തിൽ, 1968-ലെ കേരള ഡിസ്റ്റിലറി ആൻഡ് വെയർഹൗസ് ചട്ടങ്ങൾ, 1975-ലെ കേരള വിദേശ മദ്യം (സിബി&ബി) ചട്ടങ്ങൾ, 1967-ലെ ബ്രൂവറി ചട്ടങ്ങൾ എന്നിവ പ്രകാരം നൽകിയിട്ടുള്ള ലൈസൻസുകളുടെ ഡയറക്ടർ ബോർഡ്/ പങ്കാളിത്തത്തിൽ വരുത്തിയ പുനഃസംഘടനയ്ക്ക് ഫീസ് ഏർപ്പെടുത്താൻ തീരുമാനിച്ചതായി സർക്കാർ അറിയിച്ചു (2025 ജൂലൈ).

***ശുപാർശ 35***

*ലൈസൻസ് പുതുക്കുന്നതിന് മുമ്പ് കെജിഎസ്ടി നിയമത്തിന് കീഴിലുള്ള എല്ലാ നികുതി ബാധ്യതകളും തീർപ്പാക്കുന്നുവെന്ന് ഉറപ്പാക്കുവാൻ വാർഷിക ലൈസൻസ് പുതുക്കുന്നതിനുള്ള വ്യവസ്ഥയായി സംസ്ഥാന ജിഎസ്ടി വകുപ്പിൽ നിന്ന് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്നത് നിർബന്ധമാക്കുന്നതിന് സർക്കാരിന് വിദേശ മദ്യ ചട്ടങ്ങൾ ഭേദഗതി ചെയ്യാം. ഇത് കൂടാതെ, ലൈസൻസുള്ള സ്ഥാപനങ്ങളിൽ ഡയറക്ടർ ബോർഡോ പങ്കാളിത്തമോ പുനഃസംഘടിപ്പിക്കുന്നതിന് എക്സൈസ് കമ്മീഷണറുടെ മുൻകൂർ അനുമതി ആവശ്യമാണെന്നുള്ള വ്യക്തമായ നിയമ വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനുള്ള നടപടിയും സർക്കാരിന് സ്വീകരിക്കാവുന്നതാണ്.*

### 3.4.11 ആന്തരിക നിയന്ത്രണത്തിന്റെ ഫലപ്രാപ്തി

നിയമങ്ങൾ, ചട്ടങ്ങൾ, വകുപ്പുതല നിർദ്ദേശങ്ങൾ എന്നിവ കൃത്യമായി നടപ്പിലാക്കുന്നുവെന്നതിന് ന്യായമായ ഉറപ്പ് നൽകുക എന്നതാണ് ആന്തരിക നിയന്ത്രണ സംവിധാനം ലക്ഷ്യമിടുന്നത്. എക്സൈസ് തീരുവ, ഫീസ്, പിഴ എന്നിവ ഈടാക്കുന്നത് നിരീക്ഷിക്കുന്നതിനും തട്ടിപ്പും, തീരുവ, ഫീസ് മുതലായവയുടെ വെട്ടിപ്പും തടയുന്നതിനും കണ്ടെത്തുന്നതിനും വകുപ്പിൽ ഒരു ശരിയായ ആന്തരിക നിയന്ത്രണ സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കേണ്ടത് വകുപ്പിന്റെ ഉത്തരവാദിത്തമാണ്. ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട നിരവധി പോരായ്മകൾ, പ്രധാനപ്പെട്ട നിയമ വ്യവസ്ഥകൾ പാലിക്കാത്തത് തുടങ്ങിയവ ആന്തരിക നിയന്ത്രണ സംവിധാനത്തിലെ ബലഹീനതകൾ കാണിക്കുന്നു.

#### 3.4.11.1 അനധികൃത പുനഃസംഘടനയ്ക്ക് പിഴ ചുമത്താതിരുന്നതും ക്രമപ്പെടുത്തലിനുള്ള ഫീസ് പിരിക്കാത്തതും 16.00 ലക്ഷം രൂപ ഈടാക്കാതിരിക്കാൻ കാരണമായി

1953-ലെ വിദേശ മദ്യ ചട്ടങ്ങളുടെ ചട്ടം 13(സി), പങ്കാളികളിൽ ആരെങ്കിലും അബ്കാരി നിയമലംഘകരോ 1902-ലെ അബ്കാരി നിയമമോ 1985-ലെ നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപിക് സബ്സ്റ്റൻസസ് നിയമമോ പ്രകാരം കുറ്റവാളികളോ ആണെങ്കിൽ, അത്തരം പങ്കാളിത്ത സ്ഥാപനത്തിന് ലൈസൻസ് അനുവദിക്കില്ല എന്ന് വ്യവസ്ഥ ചെയ്യുന്നു. മേൽപറഞ്ഞ ചട്ടങ്ങളുടെ ചട്ടം 19(i), 19(ii) എന്നിവ, അംഗങ്ങളെ കൂട്ടിച്ചേർക്കുകയോ നീക്കം ചെയ്യുകയോ ചെയ്തുകൊണ്ട് പങ്കാളിത്തം പുനഃസംഘടിപ്പിക്കുകയോ കമ്പനിയിലെ ഡയറക്ടർമാരുടെ പുനഃസംഘടനയോ നടത്തുന്നത് ഉടമസ്ഥാവകാശം മാറുന്നതിന് കാരണമാകുന്നുവെന്നതു കൊണ്ട് അത് ലൈസൻസിന്റെ കൈമാറ്റമായി കണക്കാക്കപ്പെടുമെന്നും അതിനാൽ എക്സൈസ് കമ്മീഷണറുടെ മുൻകൂർ അനുമതി ആവശ്യമാണെന്നും വ്യക്തമാക്കുന്നു. 1902-ലെ അബ്കാരി നിയമത്തിലെ വകുപ്പ് 67(2) പ്രകാരം,

എക്സൈസ് കമ്മീഷണറുടെ അനുമതിയില്ലാതെ പുനഃസംഘടന നടത്തിയ ലൈസൻസ് കൈവശം വച്ചിരിക്കുന്ന വ്യക്തിക്കോ വ്യക്തികൾക്കോ മൂന്ന് ലക്ഷം രൂപ വീതം പിഴ ചുമത്താൻ എക്സൈസ് കമ്മീഷണർക്ക് അധികാരമുണ്ട്. വകുപ്പ് 67(3) പ്രകാരം ലൈസൻസുടമയിൽ നിന്ന് പിഴയും ആവശ്യമായ ഫീസും ഈടാക്കിക്കൊണ്ട് എക്സൈസ് കമ്മീഷണർക്ക് അത്തരമൊരു പുനഃഘടന ക്രമപ്പെടുത്താവുന്നതാണ്. 1953-ലെ വിദേശ മദ്യ ചട്ടങ്ങളുടെ ചട്ടം 19(iii) പ്രകാരം ആവശ്യമായ ഫീസ് ഒരു ലക്ഷം രൂപയായി നിശ്ചയിച്ചിട്ടുണ്ട്. ചട്ടം 13-ൽ പരാമർശിച്ചിരിക്കുന്ന ലൈസൻസുകളുടെ കാലാവധി സാമ്പത്തിക വർഷാവസാനം തീരുമെന്ന് ചട്ടം 14 വ്യവസ്ഥ ചെയ്യുന്നു.

ഒരു കമ്പനിയുടെ പങ്കാളിത്തമോ ഡയറക്ടർ ബോർഡോ പുനഃസംഘടിപ്പിക്കുന്ന സാഹചര്യത്തിൽ, മുൻകൂർ അനുമതിക്കും പുനഃസംഘടനയുടെ ക്രമപ്പെടുത്തലിനുമായി എക്സൈസ് വകുപ്പിന്റെ 'സർവീസ് പ്ലസ്' പോർട്ടൽ വഴി ലൈസൻസുടമ അപേക്ഷ സമർപ്പിക്കണം. മുൻകൂർ അനുമതി നേടാത്ത സന്ദർഭങ്ങളിൽ, ലൈസൻസുടമ അതേ പോർട്ടൽ വഴി പുനഃസംഘടന ക്രമപ്പെടുത്തുന്നതിന് അപേക്ഷിക്കണം. ഓരോ സാമ്പത്തിക വർഷവും ആരംഭിക്കുന്നതിന് മുമ്പ് പോർട്ടൽ വഴി ഓൺലൈൻ അപേക്ഷ സമർപ്പിച്ച് ഓരോ എഫ്എൽ ലൈസൻസും വർഷം തോറും പുതുക്കണം. കമ്പനിയുടെയോ സ്ഥാപനത്തിന്റെയോ നിലവിലെ ഡയറക്ടർമാരുടെയോ പങ്കാളികളുടെയോ വിശദാംശങ്ങൾ നൽകുന്നതിന് ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷാ ഫോമിൽ നിർബന്ധിത ഫീൽഡ് ഉൾപ്പെടുത്തിയിരിക്കുന്നു.

എക്സൈസ് കമ്മീഷണറുടെ ഓഫീസിൽ സൂക്ഷിച്ചിരുന്ന എഫ്എൽ-3 (ബാർ)/ എഫ്എൽ-11 (ബിയർ പാർലർ) ലൈസൻസുകളുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റ് പരിശോധിച്ചപ്പോൾ (2024 ജനുവരി) 2022-23 ഓഡിറ്റ് കാലയളവിൽ 60 എഫ്എൽ ലൈസൻസുകളുടെ ഡയറക്ടർമാരുടെ/ പങ്കാളിത്തത്തിന്റെ പുനഃസംഘടന എക്സൈസ് കമ്മീഷണർ ക്രമപ്പെടുത്തിയതായി കണ്ടെത്തി. കോർപ്പറേറ്റ് കാര്യ മന്ത്രാലയം (എംസിഎ), രജിസ്ട്രാർ ഓഫ് ഫേംസ് എന്നിവയിൽ നിന്നുള്ള വിവരങ്ങളുമായി കമ്പനി ഡയറക്ടർ ബോർഡുകളുടെയും പങ്കാളിത്ത സ്ഥാപനങ്ങളുടെയും പുനഃസംഘടനാ വിശദാംശങ്ങൾ ഓഡിറ്റ് താരതമ്യം ചെയ്തു പരിശോധിച്ചു. കമ്മീഷണർ അംഗീകരിച്ച 60 പുനഃസംഘടനകൾക്ക് പുറമേ, എഫ്എൽ-3/ എഫ്എൽ-11 ലൈസൻസുകളുള്ള ഹോട്ടലുകൾ നടത്തുന്ന മൂന്ന് കമ്പനികളും ഒരു പങ്കാളിത്ത സ്ഥാപനവും അവരുടെ ഡയറക്ടർ ബോർഡുകളോ പങ്കാളിത്തങ്ങളോ പുനഃസംഘടിപ്പിച്ചതായി കണ്ടെത്തി. ഈ മാറ്റങ്ങൾ, 1953-ലെ എഫ്എൽ ചട്ടങ്ങളുടെ ചട്ടം 19(i)-ൽ നിർവചിച്ചിരിക്കുന്നതു പ്രകാരമുള്ള ഉടമസ്ഥാവകാശ കൈമാറ്റമാണ്.

'സർവീസ് പ്ലസ്' പോർട്ടലിൽ ലഭ്യമായ അപേക്ഷയുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റ് വിശകലനം ചെയ്തപ്പോൾ, ഈ നാല് ലൈസൻസുടമകളിൽ ആരും മുൻകൂർ അനുമതിക്കോ പുനഃസംഘടന ക്രമപ്പെടുത്തലിനോ അപേക്ഷകൾ സമർപ്പിച്ചിട്ടില്ലെന്ന് കണ്ടെത്തി. 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിലെ ലൈസൻസ് പുതുക്കലിനുള്ള അപേക്ഷകളുടെ സൂക്ഷ്മപരിശോധനയിൽ മൂന്ന് ലൈസൻസുടമകൾ അവരുടെ ഡയറക്ടർ ബോർഡിലെ പേരുകളിലെ മാറ്റങ്ങൾ വെളിപ്പെടുത്തിയിട്ടില്ലെന്ന് കണ്ടെത്തി. നാലാമത്തെ ലൈസൻസുടമയുടെ കാര്യത്തിൽ, 2022–23 കാലയളവിൽ ലൈസൻസ് നൽകുകയും തുടർന്ന് റദ്ദാക്കുകയും ചെയ്തു.

വകുപ്പിന് സമർപ്പിച്ച രേഖകളിൽ പുനഃസംഘടനയുടെ വിശദാംശങ്ങൾ മനഃപൂർവ്വം മറച്ചുവെച്ചതിലൂടെ നാല് ലൈസൻസുടമകളും കൃത്യമായ വിവരങ്ങൾ വെളിപ്പെടുത്തുന്നതിൽ പരാജയപ്പെട്ടുവെന്ന് ഓഡിറ്റ് കണ്ടെത്തി. കോർപ്പറേറ്റ് കാര്യ മന്ത്രാലയത്തിൽ നിന്നും കേരള സർക്കാരിന് കീഴിലുള്ള വകുപ്പായ രജിസ്ട്രാർ ഓഫ് ഫേംസിൽ നിന്നും പൊതുജനങ്ങൾക്ക് ലഭ്യമായ വിവരങ്ങൾ താരതമ്യം ചെയ്താണ് ഓഡിറ്റ് ഈ പുനഃസംഘടനകൾ തിരിച്ചറിഞ്ഞത്.

എക്സൈസ് കമ്മീഷണറുടെ അനുമതിയില്ലാതെ നാല് പുനഃസംഘടനകൾ നടത്തുകയും അവ ക്രമീകരിക്കപ്പെടാതിരിക്കുകയും (2025 മാർച്ച്) ചെയ്തത്, **അനുബന്ധം XLVII**-ൽ കാണിച്ചിരിക്കുന്നതുപോലെ, പുനഃസംഘടന ക്രമപ്പെടുത്തുന്നതിന് ഈടാക്കേണ്ട **4.00 ലക്ഷം** രൂപ ഫീസും അനധികൃത പുനഃസംഘടനയ്ക്ക് ചുമത്തേണ്ട **12.00 ലക്ഷം** രൂപ പിഴയും ഈടാക്കാതിരുന്നത് വരുമാനത്തെ ബാധിച്ചു. ബാഹ്യ സ്രോതസ്സുകളിൽ നിന്ന് ഇത്തരം വിവരങ്ങൾ ശേഖരിക്കുന്നതിനും താരതമ്യം ചെയ്യുന്നതിനും എക്സൈസ് വകുപ്പിന് നിലവിൽ ഒരു ആന്തരിക സംവിധാനം ഇല്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ലൈസൻസികൾ സമർപ്പിച്ച വിവരങ്ങളുടെ ഇത്തരം താരതമ്യ സംവിധാനം ഇല്ലാത്തത് വരുമാന ചോർച്ചയ്ക്ക് കാരണമാകുന്നതിനൊപ്പം, അബ്കാരി കുടിശ്ശിക വരുത്തുന്നവരും കുറ്റവാളികളും എഫ്എൽ ലൈസൻസുകളുള്ള കമ്പനികളിൽ ഡയറക്ടർമാരാകുന്നത് തടയുന്ന 1953-ലെ വിദേശമദ്യ ചട്ടങ്ങളുടെ ചട്ടം 13(സി)യുടെ ഫലപ്രദമായ നിർവ്വഹണത്തെ ദുർബലപ്പെടുത്തുകയും ചെയ്യുന്നു.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2024 മെയ്), മൂന്ന് കേസുകളിൽ ഓഡിറ്റ് നിരീക്ഷണം വകുപ്പ് അംഗീകരിച്ചുവെന്നും അതിൽ രണ്ട് കേസുകളിൽ അനധികൃത പുനഃസംഘടന ക്രമപ്പെടുത്തുന്നതിന് ഇതിനകം നോട്ടീസ് നൽകിയിട്ടുണ്ടെന്നും മൂന്നാമത്തെ കേസിൽ നോട്ടീസ് നൽകാൻ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും സർക്കാർ അറിയിച്ചു (2024 ജൂലൈ, 2025 ജൂലൈ). ബാക്കിയുള്ള കേസിൽ, ലൈസൻസുടമ ക്രമപ്പെടുത്തലിനായി അപേക്ഷ സമർപ്പിച്ചെങ്കിലും ലൈസൻസുടമയെ സിബിഐ കോടതി ശിക്ഷിച്ചതിനാൽ അപേക്ഷയിൽ തീരുമാനമെടുത്തിട്ടില്ല.

### 3.4.11.2 വെസ്സലുകൾ കാലിബ്രേറ്റ് ചെയ്യുന്നതിലെ കാലതാമസം

1968-ലെ കേരള ഡിസ്റ്റിലറി ആൻഡ് വെയർഹൗസ് ചട്ടങ്ങളുടെ ചട്ടം 9 പ്രകാരം ഡിസ്റ്റിലറിയിലെ എല്ലാ വെസ്സലുകളും എക്സൈസ് കമ്മീഷണർക്ക് തൃപ്തികരമായ തരത്തിൽ അളവ് നിജപ്പെടുത്തുകയോ ക്രമീകരിക്കുകയോ ചെയ്യണം. പ്രസ്തുത ചട്ടങ്ങളുടെ ചട്ടം 34 അനുസരിച്ച്, മൂന്ന് മാസത്തിൽ കൂടാത്ത ഇടവേളകളിൽ സ്പിരിറ്റ് സ്റ്റോക്കിന്റെ കണക്ക് എടുക്കണം. കൂടാതെ, കണക്കിലെടുക്കാൻ കഴിയാത്ത അര ശതമാനത്തിൽ കൂടുതൽ വരുന്ന പാഴായിപ്പോയ സ്പിരിറ്റിന് ഒരു പിഎല്ലിന് ഇരുപത് രൂപ വച്ച് ഡിസ്റ്റിലർമാർ സർക്കാരിന് പിഴ നൽകണം. 1975-ലെ കേരള വിദേശ മദ്യം (സിബി&ബി) ചട്ടങ്ങളിലും സമാനമായ നിയമ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

സ്പിരിറ്റ് സ്വീകരിക്കുന്നതും സംഭരിക്കുന്നതും വിതരണം ചെയ്യുന്നതും എക്സൈസ് വകുപ്പിന്റെ കർശന മേൽനോട്ടത്തിലാണ് നടത്തേണ്ടത്. സ്പിരിറ്റ് സ്റ്റോക്കിന്റെ ത്രൈമാസ പരിശോധന നടത്തുകയും അധികമായുള്ള നഷ്ടത്തിന് പിഴ ചുമത്തുകയും വേണം. സ്പിരിറ്റ് സ്റ്റോക്കിന്റെ കൃത്യതയും അതിൽ മിശ്രണം നടത്തിയ മദ്യത്തിന്റെ അളവും ഉറപ്പാക്കാൻ സംഭരണ ടാങ്കുകളുടെ സമയബന്ധിതമായ കാലിബ്രേഷൻ അത്യാവശ്യമാണ്.

നാല് ജില്ലകളിൽ പ്രവർത്തിക്കുന്ന 11 ഡിസ്റ്റിലറി/ സിബി&ബി യൂണിറ്റുകളുടെ രേഖകൾ പരിശോധിച്ചപ്പോൾ ഇതിൽ ആറ് യൂണിറ്റുകളിൽ, സ്പിരിറ്റ് സംഭരണത്തിനും മിശ്രണ പ്രവർത്തനത്തിനുമായി ഉപയോഗിക്കുന്ന വെസ്സലുകളുടെ കാലിബ്രേഷൻ 2018-നു ശേഷം നടത്തിയിട്ടില്ലെന്ന് കണ്ടെത്തി. വിശദാംശങ്ങൾ **അനുബന്ധം XLVIII**-ൽ നൽകിയിരിക്കുന്നു.

കാലിബ്രേഷൻ നടത്താത്തതിന്റെ ഫലമായുണ്ടാവുന്ന അധിക സംഭരണ നഷ്ടത്തിന് പിഴ ചുമത്താൻ വകുപ്പിന് അധികാരമുണ്ടെങ്കിലും, സ്പിരിറ്റിന്റെ അളവിലുള്ള അത്തരം കുറവ് ഐഎംഎഫ്എൽ ഉൽപ്പാദനത്തെ പ്രതികൂലമായി ബാധിക്കുകയും അതുവഴി എക്സൈസ് തീരുവ, വിൽപ്പന നികുതി എന്നിവയുടെ രൂപത്തിൽ വരുമാന നഷ്ടത്തിന് കാരണമാവുകയും ചെയ്യുന്നതായി ഓഡിറ്റ് നിരീക്ഷിച്ചു.

സ്പിരിറ്റ് ടാങ്കുകൾ കാലിബ്രേറ്റ് ചെയ്യുന്നതിനും കാലിബ്രേഷൻ ചെയ്യാത്തതിന്റെ ഫലമായി ഉണ്ടാകുന്ന അധിക നഷ്ടത്തിനോ സ്പിരിറ്റിന്റെ കുറവിനോ പിഴ ഈടാക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്ന് സർക്കാർ അറിയിച്ചു (2025 ജൂലൈ).

### 3.4.11.3 എക്സൈസ് പരിശോധനാ സർട്ടിഫിക്കറ്റുകൾ ലഭിക്കാത്തത്

1953-ലെ വിദേശ മദ്യ ചട്ടങ്ങളുടെ ചട്ടം 11 പ്രകാരം, വിജ്ഞാപനം ചെയ്ത അനുവദനീയമായ അളവിനേക്കാൾ കൂടുതൽ മദ്യം കൊണ്ടുപോകണമെങ്കിൽ ഉറവിടത്തിലെ റേഞ്ചിന്റെ ചുമതലയുള്ള എക്സൈസ് ഇൻസ്പെക്ടർ നൽകുന്ന ട്രാൻസ്പോർട്ട് പെർമിറ്റ് നിർബന്ധമാണ്. ഇതിന്റെ ഒരു പകർപ്പ് ചരക്ക് ഏത് റേഞ്ചിലേക്കാണോ കൊണ്ട് പോകുന്നത് ആ റേഞ്ചിന്റെ ചുമതലയുള്ള എക്സൈസ് ഇൻസ്പെക്ടർക്ക് കൈമാറേണ്ടതാണ്. ലക്ഷ്യസ്ഥാനത്തുള്ള എക്സൈസ് ഇൻസ്പെക്ടർ ഐഎംഎഫ്എല്ലിന്റെ ചരക്കുകൾ എത്തിയാൽ അവ പരിശോധിക്കുകയും ചരക്ക് കൊണ്ടുവന്ന ലൈസൻസുടമകളുടെ അക്കൗണ്ടുകളിൽ യഥാവിധി വരവ് വച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുകയും വേണം.

അനുവദിച്ച ട്രാൻസ്പോർട്ട് പെർമിറ്റുകൾ എക്സൈസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് (ഇവിസി) എന്നറിയപ്പെടുന്നു. നിർമാണ യൂണിറ്റുകളിൽ നിന്ന് കെഎസ്ബിസിയുടെ വെയർഹൗസുകളിലേക്കും അവിടെ നിന്ന് എഫ്എൽ-1/ എഫ്എൽ-3 ലൈസൻസികൾക്കും അയയ്ക്കുന്ന ഐഎംഎഫ്എൽ/ ബിയർ ദുരുപയോഗം ചെയ്യുന്നത് തടയുന്നതിനുള്ള സംവിധാനമാണ് ഇവിസി.

നാല് ജില്ലകളിലെ വിവിധ ഡിസ്റ്റിലറികൾ/ സിബി&ബി യൂണിറ്റുകൾ/ എഫ്എൽ-9 വെയർഹൗസുകൾ എന്നിവയിൽ സൂക്ഷിച്ചിരിക്കുന്ന ഐഎംഎഫ്എല്ലിന്റെ ഡിസ്പാച്ച്/ ഇഷ്യു രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 2021-22 മുതൽ 2023-24 വരെയുള്ള കാലയളവിൽ, **അനുബന്ധം XLIX**-ൽ വിശദമാക്കിയിരിക്കുന്നതുപോലെ, എഫ്എൽ-9 വെയർഹൗസുകളിൽ നിന്നും/ എഫ്എൽ-3 ലൈസൻസികളിൽ നിന്നും ആകെ 10,139 ഇവിസികൾ ലഭിച്ചിട്ടില്ലെന്ന് കണ്ടെത്തി. ഇവിസികൾ ലഭിച്ചിട്ടില്ലാത്തത് കൃത്യമായ ലക്ഷ്യസ്ഥാനത്ത് ചരക്ക് ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിൽ വീഴ്ച വരുത്തുന്നതായി കാണിക്കുന്നു.

ഇവിസികൾ കണ്ടെത്താനും കൃത്യസമയത്ത് തിരിച്ചയയ്ക്കാനും എക്സൈസ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയതായി സർക്കാർ വ്യക്തമാക്കി (2025 ജൂലൈ).

***ശുപാർശ 36***

*എല്ലാ വെയർഹൗസുകളിലെയും സ്പിരിറ്റ് സംഭരണ ടാങ്കുകളുടെയും ബ്ലെൻഡിംഗ് പാത്രങ്ങളുടെയും സമയബന്ധിതമായ കാലിബ്രേഷൻ ഉറപ്പാക്കാൻ എക്സൈസ് വകുപ്പിന് സർക്കാരിന് നിർദ്ദേശം നൽകാവുന്നതാണ്. കൂടാതെ, മേൽനോട്ടം മെച്ചപ്പെടുത്തുന്നതിനും മാനുഷികമായ പിഴവുകൾ കുറയ്ക്കുന്നതിനും സ്പിരിറ്റ് കൊണ്ടുപോകൽ, സംഭരണ അളവ്, കാലിബ്രേഷൻ രേഖകൾ, ഇവിസി നില എന്നിവ തത്സമയം അറിയാൻ കഴിയുന്ന ഡിജിറ്റൽ ഇൻവെന്ററി, ട്രാൻസിറ്റ് മാനേജ്മെന്റ് സംവിധാനങ്ങൾ നടപ്പിലാക്കുന്നതിനുള്ള സാധ്യതയും സർക്കാരിനു പരിശോധിക്കാവുന്നതാണ്. കൂടാതെ, വകുപ്പിന്, അനധികൃത പുനഃസംഘടനകൾ തിരിച്ചറിയാൻ വേണ്ടി സർവീസ് പ്ലസ് പോർട്ടലിൽ ലഭ്യമായ വിവരങ്ങൾ ഇടയ്ക്കിടെ കോർപ്പറേറ്റ് കാര്യ മന്ത്രാലയത്തിന്റെയോ മറ്റ് സ്ഥാപനങ്ങളുടെയോ വെബ്സൈറ്റിൽ ലഭ്യമായ വിവരങ്ങളുമായി താരതമ്യം ചെയ്യുകയും ലൈസൻസുടമകൾക്ക് അർഹതയില്ലാത്ത ആനുകൂല്യങ്ങൾ നൽകുന്ന കേസുകളിൽ ഉത്തരവാദിത്തം നിർണ്ണയിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്യാവുന്നതാണ്.*

### 3.4.11.4 ആന്തരിക നിയന്ത്രണ സംവിധാനത്തിലെ മറ്റ് വീഴ്ചകൾ

ആന്തരിക നിയന്ത്രണവുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട മറ്റ് വീഴ്ചകൾ ചുവടെ വിശദീകരിച്ചിരിക്കുന്നു:

(i) 2016-ലെ പ്ലാസ്റ്റിക് മാലിന്യ സംസ്കരണ ചട്ടങ്ങൾ അനുസരിച്ച്, ഉപയോഗിച്ച പല അടുക്കുകളുള്ള പ്ലാസ്റ്റിക് കവർ, സഞ്ചികൾ, പൊതിയാനുള്ള സാമഗ്രികൾ എന്നിവ ശേഖരിക്കുന്നതിനുള്ള പ്രാഥമിക ഉത്തരവാദിത്തം അത്തരം ഉൽപ്പന്നങ്ങൾ വിപണിയിൽ അവതരിപ്പിക്കുന്ന നിർമ്മാതാക്കൾ, ഇറക്കുമതിക്കാർ, ബ്രാൻഡ് ഉടമകൾ എന്നിവർക്കാണ്. അവരുടെ ഉൽപ്പന്നങ്ങൾ മൂലം ഉത്പാദിപ്പിക്കപ്പെടുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ തിരികെ ശേഖരിക്കുന്നതിനുള്ള ഒരു സംവിധാനം അവർ സ്ഥാപിക്കേണ്ടതുണ്ട്. 2023-24 സാമ്പത്തിക വർഷം മുതൽ പാക്കേജിംഗിനായി പ്ലാസ്റ്റിക് കുപ്പികൾ ഉപയോഗിക്കുന്നത് നിർത്താൻ 2022-23-ലെ അബ്കാരി നയത്തിൽ സർക്കാർ തീരുമാനിച്ചു.

ഐഎംഎഫ്എല്ലിന്റെ നിർമ്മാതാക്കൾ പാക്കേജിംഗിനായി പ്ലാസ്റ്റിക് (പെറ്റ്) ബോട്ടിലുകൾ ഉപയോഗിക്കുന്നത് തുടർന്നതായി (2025 ജനുവരി) ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടു. ഓഡിറ്റ് കാലയളവിൽ തിരഞ്ഞെടുത്ത നാല് ജില്ലകളിലായി കെഎസ്ബിസിക്ക് മദ്യം വിതരണം ചെയ്യുന്നതിനായി വിവിധ ഡിസ്റ്റിലറികൾ **അനുബന്ധം L**-ൽ വിശദീകരിച്ചിരിക്കുന്ന പോലെ, ആകെ 654.89 ദശലക്ഷം പെറ്റ് ബോട്ടിലുകൾ ഉപയോഗിച്ചു.

സംസ്ഥാനത്തെ മദ്യ നിർമ്മാതാക്കൾ ഇപിആർ (എക്സറ്റൻഡഡ് പ്രൊഡ്യൂസർ റെസ്പോൺസിബിലിറ്റി) രജിസ്ട്രേഷൻ ഉള്ള പ്ലാസ്റ്റിക് ഉൽപന്നങ്ങളുടെ നിർമ്മാതാക്കളിൽ നിന്നാണ് പ്ലാസ്റ്റിക് കുപ്പികൾ വാങ്ങിയതെന്ന് സർക്കാർ വ്യക്തമാക്കി (2025 ജൂലൈ). മദ്യ വ്യവസായത്തിൽ പ്ലാസ്റ്റിക് കുപ്പികളുടെ ഉപയോഗം കുറയ്ക്കാനും ചില്ലു കുപ്പികൾ പ്രോത്സാഹിപ്പിക്കാനും എക്സൈസ് വകുപ്പ് സാധ്യമായ ശ്രമങ്ങൾ നടത്തിയിട്ടുണ്ട്.

(ii) ഡിസ്റ്റിലറി ആൻഡ് വെയർഹൗസ് ചട്ടങ്ങൾ ഭാഗം II-ന്റെ ചട്ടം 3 പ്രകാരം ഡിസ്റ്റിലറികളുടെയും വെയർഹൗസുകളുടെയും ശരിയായ പ്രവർത്തനത്തിന്റെ ഉത്തരവാദിത്തം എക്സൈസ് ഡപ്യൂട്ടി കമ്മീഷണർക്കാണ്. അദ്ദേഹം ഓരോ

അർദ്ധവർഷത്തിലും ഒരു പ്രാവശ്യത്തിൽ കുറയാതെ അവ പരിശോധിക്കുകയും പരിശോധനയുടെ കുറിപ്പുകൾ കമ്മീഷണർക്ക് സമർപ്പിക്കുകയും വേണം. 2021-22 മുതൽ 2023-24 വരെയുള്ള കാലയളവിൽ ഡെപ്യൂട്ടി കമ്മീഷണർമാർ നാല് ജില്ലകളിലെ ഡിസ്റ്റിലറികൾ, വെയർഹൗസുകൾ എന്നിവിടങ്ങളിൽ നടത്തിയ പരിശോധനകളുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റ് പരിശോധിച്ചപ്പോൾ **അനുബന്ധം LI**-ൽ കാണിച്ചിരിക്കുന്നതു പോലെ പരിശോധന നടത്തുന്നതിൽ കുറവ് ഉണ്ടായതായി കണ്ടെത്തി. 2021-24-ൽ 72 പരിശോധനകൾ നടത്തേണ്ടിയിരുന്ന സ്ഥാനത്ത് 24 പരിശോധനകൾ മാത്രമേ നടത്തിയിട്ടുള്ളൂ.

ഡിസ്റ്റിലറികളിലും വെയർഹൗസുകളിലും കോമ്പൗണ്ടിംഗ്, ബ്ലെൻഡിംഗ്, ബോട്ടിലിംഗ് യൂണിറ്റുകളിലും ബ്രൂവറികളിലും പതിവായി പരിശോധന നടത്താൻ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയതായി സർക്കാർ വ്യക്തമാക്കി (2025 ജൂലൈ).

(iii) വിവിധ കോടതി കേസുകൾ നിരീക്ഷിക്കുന്നതിനും അഡ്വക്കേറ്റ് ജനറലുമായി ആശയവിനിമയം നടത്തുന്നതിനുമായി എറണാകുളത്ത് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ (നിയമം) ഒരു തസ്തികയും എക്സൈസ് ഇൻസ്പെക്ടർ, പ്രിവന്റീവ് ഓഫീസർ, സിവിൽ എക്സൈസ് ഓഫീസർ എന്നിവരുടെ ഓരോ തസ്തിക വീതവുമുള്ള ഒരു ഓഫീസും സർക്കാർ സൃഷ്ടിച്ചു (1998 ഒക്ടോബർ 21). കോടതി കേസുകൾ നിരീക്ഷിക്കുന്നതിനായി ഒരു ഓഫീസ് പ്രവർത്തിക്കുന്നുണ്ടെങ്കിലും കോടതി കേസുകളുടെ രജിസ്റ്റർ, സ്റ്റേ ചെയ്തിരിക്കുന്ന കേസുകളുടെ രജിസ്റ്റർ തുടങ്ങിയ അടിസ്ഥാന രേഖകൾ സൂക്ഷിക്കുന്നില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. രേഖകളും രജിസ്റ്ററുകളും പരിപാലിക്കാത്തത് കേസുകൾ ശരിയായി നിരീക്ഷിക്കുന്നതിലെ വ്യവസ്ഥാപരമായ കാര്യക്ഷമതയില്ലായ്മയിലേക്കും സ്റ്റേ ഉത്തരവുകൾ ഒഴിവാക്കിക്കിട്ടുന്നതിന്റെയും തത്ഫലമായി വരുമാനം നേടിയെടുക്കുന്ന തിന്റെയും കാലതാമസത്തിനു കാരണമാകുന്നു.

കോടതി കേസുകൾ നിരീക്ഷിക്കാനും, കോടതി കേസുകൾ, സ്റ്റേ ചെയ്ത കേസുകൾ, തീർപ്പാക്കിയ കേസുകൾ എന്നിവയുടെ രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിനും, സ്റ്റേ ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും എറണാകുളം ഡെപ്യൂട്ടി കമ്മീഷണർക്ക് (നിയമം) ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയതായി സർക്കാർ അറിയിച്ചു (2025 ജൂലൈ).

(iv) കെഎസ്ബിസിയുടെ വെയർഹൗസുകളിലും ചില്ലറവില്പന ശാലകളിലും കെട്ടിക്കിടക്കുന്ന കാലാവധി കഴിഞ്ഞ മദ്യത്തിന്റെ ശേഖരം നശിപ്പിക്കാൻ ടിഎസ്സിഎൽ, തിരുവല്ല, പാലക്കാട്ടെ മേനോൻപാറ എന്നീ സ്ഥലങ്ങൾ എക്സൈസ് കമ്മീഷണർ കണ്ടെത്തി. 2021-22, 2022-23, 2023-24 വർഷങ്ങളിൽ തിരുവല്ലയിൽ 3.63 ലക്ഷം കെയ്സുകളും 6.19 ലക്ഷം കുപ്പി വിദേശ മദ്യവും പാലക്കാട് 2.28 ലക്ഷം കെയ്സുകളും 10.04 ലക്ഷം കുപ്പി വിദേശ മദ്യവും തുറസ്സായ സ്ഥലങ്ങളിൽ ഒഴുക്കിക്കളഞ്ഞു. വ്യവസായ മാലിന്യ ശുദ്ധീകരണ സംവിധാനം ഉപയോഗിക്കാതെ കാലാവധി കഴിഞ്ഞ മദ്യം സംസ്കരിക്കുന്നത് പരിസ്ഥിതിക്ക് ഹാനികരവും ശരിയായ രീതിയുമല്ല. കൂടാതെ, എക്സൈസ് കമ്മീഷണറുടെ അനുമതി ഉത്തരവിന് വിരുദ്ധമായി മദ്യം നശിപ്പിക്കുന്നതിന്

മഹസർ[109] തയ്യാറാക്കി എക്സൈസ് ഉദ്യോഗസ്ഥർ മേൽനോട്ടം വഹിക്കുന്നുമില്ല.

ബന്ധപ്പെട്ട രേഖകൾ തയ്യാറാക്കിയതിനു ശേഷം കാലാവധി കഴിഞ്ഞ മദ്യശേഖരം വ്യവസ്ഥാപിതമായ രീതിയിൽ നശിപ്പിക്കുന്നതിനായി എക്സൈസ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയതായി സർക്കാർ അറിയിച്ചു (2025 ജൂലൈ).

(v) 1967-ലെ ബ്രൂവറി ചട്ടങ്ങളുടെ ചട്ടം 9, ബിയറിന്റെ എക്സൈസ് തീരുവ നിർണ്ണയിക്കുന്നതിനായി ഗ്രാവിറ്റി അളക്കാൻ സർവേയിംഗ് ഓഫീസർക്ക് ഒരു സ്റ്റാൻഡേർഡ് സാക്കറോമീറ്ററും തെർമോമീറ്ററും വകുപ്പ് നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ, കഞ്ചിക്കോട്, ചാലക്കുടി എന്നിവിടങ്ങളിലെ ബ്രൂവറികളിലെ എക്സൈസ് ഉദ്യോഗസ്ഥരുടെ പക്കൽ ഇത്തരം ഉപകരണങ്ങൾ ലഭ്യമല്ലെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടു.

(vi) **അനുബന്ധം LII**-യിൽ കാണിച്ചിരിക്കുന്നതുപോലെ, 2011 സെപ്റ്റംബർ മുതൽ 2024 മാർച്ച് വരെ 3.05 കോടി രൂപ ഡിമാൻഡ് വരുന്ന 24 കേസുകൾ കോടതികളിൽ കെട്ടിക്കിടക്കുകയാണ്. സ്റ്റേ ഉത്തരവുകൾ ഒഴിവാക്കുന്നതിനായി ഗൗരവമായ ശ്രമങ്ങൾ നടത്തിയതായി കാണുന്നില്ല.

സർക്കാരിന് വരുമാന നഷ്ടമുണ്ടാകുന്നത് ഒഴിവാക്കാൻ, വകുപ്പ് നൽകിയ ഡിമാൻഡ് നോട്ടീസിനുള്ള സ്റ്റേ ഉത്തരവുകൾ ഒഴിവാക്കുന്നതിന് വേഗത്തിൽ നടപടി സ്വീകരിക്കാൻ എല്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയതായി സർക്കാർ അറിയിച്ചു (2025 ജൂലൈ).

ഓഡിറ്റ് കണ്ടെത്തലുകൾ എക്സൈസ് വകുപ്പിലെ ആന്തരിക നിയന്ത്രണ സംവിധാനങ്ങളിൽ പിഴവുകൾ നിലനിൽക്കുന്നുവെന്ന് വെളിപ്പെടുത്തുന്നു. മേൽനോട്ടം നടത്തേണ്ട ഉദ്യോഗസ്ഥർ നിർബന്ധിത പരിശോധനാ ഷെഡ്യൂളുകൾ പാലിക്കാത്തതും കോടതി കേസുകളുടെ ഫലപ്രദമായ മേൽനോട്ടത്തിനാവശ്യമായ പ്രധാന രേഖകൾ പരിപാലിക്കാതിരുന്നതും കണ്ടെത്തി. കാലാവധി കഴിഞ്ഞ മദ്യം നശിപ്പിക്കുന്നതിനിടെ പരിസ്ഥിതി മാനദണ്ഡങ്ങൾ ലംഘിക്കപ്പെടുകയും തീരുവ നിർണയത്തിനായി നിശ്ചയിച്ചിരിക്കുന്ന സ്റ്റാൻഡേർഡ് ഉപകരണങ്ങളുടെ ഉപയോഗം അവഗണിക്കപ്പെടുകയും ചെയ്തു. കോടതി കേസുകളുടെ തുടർനടപടികളുടെ അപര്യാപ്തതയും ഡിമാൻഡ് കുടിശ്ശികയുമെല്ലാം സംവിധാനപരമായ കാര്യക്ഷമതയില്ലായ്മയെയും ദുർബലമായ എൻഫോഴ്സ്മെന്റ് സംവിധാനത്തെയും സൂചിപ്പിക്കുന്നു.

***ശുപാർശ 37***

*പാക്കേജിംഗ് മാനദണ്ഡങ്ങളും പാരിസ്ഥിതിക ഉത്തരവാദിത്തങ്ങളും പാലിക്കുന്നത് ലൈസൻസ് പുതുക്കുന്നതിനോ തുടരുന്നതിനോ ഉള്ള ഒരു വ്യവസ്ഥയായി സർക്കാരിന് ഉൾപ്പെടുത്താവുന്നതാണ്. ഇതിന്റെ അനുവർത്തനം ഉറപ്പാക്കുന്നതിനായി ആനുകാലിക പരിശോധനകളും അനുവർത്തന ഓഡിറ്റുകളും നടത്താം. എക്സൈസ് ഉദ്യോഗസ്ഥരുടെ പരിശോധനാ ഷെഡ്യൂളുള്ള ഒരു നിർദ്ദിഷ്ട പരിശോധന കലണ്ടർ പരിപാലിക്കാനും,*

[109] ഒരു അന്വേഷണ വേളയിൽ, ഒരു പോലീസ് ഉദ്യോഗസ്ഥനോ ബന്ധപ്പെട്ട അധികാരിയോ കണ്ടെത്തിയ പ്രധാന നിരീക്ഷണങ്ങൾ രേഖപ്പെടുത്തി, മിക്കവാറും സാക്ഷികളുടെ സാന്നിധ്യത്തിൽ, തയ്യാറാക്കിയ ഒരു രേഖയാണ് മഹസർ.

*ആനുകാലിക അനുവർത്തന റിപ്പോർട്ടുകൾ സമർപ്പിക്കുന്നത് നിർബന്ധമാക്കാനും സർക്കാരിന് എക്സൈസ് വകുപ്പിനോട് നിർദ്ദേശിക്കാം. കേസുകളുടെ ഫലപ്രദമായ നിരീക്ഷണത്തിനും സമയബന്ധിതമായ തുടർനടപടികൾക്കുമായി ആവശ്യമായ രേഖകൾ സൂക്ഷിച്ച് നിയമ നിരീക്ഷണ യൂണിറ്റിനെ സർക്കാരിനു ശക്തിപ്പെടുത്താം. കാലാവധി കഴിഞ്ഞ മദ്യശേഖരം സംസ്കരിക്കുന്നതിന് പരിസ്ഥിതിക്ക് അനുയോജ്യമായ രീതികൾ നിർബന്ധമാക്കിക്കൊണ്ട് ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് നടപടിക്രമം (എസ്ഒപി) വകുപ്പിന് രൂപീകരിക്കുകയും നടപ്പിലാക്കുകയും ചെയ്യാവുന്നതാണ്.*

### 3.4.12 ഉപസംഹാരം

കേരള എക്സൈസ് വകുപ്പ് വരുമാന കേന്ദ്രീകൃതമായ ഒരു സ്ഥാപനത്തിൽ നിന്നും നിയമനടപടികൾ, ബോധവൽക്കരണം, പുനരധിവാസം എന്നിവയിലൂടെ ലഹരിയുടെ ഉപയോഗം തടയുന്നതിന് സജീവമായി പ്രവർത്തിക്കുന്ന ഒരു സ്ഥാപനമായി വിജയകരമായി വളർന്നു. വൻതോതിലുള്ള മയക്കുമരുന്നു പിടികൂടലും 2016-ൽ ആരംഭിച്ച വിമുക്തി മിഷനും വകുപ്പിന്റെ പ്രധാന നേട്ടങ്ങളിൽ ഉൾപ്പെടുന്നു. സ്കൂളുകൾ, കോളേജുകൾ, എൻജിഒകൾ, സാമൂഹ്യ സംഘടനകൾ എന്നിവയുമായി അടുത്ത സഹകരണത്തിലൂടെ പ്രവർത്തിക്കുന്ന വിമുക്തി മിഷൻ, സംസ്ഥാനത്തെ എല്ലാ 14 ജില്ലകളിലും ലഹരിവിമുക്തി കേന്ദ്രങ്ങൾ സ്ഥാപിക്കുകയും, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആൻറി-നാർക്കോട്ടിക് ക്ലബുകൾ രൂപീകരിക്കുകയും, സംസ്ഥാനവ്യാപകമായി ബോധവൽക്കരണവും ലഹരിക്കെതിരെ പ്രചാരണം നടത്തുകയും ചെയ്യുന്നു.

മയക്കുമരുന്നുകൾക്ക് അടിമയായ കുട്ടികളെ തിരിച്ചറിയുന്നതിനും പുനരധിവാസത്തിനുമായി നിയമബോധവൽക്കരണവും കൗൺസലിംഗും നൽകിക്കൊണ്ട് വിവിധ വകുപ്പുകളുടെ സഹകരണത്തോടെ തയ്യാറാക്കിയ എസ്ഒപി ഒരു പ്രധാന പരിഷ്കാരമാണ്. കൂടാതെ, ദേശീയ ലീഗൽ സർവീസസ് അതോറിറ്റിയുടെയും കേരള സംസ്ഥാന ലീഗൽ സർവീസസ് അതോറിറ്റിയുടെയും പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന *നശാ മുക്ത് ന്യായ അഭിയാൻ* പോലുള്ള പദ്ധതികൾ നിയമ ശാക്തീകരണത്തിലൂടെയും മാനുഷിക ഇടപെടലുകളിലൂടെയും മയക്കുമരുന്ന് ദുരുപയോഗത്തെ ചെറുക്കാൻ ലക്ഷ്യമിടുന്നു. എൻഫോഴ്സ്മെന്റ്, പ്രതിരോധം, സമൂഹപുനരധിവാസം എന്നിവ ഏകോപിപ്പിച്ചു കൊണ്ടുള്ള ഈ സംയോജിത മാതൃക മറ്റ് സംസ്ഥാനങ്ങൾക്ക് പിന്തുടരാവുന്ന ഒരു നല്ല പ്രവർത്തന മാതൃകയായി നിലകൊള്ളുന്നു.

കേരളത്തിലെ വിദേശ മദ്യത്തിന്റെ നിർമ്മാണവും വിൽപ്പനയും സംബന്ധിച്ച അനുവർത്തന ഓഡിറ്റ്, വിദേശ മദ്യവും ബിയറും നിർമ്മിക്കുന്നതും ഇറക്കുമതി ചെയ്യുന്നതും, അവയുടെ കൊണ്ടുപോകൽ, സംഭരണം, വിൽപ്പന എന്നിവ നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ടോയെന്നും, സംസ്ഥാന ഖജനാവിന് ലഭിക്കേണ്ട വരുമാനം സമയബന്ധിതമായി ഈടാക്കുകയും നേടിയെടുക്കുകയും ചെയ്തിട്ടുണ്ടോയെന്നും പരിശോധിക്കുന്നതിനായാണ് നടത്തിയത്.

മദ്യത്തിന്റെ നിർമ്മാണത്തിലും വിൽപ്പനയിലും ഉൾപ്പെട്ടിരിക്കുന്ന പ്രക്രിയകളുടെ അവലോകനത്തിൽ ഇഎൻഎ ഇറക്കുമതി മുതൽ മദ്യത്തിന്റെ നിർമ്മാണത്തിലും വിൽപ്പനയിലും വരെ ഉണ്ടായ ഗണ്യമായ വരുമാന നഷ്ടം കണ്ടെത്തി. ഡിസ്റ്റിലറികളിലെ കണക്കിൽപെടാത്തതും കുറവുള്ളതുമായ ഇഎൻഎ, ട്രാൻസിറ്റിനിടെയുള്ള അമിതമായ നഷ്ടം, ഡിസ്റ്റിലറികളിലും വെയർഹൗസുകളിലും വിന്യസിച്ചിരിക്കുന്ന എക്സൈസ് ജീവനക്കാരുടെ സംസ്ഥാപനച്ചെലവ് വീണ്ടെടുക്കാത്തത്, മദ്യത്തിന്റെ

വിറ്റുവരവ് നികുതിനിർണ്ണയത്തിൽ നിന്നും ഒഴിവാക്കപ്പെട്ടത്, തെറ്റായ നികുതിനിരക്കു പ്രയോഗിക്കൽ, വിറ്റുവരവ് നികുതി കുറവായി ചുമത്തിയത് എന്നിവയാണ് ഇതിന് പ്രധാന കാരണം. ഇഎൻഎ ഇറക്കുമതിയും മദ്യ ഉൽപാദനവും വഴിയുള്ള വരുമാന ശേഖരണത്തിന്റെ പൂർണ്ണ ഉത്തരവാദിത്തം എക്സൈസ് വകുപ്പിനാണെങ്കിലും, മദ്യ വിൽപ്പനയ്ക്കും അനുബന്ധ വരുമാന ശേഖരണത്തിനും എക്സൈസ് വകുപ്പും സംസ്ഥാന ജിഎസ്ടി വകുപ്പും തമ്മിൽ ഫലപ്രദമായ ഏകോപനം ആവശ്യമാണ്.

എക്സിറ്റ് ചെക്ക് പോസ്റ്റുകളിൽ ട്രാൻസിറ്റ് പാസുകൾ തിരിച്ചുനൽകാതിരുന്നത്, പുതുതായി തുറന്ന വെയർഹൗസുകളിൽ സ്ഥിരം എക്സൈസ് ഓഫീസുകൾ സ്ഥാപിക്കാത്തത്, സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്ന മദ്യത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള നടപടികളുടെ അപര്യാപ്തത, ഉപേക്ഷിക്കപ്പെട്ട പ്ലാസ്റ്റിക് മദ്യക്കുപ്പികൾ ശേഖരിക്കുന്നതിനും പുനരുപയോഗിക്കുന്നതിനുമുള്ള പദ്ധതികളുടെ അഭാവം തുടങ്ങി നിരവധി അനുവർത്തന വ്യതിയാനങ്ങളും അവലോകനത്തിൽ തിരിച്ചറിഞ്ഞു. അപര്യാപ്തമായ നിയന്ത്രണ ചട്ടക്കൂട് ചില നിയമപരമായ വ്യവസ്ഥകളുടെ ഫലപ്രദമായ നടപ്പാക്കലിനെ തടസ്സപ്പെടുത്തുന്നതായും കണ്ടെത്തി.

# അധ്യായം IV

# സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസും

## അധ്യായം - IV
## സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസും

### 4.1 നികുതികാര്യ നിർവഹണം

സ്റ്റാമ്പ് തീരുവ, രജിസ്ട്രേഷൻ ഫീസ് എന്നിവയിൽ നിന്നുള്ള വരവുകൾ ഇന്ത്യൻ സ്റ്റാമ്പ് നിയമം, **1899**, കേരള സ്റ്റാമ്പ് നിയമം, **1959**, ഇന്ത്യൻ രജിസ്ട്രേഷൻ നിയമം, **1908**, അവയ്ക്കു കീഴിൽ രൂപീകരിച്ച ചട്ടങ്ങൾ എന്നിവയാൽ നിയന്ത്രിക്കപ്പെടുന്നു. സംസ്ഥാനത്തെ ഏറ്റവും പുരാതനമായ വകുപ്പുകളിലൊന്നാണ് രജിസ്ട്രേഷൻ വകുപ്പ്. വകുപ്പു നൽകുന്ന സേവനങ്ങളിൽ പ്രമാണങ്ങളുടെ രജിസ്ട്രേഷൻ, ബാധ്യതാ സർട്ടിഫിക്കറ്റ് വിതരണം, വിവാഹ രജിസ്ട്രേഷൻ മുതലായവയും സ്റ്റാമ്പ് തീരുവ, രജിസ്ട്രേഷൻ ഫീസ് എന്നിവയുടെ ചുമത്തലും പിരിച്ചെടുക്കലും ഉൾപ്പെടുന്നു. സർക്കാർ തലത്തിൽ നികുതി വകുപ്പ് സെക്രട്ടറിയാണ് വകുപ്പിന്റെ ഭരണം നടത്തുന്നത്. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ആണ് രജിസ്ട്രേഷൻ വകുപ്പിന്റെ തലവൻ.

### 4.2 ആന്തരിക പരിശോധന

സംസ്ഥാനതലത്തിൽ വകുപ്പിന്റെ ആന്തരിക പരിശോധന വിഭാഗത്തിന്റെ പ്രവർത്തനം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ നിരീക്ഷിക്കുന്നു. ജില്ലാതലത്തിൽ സോണൽ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽമാർക്കാണ് ഇതിന്റെ ഉത്തരവാദിത്തം. സബ് രജിസ്ട്രാർ ഓഫീസുകളുടെ (എസ്ആർഒ) ആന്തരിക പരിശോധന അതത് ജില്ലകളിലെ ജില്ലാ രജിസ്ട്രാർ (ഓഡിറ്റ്) നടത്തുന്നു. ആന്തരിക പരിശോധനാ ടീമിൽ ഓരോ ജില്ലയിലും ഒരു ജില്ലാ രജിസ്ട്രാറും മൂന്ന് സീനിയർ ക്ലാർക്കുമാരും ഉൾപ്പെടുന്നു. ഓഡിറ്റ് ചെയ്യാനുള്ള ഓഫീസുകൾ ആന്തരിക പരിശോധന നടത്താൻ ബാക്കിയുള്ളത്, അതാത് ഓഫീസിലെ ജീവനക്കാരുടെ വിരമിക്കൽ എന്നിവയ്ക്ക് മുൻഗണന നൽകിയാണ് തിരഞ്ഞെടുക്കുന്നത്. **2023-24** കാലയളവിൽ, ഓഡിറ്റിനായി ആസൂത്രണം ചെയ്ത **326** യൂണിറ്റുകളിൽ, **292** യൂണിറ്റുകൾ ആന്തരിക പരിശോധന വിഭാഗം ഓഡിറ്റ് ചെയ്തു.

**പട്ടിക 4.1 : വകുപ്പു നടത്തിയ ആന്തരിക പരിശോധനയിലെ നിരീക്ഷണങ്ങളുടെ നീക്കിയിരിപ്പ്**

| വർഷം | മുന്നിരിപ്പ് | | | തൻ വർഷത്തിൽ കൂട്ടിച്ചേർത്തത് | | | തൻ വർഷത്തിൽ തീർപ്പാക്കിയത് | | | വർഷാവസാനത്തിലെ നീക്കിയിരിപ്പ് | | | തീർപ്പാക്കൽ % |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | പരിശോധനാ റിപ്പോർട്ട് | ഓഡിറ്റ് നിരീക്ഷണം | തുക (ലക്ഷത്തിൽ) | പരിശോധനാ റിപ്പോർട്ട് | ഓഡിറ്റ് നിരീക്ഷണം | തുക (ലക്ഷത്തിൽ) | പരിശോധനാ റിപ്പോർട്ട് | ഓഡിറ്റ് നിരീക്ഷണം | തുക (ലക്ഷത്തിൽ) | പരിശോധനാ റിപ്പോർട്ട് | ഓഡിറ്റ് നിരീക്ഷണം | തുക (ലക്ഷത്തിൽ) | |
| 2019-20 | 494 | 3,937 | 408.43 | 242 | 1,229 | 97.80 | 174 | 1,663 | 96.72 | 562 | 3,503 | 409.51 | 32.19 |
| 2020-21 | 562 | 3,503 | 409.51 | 164 | 840 | 87.53 | 145 | 1,299 | 69.95 | 581 | 3,044 | 427.09 | 29.91 |
| 2021-22 | 581 | 3,044 | 427.09 | 260 | 1,703 | 239.81 | 460 | 2,710 | 301.77 | 381 | 2,037 | 365.13 | 57.09 |
| 2022-23 | 381 | 2,037 | 365.13 | 296 | 1,888 | 615.80 | 343 | 2,233 | 297.43 | 334 | 1,692 | 683.50 | 56.89 |
| 2023-24 | 334 | 1,692 | 683.50 | 292 | 1,397 | 329.14 | 291 | 1,517 | 355.74 | 335 | 1,572 | 656.90 | 49.11 |

സ്രോതസ്സ് : വകുപ്പിൽ നിന്ന് ശേഖരിച്ച വിവരങ്ങൾ.

**2023-24** കാലയളവിൽ, തീർപ്പാക്കാൻ ബാക്കിയുണ്ടായിരുന്ന **3,089** ഓഡിറ്റ് നിരീക്ഷണങ്ങളിൽ **1,517** എണ്ണം (**49.11** ശതമാനം) വകുപ്പ് തീർപ്പാക്കി.

## 4.3 ഓഡിറ്റിന്റെ ഫലങ്ങൾ

**2023-24** വർഷത്തിൽ രജിസ്ട്രേഷൻ വകുപ്പിൽ ആകെയുള്ള **335** ഓഫീസുകളിൽ **62** ഓഫീസുകൾ പരിശോധനയ്ക്ക് വിധേയമാക്കി. വസ്തുവിന്റെ തെറ്റായ തരംതിരിവ്, വസ്തുവിന്റെ വിഭജിച്ചുള്ള വില്പന, കെട്ടിടങ്ങളുടെ വില കുറച്ചു കാണിക്കൽ, മാത്ര സർവേ നമ്പറിന്റെ ന്യായവില പരിഗണിക്കാതിരിക്കൽ എന്നിവയും മറ്റു ക്രമക്കേടുകളും ഉൾപ്പെടുന്ന **115** ഖണ്ഡികകളിലായി **111.28** കോടി രൂപയുടെ സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസും കുറവായി ചുമത്തിയത് കണ്ടെത്തിയത് **പട്ടിക 4.2-**ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.2: സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസും ഈടാക്കാതിരിക്കുകയോ കുറവായി ഈടാക്കുകയോ ചെയ്തതിന്റെയും മറ്റു ക്രമക്കേടുകളുടെയും വിശദാംശങ്ങൾ**

(₹ കോടിയിൽ)

| ക്രമ നമ്പർ | വിഭാഗങ്ങൾ | ഖണ്ഡികകളുടെ എണ്ണം | തുക |
|---|---|---|---|
| 1 | വസ്തുവിന്റെ തെറ്റായ തരംതിരിവ് കാരണം സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസും കുറവായി ചുമത്തിയത് | 4 | 0.16 |
| 2 | കെട്ടിടങ്ങളുടെ വില കുറച്ചു കാണിച്ചതു കാരണം സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസും കുറവായി ചുമത്തിയത് | 6 | 0.17 |
| 3 | വസ്തു വിഭജിച്ചു വില്പന നടത്തിയതിലൂടെ സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസും കുറവായി ചുമത്തിയത് | 5 | 0.28 |
| 4 | മാത്ര സർവേ നമ്പറിന്റെ ന്യായവില പരിഗണിക്കാത്തതിലൂടെ സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസും കുറവായി ചുമത്തിയത് | 23 | 1.09 |
| 5 | സ്വകാര്യ ലൈഫ് ഇൻഷുറൻസ് കമ്പനികൾ ഉടമ്പടിയാക്കിയ ഇൻഷുറൻസ് പോളിസികളിൽ സ്റ്റാമ്പ് തീരുവ അടയ്ക്കാത്തതു മൂലമുണ്ടായ വരുമാന നഷ്ടം | 1 | 103.53 |
| 6 | മറ്റുള്ളവ | 76 | 6.05 |
| | **ആകെ** | **115** | **111.28** |

സ്രോതസ്സ് : അക്കൗണ്ടന്റ് ജനറൽ സൂക്ഷിച്ചിരിക്കുന്ന രേഖകൾ.

പ്രസ്തുത വർഷത്തിൽ, **1.55** കോടി രൂപ ഉൾപ്പെടുന്ന മൂല്യം കുറച്ചു കാണിച്ചതും മറ്റു പോരായ്മകളുമുള്ള **42** ഖണ്ഡികകൾ വകുപ്പ് അംഗീകരിച്ചു. **41** ഖണ്ഡികകളിലായി ചൂണ്ടിക്കാട്ടിയ **1.04** കോടി രൂപ **2023-24** വർഷത്തിൽ വസൂലാക്കി.

**1.61** കോടി രൂപ ഉൾപ്പെടുന്ന ഏതാനും ദൃഷ്ടാന്തങ്ങൾ ഇനി പറയുന്ന ഖണ്ഡികകളിൽ നൽകിയിരിക്കുന്നു.

## 4.4 തെറ്റായ ന്യായവില പരിഗണിച്ചത് മൂലം സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസും കുറവായി ചുമത്തി

ഭൂമിയുടെ ന്യായവില പരിഗണിക്കാത്തത് സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസുമായി 19.21 ലക്ഷം രൂപ കുറവായി ചുമത്താൻ കാരണമായി.

1959-ലെ കേരള സ്റ്റാമ്പ് നിയമത്തിന്റെ വകുപ്പ് 28എ പ്രകാരം, ഭൂമി ഉൾപ്പെടുന്ന വസ്തുവിന്റെ രജിസ്ട്രേഷൻ സമയത്ത് ഈടാക്കാവുന്ന തീരുവ നിർണ്ണയിക്കുന്നതിന്, ഓരോ റവന്യൂ ഡിവിഷണൽ ഓഫീസറും, ഇതിനായി സർക്കാർ ഉണ്ടാക്കിയ ചട്ടങ്ങൾക്ക് വിധേയമായി, തന്റെ അധികാരപരിധിയിൽ സ്ഥിതി ചെയ്യുന്ന ഭൂമിയുടെ ന്യായവില നിശ്ചയിക്കണം. ഇപ്രകാരം, ഭൂമിയുടെ ന്യായവില, ഭൂമിയുടെ ഉപയോഗത്തെ അടിസ്ഥാനമാക്കി 15 വിഭാഗങ്ങളാക്കി[110] തിരിച്ചുകൊണ്ട്, കേരള സർക്കാർ വിജ്ഞാപനം ചെയ്തു (2010 മാർച്ച്). ന്യായവില പിന്നീട് ആറ് തവണ[111] പരിഷ്കരിച്ചു, ഏറ്റവും ഒടുവിലത്തേത് 2023-ൽ വരുത്തിയ 20 ശതമാനം വർദ്ധനവാണ്.

1959-ലെ കേരള സ്റ്റാമ്പ് നിയമത്തിന്റെ വകുപ്പ് 45എ(1) പ്രകാരം, ഏതെങ്കിലും ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള ഒരു പ്രമാണം രജിസ്റ്റർ ചെയ്യുമ്പോൾ, പ്രമാണത്തിൽ കാണിച്ചിരിക്കുന്ന ഭൂമിയുടെ മൂല്യം ആ ഭൂമിയുടെ ന്യായവിലയാണോ എന്ന് രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതാണ്. സംസ്ഥാന ഖജനാവിന് വരുമാന നഷ്ടം വരാതെ സംരക്ഷിക്കുക എന്നത് നികുതി/ തീരുവകളുമായി ബന്ധപ്പെട്ട ചട്ടങ്ങളും നിയമങ്ങളും നടപ്പിലാക്കാൻ ചുമതലപ്പെടുത്തിയിരിക്കുന്ന ഓരോ ഉദ്യോഗസ്ഥന്റെയും ഉത്തരവാദിത്തമാണെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട് (2021 മാർച്ച്)[112].

മൂന്ന് സബ് രജിസ്ട്രാർ ഓഫീസുകളിൽ[113] (എസ്ആർഒ) രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ സൂക്ഷ്മ പരിശോധനയിൽ, അഞ്ചു കേസുകളിൽ, കൈമാറ്റം ചെയ്യപ്പെട്ട ഭൂമിക്ക് നിശ്ചയിച്ച ന്യായവിലയ്ക്ക് പകരം ആധാരങ്ങളിൽ പറഞ്ഞിരിക്കുന്ന വില അടിസ്ഥാനമാക്കി സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസും ഈടാക്കിയതായി കണ്ടെത്തി. ഭൂമിയുടെ ന്യായവില പരിഗണിക്കുന്നതിൽ വീഴ്ച വരുത്തിയത് താഴെ വിശദീകരിച്ചതു പോലെ സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസുമായി **19.21 ലക്ഷം രൂപ** കുറവായി ചുമത്തുന്നതിന് കാരണമായി.

1. എസ്ആർഒ മേലാറ്റൂരിൽ വാണിജ്യ കെട്ടിടമുള്ള 12.95[114] ആർ ഭൂമി[115] കൈമാറ്റം ചെയ്യുന്ന രണ്ടു തീറാധാരങ്ങൾ (2236/2022, 2235/2022 എന്നിവ) 2022 ജൂലൈ 1-ന് രജിസ്റ്റർ ചെയ്തു. ഏറനാട് താലൂക്കിലെ പാണ്ടിക്കാട് വില്ലേജിലെ 257/6, 257/12, 257/5-1 എന്നീ റീസർവേ നമ്പറുകളിലെ ഭൂമി വാണിജ്യ പ്രാധാന്യമുള്ള

---

[110] വാണിജ്യ പ്രാധാന്യമുള്ള ഭൂമി, ദേശീയപാത/ പൊതുമരാമത്ത് വകുപ്പ് റോഡ് സൗകര്യമുള്ള വാസയോഗ്യമായ ഭൂമി, കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി/ പഞ്ചായത്ത് റോഡ് സൗകര്യമുള്ള വാസയോഗ്യമായ ഭൂമി, സ്വകാര്യ റോഡ് സൗകര്യമുള്ള വാസയോഗ്യമായ ഭൂമി, വാഹന സൗകര്യമില്ലാത്ത വാസയോഗ്യമായ ഭൂമി, റോഡ് സൗകര്യമുള്ള തോട്ടം, റോഡ് സൗകര്യമില്ലാത്ത തോട്ടം, തീരദേശ മേഖല, ചതുപ്പു നിലം, പാറക്കെട്ടുകൾ നിറഞ്ഞ ഭൂമി, തരിശുഭൂമി, നിലം, റോഡ് സൗകര്യമുള്ള കുന്നിൻ പ്രദേശം, റോഡ് സൗകര്യമില്ലാത്ത കുന്നിൻ പ്രദേശം, സർക്കാർ ഭൂമി.

[111] മുൻപ് പരിഷ്കരിച്ചത് 2014-ൽ (50 ശതമാനം വർദ്ധനവ്) തുടർന്ന് 2018, 2019, 2020, 2022 വർഷങ്ങളിൽ 10% വർദ്ധനവ് വീതം ആയിരുന്നു.

[112] 2021 മാർച്ച് 13-ലെ സ.ഉ.(സാധാ.) നമ്പർ 205/2021/നികുതികൾ.

[113] മേലാറ്റൂർ, പുത്തൻകുരിശ്, ഇരിക്കൂർ സബ് രജിസ്ട്രാർ ഓഫീസുകൾ.

[114] റീസർവേ നമ്പർ. 257/6-ൽ 5.40 ആർ, 257/12-ൽ 6.38 ആർ, 257/5-1-ൽ 1.17 ആർ.

[115] മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്കിലെ പാണ്ടിക്കാട് വില്ലേജിലെ റീസർവേ ബ്ലോക്ക് 145-ലെ റീസർവേ നമ്പർ 257/5-1, 257/6, 257/12.

ഭൂമി എന്ന വിഭാഗത്തിൽ പെടുന്നവയാണെന്ന് ഓഡിറ്റ് കണ്ടെത്തി (2023 ഡിസംബർ). ഈ സർവേ നമ്പറുകളിലെ വാണിജ്യ പ്രാധാന്യമുള്ള ഭൂമിയുടെ ന്യായവില റീസർവേ നമ്പർ 257/6-ലും 257/12-ലും ഒരു ആറിന് 8,80,000 രൂപയും റീസർവേ നമ്പർ 257/5-ൽ ഒരു ആറിന് 2,86,000 രൂപയുമാണ്. സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസും കണക്കാക്കുന്നതിന് ഈ ന്യായവില പരിഗണിക്കാതിരുന്നത് **അനുബന്ധം LIII**-ൽ കാണിച്ചിരിക്കുന്നതുപോലെ സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസുമായി **7.00 ലക്ഷം രൂപ** കുറവായി ചുമത്തുന്നതിന് കാരണമായി.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2024 ജൂൺ) രണ്ടു കേസുകളിലും ഖജനാവിന് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ടെന്നും നഷ്ടം നികത്തുന്നതിനായി കേരള സ്റ്റാമ്പ് നിയമത്തിലെ വകുപ്പ് 45ബി(3) പ്രകാരം സ്വമേധയാ അണ്ടർവാലുവേഷൻ നടപടികൾ ആരംഭിച്ചതായും സർക്കാർ അറിയിച്ചു (2024 നവംബർ).

2. എസ്ആർഒ പുത്തൻകുരിശിൽ വ്യത്യസ്ത തീയതികളിലായി[116] 10.53 ആർ, 14.03 ആർ, 5.73 ആർ ഭൂമി യഥാക്രമം 14 ലക്ഷം രൂപ, 40.13 ലക്ഷം രൂപ, 9.95 ലക്ഷം രൂപ പ്രതിഫലത്തിന് കൈമാറ്റം ചെയ്യുന്ന മൂന്നു തീറാധാരങ്ങൾ[117] രജിസ്റ്റർ ചെയ്തു. സബ് രജിസ്ട്രാർ ഭൂമിയുടെ ശരിയായ തരത്തിനനുസരിച്ചുള്ള ന്യായവില കണക്കിലെടുക്കാതെ പ്രമാണത്തിൽ പറഞ്ഞിരിക്കുന്ന വിലയ്ക്കാണ് സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസും കണക്കാക്കിയതെന്ന് ഓഡിറ്റ് കണ്ടെത്തി (2024 ഫെബ്രുവരി). ഭൂമിയുടെ ന്യായവില പരിഗണിക്കാതിരുന്നത് **അനുബന്ധം LIII**-ൽ കാണിച്ചിരിക്കുന്നതുപോലെ സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസുമായി **5.13 ലക്ഷം രൂപ** കുറവായി ചുമത്തുന്നതിന് കാരണമായി.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2024 ജൂൺ), ഈ കേസുകളിൽ വരുമാനത്തിന്റെ കുറവുണ്ടായിട്ടുണ്ടെന്നും കേരള സ്റ്റാമ്പ് നിയമത്തിലെ 45ബി(3) വകുപ്പ് പ്രകാരം എറണാകുളം ജില്ലാ രജിസ്ട്രാർ (ഓഡിറ്റ്) സ്വമേധയാ അണ്ടർവാലുവേഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും സർക്കാർ അറിയിച്ചു (2025 മെയ്). ഈ മൂന്ന് പ്രമാണങ്ങളും അണ്ടർവാലുവേഷൻ കോമ്പൗണ്ടിംഗ് സ്കീമിൽ ഉൾപ്പെടുത്തി നോട്ടീസ് അയയ്ക്കുകയും രണ്ടു കേസുകളിലായി[118] 1.22 ലക്ഷം രൂപ തിരിച്ചു പിടിക്കുകയും ചെയ്തു.

3. എസ്ആർഒ ഇരിക്കൂറിൽ 288.54 ആർ ഭൂമി മൊത്തം 43.50 ലക്ഷം രൂപയ്ക്ക് കൈമാറ്റം ചെയ്യുന്ന ഒരു തീറാധാരം (674/2018) 2018 മാർച്ച് 20-ന് രജിസ്റ്റർ ചെയ്തു. കൈമാറ്റം ചെയ്ത ഭൂമി കൂടാളി വില്ലേജിലെ മുട്ടന്നൂർ ദേശത്ത് സർവേ നമ്പർ 108/1-ൽ സ്ഥിതി ചെയ്യുന്ന 'റോഡ് സൗകര്യമില്ലാത്ത തോട്ടഭൂമി' എന്ന വിഭാഗത്തിൽ പെടുന്നതാണെന്നും ഇത്തരം ഭൂമിക്ക് പ്രസ്തുത സർവ്വേ നമ്പറിൽ നിശ്ചയിച്ചിരിക്കുന്ന ന്യായവില ഒരു ആറിന് 39,600 രൂപയാണെന്നും ഓഡിറ്റ് കണ്ടെത്തി (2024 ജനുവരി). സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസും കണക്കാക്കുന്നതിന് ഈ ന്യായവില പരിഗണിക്കാതിരുന്നത് **അനുബന്ധം LIII**-ൽ കാണിച്ചിരിക്കുന്നതു പോലെ സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസുമായി **7.08 ലക്ഷം രൂപ** കുറവായി ചുമത്തുന്നതിന് കാരണമായി.

---

116 2022 ഡിസംബർ 29, 2022 നവംബർ 24, 2022 നവംബർ 25 എന്നീ തീയതികളിൽ.

117 7703/2022, 6955/2022, 6983/2022 എന്നിവ.

118 6955/2022, 6983/2022 എന്നിവ.

ഇതു ചൂണ്ടിക്കാണിച്ചപ്പോൾ (2024 ജൂൺ), റീസർവേ നമ്പർ 1/185-ൽ സ്ഥിതി ചെയ്യുന്ന ഭൂമി ശരിക്കും 'റോഡ് സൗകര്യമില്ലാത്ത തോട്ടഭൂമി' വിഭാഗത്തിൽ പ്പെടുന്നതാണെന്നും അതിന് ന്യായവില നിശ്ചയിച്ചിട്ടില്ലെന്നും സർക്കാർ അറിയിച്ചു (2024 നവംബർ, 2025 മെയ്). തലശ്ശേരി താലൂക്കിൽ, 2010-ലെ റീസർവേ നമ്പർ അടിസ്ഥാനമാക്കിയാണ് ന്യായവില നിർണ്ണയിച്ചിരിക്കുന്ന തെന്നും റീസർവേ നടപടിക്രമങ്ങൾ ഇപ്പോഴും പൂർത്തിയാകാത്തതിനാൽ, ന്യായവില വിജ്ഞാപനത്തിൽ സർവേ നമ്പർ കോളത്തിന് നേരെ റീസർവേ നമ്പറുകൾ പരമാർശിച്ചിട്ടുണ്ടെന്നും അതിനാൽ ഒരു സാഹചര്യത്തിലും ആധാരത്തിലെ പഴയ സർവേ നമ്പറുകൾ അടിസ്ഥാനമാക്കി ഭൂമിയുടെ ന്യായവില കണക്കാക്കരുതെന്നും പ്രസ്താവിച്ചു. കൂടാതെ, ആധാരത്തിൽ സൂചിപ്പിച്ചതു പ്രകാരം വസ്തുവിന്റെ മാതൃ സർവേ നമ്പർ 1/1സി ആണെന്നും മാതൃ റീ-സർവേ നമ്പർ 1/1സി-യിൽ 'വാഹന സൗകര്യമില്ലാത്ത വാസയോഗ്യമായ ഭൂമി'ക്ക് നിശ്ചയിച്ചിരിക്കുന്ന ന്യായവിലയായ ഒരു ആറിന് 15,000 രൂപയാണ് സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസും കണക്കാക്കുന്നതിന് എടുത്തിരിക്കുന്നതെന്നും അതിനാൽ തീരുവ ചുമത്തിയതിൽ കുറവുണ്ടായിട്ടില്ലെന്നും സർക്കാർ മറുപടി നൽകി.

മറുപടി സ്വീകാര്യമല്ല. കൈമാറിയ ഭൂമി 'റോഡ് സൗകര്യമില്ലാത്ത തോട്ടഭൂമി'യാണെന്ന് സർക്കാർ കൃത്യമായി വ്യക്തമാക്കിയിട്ടുണ്ട്. ന്യായവില രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും സർവേ നമ്പർ 1/1സി-യിലെ ഒരു ഭൂമിയും 'റോഡ് സൗകര്യമില്ലാത്ത തോട്ടഭൂമി' എന്ന വിഭാഗത്തിലില്ല എന്നാണ് വ്യക്തമാകുന്നത്. ഒരു സർവേ നമ്പറിലെ ഇതര വിഭാഗത്തിൽപ്പെട്ട ഭൂമിയ്ക്ക് (വാഹന സൗകര്യമില്ലാത്ത വാസയോഗ്യമായ ഭൂമി) നിശ്ചയിച്ച ന്യായവില മറ്റൊരു വിഭാഗത്തിൽപെട്ട ഭൂമിക്ക് സ്വീകരിക്കുന്നത് ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ പുറപ്പെടുവിച്ച സർക്കുലറിന്[119] വിരുദ്ധമാണ്. അതുകൂടാതെ, രേഖ പ്രകാരം വസ്തു സ്ഥിതി ചെയ്യുന്ന തലശ്ശേരി താലൂക്കിലെ കൂടാളി വില്ലേജിലെ മുട്ടന്നൂർ ദേശത്തിലെ സർവേ നമ്പർ 108-ൽ 'റോഡ് സൗകര്യമില്ലാത്ത തോട്ടഭൂമി'ക്ക് ന്യായവില നിശ്ചയിച്ചിട്ടുണ്ട്. പ്രസിദ്ധീകരിച്ച ന്യായവിലയെക്കുറിച്ച് എന്തെങ്കിലും പരാതി ഉയർന്നുവന്നാൽ അതിൽ നടപടി എടുക്കുവാൻ സബ് രജിസ്ട്രാർക്ക് അധികാരമില്ല. സബ് രജിസ്ട്രാർക്കോ പരാതിയുള്ള കക്ഷിക്കോ ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതിനായി റവന്യൂ അധികാരിയെ സമീപിക്കാവുന്നതാണ്. ഉന്നത അധികാരികളെ/ റവന്യൂ അധികാരികളെ അറിയിക്കാതെ ഭൂമിക്ക് നിശ്ചയിച്ച ന്യായവിലയിൽ നിന്നും വ്യത്യസ്തമായ ന്യായവില സ്വീകരിക്കുക വഴി ഖജനാവിന് വരുമാന നഷ്ടത്തിന് കാരണമായി.

***ശുപാർശ 38***

*ഭൂമി രജിസ്റ്റർ ചെയ്യുന്ന സമയത്ത് ഭൂമിക്ക് നിശ്ചയിച്ചിട്ടുള്ള ന്യായവിലയിൽ ശ്രദ്ധ ചെലുത്തണമെന്നും എന്തെങ്കിലും അവ്യക്തത ഉണ്ടായാൽ ഭൂമിയുടെ മൂല്യം നിർണ്ണയിക്കാൻ കളക്ടറെ സമീപിക്കണമെന്നും ശുപാർശ ചെയ്യുന്നു.*

[119] 2015 ജനുവരി 1-ലെ സർക്കുലർ നമ്പർ ആർആർ.9/20442/2014.

## 4.5 ഭൂമിയുടെ ഉപയോഗത്താലുള്ള തരത്തിന് മാത്രം സർവേ നമ്പറിൽ ലഭ്യമായ ന്യായവില അവലംബിക്കാത്തതിനാൽ സ്റ്റാമ്പ് ഡ്യൂട്ടിയിലും രജിസ്ട്രേഷൻ ഫീസിലും വന്ന കുറവ്

മാത്രസർവേ നമ്പറിൽ ലഭ്യമായ ന്യായവില അവലംബിക്കാത്തതിനാൽ സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസുമായി 3.82 ലക്ഷം രൂപയുടെ കുറവുണ്ടായി.

ഒരു സർവേ നമ്പറിലെ ഒരു സബ് ഡിവിഷനിൽപെട്ട ഏതെങ്കിലും തരത്തിലുള്ള ഭൂമിക്ക് ന്യായവില നിശ്ചയിച്ചിട്ടില്ലെങ്കിൽ മാത്രം സർവേ നമ്പറിലെ അതേ വിഭാഗത്തിൽപ്പെട്ട ഭൂമിക്ക് ബാധകമായ ന്യായവില സ്വീകരിക്കണമെന്ന് ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ സർക്കുലറിലൂടെ[120] നിർദ്ദേശിച്ചിട്ടുണ്ട്.

തിരുവനന്തപുരം പ്രിൻസിപ്പൽ സബ് രജിസ്ട്രാർ ഓഫീസിലെ രേഖകളുടെ സൂക്ഷ്മപരിശോധനയിൽ 191.30 ലക്ഷം രൂപയ്ക്ക് 8.43 ആർ ഭൂമി കൈമാറുന്നതിനുള്ള തീറാധാരം (481/2020) രജിസ്റ്റർ ചെയ്തതായി (2020 ഫെബ്രുവരി 13) കണ്ടെത്തി. വസ്തുവിനെ 'കോർപ്പറേഷൻ റോഡ് സൗകര്യമുള്ള വാസയോഗ്യമായ ഭൂമി' എന്ന വിഭാഗത്തിലാണ് കാണിച്ചിരിക്കുന്നതെന്നും ഈ വിഭാഗത്തിന് റീസർവേ നമ്പറിൽ ന്യായവില നിശ്ചയിച്ചിട്ടില്ലെന്നും എന്നാൽ പഴയ സർവേ നമ്പറിൽ ന്യായവില നിശ്ചയിച്ചിട്ടുണ്ടെന്നും ഓഡിറ്റ് കണ്ടെത്തി (2023 സെപ്റ്റംബർ). ഈ സർവേ നമ്പറിലുള്ള ഭൂമിയെ 22.69 ലക്ഷം രൂപ ന്യായവില വരുന്ന 'വാണിജ്യ പ്രാധാന്യമുള്ള ഭൂമി'യെന്നും 27.23 ലക്ഷം രൂപ ന്യായവില വരുന്ന 'ദേശീയപാത/ പൊതുമരാമത്ത് റോഡ് സൗകര്യമുള്ള വാസയോഗ്യമായ ഭൂമി'യെന്നും രണ്ടായി തരം തിരിച്ചിരിക്കുന്നു. വിൽപന നടത്തിയ വ്യക്തി 'വാണിജ്യ പ്രാധാന്യമുള്ള ഭൂമി'യുടെ ന്യായവില ആധാരത്തിൽ കാണിക്കുകയും രജിസ്റ്റർ ചെയ്ത ഉദ്യോഗസ്ഥൻ ഇത് അംഗീകരിക്കുകയും ചെയ്തു. ഭൂമി ശരിക്കും 'റോഡ് സൗകര്യമുള്ള വാസയോഗ്യമായ ഭൂമി' എന്ന വിഭാഗത്തിൽപ്പെടുന്നതിനാൽ അതിന്റെ ന്യായവിലയാണ് സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസും കണക്കാക്കാൻ എടുക്കേണ്ടിയിരുന്നത്. ഈ ന്യായവില പരിഗണിക്കാതിരുന്നതിന്റെ ഫലമായി **അനുബന്ധം LIV**-ൽ കാണിച്ചിരിക്കുന്നതുപോലെ സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസുമായി **3.82 ലക്ഷം രൂപ** കുറവായി ചുമത്തുന്നതിന് കാരണമായി.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2025 ഏപ്രിൽ), വരുമാനത്തിൽ കുറവ് ഉണ്ടായിട്ടുണ്ടെന്നും നഷ്ടം നികത്തുന്നതിനായി കേരള സ്റ്റാമ്പ് നിയമത്തിലെ വകുപ്പ് 45ബി(3) പ്രകാരം സ്വമേധയാ അണ്ടർവാലുവേഷൻ നടപടികൾ ആരംഭിച്ചതായും സർക്കാർ അറിയിച്ചു (2025 ജൂൺ).

***ശുപാർശ 39***

*ഭൂമി രജിസ്റ്റർ ചെയ്യുന്ന സമയത്ത് ഭൂമിക്ക് നിശ്ചയിച്ചിട്ടുള്ള ന്യായവിലയിൽ ശ്രദ്ധ ചെലുത്തണമെന്നും എന്തെങ്കിലും അവ്യക്തത ഉണ്ടായാൽ ഭൂമിയുടെ മൂല്യം നിർണ്ണയിക്കാൻ കളക്ടറെ സമീപിക്കണമെന്നും ശുപാർശ ചെയ്യുന്നു.*

[120] 2015 ജനുവരി 1-ലെ സർക്കുലർ നമ്പർ ആർആർ.9/20442/2014.

## 4.6 ജില്ലാ രജിസ്ട്രാർ ശരിയായ ന്യായവില പരിഗണിക്കാത്തതിനാൽ സ്റ്റാമ്പ് തീരുവയുടെയും രജിസ്ട്രേഷൻ ഫീസിന്റെയും കുറഞ്ഞ ചുമത്തൽ

സർക്കാർ നിശ്ചയിച്ച ന്യായവിലയേക്കാൾ കുറഞ്ഞ തുക ജില്ലാ രജിസ്ട്രാർ പരിഗണിച്ചത് 64.16 ലക്ഷം രൂപ കുറവായി ചുമത്തുന്നതിന് കാരണമായി.

1959-ലെ കേരള സ്റ്റാമ്പ് നിയമത്തിലെ വകുപ്പ് 45ബി(1) പ്രകാരം ആധാരത്തിൽ വസ്തുവിന്റെ യഥാർത്ഥ മൂല്യം കാണിച്ചിട്ടില്ലെന്ന് രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥന് വിശ്വസിക്കാൻ കാരണമുണ്ടെങ്കിൽ, പ്രമാണം രജിസ്റ്റർ ചെയ്ത ശേഷം, അതിന്റെ മൂല്യവും അതിൻമേലുള്ള ശരിയായ തീരുവയും നിശ്ചയിക്കുന്നതിനായി ആധാരം കളക്ടർക്ക് കൈമാറേണ്ടതാണ്.

ഇടുക്കി ജില്ലയിലെ അറക്കുളം സബ് രജിസ്ട്രാർ ഓഫീസിലെ രേഖകളുടെ സൂക്ഷ്മ പരിശോധനയിൽ (2023 നവംബർ) 549.80 ആർ[121] ഭൂമി മൊത്തം 5.27 കോടി[122] രൂപയ്ക്ക് കൈമാറുന്ന ഒരു തീറാധാരം (360/2022) രജിസ്റ്റർ ചെയ്തതായി (2022 ഏപ്രിൽ 5) കണ്ടെത്തി. 'റോഡ് സൗകര്യമുള്ള തോട്ട ഭൂമി' എന്ന നിലയിൽ വസ്തുവിനെ പരിഗണിച്ചാണ് വസ്തുവിന്റെ മൂല്യം കണക്കാക്കിയത്. ആ സർവേ നമ്പറിൽ അത്തരം വിഭാഗത്തിൽപ്പെട്ട ഭൂമിക്ക് ന്യായവില നിശ്ചയിച്ചിട്ടില്ലാത്തതിനാൽ വസ്തുവിന്റെ വില നിശ്ചയിക്കാൻ അത്തരം വിഭാഗത്തിൽപ്പെട്ട തൊട്ടടുത്ത ഭൂമിക്ക് നിശ്ചയിച്ച ന്യായവിലയായ ഒരു ആറിന് 96,800 രൂപയാണ് പരിഗണിച്ചത്.

ആധാരത്തിൽ പറഞ്ഞിരിക്കുന്ന അതിരുകൾ അനുസരിച്ച് കൈമാറിയ ഭൂമി തെക്കുഭാഗത്ത് പൊതുമരാമത്ത് റോഡ് സൗകര്യമുള്ള 'പുരയിട'മാണ്. അതു കൂടാതെ, സർക്കാർ പ്രസിദ്ധീകരിച്ച വിജ്ഞാപനം അനുസരിച്ച് റീസർവേ നമ്പർ 105-ൽ ഉൾപ്പെടുന്ന ഭൂമിയെ 'കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി/ പഞ്ചായത്ത് റോഡ് സൗകര്യമുള്ള വാസയോഗ്യമായ ഭൂമി'യായി തരം തിരിച്ചിട്ടുണ്ട്. അതനുസരിച്ച് ഭൂമി ശരിക്കും 'കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി/ പഞ്ചായത്ത് റോഡ് സൗകര്യമുള്ള വാസയോഗ്യമായ ഭൂമി'യും ആധാരം രജിസ്റ്റർ ചെയ്യുന്ന സമയത്ത് ഭൂമിയുടെ ന്യായവില ഒരു ആറിന് 2,14,500 രൂപയും ആണ്.

റീസർവേ നമ്പർ 105/1-ന് നിശ്ചയിച്ച ന്യായവില 2,14,500 രൂപ ആണെന്നും അതിനാൽ സ്റ്റാമ്പ് തീരുവയായി 52,00,912 രൂപയും രജിസ്ട്രേഷൻ ഫീസായി 13,00,228 രൂപയും കുറവായി ഒടുക്കിയെന്ന് കാണിച്ച് അണ്ടർവാലുവേഷൻ നടപടികൾക്കായി സബ് രജിസ്ട്രാർ ആധാരം ജില്ലാ രജിസ്ട്രാർക്ക് അയച്ചതായി[123] ശ്രദ്ധയിൽപ്പെട്ടു. ഭൂമിയുടെ മൂല്യവും അതിൻമേൽ നൽകേണ്ട തീരുവയും നിശ്ചയിക്കാൻ അധികാരമുള്ള ജില്ലാ രജിസ്ട്രാർ, സർക്കാർ നിശ്ചയിച്ച ന്യായവിലയേക്കാൾ കുറഞ്ഞ വില നിശ്ചയിക്കുന്നതിനുള്ള കാരണങ്ങൾ ഒന്നും രേഖപ്പെടുത്താതെ മൊത്തം തുക 5,39,76,700 രൂപ ആയി പുതുക്കി നിശ്ചയിച്ചു. അപ്രകാരം അധികമായി നൽകേണ്ട സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസും ഭൂവുടമ അടച്ചു. ജില്ലാ രജിസ്ട്രാറുടെ തീരുമാനം **പട്ടിക 4.3**-ൽ കാണിച്ചിരിക്കുന്ന പോലെ സ്റ്റാമ്പ് തീരുവ, രജിസ്ട്രേഷൻ ഫീസ് എന്നിവയിൽ **64.16 ലക്ഷം രൂപ** കുറവായി ചുമത്തുന്നതിന് കാരണമായി.

---

[121] ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്കിലെ വെള്ളിയാമറ്റം വില്ലേജിലെ ബ്ലോക്ക് നമ്പർ 26-ലെ റീസർവേ നമ്പർ 105, സബ്ഡിവിഷൻ നമ്പർ 1/7, 1/8.

[122] ഭൂമി വില ₹5,25,00,000 + കെട്ടിട വില ₹2,00,000.

[123] 1959-ലെ കേരള സ്റ്റാമ്പ് നിയമത്തിലെ വകുപ്പ് 45ബി(1) പ്രകാരം.

**പട്ടിക 4.3: സ്റ്റാമ്പ് തീരുവ, രജിസ്ട്രേഷൻ ഫീസ് എന്നിവ കുറവായി ചുമത്തിയത്തിന്റെ വിശദാംശങ്ങൾ**

| വിശദാംശങ്ങൾ | തുക (₹) |
|---|---|
| വസ്തുവിന്റെ വിസ്തൃതി | 549.80 ആർ |
| വസ്തുവിന് ബാധകമായ ന്യായവില | 2,14,500/ആർ |
| വസ്തുവിന്റെ പരിഗണിക്കേണ്ട മൂല്യം (549.80 x 2,14,500) | 11,79,32,100 |
| കെട്ടിടത്തിന്റെ മൂല്യം | 2,00,000 |
| പരിഗണിച്ച മൊത്തം വിൽപന വില | 11,81,32,100 |
| ജില്ലാ രജിസ്ട്രാർ കണക്കാക്കിയ മൂല്യം | 5,39,76,700 |
| അണ്ടർവാലുവേഷൻ | 6,41,55,400 |
| സ്റ്റാമ്പ് തീരുവ കുറവായി ചുമത്തിയത് (5%) | 51,32,432 |
| രജിസ്ട്രേഷൻ ഫീസ് കുറവായി ചുമത്തിയത് (2%) | 12,83,108 |
| **ആകെ കുറവായി ചുമത്തിയത്** | **64,15,540** |

സ്രോതസ്സ്: വകുപ്പുതല രേഖകൾ.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2024 മെയ്), 1959-ലെ കേരള സ്റ്റാമ്പ് നിയമത്തിന്റെ വകുപ്പ് 45(ബി) പ്രകാരം സബ് രജിസ്ട്രാർ അണ്ടർവാലുവേഷൻ നടപടികൾ എടുത്തുവെന്നും ജില്ലാ രജിസ്ട്രാറുടെ അന്തിമ ഉത്തരവിന്റെയും അതനുസരിച്ച് കുറവായിരുന്ന സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസും ഒടുക്കിയതിന്റെയും അടിസ്ഥാനത്തിൽ അണ്ടർവാലുവേഷൻ ഫയൽ തീർപ്പാക്കിയെന്ന് സർക്കാർ അറിയിച്ചു (2024 ജൂലൈ, 2024 നവംബർ).

റീസർവേ നമ്പർ 105/1-ൽ സ്ഥിതി ചെയ്യുന്ന ഭൂമിക്ക് സർക്കാർ നിശ്ചയിച്ച ന്യായവിലയേക്കാൾ കുറഞ്ഞ ന്യായവിലയാണ് ജില്ലാ രജിസ്ട്രാർ നിശ്ചയിച്ചതെന്നതിനാൽ മറുപടി സ്വീകാര്യമല്ല. ജില്ലാ രജിസ്ട്രാറുടെ നടപടി 1959-ലെ കേരള സ്റ്റാമ്പ് നിയമത്തിന്റെ വകുപ്പ് 28എ(1) അനുശാസിക്കുന്ന വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. കളക്ടർ അപ്പലേറ്റ് അതോറിറ്റി ആയതിനാൽ ഭൂമിയുടെ മൂല്യവും അതിൻമേൽ അടയ്ക്കേണ്ട ഉചിതമായ തീരുവയും നിർണ്ണയിക്കുന്നതിന് വേണ്ടി ആധാരം കളക്ടർക്ക് അയയ്ക്കേണ്ടതായിരുന്നു.

***ശുപാർശ 40***

*രജിസ്ട്രേഷൻ സമയത്ത് ഭൂമിയുടെ ന്യായവിലയിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തണമെന്ന് ശുപാർശ ചെയ്യുന്നു. ഖജനാവിന് നഷ്ടം ഉണ്ടാക്കിയതിന്റെ ഉത്തരവാദിത്തം ജില്ലാ രജിസ്ട്രാർക്കു മേൽ ചുമത്താവുന്നതാണ്.*

## 4.7 ഭൂമിയുടെ തരം മാറ്റത്തിനു ശേഷം ശരിയായ തരത്തിന് ന്യായവില നിശ്ചയിക്കുന്നതിൽ പരാജയപ്പെട്ടതു മൂലം ഭൂമിവില കുറച്ചു കാണിച്ചതും തൻമൂലമുള്ള വരുമാന നഷ്ടവും

| |
|---|
| ഭൂമിയുടെ തെറ്റായ തരം അംഗീകരിച്ചതിലൂടെ സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസുമായി 61.46 ലക്ഷം രൂപ കുറവായി ചുമത്തി. |

ഭൂമിയുടെ ശരിയായ തരത്തിന് ന്യായവില നിശ്ചയിച്ചിട്ടില്ലാത്ത കേസുകൾ, തുടർ നടപടികൾക്കായി റവന്യൂ അധികാരികൾക്ക് അയയ്ക്കണമെന്ന് 1959-ലെ കേരള സ്റ്റാമ്പ് നിയമത്തിന്റെ വകുപ്പ് 45ബി(1) കൂടാതെ ഐജിആറും നിർദ്ദേശിച്ചിട്ടുണ്ട്[124].

പുനലൂർ സബ് രജിസ്ട്രാർ ഓഫീസിലെ ആധാരങ്ങളുടെ സൂക്ഷ്മപരിശോധനയിൽ (2023 നവംബർ), വാണിജ്യ കെട്ടിടത്തോടു കൂടിയ 61.49 ആർ[125] ഭൂമി മൊത്തം 11,00,00,000[126] രൂപയ്ക്ക് കൈമാറ്റം നടത്തിയ തീറാധാരം (2304/2022) രജിസ്റ്റർ ചെയ്തതായി (2022 സെപ്റ്റംബർ 3) കണ്ടെത്തി. ആർഡിഒ ഭൂമിയെ 'നിലം' എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തുകയും അതിന്റെ ന്യായവില രജിസ്ട്രേഷൻ തീയതിയിൽ ഒരു ആറിന് 2,71,700 രൂപ എന്ന് നിശ്ചയിക്കുകയും ചെയ്തു (2010-ലെ നിരക്കിന്റെ 220 ശതമാനം). എന്നാൽ, ഭൂമി വാസയോഗ്യമായ ഭൂമിയാക്കി തരം മാറ്റിയതും[127] മുനിസിപ്പൽ റോഡ് സൗകര്യമുള്ളതും കണക്കിലെടുക്കുമ്പോൾ ഭൂമിയുടെ മൂല്യം കണക്കാക്കുന്നതിനുള്ള ന്യായവില, സർവേ നമ്പറിൽ 'കോർപ്പറേഷൻ/ മുൻസിപ്പാലിറ്റി/ പഞ്ചായത്ത് റോഡ് സൗകര്യമുള്ള വാസയോഗ്യമായ ഭൂമി'ക്ക് നിശ്ചയിച്ചിരിക്കുന്ന ന്യായവിലയായിരുന്നു.

ആധാരത്തിലെ വിവരണത്തിൽ നിന്നും 2016-ൽ 42,164 ചതുരശ്ര അടി വിസ്തീർണ്ണമുള്ള 'വർഷ കൺവെൻഷൻ സെൻറർ' എന്ന പേരിൽ ഒരു ആഡിറ്റോറിയം ഈ വസ്തുവിൽ നിർമ്മിച്ചതായും ആധാരത്തോടൊപ്പമുള്ള അനുബന്ധം-1 പ്രകാരം കെട്ടിടം വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിച്ചതായും ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടു. ഗൂഗിൾ എർത്തും ഗൂഗിൾ മാപ്പും ഉപയോഗിച്ച് കെട്ടിടത്തിന്റെ സ്ഥാനം ഓഡിറ്റ് പരിശോധിച്ചപ്പോൾ, പുനലൂർ ടൗണിലെ വാണിജ്യ/ ആരോഗ്യ സ്ഥാപനങ്ങൾക്കിടയിൽ ഒരു പ്രധാന വാണിജ്യ മേഖലയിലാണ് ഇത് സ്ഥിതി ചെയ്യുന്നതെന്നും മിനി സിവിൽ സ്റ്റേഷന് വളരെ അടുത്താണിതെന്നും കണ്ടെത്തി. ഭൂമിയുടെ ഉപയോഗവും സ്ഥാനവും കണക്കിലെടുക്കുമ്പോൾ വസ്തുവിനെ 'വാണിജ്യ പ്രാധാന്യമുള്ള ഭൂമി'യായി തരം തിരിക്കണം. എന്നാൽ, 2007-ൽ കരഭൂമിയാക്കി തരം മാറ്റുകയും 2016-ൽ ഒരു വാണിജ്യക്കെട്ടിടം നിർമ്മിക്കുകയും ചെയ്തെങ്കിലും ആർഡിഒ ഈ ഭൂമിയെ തരം മാറ്റുകയോ ന്യായവില പരിഷ്ക്കരിക്കുകയോ ചെയ്തില്ല.

ആധാരം രജിസ്റ്റർ ചെയ്യുമ്പോൾ തന്നെ സബ് രജിസ്ട്രാർ ആധാരത്തിലെ വിവരണങ്ങളിൽ നിന്നും ഭൂമിയുടെ തെറ്റായ തരംതിരിവ് ശ്രദ്ധിക്കേണ്ടതും ആധാരം രജിസ്റ്റർ ചെയ്ത ശേഷം മൂല്യവും ശരിയായ നികുതിയും നിർണ്ണയിക്കുന്നതിന് വേണ്ടി കളക്ടർക്ക് അയക്കേണ്ടതുമായിരുന്നു. എന്നാൽ അങ്ങനെ ചെയ്യാതിരുന്നത് സംസ്ഥാന ഖജനാവിന് സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസും നഷ്ടമാവുന്നതിന് കാരണമായി.

---

[124] 2016 നവംബർ 3-ലെ എ.ആർ.എ.1-21855/2016 നമ്പർ കത്ത്.

[125] കൊല്ലം ജില്ലയിലെ പുനലൂർ താലൂക്കിലെ പുനലൂർ വില്ലേജിൽ സർവേ നമ്പർ 482/10എ, 10ബി, 11, 12 എന്നിവ.

[126] ഭൂമി - ₹4,00,00,000 + കെട്ടിടം - ₹7,00,00,000.

[127] കൊല്ലം ആർഡിഒയുടെ 2007 ഒക്ടോബർ 29-ലെ ഉത്തരവ് നമ്പർ കെ.ഡിസ്.9034/2007.

'വാണിജ്യ പ്രാധാന്യമുള്ള ഭൂമി' എന്ന തരംതിരിവ് സർവേ നമ്പർ 482-ൽ ലഭ്യമല്ല, എങ്കിലും തൊട്ടടുത്ത സർവേ നമ്പർ 480-ൽ ലഭ്യമാണ്. സർവേ നമ്പർ 480-ലെ 'വാണിജ്യ പ്രാധാന്യമുള്ള ഭൂമി'ക്ക് നിശ്ചയിച്ച ന്യായവിലയനുസരിച്ച് സംസ്ഥാന ഖജനാവിന് ഉണ്ടാകുന്ന വരുമാന നഷ്ടം **പട്ടിക 4.4**-ൽ കാണിച്ചിരിക്കുന്നതു പോലെ **61.46 ലക്ഷം രൂപ**യാണ്.

**പട്ടിക 4.4: സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസും കുറവായി ചുമത്തിയതിന്റെ വിശദാംശങ്ങൾ**

| വിശദാംശങ്ങൾ | തുക (₹) |
|---|---|
| വസ്തുവിന്റെ വിസ്തൃതി (ആർ) | 61.49 |
| രജിസ്ട്രേഷൻ സമയത്ത് സർവേ നമ്പർ 482-ൽ 'വാണിജ്യ പ്രാധാന്യമുള്ള ഭൂമി'യുടെ ന്യായവില (₹ ഒരു ആറിന്) | ലഭ്യമല്ല |
| രജിസ്ട്രേഷൻ സമയത്ത് സർവേ നമ്പർ 480-ൽ 'വാണിജ്യ പ്രാധാന്യമുള്ള ഭൂമി'യുടെ ന്യായവില (₹ ഒരു ആറിന്)[128] | 16,50,000 |
| സർവേ നമ്പർ 480-ലെ 'വാണിജ്യ പ്രാധാന്യമുള്ള ഭൂമി'യുടെ ന്യായവില അനുസരിച്ച് രജിസ്ട്രേഷൻ സമയത്ത് ഭൂമിയുടെ വില (₹16,50,000 x 61.49) | 10,14,58,500 |
| ഭൂമിയുടെ വില ആധാരത്തിൽ കാണിച്ചിരിക്കുന്നത് | 4,00,00,000 |
| വില കുറച്ചു കാണിച്ചത് | 6,14,58,500 |
| സ്റ്റാമ്പ് തീരുവ കുറവായി ചുമത്തിയത് @8% | 49,16,680 |
| രജിസ്ട്രേഷൻ ഫീസ് കുറവായി ചുമത്തിയത് @2% | 12,29,170 |
| **ആകെ കുറവായി ചുമത്തിയത്** | **61,45,850** |

സ്രോതസ്സ്: വകുപ്പുതല രേഖകകളിൽ നിന്നും കണക്കു കൂട്ടിയത്.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2024 മെയ്), ആർഡിഒ കൃത്യമായ സർവേ നമ്പറിലും സബ് ഡിവിഷനിലും ഭൂമിയുടെ ന്യായവില നിശ്ചയിച്ചിട്ടുള്ളതിനാൽ, ഭൂമിയുടെ മൂല്യമോ തരമോ മാറ്റാൻ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥന് അധികാരമില്ലെന്ന് സർക്കാർ അറിയിച്ചു (2024 ജൂലൈ). കൂടാതെ വസ്തുവിലേക്ക് ദേശീയപാത/ പൊതുമരാമത്ത് റോഡ് സൗകര്യമില്ലെന്നും റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റേഷൻ, ഫാക്ടറികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയ സ്ഥാപനങ്ങൾക്കടുത്തല്ലെന്നും അതിനാൽ വാണിജ്യപ്രാധാന്യമുള്ള ഭൂമിയായി കണക്കാക്കാനാവില്ലെന്നും പ്രസ്താവിച്ചു. രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥൻ അണ്ടർവാലുവേഷനുള്ള നടപടികൾ എടുത്തില്ലെങ്കിലും ജില്ലാ രജിസ്ട്രാർ (ജനറൽ), കൊല്ലം, 1959-ലെ കേരള സ്റ്റാമ്പ് നിയമത്തിലെ വകുപ്പ് 45ബി(3) പ്രകാരം സ്വമേധയാ നടപടികൾ ആരംഭിച്ചുവെന്നും സർക്കാർ അറിയിച്ചു.

മറുപടി സ്വീകാര്യമല്ല. ഒന്നാമതായി, 2010-ൽ ഭൂമിയെ തരം തിരിക്കുന്നതിൽ ആർഡിഒയ്ക്ക് വീഴ്ച പറ്റി. റവന്യൂ രേഖകൾ പ്രകാരം 2007-ൽ പുരയിടമാക്കി മാറ്റിയെങ്കിലും ന്യായവില നിശ്ചയിക്കുന്നതിനായി ആർഡിഒ അതിനെ നിലമാക്കി തരംതിരിച്ചു. രണ്ടാമതായി, ആധാരത്തിലെ വിവരണമനുസരിച്ച്, മുനിസിപ്പൽ റോഡ് സൗകര്യമുള്ള മൂന്നു നിലകളുള്ള വാണിജ്യ കെട്ടിടം (കൺവെൻഷൻ സെൻറർ) 2016-ൽ നിർമ്മിച്ചതാണ്. ആധാരത്തോടനുബന്ധിച്ച് സമർപ്പിച്ച ഫോറം 1-ബിയിൽ ഭൂമിയെ അതിന്റെ ഉപയോഗം അനുസരിച്ച് 'വാണിജ്യം' എന്നാണ് തരം തിരിച്ചിരിക്കുന്നതെന്നും പരാമർശിച്ചിട്ടുണ്ട്. എന്നാൽ, സബ് രജിസ്ട്രാർ, ചേർന്നുകിടക്കുന്ന വാണിജ്യ പ്രാധാന്യമുള്ള ഭൂമിക്ക് നിശ്ചയിച്ച ന്യായവില

[128] 2010-ൽ നിശ്ചയിച്ച ന്യായവിലയുടെ 220 ശതമാനം, അതായത് ₹6,25,000.

സ്വീകരിക്കുകയോ 1959-ലെ കേരള സ്റ്റാമ്പ് നിയമത്തിന്റെ വകുപ്പ് 45ബി(1) പ്രകാരം കളക്ടർക്ക് അയക്കുകയോ ചെയ്യുന്നതിനു പകരം ആധാരത്തിൽ കാണിച്ചിരിക്കുന്ന വില അംഗീകരിച്ചു.

***ശുപാർശ 41***

*രജിസ്ട്രേഷൻ സമയത്ത് ഭൂമിയുടെ ശരിയായ തരം ഉറപ്പാക്കാൻ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥർ ആധാരത്തിലെ വസ്തുവിന്റെ വിവരണം പരിശോധിക്കുന്നതിൽ ജാഗ്രത പുലർത്തണമെന്ന് ശുപാർശ ചെയ്യുന്നു. ഖജനാവിന് നഷ്ടം ഉണ്ടാക്കിയതിന്റെ ഉത്തരവാദിത്തം രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥനുമേൽ ചുമത്താവുന്നതാണ്.*

## 4.8 ഭൂമിയെ തെറ്റായി തരംതിരിച്ചുകൊണ്ട് കുറഞ്ഞ ന്യായവില സ്വീകരിച്ചതിനാൽ സ്റ്റാമ്പ് തീരുവയുടെയും രജിസ്ട്രേഷൻ ഫീസിന്റെയും കുറഞ്ഞ ചുമത്തൽ

ഭൂമിയുടെ തെറ്റായ തരംതിരിവ് മൂലം സ്റ്റാമ്പ് തീരുവ, രജിസ്ട്രേഷൻ ഫീസ് എന്നിവയിൽ 9.11 ലക്ഷം രൂപ കുറവായി ചുമത്താൻ കാരണമായി.

സബ് രജിസ്ട്രാർ ഓഫീസ്, നെല്ലായിയിലെ രേഖകളുടെ സൂക്ഷ്മപരിശോധനയിൽ (2023 നവംബർ) 2019 ഫെബ്രുവരി 5-ന് 21.61 ആർ ഭൂമി[129] 1.75 കോടി രൂപയ്ക്ക്[130] കൈമാറ്റം ചെയ്ത ഒരു തീറാധാരം (261/2019) രജിസ്റ്റർ ചെയ്തതായി കണ്ടെത്തി. സർവേ നമ്പർ 504-ൽ 'കോർപറേഷൻ/ മുനിസിപ്പാലിറ്റി/ പഞ്ചായത്ത് റോഡ് സൗകര്യമുള്ള വാസയോഗ്യമായ ഭൂമി' എന്ന തരത്തിന് നിശ്ചയിച്ചിട്ടുള്ള ന്യായവിലയാണ് ഈ ഭൂമിക്ക് വേണ്ടി പരിഗണിച്ചത്. പിന്നീട് ഇത് വാങ്ങിയ വ്യക്തി 2020 ഒക്ടോബർ 23-ന് അതേ സബ് രജിസ്ട്രാർ ഓഫീസിൽ മറ്റൊരു തീറാധാരം (1554/2020) രജിസ്റ്റർ ചെയ്ത് ഈ ഭൂമി കൈമാറ്റം ചെയ്തപ്പോൾ അതിൽ 'വാണിജ്യപ്രാധാന്യമുള്ള ഭൂമിക്ക്'[131] നിശ്ചയിച്ച ന്യായവില അനുസരിച്ച് സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസും ഈടാക്കിയതായും ശ്രദ്ധയിൽപ്പെട്ടു.

രണ്ടു രേഖകളിലെയും വിവരണം അനുസരിച്ച്, വസ്തുവിനെ അതിന്റെ ഉപയോഗമനുസരിച്ച് 'വാണിജ്യ'മായി തരം തിരിച്ചിട്ടുണ്ടെന്നും രണ്ടു രേഖകളുടെയും രജിസ്ട്രേഷൻ സമയത്ത് വസ്തുവിൽ ഒരു കമ്പനി ഷെഡും ഓഫീസ് മുറിയും നിലവിലുണ്ടായിരുന്നെന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടു. രണ്ടു രേഖകളും നടപ്പിലാക്കുന്ന തീയതികൾക്കിടയിൽ ഘടനാപരമായ കൂട്ടിച്ചേർക്കൽ/ കുറയ്ക്കൽ അല്ലെങ്കിൽ റോഡ് സൗകര്യം എന്നിവയിലൂടെ വസ്തുവിൽ കാര്യമായ മാറ്റമൊന്നും സംഭവിച്ചിട്ടില്ലാത്തതിനാൽ ഒരേ ഭൂമിയെ വ്യത്യസ്തമായി തരംതിരിക്കുന്നതും വ്യത്യസ്ത ന്യായവിലകൾക്ക് സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസും ഈടാക്കുന്നതും ന്യായീകരിക്കാവുന്നതല്ല. ആധാരം 1554/2020-ൽ ഈടാക്കിയതുപോലെ 'വാണിജ്യ പ്രാധാന്യമുള്ള ഭൂമി' എന്ന തരത്തിനുള്ള അതേ ന്യായവിലയ്ക്ക് തന്നെ ആധാരം 261/2019-നും സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസും ഈടാക്കേണ്ടതായിരുന്നു. ഭൂമിയുടെ തെറ്റായ തരം തിരിവ് വഴി കുറഞ്ഞ ന്യായവില സ്വീകരിച്ചതിന്റെ ഫലമായി **പട്ടിക 4.5**-ൽ കാണിച്ചിരിക്കുന്നതുപോലെ സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസുമായി **9.11 ലക്ഷം രൂപ** കുറവായി ചുമത്തി.

---

[129] തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്കിലെ തൃക്കൂർ വില്ലേജിലെ സർവേ നമ്പർ 504, സബ് ഡിവിഷൻ 3.

[130] ഭൂമി ₹1,05,00,000 + കമ്പനി ഷെഡ് ₹67,00,000 + ഓഫീസ് മുറി ₹3,00,000.

[131] 2020 ഒക്ടോബർ 23-ൽ ഒരു ആറിന് ₹11,00,000.

**പട്ടിക 4.5: സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസും കുറവായി ചുമത്തിയതിന്റെ വിശദാംശങ്ങൾ**

| വിവരണം | തുക (₹) |
|---|---|
| കൈമാറ്റം ചെയ്ത ഭൂമിയുടെ വിസ്തൃതി (ആർ) | 21.61 |
| ഉപയോഗത്തിനനുസരിച്ച് ബാധകമായ തരംതിരിവ് | വാണിജ്യ പ്രാധാന്യമുള്ള ഭൂമി |
| 2023 നവംബർ 29-ലെ ന്യായവില (ഒരു ആറിന്)<br>2010-ലെ തുകയുടെ 264% | 14,52,000 |
| രജിസ്ട്രേഷൻ സമയത്ത് (2019 ഫെബ്രുവരി 5) ബാധകമായ ന്യായവില 2010-ലെ തുകയുടെ 165% (ഒരു ആറിന്) | 9,07,500 |
| വസ്തുവിന്റെ വില (9,07,500 x 21.61) | 1,96,11,000 |
| ആധാരത്തിൽ പറഞ്ഞിരിക്കുന്ന ഭൂമിയുടെ വില | 1,05,00,000 |
| കുറവ് | 91,11,000 |
| സ്റ്റാമ്പ് തീരുവ കുറവായി ചുമത്തിയത് @8% | 7,28,880 |
| രജിസ്ട്രേഷൻ ഫീസ് കുറവായി ചുമത്തിയത് @2% | 1,82,220 |
| **ആകെ കുറവായി ചുമത്തിയത്** | **9,11,100** |

സ്രോതസ്സ്: വകുപ്പുതല രേഖകകളിൽ നിന്നും കണക്കു കൂട്ടിയത്.

ഇതു ചൂണ്ടിക്കാണിച്ചപ്പോൾ (2024 മെയ്), ഈ ഭൂമി 'വാണിജ്യ പ്രാധാന്യമുള്ള ഭൂമി' എന്ന ഗണത്തിൽപ്പെടുന്നുവെന്നും 1959-ലെ കേരള സ്റ്റാമ്പ് നിയമത്തിലെ വകുപ്പ് 45ബി(3) പ്രകാരം കുറവു വന്ന സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസും തിരിച്ചു പിടിക്കാൻ ജില്ലാ രജിസ്ട്രാർ സ്വമേധയാ നടപടിയെടുത്തുവെന്നും സർക്കാർ വ്യക്തമാക്കി (2024 ജൂലൈ, 2024 ഒക്ടോബർ). അണ്ടർവാലുവേഷൻ കോമ്പൗണ്ടിങ് സ്കീം പ്രകാരം 0.04 കോടി രൂപ തിരിച്ചുപിടിച്ചുവെന്നും പ്രസ്താവിച്ചു.

***ശുപാർശ 42***

*ഭൂമി രജിസ്റ്റർ ചെയ്യുന്ന സമയത്ത് തെറ്റായ തരം തിരിവ് ഒഴിവാക്കാൻ വേണ്ടത്ര ശ്രദ്ധ ചെലുത്തണമെന്ന് ശുപാർശ ചെയ്യുന്നു. ഖജനാവിന് നഷ്ടം ഉണ്ടാക്കിയതിന്റെ ഉത്തരവാദിത്തം രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥനുമേൽ ചുമത്താവുന്നതാണ്.*

## 4.9 സ്റ്റാമ്പ് തീരുവ, രജിസ്ട്രേഷൻ ഫീസ് എന്നിവ ഒഴിവാക്കാൻ ഭൂമി വിഭജിച്ചു വിൽപന നടത്തിയത്

ഭൂമി വിഭജിച്ചു വിൽപന നടത്തിയത് മൂലം സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസുമായി 3.49 ലക്ഷം രൂപ കുറവായി ചുമത്തി.

1959-ലെ കേരള സ്റ്റാമ്പ് നിയമത്തിലെ വകുപ്പ് 28എ(1) പ്രകാരം, ഭൂമിയുമായി ബന്ധപ്പെട്ട രേഖകൾ രജിസ്റ്റർ ചെയ്യുമ്പോൾ ഈടാക്കേണ്ട തീരുവ നിർണ്ണയിക്കുന്നതിനായി, ഓരോ റവന്യൂ ഡിവിഷണൽ ഓഫീസറും തന്റെ അധികാര പരിധിയിലുള്ള ഭൂമിയുടെ ന്യായവില നിശ്ചയിക്കേണ്ടതുണ്ട്. നിയമത്തിലെ വകുപ്പ് 45എ(1) പ്രകാരം, ഏതെങ്കിലും വസ്തു കൈമാറ്റം ചെയ്യുന്ന ഏതെങ്കിലും ആധാരം രജിസ്റ്റർ ചെയ്യുമ്പോൾ, രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥൻ, ആധാരത്തിൽ പറഞ്ഞിരിക്കുന്ന മൂല്യം ഭൂമിയുടെ ന്യായവിലയാണോ എന്നു പരിശോധിക്കണമെന്നും വസ്തുവിന്റെ മൂല്യം യഥാർത്ഥത്തിൽ കാണിച്ചിട്ടില്ലെന്ന് വിശ്വസിക്കാൻ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥന് കാരണമുണ്ടെങ്കിൽ പ്രമാണം

രജിസ്റ്റർ ചെയ്തശേഷം, വസ്തുവിന്റെ മൂല്യവും അതിൻമേൽ ഈടാക്കേണ്ട ശരിയായ തീരുവയും നിർണയിക്കാനായി 1959-ലെ കേരള സ്റ്റാമ്പ് നിയമത്തിലെ വകുപ്പ് 45ബി(1) പ്രകാരം കളക്ടറെ സമീപിക്കാമെന്നും വ്യവസ്ഥ ചെയ്യുന്നു.

രാജപുരം സബ് രജിസ്ട്രാർ ഓഫീസിലെ (കാസർഗോഡ്) രേഖകളുടെ സൂക്ഷ്മപരിശോധനയിൽ, സർവേ നമ്പർ 26/പിടി323-ൽ സ്ഥിതി ചെയ്യുന്ന 60.70 ആർ ഭൂമി മൊത്തം 22.50 ലക്ഷം രൂപയ്ക്ക് വിൽപ്പന നടത്തുന്ന തീറാധാരം (539/2022) രജിസ്റ്റർ ചെയ്തതായി (2022 മാർച്ച് 23) കണ്ടെത്തി. 'പഞ്ചായത്ത് റോഡ് സൗകര്യമുള്ള വാസയോഗ്യമായ ഭൂമി' എന്ന വിഭാഗത്തിൽപെടുത്തി ഒരു ആറിന് 36,064 രൂപ എന്ന ന്യായവിലയാണ് സ്വീകരിച്ചത്. 2022 ഏപ്രിൽ 28-ന്, ഇതേ വ്യക്തികൾ തമ്മിൽ, സർവേ നമ്പർ 26/പിടി323-ൽ പെടുന്ന 121.41 ആർ ഭൂമിയും സർവേ നമ്പർ 90/1പിടി6-ൽ പെടുന്ന 10.32 ആർ ഭൂമിയും മൊത്തം 10.50 ലക്ഷം രൂപയ്ക്ക് വിൽപ്പന നടത്തുന്ന മറ്റൊരു തീറാധാരം (828/2022) രജിസ്റ്റർ ചെയ്തു. സർവേ നമ്പർ 26/പിടി323-ലെ ഭൂമിയെ 'റോഡ് സൗകര്യമില്ലാത്ത തോട്ടഭൂമി'യെന്ന് തരംതിരിച്ച് ഒരു ആറിന് 7,331 രൂപയും സർവേ നമ്പർ 90/1പിടി6-ലെ ഭൂമിയെ 'നിലം' എന്ന് തരംതിരിച്ച് ഒരു ആറിന് 13,860 രൂപയും ന്യായവില സ്വീകരിച്ചു. ഇതിന്റെ വിശദാംശങ്ങൾ **അനുബന്ധം LV**-ൽ നൽകിയിരിക്കുന്നു.

രണ്ടു വസ്തുക്കളും[132] ഒരേ മുന്നാധാരവും തണ്ടപ്പേരുമുള്ള[133] പൊതു പൂർവ്വിക സ്വത്താണെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടു (2024 ഫെബ്രുവരി). ഭൂവുടമ തീറാധാരം 2737/1993 പ്രകാരം ഒറ്റ വസ്തുവായിട്ടാണ് ഈ വസ്തുക്കളുടെ ഉടമസ്ഥാവകാശം സ്വന്തമാക്കിയത്. ആധാരം 828/2022-ലെ പരാമർശം അനുസരിച്ച് സർവേ നമ്പർ 90/1പിടി6-ലെ ഭൂമി 'നിലം' ആണ്, അതിനാൽ വില കുറച്ച് കാണിക്കുന്നില്ല. രണ്ടു പ്രമാണങ്ങളിലുമുള്ള സ്വത്തുക്കളുടെ വിവരണങ്ങളിൽ നിന്നും 2021-22-ലും 2022-23-ലും അടച്ച ഭൂനികുതിയുടെ വിശദാംശങ്ങളിൽ നിന്നും സർവേ നമ്പർ 26/പിടി323-ലെ ഭൂമി 2022 മാർച്ച് വരെ ഒരൊറ്റ ഭൂമിയാണെന്ന് ഓഡിറ്റ് കണ്ടെത്തി. പിന്നീട് കുറഞ്ഞ ന്യായവിലയുടെ ആനുകൂല്യം ലഭിക്കുന്നതിനും അതുവഴി സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസും കുറയ്ക്കുന്നതിനും വേണ്ടി വസ്തുവിനെ ഒരു ഭാഗം റോഡ് സൗകര്യമില്ലാത്ത വിധത്തിൽ രണ്ടായി വിഭജിച്ചു.

ഭൂമിയുടെ ന്യായവില നിശ്ചയിക്കുന്ന സമയത്ത് മാതൃ വസ്തുവിലേക്ക് പഞ്ചായത്ത് റോഡ് സൗകര്യം ഉണ്ടായിരുന്നു. ഭൂമിയുടെ ന്യായവില നിശ്ചയിക്കാൻ യോഗ്യതയുള്ള അധികാരി ആർഡിഒ ആണ്, എന്നാൽ പുതുതായി സൃഷ്ടിച്ച സബ്ഡിവിഷന്റെ ന്യായവില ആർഡിഒ നിശ്ചയിച്ചിട്ടില്ലാത്തതിനാൽ മാതൃ വസ്തുവിന് നിശ്ചയിച്ചിരിക്കുന്ന ന്യായവില, അതായത് 'പഞ്ചായത്ത് റോഡ് സൗകര്യമുള്ള വാസയോഗ്യമായ ഭൂമി'യുടെ ന്യായവിലയാണ് രണ്ടു വസ്തുക്കൾക്കും ബാധകമാകേണ്ടത്. ആധാരം 828/2022 രജിസ്റ്റർ ചെയ്യുന്ന സമയത്ത്, സർവേ നമ്പർ 26/പിടി323-ൽ ഈ വിഭാഗത്തിന് നിശ്ചയിച്ച ന്യായവില ഒരു ആറിന് 36,064 രൂപ ആയിരുന്നു. അതിനാൽ പട്ടിക-1-ലെ വസ്തുവിന്റെ മൂല്യം കുറച്ചു കാണിച്ചതിന്റെ പേരിൽ സബ് രജിസ്ട്രാർ ഇത് കളക്ടർക്ക് കൈമാറണമായിരുന്നു. ഭൂമിയുടെ തെറ്റായ തരംതിരിവ് **പട്ടിക 4.6**-ൽ കാണിച്ചിരിക്കുന്നതു പോലെ സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസുമായി **3.49 ലക്ഷം രൂപ** കുറവായി ചുമത്താൻ കാരണമായി.

---

[132] കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് താലൂക്കിലെ ബേളൂർ വില്ലേജിൽ സ്ഥിതി ചെയ്യുന്നു.

[133] ഭൂമിയുടെ കൈവശാവകാശിയെ തിരിച്ചറിയാനുള്ള റവന്യൂ രേഖകളിലെ പ്രത്യേക നമ്പർ.

**പട്ടിക 4.6: സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസും കുറവായി ചുമത്തിയത്**

| വിശദാംശങ്ങൾ | തുക (₹) |
|---|---|
| തീറാധാരം നമ്പർ | 828/2022 |
| വിസ്തൃതി (ആർ) | 121.41 |
| ബാധകമായ ന്യായവില (ഒരു ആറിന്) | 36,064 |
| വസ്തുവിന്റെ മൂല്യം (121.41 x 36,064) | 43,78,530 |
| ആധാരത്തിൽ കാണിച്ചിരിക്കുന്ന മൂല്യം (121.41 x 7,331) | 8,90,057 |
| കുറവ് | 34,88,473 |
| സ്റ്റാമ്പ് തീരുവ കുറവായി ചുമത്തിയത് @8% | 2,79,078 |
| രജിസ്ട്രേഷൻ ഫീസ് കുറവായി ചുമത്തിയത് @2% | 69,769 |
| **ആകെ കുറവ്** | **3,48,847** |

സ്രോതസ്സ്: വകുപ്പുതല രേഖകകളിൽ നിന്നും കണക്കു കൂട്ടിയത്.

ഇതു ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ (2024 സെപ്റ്റംബർ) 1959-ലെ കേരള സ്റ്റാമ്പ് നിയമത്തിലെ വകുപ്പ് 45ബി(3) പ്രകാരം ജില്ലാ രജിസ്ട്രാർ (ജനറൽ), കാസർഗോഡ് സ്വമേധയാ അണ്ടർവാലുവേഷൻ നടപടികൾ ആരംഭിച്ചതായി സർക്കാർ അറിയിച്ചു (2024 നവംബർ).

***ശുപാർശ 43***

*ഉയർന്ന ന്യായവിലയ്ക്കു മേൽ സ്റ്റാമ്പ് തീരുവയും രജിസ്ട്രേഷൻ ഫീസും അടയ്ക്കാതിരിക്കാൻ മനപ്പൂർവ്വം ഭൂമി വിഭജിച്ചു വില്പന നടത്തുന്നത് തടയാൻ രജിസ്ട്രേഷൻ സമയത്ത് മുന്നാധാരങ്ങളിൽ മതിയായ ശ്രദ്ധ ചെലുത്തണമെന്ന് ശുപാർശ ചെയ്യുന്നു.*

# അദ്ധ്യായം V

# മറ്റ് വരവുകൾ

## അദ്ധ്യായം-V
## മറ്റ് വരവുകൾ

### 5.1 വനവും വന്യജീവികളും

കേരളത്തിലെ ഏറ്റവും പുരാതനവും പ്രധാനപ്പെട്ടതുമായ ഭരണ സ്ഥാപനങ്ങളിലൊന്നാണ് കേരള വനം വകുപ്പ്. ജൈവവൈവിധ്യ സംരക്ഷണം, വനസംരക്ഷണം, വന്യജീവി പരിപാലനം, ഗവേഷണം, സാമൂഹിക വനവൽക്കരണം, വനം വിജിലൻസ്, പരിസ്ഥിതി സംരക്ഷണം, ആദിവാസി ക്ഷേമം, ആസൂത്രണവും ഗവേഷണവും, ആദിവാസി പുനരധിവാസവും പ്രത്യേക വനവൽക്കരണവും, മാനവ വിഭവശേഷി വികസനം പൊതുഭരണം എന്നിവയാണ് വകുപ്പ് പ്രധാനമായും കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ.

### 5.1.1 പറമ്പിക്കുളം ആളിയാർ പദ്ധതിക്കായി അനുവദിച്ച ഭൂമിയുടെ പുതുക്കിയ ലൈസൻസ് ഫീസ് തമിഴ്നാട് സർക്കാരിൽ നിന്നും ഈടാക്കാത്തതു മൂലമുണ്ടായ വന വരുമാനത്തിലെ കുറവ്

**ഭൂനികുതി നിരക്കുകൾ പരിഷ്കരിച്ചതിന് അനുസൃതമായി ലൈസൻസ് ഫീസ് പരിഷ്കരിക്കാത്തതും, തുടർന്ന് ആനുപാതികമായ തുക തമിഴ്നാട് സർക്കാരിൽ നിന്നും ഈടാക്കാത്തതിന്റെയും ഫലമായി, 2012-13 മുതൽ 2023-24 വരെയുള്ള കാലയളവിൽ വന വരുമാനത്തിൽ 1.70 കോടി രൂപയുടെ കുറവിന് കാരണമായി.**

കേരള വന നിയമം, 1961-ന് കീഴിൽ സർക്കാരിന് അടക്കേണ്ട തുക യഥാസമയം അടയ്ക്കാത്ത പക്ഷം, നിലവിലുള്ള നിയമപ്രകാരമുള്ള ഭൂനികുതി കുടിശ്ശികയായി കണക്കാക്കി, തിരിച്ചുപിടിക്കണമെന്ന് പ്രസ്തുത നിയമം വ്യവസ്ഥ ചെയ്യുന്നു[134].

പറമ്പിക്കുളം ആളിയാർ പദ്ധതിക്കായി 2,467.27 ഹെക്ടർ വനഭൂമി 1958 നവംബർ 9 മുതൽ 30 വർഷത്തേക്ക് പാട്ടത്തിന് നൽകുന്നതിന് തമിഴ്നാട് സർക്കാരുമായി ഒരു കരാറിൽ കേരള സർക്കാർ ഏർപ്പെട്ടു. കേരള സർക്കാർ കരാറിന്റെ നിബന്ധനകളും വ്യവസ്ഥകളും 1969-ൽ ഔദ്യോഗികമായി അംഗീകരിച്ചു[135]. ലൈസൻസ് കരാർ പ്രകാരം[136], കേരളത്തിൽ നിലവിലുള്ള ഭൂനികുതി നിരക്കുകളെ അടിസ്ഥാനമാക്കി ലൈസൻസ് ഫീസ് അടയ്ക്കാൻ തമിഴ്നാട് സർക്കാർ ബാധ്യസ്ഥമാണ്. നിലവിൽ, പറമ്പിക്കുളം ആളിയാർ പദ്ധതിയുടെ ഭാഗമായി തമിഴ്നാട് സർക്കാരിന്റെ കൈവശമുള്ള വനഭൂമിയുടെ യഥാർത്ഥ വിസ്തൃതി 2,455.23 ഹെക്ടറാണ്[137].

30 വർഷത്തെ കാലാവധിക്ക് ശേഷം 1988 നവംബർ 8-ന് പദ്ധതിയുടെ പ്രാരംഭ പാട്ടക്കരാർ കാലഹരണപ്പെട്ടു. അതിനുശേഷം പുതിയ കരാറുകളൊന്നും ഉടമ്പടിയാക്കിയിട്ടില്ലെങ്കിലും കേരളത്തിലെ നിലവിലുള്ള ഭൂനികുതി നിരക്കുകളുടെ അടിസ്ഥാനത്തിൽ ബാധകമായ ലൈസൻസ് ഫീസ് അടയ്ക്കുന്നത് 1998 വരെ തമിഴ്നാട് സർക്കാർ തുടർന്നു. ഇത് താഴെ കൊടുത്തിരിക്കുന്ന **പട്ടിക 5.1**-ൽ കാണിച്ചിരിക്കുന്നു.

---

134 1961-ലെ കേരള വന നിയമത്തിന്റെ വകുപ്പ് 79.

135 1969 ജൂൺ 18-ന് അംഗീകരിച്ച സ.ഉ. (കൈ.).39/69/ഡബ്ല്യു&പി.

136 അനുബന്ധം II-ലെ നാലാം വ്യവസ്ഥ.

137 തുടക്കത്തിൽ പാട്ടത്തിന് നൽകിയത് 2,467.2752 ഹെക്ടർ ആയിരുന്നു. ഇത് പിന്നീട് 2,457.3466 ഹെക്ടറായി കുറച്ചു, വിവിധ ഘട്ടങ്ങളിലായി 2.1190 ഹെക്ടർ തിരികെ നൽകി. ബാക്കിയുള്ളത് 2,455.2276 ഹെക്ടർ മാത്രമാണ്.

**പട്ടിക 5.1: കേരളത്തിലെ ഭൂനികുതി നിരക്കുകൾ**

| കാലയളവ് | ഒരു ഹെക്ടറിനുള്ള വാർഷിക നിരക്ക് (₹) |
|---|---|
| 01.01.1959 മുതൽ 31.03.1988 വരെ | 4.94 |
| 01.04.1988 മുതൽ 31.03.1993 വരെ | 24.70 |
| 01.04.1993 മുതൽ 31.03.1998 വരെ | 50.00 |
| 01.04.1998 മുതൽ | 100.00 |

മുകളിലുള്ള പട്ടികയിൽ കാണിച്ചിരിക്കുന്നതുപോലെ, 1998 ഏപ്രിൽ 1-ന് അവസാനമായി പരിഷ്കരിച്ച നിരക്കിലാണ് ലൈസൻസ് ഫീസ് പിന്നീടങ്ങോട്ട് അടച്ചിരിക്കുന്നത്.

കേരളത്തിലെ ഭൂനികുതി നിരക്കുകൾ 1998 ഏപ്രിൽ 1-ന് ശേഷം മൂന്നു തവണ പരിഷ്കരിച്ചു. വാർഷിക നിരക്ക്, 2012 ഏപ്രിൽ 1 മുതൽ ഒരു ആറിന് രണ്ട് രൂപ (ഹെക്ടറിന് 200 രൂപ) ആയും (ധനകാര്യ നിയമം, 2012), 2014 സെപ്റ്റംബർ 30 മുതൽ ഒരു ആറിന് അഞ്ച് രൂപ (ഹെക്ടറിന് 500 രൂപ) ആയും (കേരള നികുതി നിയമങ്ങൾ (ഭേദഗതി) നിയമം, 2014), 2022 ഏപ്രിൽ 1 മുതൽ ഒരു ആറിന് എട്ട് രൂപ (ഹെക്ടറിന് 800 രൂപ) ആയും (ധനകാര്യ നിയമം, 2022) നിരക്കുകൾ പരിഷ്കരിച്ചു. എന്നാൽ, ലൈസൻസ് കരാറിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി, ഭൂനികുതി നിരക്കുകളിലെ മാറ്റങ്ങൾക്ക് അനുസൃതമായി തമിഴ്നാട് സർക്കാരിൽ നിന്ന് ഈടാക്കേണ്ട ലൈസൻസ് ഫീസ് വനം വകുപ്പ് പരിഷ്കരിച്ചില്ല. ഇത് കാരണം, 2,455.23 ഹെക്ടർ ഭൂമിക്ക് 2012-13 മുതൽ 2023-24 വരെ കാലയളവിൽ ലൈസൻസ് ഫീസായി ഈടാക്കിയതിൽ 1.14 കോടി രൂപയുടെ കുറവുണ്ടായി. കൂടാതെ, പ്രതിവർഷം 12 ശതമാനം എന്ന സാധാരണ നിരക്കിൽ കണക്കാക്കുമ്പോൾ 0.56 കോടി രൂപ പലിശയും ഈടാക്കിയില്ല **(അനുബന്ധം LVI)**.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2024 ഒക്ടോബർ), ലൈസൻസ് ഫീസിലെ കുടിശ്ശിക പലിശയോടൊപ്പം അടയ്ക്കണമെന്ന് അഭ്യർഥിച്ചുകൊണ്ട് തമിഴ്നാട് സർക്കാരിന് ഒരു നോട്ടീസ് നൽകിയിട്ടുള്ളതായി സർക്കാർ അറിയിച്ചു (2025 ജനുവരി, ആഗസ്റ്റ്).

***ശുപാർശ 44***

*ലൈസൻസ് ഫീസിലെ കുറവ് പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ വകുപ്പ് എത്രയും വേഗത്തിൽ കൈക്കൊള്ളണമെന്നും ഭൂനികുതി നിരക്കിനനുസൃതമായി ലൈസൻസ് ഫീസ് പരിഷ്കരിക്കുന്നുണ്ടെന്ന് നിരീക്ഷിക്കണമെന്നും ശുപാർശ ചെയ്യുന്നു.*

## 5.1.2 ഒരു റബ്ബർ കമ്പനിയുടെ പാട്ട വാടക പരിഷ്കരിക്കാത്തതു മൂലം 27.40 കോടി രൂപയുടെ കുറഞ്ഞ പിരിച്ചെടുക്കൽ

**ഒരു റബ്ബർ കമ്പനിയുടെ പാട്ടവാടക ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾക്കനുസൃതമായി പരിഷ്കരിക്കാത്തതിരുന്നത് പലിശ ഉൾപ്പെടെ 27.40 കോടി രൂപ കുറവായി പിരിച്ചെടുക്കുന്നതിന് കാരണമായി.**

മുൻ നാട്ടുരാജ്യങ്ങളായിരുന്ന തിരുവിതാംകൂർ, കൊച്ചി എന്നിവ നാമമാത്രമായ നിരക്കിലോ നിരക്കുകളില്ലാതെയോ കൃഷിക്കായി അനുവദിച്ച ഭൂമിയുടെ എല്ലാ ഗ്രാന്റുകളും പാട്ടങ്ങളും പരിഷ്കരിക്കുന്നതിനാണ് കേരള ഗ്രാന്റുകളും ലീസുകളും (മോഡിഫിക്കേഷൻ ഓഫ് റൈറ്റ്സ്) നിയമം, 1980 നടപ്പിലാക്കിയത്. സർക്കാർ നിശ്ചയിച്ചിട്ടുള്ള തത്വങ്ങളുടെ അടിസ്ഥാനത്തിൽ പാട്ട വാടക ആനുകാലികമായി പരിഷ്കരിക്കാൻ ജില്ലാ കളക്ടർക്ക് അധികാരമുണ്ട്[138]. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പാട്ടത്തിന് നൽകുന്ന വനഭൂമിക്ക് ബാധകമായ നിരക്കുകളേക്കാൾ കവിയരുത് എന്ന വ്യവസ്ഥകൾക്ക് വിധേയമായി, മാനദണ്ഡപ്രകാരമുള്ള ചെലവുകൾ കുറച്ചതിന് ശേഷമുള്ള വിളവിന്റെ വരുമാനത്തിന്റെ നിശ്ചിത ശതമാനമോ സമാനമായ ഭൂമിയുടെ മൂല്യത്തിന്റെ മൂന്ന് ശതമാനമോ, ഏതാണോ കൂടുതൽ അത്, പാട്ട വാടകയായി നിശ്ചയിക്കണം. രണ്ട് വർഷത്തിലൊരിക്കൽ വാടക പരിഷ്കരിക്കണം എന്ന വ്യവസ്ഥയിൽ, പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പാട്ടത്തിന് നൽകുന്ന വനഭൂമിക്ക് ബാധകമായ വാടകയേക്കാൾ കൂടുതൽ വാടക നിശ്ചയിക്കാൻ അനുവദിച്ചുകൊണ്ട് വാടക പരിമിതപ്പെടുത്തുന്ന വ്യവസ്ഥ ഭേദഗതി ചെയ്തു[139].

1917-ൽ 1,000 ഏക്കർ[140] (404.686 ഹെക്ടർ) വനഭൂമി റബ്ബർ കൃഷി ചെയ്യാൻ നാമമാത്രമായ വാടകയ്ക്ക് ഒരു റബ്ബർ കമ്പനിക്ക് പാട്ടത്തിന് നൽകിയതായി പീച്ചിയിലെ വന്യജീവി വാർഡന്റെ ഓഫീസിലെ രേഖകളുടെ ഓഡിറ്റ് പരിശോധനയിൽ (2024 ഫെബ്രുവരി) കണ്ടെത്തി. നിലവിൽ 356.1232 ഹെക്ടർ വിസ്തൃതിയുള്ള ഈ എസ്റ്റേറ്റ് പീച്ചി-വാഴാനി വന്യജീവി സങ്കേതത്തിനുള്ളിലാണ് സ്ഥിതി ചെയ്യുന്നത്. ഈ വനഭൂമിയുടെ പരിപാലകനായ പീച്ചിയിലെ വന്യജീവി വാർഡനാണ് ജില്ലാ കളക്ടർ നിശ്ചയിച്ച വാടക പിരിച്ചെടുക്കേണ്ട ഉത്തരവാദിത്തം. കേരള ഗ്രാന്റുകളും ലീസുകളും (മോഡിഫിക്കേഷൻ ഓഫ് റൈറ്റ്സ്) നിയമത്തിന് കീഴിലുള്ള ചട്ടങ്ങൾ 1990 മാർച്ചിൽ രൂപീകരിക്കപ്പെട്ടു. അതുപ്രകാരം വാടകയുടെ പുനരവലോകനം ആവശ്യമായിരുന്നു. വനം-വന്യജീവി വകുപ്പ് സെക്രട്ടറിയുടെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ 2009 നവംബർ 25 മുതൽ പാട്ടക്കരാർ വാടക പുതുക്കി നിശ്ചയിച്ചു[141]. നിശ്ചിത മാനദണ്ഡങ്ങൾ അനുസരിച്ച് പാട്ടവാടക ഒരു ഹെക്ടറിന് 70,983 രൂപ ആയിരിക്കേണ്ടതായിരുന്നുവെങ്കിലും, പൊതു മേഖലാ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള ഒരു ഹെക്ടറിന് 1,300 രൂപ എന്ന നിരക്ക് സ്വീകരിക്കുകയും അതനുസരിച്ച്, 356.1232 ഹെക്ടറിന് വാർഷിക പാട്ടവാടക 4,62,960 രൂപ ആയി നിജപ്പെടുത്തുകയും ചെയ്തു.

പാട്ടക്കാരൻ 2023-24 വർഷം വരെ ഈ പാട്ടവാടക അടക്കുന്നത് തുടർന്നു. സ്വകാര്യ തോട്ടങ്ങൾ നൽകേണ്ട പാട്ടവാടക പൊതുമേഖലാ സ്ഥാപനങ്ങളുടെ നിരക്കുകളിലേക്ക് പരിമിതപ്പെടുത്തുന്ന വ്യവസ്ഥ 2018 നവംബർ 7 മുതൽ

---

[138] 1980-ലെ കേരള ഗ്രാന്റുകളും ലീസുകളും (മോഡിഫിക്കേഷൻ ഓഫ് റൈറ്റ്സ്) നിയമത്തിന്റെ വകുപ്പ് 5, വകുപ്പ് 12 എന്നിവ.

[139] 1990-ലെ കേരള ഗ്രാന്റുകളും ലീസുകളും (മോഡിഫിക്കേഷൻ ഓഫ് റൈറ്റ്സ്) ചട്ടങ്ങളുടെ ചട്ടം 3(2)(എ), (ബി) എന്നിവ.

[140] 100 സെന്റ് = 1 ഏക്കർ, 1 ആർ = 2.47 സെന്റ്, അങ്ങനെ 1,000 ഏക്കർ = 404.686 ഹെക്ടർ.

[141] 2010 സെപ്റ്റംബർ 24-ലെ നമ്പർ 2010/31253/ബിഎസ് ഉത്തരവ് പ്രകാരമുള്ള തൃശ്ശൂർ ജില്ലാ കളക്ടറുടെ നടപടിക്രമങ്ങൾ കാണുക.

പ്രാബല്യത്തിൽ വരുന്ന രീതിയിൽ ഭേദഗതി ചെയ്തു, അതിനുശേഷം ഓരോ രണ്ട് വർഷത്തിലും പാട്ടവാടക പരിഷ്കരിക്കണം. ഇതനുസരിച്ച്, 2018-19, 2020-21, 2022-23 എന്നീ വർഷങ്ങളിൽ പരിഷ്ക്കരിക്കേണ്ടതായിരുന്നു. എന്നാൽ, പാട്ടവാടക പരിഷ്കരിക്കുന്നതിനായി വനം വകുപ്പ് നടപടിയെടുക്കുകയോ തൃശ്ശൂർ ജില്ലാ കളക്ടർ നിയമാനുസൃതം വാടക പരിഷ്കരിക്കുകയോ ചെയ്തില്ല.

2010 സെപ്റ്റംബർ 24-ലെ ജില്ലാ കളക്ടറുടെ നടപടിക്രമമനുസരിച്ച് കമ്പനിക്ക് പാട്ടത്തിന് നൽകിയതിന് സമാനമായ ഭൂമിയുടെ മൂല്യം ഒരു സെന്റിന് 7,035 രൂപ[142] (ഹെക്ടറിന് 17,38,489 രൂപ) ആയിരുന്നു. സർക്കാർ, ബന്ധപ്പെട്ട ഉത്തരവുകളിലൂടെ, 2010ൽ നിശ്ചയിച്ച ഭൂമിയുടെ ന്യായവില 2018 ഏപ്രിൽ 1 മുതൽ 165 ശതമാനമായും 2019 ഏപ്രിൽ 30 മുതൽ 181.50 ശതമാനമായും, 2020 മെയ് 15 മുതൽ 200 ശതമാനമായും, 2022 ഏപ്രിൽ 1 മുതൽ 220 ശതമാനമായും വർദ്ധിപ്പിച്ചു.

റബ്ബർ കൃഷിയിൽ നിന്നുള്ള വാർഷിക ലാഭത്തെക്കുറിച്ചുള്ള വിവരങ്ങളുടെ അഭാവത്തിൽ, ഭൂമി വിലയുടെ മൂന്ന് ശതമാനം അടിസ്ഥാനമാക്കി പുതുക്കിയ പാട്ടവാടക ഓഡിറ്റ് കണക്കാക്കി. അപ്രകാരം, 2010 സെപ്റ്റംബറിൽ ജില്ലാ കളക്ടർ ആദ്യം നിശ്ചയിച്ച ഭൂമിവിലയുടെ മൂന്ന് ശതമാനം, അതായത് ഹെക്ടറിന് 52,150 രൂപ അടിസ്ഥാനമായി എടുത്ത്, പാട്ടവാടക ഹെക്ടറിന് 2018 ഏപ്രിൽ 1 മുതൽ 86,048 രൂപ, 2019 ഏപ്രിൽ 30 മുതൽ 94,652 രൂപ, 2020 മെയ് 15 മുതൽ 1,04,300 രൂപ, 2022 ഏപ്രിൽ 1 മുതൽ 1,14,730 രൂപ എന്നിങ്ങനെ കണക്കാക്കി.

പാട്ടവാടക പരിഷ്കരിക്കാത്തതിനാൽ, കമ്പനിക്ക് പാട്ടത്തിന് നൽകിയ 356.1232 ഹെക്ടർ ഭൂമിക്ക് 2024 മാർച്ച് വരെയുള്ള വാടകയും പലിശയും ചേർത്ത് **27.40 കോടി രൂപ** കുറവായി പിരിച്ചെടുത്തതായി കണക്കാക്കിയത് ചുവടെയുള്ള **പട്ടിക 5.2**-ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 5.2: പാട്ടവാടക കുറവായി പിരിച്ചെടുത്തത്**

| വർഷം | ഭൂമി വിലയുടെ 3 ശതമാനം പ്രതി ഹെക്ടർ (₹) | പാട്ടവാടക അടയ്ക്കേണ്ടത് (₹) | പാട്ടവാടക ഒടുക്കിയത് (₹) | കുറവായി പിരിച്ചെടുത്തത് (₹) | 12 ശതമാനം നിരക്കിൽ പലിശ (₹) | ആകെ (₹) |
|---|---|---|---|---|---|---|
| 2018-19 | 86,048 | 3,06,43,689 | 4,62,960 | 3,01,80,729 | 1,81,08,437 | 4,82,89,166 |
| 2019-20 | 86,048 | 3,06,43,689 | 4,62,960 | 3,01,80,729 | 1,44,86,750 | 4,46,67,479 |
| 2020-21 | 1,04,300 | 3,71,43,650 | 4,62,960 | 3,66,80,690 | 1,32,05,048 | 4,98,85,738 |
| 2021-22 | 1,04,300 | 3,71,43,650 | 4,62,960 | 3,66,80,690 | 88,03,366 | 4,54,84,056 |
| 2022-23 | 1,14,730 | 4,08,58,015 | 4,62,960 | 4,03,95,055 | 48,47,407 | 4,52,42,462 |
| 2023-24 | 1,14,730 | 4,08,58,015 | 4,62,960 | 4,03,95,055 | 0 | 4,03,95,055 |
| **ആകെ** | | **21,72,90,708** | **27,77,760** | **21,45,12,948** | **5,94,51,008** | **27,39,63,956** |

സ്രോതസ്സ്: വകുപ്പുതല രേഖകളെ അടിസ്ഥാനമാക്കി കണക്കുകൂട്ടിയത്.

വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പാട്ടത്തിന് നൽകുന്ന വനഭൂമിയുടെ പാട്ടവാടക ആവശ്യപ്പെടാനും പിരിച്ചെടുക്കാനുമുള്ള അധികാരം വനം-വന്യജീവി വകുപ്പിനാണ്. എന്നാൽ, ജില്ലാ കളക്ടർ വഴി പാട്ടവാടക പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടി സ്വീകരിക്കാത്തതിനാൽ 21.45 കോടി രൂപയുടെ കുറഞ്ഞ പിരിവിന് കാരണമായി. 1961-ലെ കേരള വന നിയമത്തിന്റെ വകുപ്പ് 79, 1968-ലെ കേരള റവന്യൂ റിക്കവറി

[142] 247.12 സെന്റ് എന്നത് 1 ഹെക്ടറാണ്.

നിയമത്തിന്റെ വകുപ്പ് 6[143] എന്നിവ അനുസരിച്ച് പ്രതിവർഷം 12 ശതമാനം എന്ന നിരക്കിൽ 5.95 കോടി രൂപയുടെ പലിശയും ചുമത്തപ്പെടേണ്ടതുണ്ട്.

ഇത് ചൂണ്ടിക്കാണിച്ചപ്പോൾ (2025 ജനുവരി), കമ്പനി കൈവശം വച്ചിരിക്കുന്ന ഭൂമിയുടെ പാട്ടവാടക ഈടാക്കാൻ മുഖ്യ വനപാലകന് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് സർക്കാർ അറിയിച്ചു (2025 ജൂലൈ). ഇത് ബാധകമായ പലിശയും ചേർത്ത് മുൻകാല പ്രാബല്യത്തോടെ വീണ്ടെടുക്കുന്നതാണെന്നും സർക്കാർ കൂട്ടിച്ചേർത്തു.

***ശുപാർശ 45***

*വാടക തിരിച്ചുപിടിക്കാനുള്ള നടപടികൾ വകുപ്പ് എത്രയും വേഗം സ്വീകരിക്കണമെന്നും പാട്ടക്കരാറുകൾ കൃത്യമായി പുതുക്കുന്നതിനും പുതുക്കിയ പാട്ടവാടക കൃത്യസമയത്ത് ആവശ്യപ്പെടുന്നതിനും പിരിച്ചെടുക്കുന്നതിനുമുള്ള ഒരു സംവിധാനം രൂപപ്പെടുത്തണമെന്നും ശുപാർശ ചെയ്യുന്നു.*

[143] ഭൂമിയിൽ നിന്നുള്ള പൊതു വരുമാന കുടിശ്ശികയ്ക്ക് പ്രതിവർഷം 12 ശതമാനം നിരക്കിൽ പലിശ ബാധകമാണെന്ന് വകുപ്പ് 6 പ്രസ്താവിക്കുന്നു.

## 5.2 കാർഷിക ആദായ നികുതി

കാർഷിക ആദായത്തിന്മേലുള്ള നികുതി ഒരു സംസ്ഥാന വിഷയമാണ്, ഇത് ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിലെ പട്ടിക II-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 1991-ലെ കേരള കാർഷിക ആദായ നികുതി നിയമം 1991 ഏപ്രിൽ 1-ന് പ്രാബല്യത്തിൽ വന്നു. സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പാണ് ഈ നിയമം നടപ്പിലാക്കുന്നത്. ക്രമരഹിതമായി ഇളവ് അനുവദിച്ചതിനാൽ കാർഷിക ആദായ നികുതി പിരിച്ചെടുക്കാൻ സാധ്യമാകാതിരുന്ന ഒരു ഉദാഹരണം തുടർന്നുള്ള ഖണ്ഡികയിൽ പരാമർശിക്കുന്നു.

### 5.2.1 ക്രമരഹിതമായ അവകാശവാദം അംഗീകരിച്ചതിനാലുണ്ടായ കാർഷിക ആദായ നികുതിയുടെ പിരിച്ചെടുക്കാതിരിക്കൽ

**ക്രമരഹിതമായ ഇളവ് അനുവദിച്ചത് 12.01 ലക്ഷം രൂപയുടെ കാർഷിക ആദായ നികുതി ചുമത്താതിരിക്കാനും പിരിച്ചെടുക്കാതിരിക്കാനും കാരണമായി.**

കേരള കാർഷിക ആദായ നികുതി (എഐടി) നിയമം, 1991-ലെ വകുപ്പ് 37(1) പ്രകാരം, ഓരോ വ്യക്തിയും, മുൻ വർഷത്തെ കണക്കാക്കിയ മൊത്തം കാർഷിക വരുമാനത്തിന്, മുൻ വർഷത്തെ ഫെബ്രുവരി അവസാനത്തിലോ അതിനു മുമ്പോ നികുതി അടയ്ക്കേണ്ടതാണ്[144], ഇത് റിട്ടേൺ പ്രകാരമുള്ള മൊത്തം കാർഷിക ആദായത്തിന്റെ എൺപത് ശതമാനത്തിൽ കുറയാൻ പാടില്ല. നിയമത്തിലെ വകുപ്പ് 37(3) പ്രകാരം, റിട്ടേൺ സമർപ്പിക്കുന്നതിനുമുമ്പ്, ഓരോ വ്യക്തിയും മുൻ വർഷത്തെ മൊത്തം കാർഷിക ആദായത്തിന്മേൽ, ഇതിനകം അടച്ച മുൻകൂർ നികുതി കുറച്ചതിനുശേഷം, നികുതി അടയ്ക്കേണ്ടതാണ്. വകുപ്പ് 37(4) പ്രകാരം, നികുതി അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്ന ഏതൊരു വ്യക്തിയും കുടിശ്ശികയ്ക്കുമേൽ, ഓരോ മാസത്തെ കാലതാമസത്തിനും അല്ലെങ്കിൽ അതിന്റെ ഭാഗത്തിനും, ഈ വകുപ്പ് അനുസരിച്ച് പ്രതിവർഷം പന്ത്രണ്ട് ശതമാനം നിരക്കിൽ സാധാരണ പലിശ അടയ്ക്കേണ്ടതാണ്.

കാർഷിക ആദായ നികുതി നിയമം, 1991-ലെ വകുപ്പ് 45 പ്രകാരം, ഫയൽ ചെയ്ത റിട്ടേണിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും നികുതി അടയ്ക്കേണ്ടതായുണ്ടെങ്കിൽ, കാർഷിക ആദായനികുതി ഉദ്യോഗസ്ഥൻ നികുതിദായകന് നിർദ്ദിഷ്ട ഫോമിൽ കുടിശ്ശിക വ്യക്തമാക്കുന്ന ഒരു ഡിമാൻഡ് നോട്ടീസും ഒപ്പം ആ ഉത്തരവിന്റെ പകർപ്പും നൽകണം. ഉപവകുപ്പ് (1)ൽ വ്യക്തമാക്കിയിട്ടുള്ള ഒരു ഡിമാൻഡ് നോട്ടീസ് നൽകിയാൽ, വകുപ്പ് 37-ലെ ഉപവകുപ്പ് (4) പ്രകാരം ഈടാക്കിയ പലിശയും ചേർത്തുള്ള കുടിശ്ശിക തുക, അത്തരം തുക അടയ്ക്കാൻ ബാധ്യസ്ഥനായ നികുതിദായകന്റെ സ്വത്തുക്കളിന്മേൽ ആദ്യ ചാർജ് ആയിരിക്കും.

ജോയിന്റ് കമ്മീഷണർ, കോട്ടയത്തിന്റെ ഓഫീസിലെ നികുതിനിർണ്ണയ രേഖകളുടെ ഓഡിറ്റ് പരിശോധനയിൽ (2024 ജനുവരി), റബ്ബർ തോട്ടങ്ങളുടെ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഒരു നികുതിദായകൻ[145] 2019-20 നികുതിനിർണ്ണയ വർഷത്തിൽ 22.20 ലക്ഷം രൂപയും 2020-21 നികുതിനിർണ്ണയ വർഷത്തിൽ 17.88 ലക്ഷം രൂപയും കാർഷിക വരുമാനം കാണിച്ചുകൊണ്ട് വാർഷിക റിട്ടേൺ സമർപ്പിച്ചതായി കണ്ടെത്തി. നികുതിദായകൻ മുൻകൂർ നികുതിയൊന്നും അടച്ചിട്ടില്ലെന്നും 2018 ജൂൺ 29-ലെ സർക്കാർ ഉത്തരവ് നമ്പർ.44/2018 (തൊഴിൽ) പ്രകാരം നികുതിയൊന്നും അടയ്ക്കേണ്ടതില്ലെന്നും റിട്ടേണിൽ പ്രസ്താവിച്ചു. എന്നാൽ, പ്രസ്തുത സർക്കാർ

[144] മൊത്തം കാർഷിക വരുമാനത്തിന്റെ 30 ശതമാനം നിരക്കിൽ.

[145] എഐടി പെർമനെന്റ് അക്കൗണ്ട് നമ്പർ 32050417116.

ഉത്തരവിൽ ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷന്റെ അംഗീകരിച്ച ശുപാർശകൾ (ഈ കേസിൽ നികുതി പിരിവ് അഞ്ച് വർഷത്തേക്ക് നിർത്തിവെയ്ക്കൽ) നടപ്പിലാക്കുന്നതിനുള്ള ഉത്തരവുകൾ പുറപ്പെടുവിക്കാൻ ഉള്ള നിർദ്ദേശം ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകുക മാത്രമാണ് ചെയ്തത്. ആയതിനാൽ നികുതിദായകന്റെ അവകാശവാദം സ്വീകാര്യമല്ല. ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷന്റെ ശുപാർശകൾ അംഗീകരിച്ചുകൊണ്ട് കാർഷിക ആദായ നികുതി (റദ്ദാക്കൽ) നിയമം, 2021 പ്രാബല്യത്തിൽ വന്നത് 2023 ജനുവരി 6 മുതൽ മാത്രമാണ്.

അതിനാൽ, നിയമത്തിലെ വകുപ്പ് 37 പ്രകാരം 2019-20, 2020-21 നികുതിനിർണ്ണയ വർഷങ്ങളിലെ കാർഷിക വരുമാനത്തിന് നികുതി അടയ്ക്കാൻ നികുതിദായകൻ ബാധ്യസ്ഥനാണ്. എന്നാൽ, നികുതിദായകന്റെ നികുതി അടയ്ക്കാത്തതിനുള്ള അവകാശവാദം നികുതിനിർണ്ണയ ഉദ്യോഗസ്ഥൻ നിരസിക്കുകയോ ഓഡിറ്റ് നടന്ന ദിവസം വരെ വകുപ്പ് 45 പ്രകാരം ഡിമാൻഡ് നോട്ടീസ് നൽകുകയോ ചെയ്തിട്ടില്ല. ഇതിലൂടെ 2019-20, 2020-21 നികുതിനിർണ്ണയ വർഷങ്ങളിലെ കാർഷിക ആദായനികുതിയും പലിശയുമായി **12.01 ലക്ഷം രൂപ** ചുമത്താതിരുന്നതും പിരിച്ചെടുക്കാതിരുന്നതും ചുവടെ **പട്ടിക 5.3**-ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 5.3: നികുതി ചുമത്താത്തതിന്റെയും പിരിച്ചെടുക്കാത്തതിന്റെയും കണക്ക്**

| വിശദാംശങ്ങൾ | കണക്കുകൂട്ടൽ | തുക (₹) | |
|---|---|---|---|
| നികുതിനിർണ്ണയ വർഷങ്ങൾ | | **2019-20** | **2020-21** |
| മൊത്തം കാർഷിക വരുമാനം | എ | 22,19,823 | 17,87,863 |
| നികുതി നൽകേണ്ട കാർഷിക വരുമാനം (ആദായ നികുതി നിയമം, 1961-ലെ ചട്ടം 7എ - റബ്ബറിന് 65%) | ബി = എ-യുടെ 65% | 14,42,885 | 11,62,111 |
| കാർഷിക നികുതി 30 ശതമാനം നിരക്കിൽ | സി = ബി-യുടെ 30% | 4,32,866 | 3,48,633 |
| 2019/ 2020 ഫെബ്രുവരിയിൽ അടയ്ക്കേണ്ട വരുമാനത്തിന്റെ 80 ശതമാനം മുൻകൂർ നികുതി (മുൻ വർഷം 2018-19/ 2019-20) | ഡി = സി-യുടെ 80% | 3,46,293 | 2,78,906 |
| 2020/ 2021 ഡിസംബറിനു (റിട്ടേൺ സമർപ്പിക്കേണ്ട തീയതി) മുൻപ് അടയ്ക്കേണ്ട ബാക്കി നികുതി | ഇ = സി − ഡി | 86,573 | 69,727 |
| മുൻകൂർ നികുതി അടയ്ക്കാത്തതിന് വകുപ്പ് 37(4) പ്രകാരം നൽകേണ്ട പലിശ (03/2019 മുതൽ 03/2024 വരെ 61%, 03/2020 മുതൽ 03/2024 വരെ 49%) | എഫ് = ഡി-യുടെ മേലുള്ള പലിശ യഥാക്രമം 61%, 49% | 2,11,239 | 1,36,664 |
| ബാക്കി നികുതി അടയ്ക്കാത്തതിന് വകുപ്പ് 37(4) പ്രകാരം നൽകേണ്ട പലിശ (01/2020 മുതൽ 03/2024 വരെ 51%, 01/2021 മുതൽ 03/2024 വരെ 39%) | ജി = ഇ-യുടെ മേലുള്ള പലിശ യഥാക്രമം 51%, 39%. | 44,152 | 27,194 |
| ആകെ പലിശ | എച്ച് = എഫ് + ജി | 2,55,391 | 1,63,858 |
| ആകെ കുറവായി ചുമത്തിയ നികുതിയും പലിശയും | ഐ = സി + എച്ച് | 6,88,257 | 5,12,491 |
| **ആകെ** | | **12,00,748** | |

സ്രോതസ്സ്: വകുപ്പുതല രേഖകൾ അടിസ്ഥാനമാക്കിയത്.

ഈ കേസ് സർക്കാരിനെ അറിയിച്ചപ്പോൾ (2025 മെയ്), ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷന്റെ ശുപാർശകൾ അംഗീകരിച്ചുകൊണ്ട്, തോട്ടങ്ങളിൽ നിന്ന് കാർഷിക

ആദായനികുതി ചുമത്തുന്നത് അഞ്ച് വർഷത്തേക്ക് മരവിപ്പിച്ചുകൊണ്ട് ഒരു ഉത്തരവ് പുറപ്പെടുവിച്ചതായി സർക്കാർ മറുപടി നൽകി (2025 ഓഗസ്റ്റ് 16). ഈ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, 2019-20, 2020-21 വർഷങ്ങളിലെ കാർഷിക ആദായനികുതി അടയ്ക്കുന്നതിൽ നിന്ന് നികുതിദായകൻ ഇളവ് അവകാശപ്പെട്ടു. കൂടാതെ, കാർഷിക ആദായനികുതി നിയമം, 1991-ലെ വകുപ്പ് 39 പ്രകാരം 2018-19 നികുതിനിർണ്ണയ വർഷത്തിന്മേൽ പുറപ്പെടുവിച്ച നോട്ടീസിനെ ചോദ്യം ചെയ്ത് സമർപ്പിച്ച റിട്ട് ഹർജി, സമാനമായ ഒരു കേസിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി അനുവദിച്ചതായും പ്രസ്താവിച്ചു. ചോദ്യം ചെയ്യപ്പെട്ട നോട്ടീസ് പ്രകാരമുള്ള നടപടികൾ താൽക്കാലികമായി നിർത്തിവെയ്ക്കാനും, പ്രാദേശിക ചട്ടം പ്രാബല്യത്തിൽ തുടരുകയാണെങ്കിൽ, ഇളവ് കാലയളവ് അവസാനിച്ചു കഴിഞ്ഞാൽ നടപടിയെടുക്കാൻ നികുതിനിർണ്ണയ അധികാരിക്ക് വിശേഷാധികാരം നൽകുകയും ചെയ്തു കൊണ്ടും അത്തരമൊരു സാഹചര്യത്തിൽ, സമയപരിധി കഴിഞ്ഞതിനെ നികുതിദായകൻ എതിർക്കാൻ പാടില്ലെന്നും കോടതി ഉത്തരവിട്ടു (2020 ഡിസംബർ 16).

ബഹുമാനപ്പെട്ട ഹൈക്കോടതി, നടപടികൾ സ്റ്റേ ചെയ്യുകയും നിലവിലുള്ള നിയമപരമായ വ്യവസ്ഥകൾക്കനുസൃതമായി നടപടിയെടുക്കാൻ നികുതിനിർണ്ണയ അധികാരിക്ക് വിശേഷാധികാരം നൽകുകയും മാത്രമാണ് ചെയ്തത് എന്നതിനാൽ മറുപടി നിലനിൽക്കില്ല. ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷന്റെ ശുപാർശകൾക്ക് അനുസൃതമായി നടപ്പിൽ വരുത്തേണ്ട ഉത്തരവുകൾ പുറപ്പെടുവിക്കാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിക്കൊണ്ട് തൊഴിൽ വകുപ്പ് പുറപ്പെടുവിച്ച ഉദ്ധരിച്ച സർക്കാർ ഉത്തരവ് ഉപദേശ സ്വഭാവമുള്ളതായിരുന്നു. എന്നാൽ, കാർഷിക ആദായനികുതി നിയന്ത്രിക്കുന്ന നികുതി വകുപ്പ് അഞ്ച് വർഷത്തേക്ക് നികുതി പിരിവ് നിർത്തിവയ്ക്കുന്ന തരത്തിൽ ഒരു പ്രവർത്തനപരമായ സർക്കാർ ഉത്തരവും പുറപ്പെടുവിച്ചിട്ടില്ല. മാത്രവുമല്ല, കാർഷിക ആദായ നികുതി (റദ്ദാക്കൽ) നിയമം, 2021, 2023 ജനുവരി 6-ന് പ്രാബല്യത്തിൽ വന്നു. അതിനാൽ, 2023 ജനുവരി 6-ന് മുൻപ് നിലവിലുള്ള ചട്ടം 1991-ലെ കാർഷിക ആദായനികുതി നിയമവും അതിനുശേഷം 2021-ലെ കാർഷിക ആദായ നികുതി (റദ്ദാക്കൽ) നിയമവും ആണ്. റദ്ദാക്കൽ നിയമത്തിലെ വകുപ്പ് 2(1)(സി), റദ്ദാക്കിയ നിയമപ്രകാരം മുൻപ് നടത്തിയിട്ടുള്ള ഒരു തീരുമാനത്തെയും നടപടികളെയും റദ്ദാക്കൽ ബാധിക്കില്ലെന്ന് പ്രസ്താവിക്കുന്നു. കൂടാതെ, പ്രസ്തുത നിയമത്തിലെ വകുപ്പ് 2(2)(സി), കാർഷിക ആദായ നികുതിനിർണ്ണയത്തിൽ നിന്ന് നികുതി ഒഴിവാക്കിയത് ഉൾപ്പെടെയുള്ള നികുതിനിർണ്ണയം, നികുതി ചുമത്തൽ, നികുതി പിരിവ്, റദ്ദാക്കിയ നിയമപ്രകാരമുള്ള ചുമത്തൽ, ഏതെങ്കിലും വ്യക്തിയിൽ നിന്ന് അടയ്ക്കേണ്ട തുക അടയ്ക്കുന്നതിനുള്ള ബാധ്യത, റദ്ദാക്കിയ നിയമപ്രകാരം തുകയുടെ റീഫണ്ട് ലഭിക്കുവാനുള്ള അവകാശം എന്നിവയുമായി ബന്ധപ്പെട്ട്, നിയമം പ്രാബല്യത്തിൽ വരുന്നതു വരെ തീർപ്പാകാതെയുള്ള നടപടികൾ തുടരാനും പൂർത്തിയാക്കാനുമുള്ള അവകാശത്തെ ഈ നിയമം ബാധിക്കില്ല എന്ന് നിഷ്കർഷിക്കുന്നു.

അതിനാൽ, വ്യവസ്ഥകൾ പ്രകാരം നികുതി ചുമത്തുന്നതിലും പിരിച്ചെടുക്കുന്നതിലും നികുതി നിർണ്ണയ ഉദ്യോഗസ്ഥൻ പരാജയപ്പെട്ടതിനാൽ നികുതിയും പലിശയുമായി 12.01 ലക്ഷം രൂപ പിരിച്ചെടുക്കാതിരിക്കാൻ കാരണമായി.

***ശുപാർശ 46***

*നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായാണ് നികുതിനിർണ്ണയവും നികുതി ചുമത്തലും നടക്കുന്നതെന്ന് ഉറപ്പാക്കാൻ നികുതിനിർണ്ണയ അധികാരികൾ രേഖകളുടെ ശരിയായ പരിശോധന നടത്തണമെന്ന് ശുപാർശ ചെയ്യുന്നു.*

| | |
|---|---|
| **തിരുവനന്തപുരം,** | **(വിഷ്ണുകാന്ത് പി ബി)** |
| **തീയതി 27 ഏപ്രിൽ 2026** | **അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II), കേരളം** |

**മേലൊപ്പിട്ടത്**

| | |
|---|---|
| **ന്യൂ ഡൽഹി,** | **(കെ. സഞ്ജയ് മൂർത്തി)** |
| **തീയതി 05 മേയ് 2026** | **ഇന്ത്യയുടെ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ** |

# അനുബന്ധം

**അനുബന്ധം – I**

**(സൂചന: ഖണ്ഡിക 1.4)**

**നികുതിനിർണ്ണയങ്ങളുടെ കുടിശ്ശിക**

| റവന്യൂ ശീർഷകം | മുന്നിരിപ്പ് | 2023-24 കാലയളവിൽ നികുതിനിർണ്ണയത്തിന് പാകമായ പുതിയ കേസുകൾ | നികുതിനിർണ്ണയത്തിന് പാകമായ ആകെ കേസുകൾ | 2022-23 വർഷക്കാലയളവിൽ തീർപ്പാക്കപ്പെട്ട കേസുകൾ | വർഷാവസാനത്തെ ബാക്കി | തീർപ്പാക്കപ്പെട്ടതിന്റെ ശതമാനം (കോളം 5, 4 നോട്) |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| **റവന്യൂവും ദുരന്തനിവാരണവും വകുപ്പ്** | | | | | | |
| 1) കെട്ടിട നികുതി | 32,186 | 1,70,492 | 2,02,678 | 1,76,503 | 26,175 | 87.09 |
| 2) തോട്ട നികുതി | 1,014 | 45 | 1,059 | 156 | 903 | 14.73 |
| **റവന്യൂവും ദുരന്തനിവാരണവും വകുപ്പ് ആകെ** | **33,200** | **1,70,537** | **2,03,737** | **1,76,659** | **27,078** | **86.71** |
| **സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്** | | | | | | |
| 1) ജിഎസ്ടി | 21,009 | 15,281 | 36,290 | 24,366 | 11,924 | 67.14 |
| 2) എ. വിൽപന നികുതി | 708 | 1,385 | 2,093 | 869 | 1,224 | 41.52 |
| ബി. മോട്ടോർ സ്പിരിറ്റിൻമേലുള്ള നികുതി | 27 | 83 | 110 | 87 | 23 | 79.09 |
| സി. ആഡംബര നികുതി | 0 | 0 | 0 | 0 | 0 | 0 |
| ഡി. വർക്ക്സ് കോൺട്രാക്റ്റിനു മേലുള്ള നികുതി | 11 | 0 | 11 | 2 | 9 | 18.18 |
| ഇ. മറ്റുള്ളവ | 476 | 20 | 496 | 374 | 122 | 75.40 |
| 3) കാർഷികാദായ നികുതി | 122 | 60 | 182 | 90 | 92 | 49.45 |
| **സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ആകെ** | **22,353** | **16,829** | **39,182** | **25,788** | **13,394** | **65.82** |

സ്രോതസ്സ്: ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് ലഭിച്ച വിവരങ്ങൾ.

## അനുബന്ധം – II
### (സൂചന: ഖണ്ഡിക 2.4.6.4 - ബുള്ളറ്റ് 1)
### മോട്ടോർ വാഹന നിയമത്തിലെ വ്യവസ്ഥകൾ ലംഘിച്ച് ഡ്രൈവിംഗ് ലൈസൻസുകൾ നൽകുന്നത്

| ക്രമ നമ്പർ | ഓഫീസ് | കേസുകളുടെ എണ്ണം | അധിക കാലാവധി (ദിവസത്തിൽ) |
|---|---|---|---|
| 1 | ആർടിഒ തിരുവനന്തപുരം | 153 | 2 മുതൽ 3,904 വരെ |
| 2 | ആർടിഒ കൊല്ലം | 192 | 2 മുതൽ 3,619 വരെ |
| 3 | ആർടിഒ പത്തനംതിട്ട | 10 | 5 മുതൽ 2,144 വരെ |
| 4 | ആർടിഒ ആലപ്പുഴ | 16 | 2 മുതൽ 2,332 വരെ |
| 5 | ആർടിഒ കോട്ടയം | 177 | 2 മുതൽ 3,576 വരെ |
| 6 | ആർടിഒ ഇടുക്കി | 15 | 15 മുതൽ 2,947 വരെ |
| 7 | ആർടിഒ എറണാകുളം | 46 | 2 മുതൽ 3,005 വരെ |
| 8 | ആർടിഒ തൃശ്ശൂർ | 136 | 2 മുതൽ 4,383 വരെ |
| 9 | ആർടിഒ പാലക്കാട് | 86 | 2 മുതൽ 3,604 വരെ |
| 10 | ആർടിഒ മലപ്പുറം | 156 | 2 മുതൽ 3,626 വരെ |
| 11 | ആർടിഒ കോഴിക്കോട് | 44 | 3 മുതൽ 3,399 വരെ |
| 12 | ആർടിഒ വയനാട് | 17 | 4 മുതൽ 3,653 വരെ |
| 13 | ആർടിഒ കണ്ണൂർ | 122 | 7 മുതൽ 3,648 വരെ |
| 14 | ആർടിഒ കാസർകോട് | 116 | 6 മുതൽ 3,513 വരെ |
| 15 | ആർടിഒ എൻഎസ് കെഎസ്ആർടിസി | 10 | 7 മുതൽ 3,490 വരെ |
| 16 | ആർടിഒ ആറ്റിങ്ങൽ | 105 | 18 മുതൽ 3,801 വരെ |
| 17 | ആർടിഒ മൂവാറ്റുപുഴ | 20 | 4 മുതൽ 1,758 വരെ |
| 18 | ആർടിഒ വടകര | 111 | 5 മുതൽ 3,529 വരെ |
| 19 | എസ്ആർടിഒ പാറശ്ശാല | 107 | 2 മുതൽ 3,519 വരെ |
| 20 | എസ്ആർടിഒ നെയ്യാറ്റിൻകര | 41 | 10 മുതൽ 3,442 വരെ |
| 21 | എസ്ആർടിഒ നെടുമങ്ങാട് | 148 | 2 മുതൽ 3,558 വരെ |
| 22 | എസ്ആർടിഒ കഴക്കൂട്ടം | 97 | 4 മുതൽ 3,651 വരെ |
| 23 | എസ്ആർടിഒ കരുനാഗപ്പള്ളി | 15 | 6 മുതൽ 1,316 വരെ |
| 24 | എസ്ആർടിഒ കൊട്ടാരക്കര | 34 | 2 മുതൽ 3,473 വരെ |
| 25 | എസ്ആർടിഒ പുനലൂർ | 64 | 3 മുതൽ 3,630 വരെ |
| 26 | എസ്ആർടിഒ അടൂർ | 19 | 3 മുതൽ 3,194 വരെ |
| 27 | എസ്ആർടിഒ തിരുവല്ല | 12 | 6 മുതൽ 2,436 വരെ |
| 28 | എസ്ആർടിഒ മല്ലപ്പള്ളി | 14 | 7 മുതൽ 3,522 വരെ |
| 29 | എസ്ആർടിഒ കായംകുളം | 44 | 2 മുതൽ 3,513 വരെ |
| 30 | എസ്ആർടിഒ ചെങ്ങന്നൂർ | 8 | 7 മുതൽ 3,652 വരെ |
| 31 | എസ്ആർടിഒ മാവേലിക്കര | 29 | 2 മുതൽ 3,166 വരെ |
| 32 | എസ്ആർടിഒ ചേർത്തല | 62 | 2 മുതൽ 3,640 വരെ |
| 33 | എസ്ആർടിഒ ചങ്ങനാശ്ശേരി | 20 | 3 മുതൽ 3,189 വരെ |

| ക്രമ നമ്പർ | ഓഫീസ് | കേസുകളുടെ എണ്ണം | അധിക കാലാവധി (ദിവസത്തിൽ) |
|---|---|---|---|
| 34 | എസ്ആർടിഒ കാഞ്ഞിരപ്പള്ളി | 19 | 3 മുതൽ 2,258 വരെ |
| 35 | എസ്ആർടിഒ പാലാ | 33 | 2 മുതൽ 3,477 വരെ |
| 36 | എസ്ആർടിഒ വൈക്കം | 11 | 5 മുതൽ 639 വരെ |
| 37 | എസ്ആർടിഒ വണ്ടിപ്പെരിയാർ | 3 | 18 മുതൽ 304 വരെ |
| 38 | എസ്ആർടിഒ തൊടുപുഴ | 93 | 17 മുതൽ 3,648 വരെ |
| 39 | എസ്ആർടിഒ തൃപ്പൂണിത്തുറ | 15 | 3 മുതൽ 2,045 വരെ |
| 40 | എസ്ആർടിഒ പെരുമ്പാവൂർ | 20 | 2 മുതൽ 2,550 വരെ |
| 41 | എസ്ആർടിഒ ആലുവ | 34 | 3 മുതൽ 3,469 വരെ |
| 42 | എസ്ആർടിഒ നോർത്ത് പറവൂർ | 22 | 5 മുതൽ 3,471 വരെ |
| 43 | എസ്ആർടിഒ മട്ടാഞ്ചേരി | 24 | 2 മുതൽ 3,545 വരെ |
| 44 | എസ്ആർടിഒ കോതമംഗലം | 9 | 3 മുതൽ 3,321 വരെ |
| 45 | എസ്ആർടിഒ ഇരിങ്ങാലക്കുട | 51 | 2 മുതൽ 3,784 വരെ |
| 46 | എസ്ആർടിഒ ഗുരുവായൂർ | 106 | 2 മുതൽ 3,521 വരെ |
| 47 | എസ്ആർടിഒ കൊടുങ്ങല്ലൂർ | 21 | 7 മുതൽ 3,180 വരെ |
| 48 | എസ്ആർടിഒ വടക്കാഞ്ചേരി | 30 | 2 മുതൽ 1,827 വരെ |
| 49 | എസ്ആർടിഒ ആലത്തൂർ | 27 | 2 മുതൽ 3,362 വരെ |
| 50 | എസ്ആർടിഒ മണ്ണാർക്കാട് | 20 | 7 മുതൽ 3,632 വരെ |
| 51 | എസ്ആർടിഒ ഒറ്റപ്പാലം | 31 | 2 മുതൽ 3,604 വരെ |
| 52 | എസ്ആർടിഒ പട്ടാമ്പി | 77 | 2 മുതൽ 3,594 വരെ |
| 53 | എസ്ആർടിഒ പെരിന്തൽമണ്ണ | 37 | 2 മുതൽ 3,525 വരെ |
| 54 | എസ്ആർടിഒ പൊന്നാനി | 12 | 3 മുതൽ 2,736 വരെ |
| 55 | എസ്ആർടിഒ തിരൂർ | 41 | 2 മുതൽ 2,874 വരെ |
| 56 | എസ്ആർടിഒ കൊയിലാണ്ടി | 15 | 5 മുതൽ 2,748 വരെ |
| 57 | എസ്ആർടിഒ കൊടുവള്ളി | 36 | 2 മുതൽ 3,532 വരെ |
| 58 | എസ്ആർടിഒ തലശ്ശേരി | 53 | 5 മുതൽ 3,482 വരെ |
| 59 | എസ്ആർടിഒ തളിപ്പറമ്പ് | 93 | 2 മുതൽ 3,649 വരെ |
| 60 | എസ്ആർടിഒ കാഞ്ഞങ്ങാട് | 76 | 37 മുതൽ 3,568 വരെ |
| 61 | എസ്ആർടിഒ കുന്നത്തൂർ | 18 | 5 മുതൽ 3,653 വരെ |
| 62 | എസ്ആർടിഒ റാന്നി | 5 | 8 മുതൽ 3,332 വരെ |
| 63 | എസ്ആർടിഒ അങ്കമാലി | 19 | 3 മുതൽ 3,075 വരെ |
| 64 | എസ്ആർടിഒ ചാലക്കുടി | 24 | 5 മുതൽ 3,280 വരെ |
| 65 | എസ്ആർടിഒ തിരൂരങ്ങാടി | 81 | 3 മുതൽ 3,490 വരെ |
| 66 | എസ്ആർടിഒ കുട്ടനാട് | 13 | 3 മുതൽ 3,384 വരെ |
| 67 | എസ്ആർടിഒ ഉഴവൂർ | 5 | 4 മുതൽ 27 വരെ |
| 68 | എസ്ആർടിഒ ദേവികുളം | 10 | 50 മുതൽ 3,119 വരെ |

| ക്രമ നമ്പർ | ഓഫീസ് | കേസുകളുടെ എണ്ണം | അധിക കാലാവധി (ദിവസത്തിൽ) |
|---|---|---|---|
| 69 | എസ്ആർടിഒ ഉടുമ്പൻചോല | 11 | 286 മുതൽ 3,333 വരെ |
| 70 | എസ്ആർടിഒ ചിറ്റൂർ | 20 | 3 മുതൽ 2,920 വരെ |
| 71 | എസ്ആർടിഒ നിലമ്പൂർ | 84 | 3 മുതൽ 3,549 വരെ |
| 72 | എസ്ആർടിഒ മാനന്തവാടി | 12 | 4 മുതൽ 3,497 വരെ |
| 73 | എസ്ആർടിഒ സുൽത്താൻ ബത്തേരി | 13 | 2 മുതൽ 2,034 വരെ |
| 74 | എസ്ആർടിഒ കാട്ടാക്കട | 29 | 36 മുതൽ 3,240 വരെ |
| 75 | എസ്ആർടിഒ തൃപ്രയാർ | 12 | 4 മുതൽ 3,050 വരെ |
| 76 | എസ്ആർടിഒ നന്മണ്ട | 33 | 4 മുതൽ 3,523 വരെ |
| 77 | എസ്ആർടിഒ പേരാമ്പ്ര | 10 | 38 മുതൽ 2,196 വരെ |
| 78 | എസ്ആർടിഒ ഇരിട്ടി | 54 | 10 മുതൽ 3,613 വരെ |
| 79 | എസ്ആർടിഒ വെള്ളരിക്കുണ്ട് | 17 | 15 മുതൽ 3,463 വരെ |
| 80 | എസ്ആർടിഒ പത്തനാപുരം | 4 | 304 മുതൽ 3,653 വരെ |
| 81 | എസ്ആർടിഒ വർക്കല | 26 | 2 മുതൽ 3,629 വരെ |
| 82 | എസ്ആർടിഒ ചടയമംഗലം | 13 | 4 മുതൽ 1,827 വരെ |
| 83 | എസ്ആർടിഒ കോന്നി | 3 | 5 മുതൽ 31 വരെ |
| 84 | എസ്ആർടിഒ കൊണ്ടോട്ടി | 20 | 3 മുതൽ 3,373 വരെ |
| 85 | എസ്ആർടിഒ രാമനാട്ടുകര (ഫറോക്ക്) | 9 | 7 മുതൽ 3,351 വരെ |
| 86 | എസ്ആർടിഒ പയ്യന്നൂർ | 19 | 10 മുതൽ 3,851 വരെ |
| **ആകെ** | | **3,819** | **2 മുതൽ 4,383 ദിവസം വരെ** |

സ്രോതസ്സ്: സാരഥി ഡാറ്റാബേസ്.

## അനുബന്ധം – III
## (സൂചന: ഖണ്ഡിക 2.4.6.4 - ബുള്ളറ്റ് 2)
## മോട്ടോർ വാഹന നിയമത്തിലെ വ്യവസ്ഥകൾ ലംഘിച്ച് ഡ്രൈവിംഗ് ലൈസൻസുകൾ നൽകുന്നത്

| ക്രമ നമ്പർ | ഓഫീസ് | കേസുകളുടെ എണ്ണം | കുറഞ്ഞ കാലാവധി (ദിവസത്തിൽ) |
|---|---|---|---|
| 1 | ആർടിഒ തിരുവനന്തപുരം | 90 | 2 മുതൽ 3,377 വരെ |
| 2 | ആർടിഒ കൊല്ലം | 145 | 2 മുതൽ 2,391 വരെ |
| 3 | ആർടിഒ പത്തനംതിട്ട | 11 | 2 മുതൽ 446 വരെ |
| 4 | ആർടിഒ ആലപ്പുഴ | 16 | 2 മുതൽ 901 വരെ |
| 5 | ആർടിഒ കോട്ടയം | 109 | 2 മുതൽ 1,826 വരെ |
| 6 | ആർടിഒ ഇടുക്കി | 18 | 3 മുതൽ 2,922 വരെ |
| 7 | ആർടിഒ എറണാകുളം | 75 | 2 മുതൽ 1,461 വരെ |
| 8 | ആർടിഒ തൃശ്ശൂർ | 102 | 2 മുതൽ 2,295 വരെ |
| 9 | ആർടിഒ പാലക്കാട് | 79 | 3 മുതൽ 4,288 വരെ |
| 10 | ആർടിഒ മലപ്പുറം | 101 | 2 മുതൽ 2,511 വരെ |
| 11 | ആർടിഒ കോഴിക്കോട് | 52 | 2 മുതൽ 3,065 വരെ |
| 12 | ആർടിഒ വയനാട് | 24 | 5 മുതൽ 2,841 വരെ |
| 13 | ആർടിഒ കണ്ണൂർ | 120 | 5 മുതൽ 1,826 വരെ |
| 14 | ആർടിഒ കാസർകോട് | 83 | 2 മുതൽ 1,826 വരെ |
| 15 | ആർടിഒ എൻഎസ് കെഎസ്ആർടിസി | 33 | 3 മുതൽ 3,566 വരെ |
| 16 | ആർടിഒ ആറ്റിങ്ങൽ | 85 | 2 മുതൽ 1,826 വരെ |
| 17 | ആർടിഒ മൂവാറ്റുപുഴ | 24 | 8 മുതൽ 1,032 വരെ |
| 18 | ആർടിഒ വടകര | 88 | 2 മുതൽ 1,826 വരെ |
| 19 | എസ്ആർടിഒ പാറശ്ശാല | 44 | 3 മുതൽ 1,959 വരെ |
| 20 | എസ്ആർടിഒ നെയ്യാറ്റിൻകര | 20 | 2 മുതൽ 2,913 വരെ |
| 21 | എസ്ആർടിഒ നെടുമങ്ങാട് | 105 | 2 മുതൽ 3,605 വരെ |
| 22 | എസ്ആർടിഒ കഴക്കൂട്ടം | 53 | 4 മുതൽ 2,173 വരെ |
| 23 | എസ്ആർടിഒ കരുനാഗപ്പള്ളി | 22 | 3 മുതൽ 1,869 വരെ |
| 24 | എസ്ആർടിഒ കൊട്ടാരക്കര | 41 | 3 മുതൽ 1,744 വരെ |
| 25 | എസ്ആർടിഒ പുനലൂർ | 63 | 2 മുതൽ 3,653 വരെ |
| 26 | എസ്ആർടിഒ അടൂർ | 28 | 2 മുതൽ 2,464 വരെ |
| 27 | എസ്ആർടിഒ തിരുവല്ല | 19 | 5 മുതൽ 2,488 വരെ |
| 28 | എസ്ആർടിഒ മല്ലപ്പള്ളി | 9 | 12 മുതൽ 1,826 വരെ |
| 29 | എസ്ആർടിഒ കായംകുളം | 40 | 2 മുതൽ 1,826 വരെ |
| 30 | എസ്ആർടിഒ ചെങ്ങന്നൂർ | 22 | 2 മുതൽ 1,128 വരെ |
| 31 | എസ്ആർടിഒ മാവേലിക്കര | 28 | 2 മുതൽ 1,366 വരെ |
| 32 | എസ്ആർടിഒ ചേർത്തല | 68 | 2 മുതൽ 1,826 വരെ |
| 33 | എസ്ആർടിഒ ചങ്ങനാശ്ശേരി | 28 | 8 മുതൽ 1,826 വരെ |

| ക്രമ നമ്പർ | ഓഫീസ് | കേസുകളുടെ എണ്ണം | കുറഞ്ഞ കാലാവധി (ദിവസത്തിൽ) |
|---|---|---|---|
| 34 | എസ്ആർടിഒ കാഞ്ഞിരപ്പള്ളി | 29 | 2 മുതൽ 2,455 വരെ |
| 35 | എസ്ആർടിഒ പാലാ | 26 | 3 മുതൽ 1,826 വരെ |
| 36 | എസ്ആർടിഒ വൈക്കം | 20 | 2 മുതൽ 1,826 വരെ |
| 37 | എസ്ആർടിഒ വണ്ടിപ്പെരിയാർ | 14 | 9 മുതൽ 2,329 വരെ |
| 38 | എസ്ആർടിഒ തൊടുപുഴ | 71 | 2 മുതൽ 2,120 വരെ |
| 39 | എസ്ആർടിഒ തൃപ്പൂണിത്തുറ | 17 | 3 മുതൽ 3,429 വരെ |
| 40 | എസ്ആർടിഒ പെരുമ്പാവൂർ | 20 | 7 മുതൽ 3,652 വരെ |
| 41 | എസ്ആർടിഒ ആലുവ | 39 | 2 മുതൽ 1,826 വരെ |
| 42 | എസ്ആർടിഒ നോർത്ത് പറവൂർ | 32 | 4 മുതൽ 1,826 വരെ |
| 43 | എസ്ആർടിഒ മട്ടാഞ്ചേരി | 24 | 6 മുതൽ 1,826 വരെ |
| 44 | എസ്ആർടിഒ കോതമംഗലം | 6 | 3 മുതൽ 784 വരെ |
| 45 | എസ്ആർടിഒ ഇരിങ്ങാലക്കുട | 42 | 2 മുതൽ 3,188 വരെ |
| 46 | എസ്ആർടിഒ ഗുരുവായൂർ | 74 | 2 മുതൽ 2,670 വരെ |
| 47 | എസ്ആർടിഒ കൊടുങ്ങല്ലൂർ | 25 | 5 മുതൽ 2,043 വരെ |
| 48 | എസ്ആർടിഒ വടക്കാഞ്ചേരി | 43 | 3 മുതൽ 1,826 വരെ |
| 49 | എസ്ആർടിഒ ആലത്തൂർ | 38 | 3 മുതൽ 1,854 വരെ |
| 50 | എസ്ആർടിഒ മണ്ണാർക്കാട് | 40 | 2 മുതൽ 1,826 വരെ |
| 51 | എസ്ആർടിഒ ഒറ്റപ്പാലം | 48 | 5 മുതൽ 1,826 വരെ |
| 52 | എസ്ആർടിഒ പട്ടാമ്പി | 70 | 2 മുതൽ 1,826 വരെ |
| 53 | എസ്ആർടിഒ പെരിന്തൽമണ്ണ | 41 | 3 മുതൽ 1,826 വരെ |
| 54 | എസ്ആർടിഒ പൊന്നാനി | 39 | 3 മുതൽ 1,218 വരെ |
| 55 | എസ്ആർടിഒ തിരൂർ | 79 | 2 മുതൽ 3,694 വരെ |
| 56 | എസ്ആർടിഒ കൊയിലാണ്ടി | 27 | 3 മുതൽ 2,432 വരെ |
| 57 | എസ്ആർടിഒ കൊടുവള്ളി | 44 | 2 മുതൽ 1,826 വരെ |
| 58 | എസ്ആർടിഒ തലശ്ശേരി | 47 | 2 മുതൽ 1,870 വരെ |
| 59 | എസ്ആർടിഒ തളിപ്പറമ്പ് | 80 | 2 മുതൽ 1,826 വരെ |
| 60 | എസ്ആർടിഒ കാഞ്ഞങ്ങാട് | 93 | 4 മുതൽ 1,826 വരെ |
| 61 | എസ്ആർടിഒ കുന്നത്തൂർ | 17 | 3 മുതൽ 1,826 വരെ |
| 62 | എസ്ആർടിഒ റാന്നി | 10 | 4 മുതൽ 1,826 വരെ |
| 63 | എസ്ആർടിഒ അങ്കമാലി | 29 | 4 മുതൽ 2,782 വരെ |
| 64 | എസ്ആർടിഒ ചാലക്കുടി | 29 | 2 മുതൽ 1,826 വരെ |
| 65 | എസ്ആർടിഒ തിരൂരങ്ങാടി | 70 | 3 മുതൽ 1,892 വരെ |
| 66 | എസ്ആർടിഒ കുട്ടനാട് | 19 | 24 മുതൽ 3,243 വരെ |
| 67 | എസ്ആർടിഒ ഉഴവൂർ | 17 | 4 മുതൽ 674 വരെ |
| 68 | എസ്ആർടിഒ ദേവികുളം | 15 | 3 മുതൽ 1,826 വരെ |

| ക്രമ നമ്പർ | ഓഫീസ് | കേസുകളുടെ എണ്ണം | കുറഞ്ഞ കാലാവധി (ദിവസത്തിൽ) |
|---|---|---|---|
| 69 | എസ്ആർടിഒ ഉടുമ്പൻചോല | 19 | 3 മുതൽ 1,826 വരെ |
| 70 | എസ്ആർടിഒ ചിറ്റൂർ | 26 | 3 മുതൽ 1,050 വരെ |
| 71 | എസ്ആർടിഒ നിലമ്പൂർ | 88 | 2 മുതൽ 1,826 വരെ |
| 72 | എസ്ആർടിഒ മാനന്തവാടി | 36 | 8 മുതൽ 750 വരെ |
| 73 | എസ്ആർടിഒ സുൽത്താൻ ബത്തേരി | 29 | 2 മുതൽ 731 വരെ |
| 74 | എസ്ആർടിഒ കാട്ടാക്കട | 27 | 3 മുതൽ 1,826 വരെ |
| 75 | എസ്ആർടിഒ തൃപ്രയാർ | 22 | 2 മുതൽ 1,203 വരെ |
| 76 | എസ്ആർടിഒ നന്മണ്ട | 46 | 4 മുതൽ 2,143 വരെ |
| 77 | എസ്ആർടിഒ പേരാമ്പ്ര | 36 | 3 മുതൽ 1,826 വരെ |
| 78 | എസ്ആർടിഒ ഇരിട്ടി | 39 | 2 മുതൽ 2,327 വരെ |
| 79 | എസ്ആർടിഒ വെള്ളരിക്കുണ്ട് | 27 | 6 മുതൽ 2,354 വരെ |
| 80 | എസ്ആർടിഒ പത്തനാപുരം | 11 | 6 മുതൽ 1,826 വരെ |
| 81 | എസ്ആർടിഒ വർക്കല | 22 | 2 മുതൽ 4,336 വരെ |
| 82 | എസ്ആർടിഒ ചടയമംഗലം | 11 | 3 മുതൽ 112 വരെ |
| 83 | എസ്ആർടിഒ കോന്നി | 8 | 10 മുതൽ 2,399 വരെ |
| 84 | എസ്ആർടിഒ കൊണ്ടോട്ടി | 32 | 2 മുതൽ 1,826 വരെ |
| 85 | എസ്ആർടിഒ രാമനാട്ടുകര (ഫറോക്ക്) | 28 | 3 മുതൽ 1,880 വരെ |
| 86 | എസ്ആർടിഒ പയ്യന്നൂർ | 19 | 2 മുതൽ 1,368 വരെ |
| **ആകെ** | | **3,705** | **2 മുതൽ 4,336 ദിവസം വരെ** |

സ്രോതസ്സ്: സാരഥി ഡാറ്റാബേസ്.

## അനുബന്ധം – IV
## (സൂചന: ഖണ്ഡിക 2.4.6.6)
## ടിപ്പിംഗ് സംവിധാനമുള്ള ചരക്ക് വാഹനങ്ങളെ സാധാരണ ചരക്ക് വാഹനങ്ങളായി തെറ്റായി രേഖപ്പെടുത്തിയത്

| ക്രമ നമ്പർ | ഓഫീസ് | കേസുകളുടെ എണ്ണം | കുറഞ്ഞ ഈടാക്കൽ (₹ ലക്ഷത്തിൽ) |
|---|---|---|---|
| 1 | ആർടിഒ തിരുവനന്തപുരം | 78 | 4.54 |
| 2 | ആർടിഒ കൊല്ലം | 144 | 8.54 |
| 3 | ആർടിഒ പത്തനംതിട്ട | 9 | 0.60 |
| 4 | ആർടിഒ ആലപ്പുഴ | 34 | 2.01 |
| 5 | ആർടിഒ കോട്ടയം | 13 | 0.64 |
| 6 | ആർടിഒ ഇടുക്കി | 2 | 0.08 |
| 7 | ആർടിഒ എറണാകുളം | 72 | 3.01 |
| 8 | ആർടിഒ തൃശ്ശൂർ | 7 | 0.37 |
| 9 | ആർടിഒ പാലക്കാട് | 4 | 0.49 |
| 10 | ആർടിഒ മലപ്പുറം | 116 | 4.07 |
| 11 | ആർടിഒ കോഴിക്കോട് | 4 | 0.13 |
| 12 | ആർടിഒ വയനാട് | 8 | 0.22 |
| 13 | ആർടിഒ കണ്ണൂർ | 58 | 3.29 |
| 14 | ആർടിഒ കാസർകോട് | 35 | 1.41 |
| 15 | ആർടിഒ ആറ്റിങ്ങൽ | 8 | 0.41 |
| 16 | ആർടിഒ മൂവാറ്റുപുഴ | 5 | 0.07 |
| 17 | ആർടിഒ വടകര | 6 | 0.16 |
| 18 | എസ്ആർടിഒ പാറശ്ശാല | 45 | 1.42 |
| 19 | എസ്ആർടിഒ നെയ്യാറ്റിൻകര | 26 | 1.21 |
| 20 | എസ്ആർടിഒ നെടുമങ്ങാട് | 137 | 6.03 |
| 21 | എസ്ആർടിഒ കഴക്കൂട്ടം | 20 | 1.16 |
| 22 | എസ്ആർടിഒ കരുനാഗപ്പള്ളി | 70 | 3.25 |
| 23 | എസ്ആർടിഒ കൊട്ടാരക്കര | 77 | 4.56 |
| 24 | എസ്ആർടിഒ പുനലൂർ | 21 | 1.87 |
| 25 | എസ്ആർടിഒ അടൂർ | 17 | 0.79 |
| 26 | എസ്ആർടിഒ തിരുവല്ല | 10 | 0.43 |
| 27 | എസ്ആർടിഒ മല്ലപ്പള്ളി | 17 | 0.67 |
| 28 | എസ്ആർടിഒ കായംകുളം | 79 | 2.90 |
| 29 | എസ്ആർടിഒ ചെങ്ങന്നൂർ | 4 | 0.28 |
| 30 | എസ്ആർടിഒ മാവേലിക്കര | 26 | 1.19 |
| 31 | എസ്ആർടിഒ ചേർത്തല | 66 | 2.52 |
| 32 | എസ്ആർടിഒ ചങ്ങനാശ്ശേരി | 11 | 0.24 |

| ക്രമ നമ്പർ | ഓഫീസ് | കേസുകളുടെ എണ്ണം | കുറഞ്ഞ ഈടാക്കൽ (₹ ലക്ഷത്തിൽ) |
|---|---|---|---|
| 33 | എസ്ആർടിഒ കാഞ്ഞിരപ്പള്ളി | 11 | 0.37 |
| 34 | എസ്ആർടിഒ പാലാ | 30 | 1.18 |
| 35 | എസ്ആർടിഒ വൈക്കം | 16 | 0.45 |
| 36 | എസ്ആർടിഒ വണ്ടിപ്പെരിയാർ | 26 | 1.21 |
| 37 | എസ്ആർടിഒ തൃപ്പൂണിത്തുറ | 22 | 1.02 |
| 38 | എസ്ആർടിഒ പെരുമ്പാവൂർ | 35 | 1.42 |
| 39 | എസ്ആർടിഒ ആലുവ | 38 | 1.24 |
| 40 | എസ്ആർടിഒ നോർത്ത് പറവൂർ | 3 | 0.02 |
| 41 | എസ്ആർടിഒ മട്ടാഞ്ചേരി | 9 | 0.16 |
| 42 | എസ്ആർടിഒ കോതമംഗലം | 2 | 0.02 |
| 43 | എസ്ആർടിഒ ഇരിങ്ങാലക്കുട | 4 | 0.21 |
| 44 | എസ്ആർടിഒ ഗുരുവായൂർ | 21 | 0.79 |
| 45 | എസ്ആർടിഒ കൊടുങ്ങല്ലൂർ | 3 | 0.09 |
| 46 | എസ്ആർടിഒ വടക്കാഞ്ചേരി | 19 | 0.56 |
| 47 | എസ്ആർടിഒ ആലത്തൂർ | 60 | 2.61 |
| 48 | എസ്ആർടിഒ മണ്ണാർക്കാട് | 20 | 0.80 |
| 49 | എസ്ആർടിഒ ഒറ്റപ്പാലം | 13 | 0.56 |
| 50 | എസ്ആർടിഒ പട്ടാമ്പി | 23 | 0.60 |
